## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, "2022 ഫെബ്രുവരി 18-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: നന്ദിപ്രമേയത്തിന് ഭേദഗതി നോട്ടീസ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

6. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

   "എന്നാൽ, സർക്കാർ മേഖലയിൽ തൊഴിൽ നൽകുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുകയും ഉള്ള ഒഴിവുകൾ തന്നെ യഥാസമയം പിഎസ്‌സിക്ക് റിപ്പോർട്ട് ചെയ്യാതെ അപ്രഖ്യാപിത നിയമന നിരോധനം മൂലം നിലനിൽക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

7. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ചില സഹകരണ ബാങ്കുകൾ നടത്തുന്നതായി പറയപ്പെടുന്ന അഴിമതി തടയുന്നതിന് നടപടികൾ സ്വീകരിക്കാതിരിക്കുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

8. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡാനന്തര കാലഘട്ടത്തിൽ ചെറുകിട സംരംഭകർ സാമ്പത്തിക പരാധീനത മൂലം ആത്മഹത്യ ചെയ്യുന്നത് തടയുന്നതിനും അവർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

9. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാത്തതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

10. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പുനപരിശോധിക്കും

എന്നും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനസ്ഥാപിക്കും എന്നുള്ള പ്രഖ്യാപനത്തെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

11. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അഴിമതി, കെടുകാര്യസ്ഥത, ആസൂത്രണത്തിലെ പിഴവുകൾ എന്നിവമൂലം വൈദ്യുതി മേഖലയിൽ ഉണ്ടായതായി പറയപ്പെടുന്ന പ്രതിസന്ധിയും ആയതിനെ തുടർന്ന് തൊഴിലാളി സംഘടനകൾ വൈദ്യുതി ബോർഡിൽ പണിമുടക്കിയതിനെ സംബന്ധിച്ചും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

12. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സ്ത്രീകൾക്കും കുട്ടികൾക്കും ആദിവാസികൾക്കുമെതിരെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന അതിക്രമങ്ങളെ പറ്റിയും കുട്ടികളുടെ ദത്തെടുക്കലുമായി ബന്ധപ്പെട്ട് നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകളെ സംബന്ധിച്ചും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

13. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വൈദ്യുതി വകുപ്പിന്റെ കെടുകാര്യസ്ഥത മൂലം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ച് സാധാരണക്കാരുടെ മേൽ അധിക സാമ്പത്തിക ഭാരം അടിച്ചേൽപ്പിക്കാൻ നടത്തുന്നതായി പറയപ്പെടുന്ന നീക്കങ്ങളെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

14. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തേക്ക് പലതരം ലഹരിവസ്തുക്കൾ കടത്തുന്നത് തടയുന്നതിനും നിശാ പാർട്ടികൾ ഉൾപ്പെടെ ലഹരി മരുന്ന് വിതരണം ചെയ്യുന്ന ലഹരിമരുന്ന് മാഫിയയെ നിയന്ത്രിക്കുന്നതിനുമുള്ള നടപടികളെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

15. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പെട്രോൾ-ഡീസൽ-പാചകവാതക വില അടിക്കടി കൂടുന്ന സാഹചര്യത്തിൽ മറ്റു പല സംസ്ഥാനങ്ങളും പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി കുറച്ച് മാതൃക അവലംബിച്ച് സംസ്ഥാനവും ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട അമിതഭാരം ലഘൂകരിക്കുന്നതിനും അവശ്യവസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

16. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ റെയിൽവേ മേഖലയിൽ പ്രഖ്യാപിച്ച പല പദ്ധതികളും നടപ്പിലാക്കാത്തത് സംബന്ധിച്ചും, പാതയിരട്ടിപ്പിക്കൽ ഉൾപ്പെടെ പണി നടന്നുകൊണ്ടിരിക്കുന്ന പല പദ്ധതികൾക്കും സ്ഥലം ഏറ്റെടുത്ത് നൽകാത്തതും, ഫണ്ടിന്റെ അപര്യാപ്തത മൂലവും അനന്തമായി നീണ്ടുപോകുന്നതായും പറയപ്പെടുന്നതിനെ സംബന്ധിച്ചും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

17. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നടക്കുന്നതായി പറയപ്പെടുന്ന വഴിവിട്ട നിയമനങ്ങളെയും, ബന്ധു നിയമനങ്ങളെയും സർട്ടിഫിക്കറ്റ് നൽകുന്നതിന് വരെ കൈക്കൂലി വാങ്ങുന്ന ജീവനക്കാർ ഉള്ളതിനെയും സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

18. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും മതിയായ സംരക്ഷണം നൽകുന്നതിനുള്ള നടപടികളെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

19. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വിദേശ രാജ്യങ്ങളിൽ നിന്നും തിരിച്ചെത്തിയ പ്രവാസികൾ സ്വന്തം നാട്ടിൽ തുടങ്ങുന്ന സംരംഭങ്ങൾ തൊഴിലാളി സംഘടനയിലെ അംഗങ്ങളുടെ ഭീഷണിയെത്തുടർന്ന് പൂട്ടിപ്പോകുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷത്തെ പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

20. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ ടൂറിസം മേഖലയെ ജനോപകാരപ്രദമായി വികസിപ്പിക്കുന്നതിന് ആവശ്യമായ

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനെ സംബന്ധിച്ചും ശോചനീയാവസ്ഥയിൽ ഉള്ളതായി പറയപ്പെടുന്ന ഗസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനെ സംബന്ധിച്ചും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

21. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഇപ്പോൾ സംസ്ഥാനത്ത് നടമാടുന്നതായി പറയപ്പെടുന്ന ഗുണ്ടാവിളയാട്ടം, ജനങ്ങളുടെ സ്വൈര്യ ജീവിതത്തെ ബാധിക്കുന്ന തരത്തിൽ ക്രമസമാധാനനില തകർത്തെന്ന് പറയപ്പെടുന്നത് അത് മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികളെക്കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

22. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സിൽവർ ലൈൻ പദ്ധതി കടന്നുപോകുന്ന പ്രദേശങ്ങളിലുള്ള ജനങ്ങളിൽ ഉളവാക്കുന്ന ആശങ്കകൾ കണക്കിലെടുക്കാതെയും സംസ്ഥാനത്തെ ജൈവവൈവിധ്യത്തിനും പരിസ്ഥിതിക്കും ഏൽപ്പിക്കുന്ന ആഘാതം പരിഗണിക്കാതെയും പദ്ധതിയുടെ വിശദാംശങ്ങൾ ജനപ്രതിനിധികളുമായി ചർച്ച ചെയ്യാതെയും പദ്ധതി നടപ്പാക്കുവാൻ ശ്രമിക്കുന്നതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

23. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത്

കൂട്ടിച്ചേർക്കുക:

"എന്നാൽ, പൊതുജനങ്ങൾക്ക് വിവിധ സർക്കാർ ആവശ്യങ്ങൾക്ക് അപേക്ഷ സമർപ്പിക്കാൻ അക്ഷയയെ ആശ്രയിക്കാതെ അപേക്ഷകന് നേരിട്ട് ഓൺലൈനായി അപേക്ഷിക്കാവുന്ന രീതി സമാന്തരമായി ഉണ്ടെങ്കിലും അത് ഫലപ്രദമാകുന്നില്ല എന്ന് പറയപ്പെടുന്ന വിഷയം പരിഹരിക്കുന്നതിന് ഉള്ള നടപടിയെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

24. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് മലിനജലം ചാലുകളിലും കുളങ്ങളിലും ഒഴുകുന്നത് തടയുന്നതിനും നിയമലംഘകർക്ക് ശിക്ഷ ഉറപ്പാക്കുന്നതിനും നിലവിലുള്ള സ്വീവറേജ് സംവിധാനം വിപുലീകരിക്കുന്നതിനും കൂടുതൽ ഇടങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികളെക്കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

25. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അടിക്കടിയുള്ള ഡീസൽ വില വർദ്ധനവിനിടയിലും അയൽ സംസ്ഥാനത്ത് പൊതുഗതാഗത സർവ്വീസിൽ ബസ് ചാർജ്ജ് കുറച്ചും വിവിധ വിഭാഗങ്ങൾക്ക് യാത്രാസൗജന്യം അനുവദിച്ചും മാതൃകയാക്കി ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാൻ കൂട്ടാക്കാത്തതായി പറയപ്പെടുന്ന നടപടിയെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

26. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വിവിധ സർക്കാർ ആനുകൂല്യങ്ങളുടെ ഗുണഭോക്താക്കൾ പ്രധാന ഭരണകക്ഷിക്കാർ മാത്രം ആകുന്നതായി പറയപ്പെടുന്ന സ്ഥിതി വിശേഷം തടയുന്നതിനോ സർക്കാർ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് കുറ്റമറ്റ സംവിധാനം രൂപീകരിച്ച് പരാതി പരിഹാര നടപടിക്ക് സ്വീകാര്യമായ ഒരു സംവിധാനത്തെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

27. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പ്രധാന റോഡുകളുടേതുൾപ്പെടെയുള്ള റോഡുകളിലെ വശങ്ങളിൽ സൈക്കിൾ ബേകൾ ഏർപ്പെടുത്തുന്നതിന് സംവിധാനം ഒരുക്കുന്നതിന് ആവശ്യമായ ഒരു നിർദ്ദേശവും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

28. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഒരു പരിധിവരെ അഴിമതി ഇല്ലായ്മ ചെയ്യുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള ജുഡീഷ്യൽ സംവിധാനമായ ലോകായുക്തയുടെ ശക്തി ചോർത്തിക്കളയുന്നതായി പറയപ്പെടുന്ന നിയമ ഭേദഗതി നടത്തിയതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

29. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കണ്ണൂർ സർവ്വകലാശാലാ വി.സി.ക്ക് പുനർ നിയമനം നൽകാനുള്ള സർക്കാർ ശുപാർശ നിയമങ്ങൾക്ക്

എതിരായിട്ടും, സമ്മർദ്ദങ്ങൾക്ക് വഴങ്ങി നിയമിക്കേണ്ടിവന്നതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

30. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനം വൻ കടക്കെണിയിലായിട്ടും, സർക്കാരിന്റെ ധൂർത്തും, ചെലവുകളും നിയന്ത്രിക്കാത്തതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

31. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

" എന്നാൽ, വൈദ്യുതി ബോർഡിലെ ക്രമക്കേടുകൾ സംബന്ധിച്ച് സമഗ്ര അന്വേഷണങ്ങൾ നടത്താതെ ചാർജ്ജ് വർദ്ധനവിലൂടെയും ഫിക്സഡ് ഡെപ്പോസിറ്റ് ഇരട്ടിയാക്കി വർദ്ധിപ്പിച്ചും സാധാരണക്കാരന്റെ നടുവൊടിക്കുന്നതായി പറയപ്പെടുന്ന നയങ്ങൾ പിൻവലിക്കുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

32. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ ഇടപാടുകളിൽ നടത്തുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ ഇല്ലാതാക്കാനും സുതാര്യത ഉറപ്പുവരുത്തുന്നതിനും ഓഡിറ്റ്

സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതിനെയും സംബന്ധിച്ച നിർദ്ദേശങ്ങളെക്കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

33. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പാത ഇരട്ടിപ്പിക്കൽ അടക്കമുള്ള സംസ്ഥാനത്തെ നിലവിലുള്ള റെയിൽവെ ഗതാഗതത്തിന്റെ അടിയന്തര ആവശ്യങ്ങൾ പരിഹരിക്കാതെ ധൃതിപിടിച്ച് അതിവേഗ റെയിൽ പാത നിർമ്മിക്കുന്നതിലൂടെ ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കകൾ ദൂരീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

34. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വളർച്ച ത്വരിതപ്പെടുത്താൻ കഴിയുന്ന നയങ്ങളെ സംബന്ധിച്ചും കടം - ജി.ഡി.പി. അനുപാതം കുറച്ചുകൊണ്ടുവരുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളെ സംബന്ധിച്ചും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

35. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കാലാവസ്ഥാ വ്യതിയാനത്തിന്റെ പരിണിത ഫലങ്ങളെക്കുറിച്ച് ശാസ്ത്രീയമായി പഠനം നടത്തുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

36. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ജലജീവൻ മിഷൻ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

37. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡ് മൂലം മരണപ്പെട്ടവരുടെ അനന്തരാവകാശികൾക്ക് ധനസഹായം അനുവദിക്കുന്ന അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാത്തതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

38. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത്

കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡ് - 19 നെതിരെയുള്ള സാമൂഹിക പ്രതിരോധശേഷി ഉറപ്പാക്കുന്നതിനായി കുട്ടികൾക്കുള്ള കോവിഡ് പ്രതിരോധ കുത്തിവെയ്പ്പ് സംസ്ഥാനത്ത് 100% ലക്ഷ്യം കൈവരിക്കാത്തതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

39. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡ് - 19 നെതിരെയുള്ള ബൂസ്റ്റർ ഡോസ് കുത്തിവെയ്പ്പ് സമയബന്ധിതമായി നൽകാത്തതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

40. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുത്തിട്ട് നഷ്ടപരിഹാര തുക സമയബന്ധിതമായി വിതരണം ചെയ്യാത്തതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

41. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സ്ഥലമെടുപ്പുകൾക്കായി സർക്കാർ പ്രഖ്യാപിച്ച വിവിധ പാക്കേജുകൾ സമയബന്ധിതമായി നടപ്പാക്കാത്തതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

42. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വഖഫ് ബോർഡിന്റെ തനത് സ്വഭാവം ഇല്ലാതാക്കി നിയമനങ്ങൾ പി.എസ്.സി-ക്കു വിട്ട സർക്കാർ തീരുമാനം പുനഃപരിശോധിക്കാത്തത് സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

43. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ലോകായുക്തയുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന പുതിയ ഭേദഗതികൾ കൊണ്ടുവന്നതുമൂലം അഴിമതിയും സ്വജനപക്ഷപാതവും വർദ്ധിക്കുവാൻ ഇടവരുത്തുന്നതായി പറയപ്പെടുന്ന നയങ്ങൾ പിൻവലിക്കുന്നതിനെ സംബന്ധിച്ച്

പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

44. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വിശദമായ പദ്ധതിരേഖ, സമഗ്ര പാരിസ്ഥിതിക ആഘാത പഠനം, ന്യായമായ നഷ്ടപരിഹാരം എന്നിവ സംബന്ധിച്ച നിലവിലുള്ള ആശങ്കകൾ ദൂരീകരിക്കാതെ ധൃതിപിടിച്ച് കെ-റെയിൽ പദ്ധതി നടപ്പാക്കുന്നതായി പറയപ്പെടുന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

45. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഫെഡറൽ തത്ത്വങ്ങൾക്ക് വിരുദ്ധമായി കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് കാണിക്കുന്ന അവഗണന മൂലം സംസ്ഥാനത്തെ വികസന ക്ഷേമ പ്രവർത്തനങ്ങളിലുണ്ടായതായി പറയപ്പെടുന്ന പ്രതിസന്ധിയെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

48. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അടിയന്തിര ശ്രദ്ധ ആവശ്യമായ കോവിഡാനന്തര ചികിത്സയെ സംബന്ധിച്ചോ സംസ്ഥാനത്ത് ക്രമാതീതമായി ഉള്ളതായി പറയപ്പെടുന്ന അത്തരം രോഗികളുടെ വർദ്ധനവ് എപ്രകാരം കൈകാര്യം ചെയ്യുമെന്നതിനെ സംബന്ധിച്ചോ

പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

49. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, നാമമാത്ര കൃഷിസ്ഥലങ്ങൾ മാത്രമുള്ള സംസ്ഥാനത്തെ കർഷകരെ ദോഷകരമായി ബാധിക്കുന്നതായി പറയപ്പെടുന്നതും ഗുരുതര പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നതുമായി പറയപ്പെടുന്ന സിൽവർലൈൻ റെയിൽ പദ്ധതി ഉപേക്ഷിക്കുന്നതിനെക്കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

50. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഹൈഡൽ ടൂറിസം പദ്ധതികൾക്ക് വൈദ്യുത ബോർഡിന്റെ ഭൂമി സർക്കാരിന്റെ അനുമതി ഇല്ലാതെ നൽകിയതായും പുറത്തു നിന്ന് വൈദ്യുതി വാങ്ങുന്നതിൽ നടത്തിയതായും പറയപ്പെടുന്ന ക്രമക്കേടുകളിൽ അന്വേഷണം നടത്തുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

51. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പതിറ്റാണ്ടുകളായി വൻകിടക്കാരെ പരിപൂർണ്ണമായും സഹായിക്കുന്നതായി പറയപ്പെടുന്ന രീതിയിൽ KSEB യുടെ കുടിശ്ശിക തുക പിരിച്ചെടുക്കുന്ന കാര്യത്തിൽ സമയബന്ധിതമായ യാതൊരു നടപടിയെ സംബന്ധിച്ചും

പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

52. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാതെ വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ച് വരുന്നതായി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

53. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ചുമട്ടുതൊഴിലാളികളുടെ സമരം മൂലം വ്യാപാര സ്ഥാപനങ്ങൾ അടച്ചിടേണ്ടി വരുന്നതായി പറയപ്പെടുന്ന സാഹചര്യത്തെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

54. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പതിറ്റാണ്ടുകളായി സംസ്ഥാന തലസ്ഥാനനഗരിയിലെ കയ്യേറിയതായി പറയപ്പെടുന്ന സർക്കാർ വക ഭൂമി കൈയ്യേറ്റം ഒഴിവാക്കി

തിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടിയെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

62. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അഴിമതി നിരോധനത്തിനായി രൂപീകരിച്ച ലോകായുക്ത നിയമത്തിനുള്ള ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടിവന്നതിന്റെ അടിയന്തിര സാഹചര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

57. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ, ലോകായുക്തയുടെ അധികാരം വെട്ടിക്കുറയ്ക്കുന്നതായി പറയപ്പെടുന്ന ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടി വന്നത് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

58. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഓരോ പത്തു വർഷം കൂടുമ്പോഴും സംവരണപ്പട്ടിക പുനഃപരിശോധിച്ച് പുതിയ പിന്നോക്ക വിഭാഗങ്ങളെ ഉൾപ്പെടുത്തി പൂർണ്ണമാക്കണമെന്ന 1992-ലെ സുപ്രീം കോടതി വിധി നടപ്പാക്കുന്നതിനെപ്പറ്റി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു"

59. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത്

കൂട്ടിച്ചേർക്കുക:

"എന്നാൽ, വൈദ്യുതബോർഡിനു ലഭിക്കാനുള്ളതായി പറയപ്പെടുന്ന കുടിശ്ശിക പിരിച്ചെടുത്ത് ബോർഡിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കി ചാർജ് വർദ്ധനവ് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമെന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

60. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്ന ഗുണ്ടാവിളയാട്ടവും ലഹരിപാർട്ടികളും നിയന്ത്രിക്കാൻ കഴിയാത്ത കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

61. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ, സ്വർണ്ണക്കടത്തു കേസിലെ പ്രതികൾ നടത്തിയതായി പറയപ്പെടുന്ന പുതിയ വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തിൽ പുനഃരന്വേഷണം നടത്തണമെന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

65. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വിലയിടിവും, കോവിഡ് മഹാമാരിയും മൂലമുണ്ടായ സാമ്പത്തിക തകർച്ചയും കാരണം ബാങ്ക്ലോണുകൾ തിരിച്ചടയ്ക്കാൻ കഴിയാതെ കഷ്ടത്തിലായ കർഷകരുടെ ബാങ്ക് ലോണുകൾ എഴുതി തള്ളുന്നതിന് നടപടി സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

66. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, അഴിമതിരഹിതമായ പൊതുപ്രവർത്തനം സാധ്യമാക്കുന്നതിന് ലോകായുക്ത പോലെ ജനങ്ങൾ സമീപിക്കുന്ന സ്ഥാപനങ്ങളെ കൂടുതൽ ശാക്തീകരിക്കേണ്ടതിന് പകരം അവയെ ദുർബലപ്പെടുത്താൻ നടത്തുന്നതായി പറയപ്പെടുന്ന നീക്കങ്ങളെക്കുറിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

67. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ, ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലോ, ക്ഷേമപദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് വേണ്ടിയോ ആവശ്യമായ പദ്ധതിളെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

68. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് മതസൗഹാർദ്ദം തകർക്കുന്ന

പ്രവണതകൾ തടയുന്നതിനും മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നതിനെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

69. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്ന ഗുണ്ടാ ആക്രമണം തടയാൻ കഴിയാത്ത സാഹചര്യം പരിശോധിക്കുമെന്നും പൊതുജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന വീഴ്ചകൾ പരിഹരിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

70. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കുട്ടികൾക്കെതിരായി വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുമെന്നും ഈ വിഷയത്തിൽ സർക്കാരിനുണ്ടായതായി പറയപ്പെടുന്ന വീഴ്ചകൾ പരിഹരിക്കുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു"

71. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത്

കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാന സിവിൽ സർവ്വീസിൽ ഈ സർക്കാരിന്റെ കാലത്ത് എം.ജി. സർവ്വകലാശാലയിൽ

ഉണ്ടായത് പോലെയുള്ള കൈക്കൂലി കേസുകൾ തടയുമെന്നും അഴിമതി രഹിത സിവിൽ സർവ്വീസ് നടപ്പാക്കുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

72. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരള ലോകായുക്തയ്ക്ക് സ്വജനപക്ഷപാതത്തിനും അഴിമതിയ്ക്കുമെതിരെ സ്വതന്ത്രമായി പ്രവർത്തിയ്ക്കാനുള്ള സാഹചര്യവും നിയമപരിരക്ഷയും ഉറപ്പാക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

73. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പൗരത്വ നിയമഭേദഗതിയ്ക്കെതിരെ സംസ്ഥാനത്ത് ചുമത്തിയതായി പറയപ്പെടുന്ന കേസുകൾ പിൻവലിയ്ക്കുമെന്നും ജനാധിപത്യ രീതിയിൽ പ്രതിഷേധിച്ചവർക്ക് എല്ലാ നിയമ പരിരക്ഷയും ഉറപ്പുവരുത്തുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

74. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മാധ്യമ സ്വാതന്ത്ര്യം തടയുന്ന തരത്തിലുള്ള കേന്ദ്ര സർക്കാരിന്റെ നടപടികളെ ശക്തമായി എതിർക്കുന്നുവെന്നും സംസ്ഥാനത്ത് അഭിപ്രായ സ്വാതന്ത്ര്യവും മാധ്യമ സ്വാതന്ത്ര്യവും ആവിഷ്കാര സ്വാതന്ത്ര്യവും ഉറപ്പു വരുത്തുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

75. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സർക്കാർ ആശുപത്രികളിൽ മതിയായ സുരക്ഷ ഒരുക്കമെന്നും കുട്ടികളെ സർക്കാർ ആശുപത്രികളിൽ നിന്നും തട്ടിക്കൊണ്ടുപോകുന്നതു പോലുള്ള സംഭവങ്ങൾ ആവർത്തിയ്ക്കാതിരിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

76. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, യഥാസമയം ആശുപത്രിയിൽ എത്തിച്ച് ചികിത്സ നൽകാൻ കഴിയാത്തതുകൊണ്ട് സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ വർദ്ധിയ്ക്കാനിടയായതായി പറയപ്പെടുന്ന സാഹചര്യം പരിശോധിയ്ക്കുമെന്നും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

77. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ വിവിധങ്ങളായ മെഡിയ്ക്കൽ ഉപകരണങ്ങളുടെ പർച്ചെയ്സുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന അഴിമതികൾ അന്വേഷിയ്ക്കുമെന്നും കുറ്റക്കാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിയ്ക്കുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

78. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ആരോഗ്യവകുപ്പിൽ കോടിക്കണക്കിന് രൂപയുടെ മരുന്നും ഉപകരണങ്ങളും വാങ്ങിയതുമായി ബന്ധപ്പെട്ട്

അഴിമതിയുണ്ടെന്ന് ആരോപണം ഉയർന്ന പർച്ചെയ്സുമായി ബന്ധപ്പെട്ട് അഞ്ഞൂറിലധികം സുപ്രധാന ഫയലുകൾ കാണാതായതായി പറയപ്പെടുന്ന സംഭവങ്ങളെക്കുറിച്ച് അന്വേഷിച്ച് ശക്തമായ നടപടി സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

79. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് കുഞ്ഞുങ്ങളുടെ ദത്തെടുക്കൽ നടപടികളിൽ സുതാര്യത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

80. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് ചിൽഡ്രൻസ് ഹോമുകളിൽ നിന്ന് പെൺകുട്ടികളെ കാണാതാവുന്നതായി പറയപ്പെടുന്ന സംഭവങ്ങൾ തടയുമെന്നും പെൺകുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

81. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്ന മയക്കമരുന്ന്, ലഹരി കേസുകൾ തടയുന്നതിനും മറ്റ് സംസ്ഥാന ലഹരിമാഫിയകൾക്ക് ലഹരി പാർട്ടികൾ നടത്തുന്നതിനുള്ള സുരക്ഷിത താവളമാക്കി സംസ്ഥാനത്തെ മാറ്റുന്നത് തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു. "

82. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ബജറ്റ് ഇതര കടമെടുപ്പിലൂടെ സംസ്ഥാന സർക്കാരിനെ കടക്കെണിയിലാക്കുന്നതായി പറയപ്പെടുന്ന നടപടികൾ ആവർത്തിക്കുകയില്ലെന്നും സംസ്ഥാനത്തിന്റെ കടബാധ്യത കുറയ്ക്കുന്നതിന് ശാശ്വതമായ പരിഹാരം ഉറപ്പുവരുത്തുമെന്നും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

83. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പെട്രോൾ, ഡീസൽ, ഉൾപ്പെടെയുള്ള പെട്രോളിയം ഉത്പന്നങ്ങളുടെ വിലവർദ്ധനവ് പൊതുജനങ്ങളെ പ്രതികൂലമായി ബാധിക്കുന്നത് ഒഴിവാക്കുന്നതിന് നികുതി ഇളവ് ഉറപ്പുവരുത്തുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

84. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, രാഷ്ട്രീയ കൊലപാതക കേസുകളിലെ പ്രതികളെ രക്ഷിക്കുന്നതിന് കോടികൾ ചെലവാക്കി വക്കീലന്മാരെ നിയോഗിക്കുന്നതായി പറയപ്പെടുന്ന പ്രവണത അവസാനിപ്പിച്ച് നിരാലംബരായ ആദിവാസികൾ കൊല്ലപ്പെട്ടതായി പറയപ്പെടുന്ന സംഭവങ്ങളിൽ മികച്ച പബ്ലിക്ക് പ്രോസിക്യൂട്ടർമാർ ഹാജരായി വാദിക്കുന്നത് ഉറപ്പാക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

85. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് ഇ-പോസ് മെഷീനുകളുടെ സെർവർ

തകരാറിനെ തുടർന്ന് റേഷൻ വിതരണം മുടങ്ങി റേഷൻ കടകൾ അടച്ചിടേണ്ടി വരുന്നതായി പറയപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിച്ച് പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

86. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് ഭൂമി തരം മാറ്റൽ അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിക്കാത്തത് മൂലം ആത്മഹത്യ ചെയ്യേണ്ടി വരുന്നതായി പറയപ്പെടുന്ന സാഹചര്യം സംസ്ഥാനത്ത് ആവർത്തിയ്ക്കില്ലായെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

87. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ജപ്തിഭീഷണിയെ തുടർന്ന് കർഷകർ ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന സംഭവങ്ങൾ ആവർത്തിയ്ക്കാതിരിക്കാൻ നടപടി സ്വീകരിക്കുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

92. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോടികൾ മുടക്കി ഉണ്ടാക്കിയ സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. അപൂർണ്ണവും, അശാസ്ത്രീയവും,

ഡി.പി.ആറിലെ അലൈൻമെന്റ് ഡ്രോയിങ്ങിൽ മൊത്തം 530 കിലോമീറ്ററിൽ പാതയുടെ വെറും 115 കി. മീ. ദൂരം വരെയുള്ള ട്രാക്കിന്റെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും പറയപ്പെടുന്നതിനാൽ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് പുനരാലോചന നടത്തുമെന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

121. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, 2020 മാർച്ച് 29 ന 550 രൂപയ്ക്കു പി.പി.ഇ. കിറ്റ് വാങ്ങിയ ദിവസം തന്നെ മഹാരാഷ്ട്ര ആസ്ഥാനമായ സാൻ ഫാർമ്മ എന്ന സ്ഥാപനത്തിൽ നിന്നും 1500 രൂപയ്ക്ക് പി.പി.ഇ. കിറ്റ് വാങ്ങുകയും അതുവഴി കോടികളുടെ അഴിമതി നടത്തുകയും ചെയ്തതായി പറയപ്പെടുന്ന സംഭവത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമെന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

93. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനത്ത് ട്രിപ്പിൾ ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ നിലനിന്നിരുന്ന സമയത്തു സ്വർണ്ണക്കടത്തു കേസിലെ പ്രധാന പ്രതി സ്വപ്ന സുരേഷ് പോലീസിന്റെ മുഴുവൻ സംവിധാനങ്ങളെയും പരിശോധനകളെയും മറികടന്നുകൊണ്ട് സംസ്ഥാനം വിട്ടതായി പറയപ്പെടുന്ന സംഭവത്തിൽ പോലീസിനുണ്ടായ വീഴ്ചയിൽ അന്വേഷണം നടത്തുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

106. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഹൈഡൽ ടൂറിസം പദ്ധതിയുടെ പേരിൽ ഭരണകക്ഷിയുടെ നിയന്ത്രണത്തിലുള്ള കടലാസ് സഹകരണസംഘങ്ങൾക്ക് വരെ ക്രമവിരുദ്ധമായി സർക്കാർഭൂമി നൽകിയതായി പറയപ്പെടുന്ന നടപടിയിലെ അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

94. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ യു.എ.ഇ. സർക്കാർ നടപ്പാക്കാൻ ആഗ്രഹിച്ച ഭവനനിർമ്മാണ പദ്ധതി, സ്വകാര്യ ഏജൻസി മുഖേന നടത്തുന്ന രീതിയിലേക്ക് മാറ്റിയത് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ആയിരുന്ന ശിവശങ്കറിന്റെ നേരിട്ടുള്ള ഇടപെടലിനെത്തുടർന്നാണ് എന്ന് സ്വർണ്ണ കടത്ത് കേസ് പ്രതിയായ സ്വപ്ന സുരേഷ് വെളിപ്പെടുത്തിയതായി പറയപ്പെടുന്നത് സംബന്ധിച്ച് അന്വേഷണം നടത്തുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

107. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡിന്റെ അടിയന്തര സാഹചര്യം

മുതലെടുത്തുകൊണ്ട് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന നടത്തിയ അനധികൃത പർച്ചേയ്സുകളിലൂടെ കോടിക്കണക്കിനു രൂപയുടെ അഴിമതി നടത്തിയതായി പറയപ്പെടുന്ന സംഭവത്തിൽ അന്വേഷണം നടത്തുന്നത് സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

95. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയും, പൊതു കടം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഒരു ലക്ഷം കോടിയിലേറെ ചെലവ് പ്രതീക്ഷിക്കുന്ന സിൽവർ ലൈൻ പദ്ധതി സാമ്പത്തിക പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കും എന്നത് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

108. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വർഗീയ ശക്തികൾ പരസ്പരം കൊല ചെയ്തും വിദ്വേഷ പ്രചാരണത്തിലൂടെയും ഉണ്ടാക്കാൻ ശ്രമിക്കുന്നതായി പറയപ്പെടുന്ന വർഗീയ ധ്രുവീകരണം പ്രതിരോധിക്കുന്നതിനുള്ള കർമ്മ പദ്ധതി പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

97. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളാകുന്ന കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനും ക്രിമിനൽ പശ്ചാത്തലമുള്ളവരെ കണ്ടെത്തുന്നതിനും സംവിധാനം ഉണ്ടാക്കുന്നത് സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദം പ്രകടിപ്പിക്കുന്നു."

110. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ജി.എസ്.ടി. നികുതി ഘടനയ്ക്ക് അനുസൃതമായി നികുതി വകുപ്പിന്റെ പുനഃസംഘടന നടത്താതിരുന്നതിനാൽ നികുതി വരുമാനത്തിൽ വലിയ കുറവുണ്ടാവുകയും തന്മൂലം ഗുരുതര സാമ്പത്തിക പ്രതിസന്ധി ഉണ്ടാവുകയും ചെയ്തതായി പറയപ്പെടുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

99. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ഭരണകക്ഷി അനുകൂല ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ അനാവശ്യസമരങ്ങളിലൂടെയും, നിർബന്ധിത പിരിവുകളിലൂടെയും, തൊഴിൽ വിലക്കുകളിലൂടെയും ചെറുകിട

കച്ചവടക്കാരെയും സംരംഭകരെയും പ്രതിസന്ധിയിലേക്ക് തള്ളിവിടുകയും വ്യവസായ സൗഹൃദ അന്തരീക്ഷം ഇല്ലാതാക്കുകയും ചെയ്തിരിക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഇത്തരം ദുഷ്പ്രവണതകളെ ചെറുക്കുന്നതിനുള്ള നടപടികൾ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

114. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, ആദിവാസി ഊരുകളിൽ ലഹരി മാഫിയയുടെ പ്രവർത്തനം പിടിമുറുക്കുകയും മാഫിയയുടെ സ്വാധീനത്തിൽപെട്ട് ആദിവാസി പെൺകുട്ടികൾ ഉൾപ്പെടെ ജീവനൊടുക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഇത് പരിഹരിക്കുന്നതിനായി യാതൊരു കർമ്മപദ്ധതിയും പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

100. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് ഉറപ്പാക്കുവാൻ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന സാഹചര്യത്തിൽ പദ്ധതി പൂർത്തീകരണം വേഗത്തിലാക്കാൻ വേണ്ടി ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

115. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത്

കൂട്ടിച്ചേർക്കുക:

"എന്നാൽ, കോവിഡ്മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുണ്ടായതായി പറയപ്പെടുന്ന വീഴ്ച സംബന്ധിച്ച് സുപ്രീം കോടതിയിൽനിന്നും വിമർശനം ഉണ്ടായതിന് ശേഷവും കോടതി നിർദ്ദേശപ്രകാരം മുഴുവനാളുകൾക്കും നഷ്ടപരിഹാരം ലഭ്യമാക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല എന്ന് പറയപ്പെടുന്നതിന്റെ കാരണം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

101. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, പട്ടയഭൂമിയിൽ നിന്നും അനധികൃതമായി ചന്ദനമുൾപ്പെടെയുള്ള വൃക്ഷങ്ങൾ മുറിച്ചുകടത്തി കോടിക്കണക്കിന് രൂപയുടെ തട്ടിപ്പ് നടത്തിയ സംഭവത്തിൽ മുൻ വനം വകുപ്പ് മന്ത്രിയുടെ ഓഫീസിനും വനം വകുപ്പിലെ ഉന്നതർക്കും പങ്കുണ്ടെന്ന് ആരോപണം ഉയർന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഈ വിഷയത്തിൽ ഫലപ്രദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

116. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:
"എന്നാൽ, കോവിഡിന്റെ രണ്ടാം തരംഗത്തെയും മൂന്നാം തരംഗത്തെയും ഫലപ്രദമായി പ്രതിരോധിക്കുന്നതിന് സർക്കാർ പരാജയപ്പെട്ടതിനാൽ രോഗികളുടെ എണ്ണവും മരണനിരക്കും

കുതിച്ചുയരുവാൻ ഇടയായതായി പറയപ്പെടുന്ന സാഹചര്യം വിലയിരുത്തി ഭാവിപ്രവർത്തനത്തിൽ ജാഗ്രത പുലർത്തുമെന്ന് പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

103. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, മാർക്ക് ദാനം, മാർക്ക് ലിസ്റ്റ് തിരുത്തൽ, സർട്ടിഫിക്കറ്റ് തിരിമറി, ഫെലോഷിപ്പ് വെട്ടിക്കൽ തുടങ്ങിയ നിരവധി ക്രമക്കേടുകളിലൂടെ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസരംഗം കടുത്ത മൂല്യച്യുതി നേരിടുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയുടെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനുള്ള നടപടികൾ പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

118. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എന്നാൽ, നയതന്ത്ര ചാനൽ വഴിയുള്ള സ്വർണക്കടത്തിൽ സർക്കാരിനും മുഖ്യമന്ത്രിക്കും പങ്കില്ല എന്ന രീതിയിൽ ഒരു ശബ്ദ സന്ദേശം താൻ ഒളിവിൽ പോകുന്നതിനു മുൻപായി നൽകിയത് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം ആയിരുന്നു എന്ന സ്വർണ്ണക്കടത്ത് കേസിലെ പ്രതി നടത്തിയതായി പറയപ്പെടുന്ന വെളിപ്പെടുത്തൽ സംബന്ധിച്ച് അന്വേഷണം നടത്തുമെന്നു പരാമർശിക്കാത്തതിൽ ഖേദിക്കുന്നു."

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ

നയപ്രഖ്യാപനത്തെ അഭിമാനപുരസരം ഞാൻ പിന്താങ്ങുകയാണ്. സാമൂഹ്യനീതിയിൽ അധിഷ്ഠിതവും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുകയും ചെയ്യുന്ന സുസ്ഥിര വികസന പ്രക്രിയയിലൂടെ നവകേരളം യാഥാർത്ഥ്യമാക്കാനുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ മുന്നേറ്റത്തിലെ സുപ്രധാന നാഴികക്കല്ലുകളിലൊന്നാണ് ഈ നയപ്രഖ്യാപനം. കേരളത്തെ അധിക്ഷേപിച്ച യു.പി. മുഖ്യമന്ത്രിയുടെ പ്രസ്താവനയിലൂടെ കേരളത്തിന്റെ സമാനതകളില്ലാത്ത വികസന മുന്നേറ്റം ദേശീയതലത്തിൽ സജീവ ചർച്ചാവിഷയമായി മാറിയ സന്ദർഭം കൂടിയാണിത്. കേരളത്തിന്റെ രാഷ്ട്രീയ ചരിത്രം തിരുത്തിയ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തുടർഭരണത്തിന് ഒരു വർഷം തികയാൻ പോകുകയാണ്. വാഗ്ദാനങ്ങൾ പാലിച്ച് നവകേരള നിർമ്മാണത്തിന്റെ പുതിയ ഘട്ടത്തിലേയ്ക്ക് കടക്കുന്നതിനും സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഒന്നാം എൽ.ഡി.എഫ്. സർക്കാർ സൃഷ്ടിച്ച സ്ഥായിയായ വികസനമാതൃക യാഥാർത്ഥ്യമാക്കുന്നതിനും ഭരണത്തുടർച്ച അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞാണ് കേരള ജനത എൽ.ഡി.എഫ്. സർക്കാരിനെ വീണ്ടും അധികാരമേൽപ്പിച്ചത്. ആ തിരിച്ചറിവ് പാവപ്പെട്ടവരുൾപ്പെടെ

കേരളത്തിലെ സമസ്ത ജനവിഭാഗങ്ങളുടെയും ജീവിതാനുഭവങ്ങളിലൂടെ രൂപപ്പെട്ട തിരിച്ചറിവാണ്. തങ്ങളെ ചേർത്തുപിടിച്ച എൽ.ഡി.എഫ്. ഭരണം തുടരട്ടെയെന്ന് ജനങ്ങൾ വിധിയെഴുതി. അഞ്ചുവർഷത്തെ ക്ഷേമപ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനൊപ്പം പുതിയ തലമുറ ആഗ്രഹിക്കുന്ന ആധുനിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും കേരളത്തെ വിജ്ഞാനസമൂഹമായും അതിനുതകുന്ന തരത്തിലുള്ള വികസന മാതൃകകൾ സഫലമാക്കുന്ന നാടായും രൂപപ്പെടുത്തുകയും വേണമെന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ആഹ്വാനം കേരളം ഏറ്റെടുത്തു. കോർപ്പറേറ്റ് താൽപ്പര്യ സംരക്ഷണം മുഖ്യചുമതലയായി ഏറ്റെടുത്ത കേന്ദ്രസർക്കാരിന്റെ ജന-തൊഴിലാളി-കർഷക വിരുദ്ധനയങ്ങൾ സൃഷ്ടിച്ച കടുത്ത പ്രതിസന്ധികളുടെ നടുവിലാണ് നമ്മുടെ രാജ്യം. രാജ്യത്തിന്റെ വിലമതിക്കാനാകാത്ത സമ്പത്ത് കേന്ദ്രഭരണാധികാരികൾ കോർപ്പറേറ്റുകൾക്ക് അടിയറവ് വച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിന്റെ വർഗ്ഗീയ നിലപാടുകൾ ഇന്ത്യയെ ഭീതിജനകമായ അന്തരീക്ഷത്തിലെത്തിച്ചിരിക്കുന്നു. ജനങ്ങളെ മതാടിസ്ഥാനത്തിൽ ഭിന്നിപ്പിക്കുകയും മതന്യൂനപക്ഷങ്ങളെ വേട്ടയാടുകയും ചെയ്യുന്നു.

ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കുന്നു. ഭരണഘടനാ സ്ഥാപനങ്ങളുടെ നിലനിൽപ്പ് ചോദ്യംചെയ്യപ്പെടുകയാണ്. ആശങ്കാജനകമായ ഈ ദേശീയ സാഹചര്യത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ജനപക്ഷ തൊഴിലാളിക്ഷേമ ബദൽ നയങ്ങൾ നടപ്പാക്കിയും മതനിരപേക്ഷത കാത്തുസൂക്ഷിച്ചും ഇന്ത്യയ്ക്കാകെ മാതൃകയാകുന്നത്. ക്ഷേമ-വികസന-സാമൂഹ്യസുരക്ഷാ മേഖലകളിൽ രാജ്യത്ത് ഒന്നാം സ്ഥാനം നിലനിർത്തുകയാണ് കേരളം. ഓരോ കേരളീയനും അഭിമാനത്തോടെ തലയുയർത്തിപ്പിടിച്ച് പറയാവുന്ന മുന്നേറ്റമാണിത്. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ നമ്മുടെ സംസ്ഥാനം തുടർച്ചയായി മൂന്നാം തവണയും രാജ്യത്ത് ഒന്നാമതെത്തിയിരിക്കുകയാണ്. നീതി ആയോഗിന്റെ 2021-ലെ ആരോഗ്യ സൂചികയിലും കേരളം മുന്നിൽ നിൽക്കുന്നു. രാജ്യത്ത് ഏറ്റവും കുറഞ്ഞ ശിശുമരണ നിരക്കുള്ള സംസ്ഥാനമാണ് കേരളം. നീതി ആയോഗിന്റെ ദാരിദ്ര്യസൂചികയനുസരിച്ച് രാജ്യത്ത് ഏറ്റവും കുറവ് ദരിദ്രരുള്ള സംസ്ഥാനമാണ് കേരളം. 2021-ലെ പബ്ലിക് അഫയേഴ്സ് ഇൻഡക്സ് പ്രകാരം ഇന്ത്യയിൽ ഏറ്റവും മികച്ച രീതിയിൽ ഭരണനിർവ്വഹണം നടപ്പാക്കുന്ന

സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടു. സാമൂഹ്യ ജീവിതത്തിന്റെ ഏത് സൂചിക പരിശോധിച്ചാലും കേരളം രാജ്യത്ത് മുൻനിരയിൽത്തന്നെ സ്ഥാനമുറപ്പിച്ചുകഴിഞ്ഞു. സംസ്ഥാനത്തിന്റെ ഈ നേട്ടങ്ങൾ പലരെയും അസ്വസ്ഥരാക്കുന്നുണ്ട്. ജനപക്ഷ ബദൽ നയങ്ങൾ നടപ്പാക്കിയാണ് കേരളം ഈ നേട്ടങ്ങൾ ആർജ്ജിച്ചത്. അതിൽനിന്നും കേരളത്തെ പുറകോട്ടുനടത്താൻ ആർക്കും കഴിയില്ല. സുസ്ഥിര വികസനം, സാമൂഹ്യനീതി, തുല്യത, മതനിരപേക്ഷത തുടങ്ങിയവയിൽ ഉറച്ചുനിന്ന് മുന്നേറുന്ന വികസനശൈലിയുടെ മികവാണ് ഈ നേട്ടങ്ങളിലെല്ലാം പ്രതിഫലിക്കുന്നത്. 1957-ൽ സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിൽ അധികാരത്തിൽവന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് സൃഷ്ടിച്ച ക്ഷേമവികസന അടിത്തറയിൽ ഉറച്ചുനിന്നുകൊണ്ട് കേരളം മുന്നോട്ടുപോകുകയാണ്. ഈ വികസന പ്രക്രിയ അഞ്ചുവർഷം കൂടുമ്പോൾ തടസ്സപ്പെടുന്ന പ്രവണതയ്ക്ക് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങൾ അവസാനം കുറിച്ചു. ഒന്നാം പിണറായി ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കിയ ക്ഷേമ സാമൂഹ്യ സുരക്ഷാ വികസന പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസന പദ്ധതികളും പൂർവ്വാധികം ശക്തമായി തുടരാൻ ജനങ്ങൾ അംഗീകാരം നൽകി. സർക്കാരിനെ

ദുർബലപ്പെടുത്താൻ വ്യക്തിഹത്യയടക്കം അത്യന്തം നിന്ദ്യമായ കുപ്രചരണങ്ങളുടെ കൊടുങ്കാറ്റഴിച്ചുവിട്ട ജനവിരുദ്ധ സഖ്യത്തിനുള്ള ശക്തമായ മുന്നറിയിപ്പായിരുന്ന അഭിമാനകരമായ ജനവിധി. വികസനത്തുടർച്ചയാണ് കേരളീയർ ആഗ്രഹിക്കുന്നത്. മനുഷ്യന്റെ അവകാശങ്ങളോടെ കുടുംബത്തോടൊപ്പം സംതൃപ്തവും സമാധാനപരവുമായ ജീവിതമാണ് അവർ കാംക്ഷിക്കുന്നത്. ഒരാൾപോലും പട്ടിണി കിടക്കാത്ത, എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി പാർപ്പിടമുള്ള, എല്ലാവർക്കും ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസവും മികച്ച ആരോഗ്യപരിരക്ഷയും അടിസ്ഥാന സൗകര്യങ്ങളും തൊഴിലവസരവും ഉറപ്പുവരുത്തുന്ന സംസ്ഥാനമാക്കി കേരളത്തെ മാറ്റിക്കൊണ്ടിരിക്കുകയാണ്. ഈ ലക്ഷ്യത്തിൽനിന്ന് സർക്കാരിനെ പിന്തിരിപ്പിക്കാമെന്ന ഒരു വ്യാമോഹവും നടക്കാൻ പോകുന്നില്ലെന്ന് ഓർമ്മിപ്പിക്കട്ടെ.

ലോകത്തിനുതന്നെ മാതൃകയായി മാറിയ പ്രതിരോധ ആശ്വാസ നടപടികളാണ് കോവിഡ് മഹാമാരിയുടെ മൂന്ന് ഘട്ടങ്ങളിലും എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിയത്. ആരോഗ്യപരിരക്ഷാ സംവിധാനങ്ങൾ സുശക്തമാക്കിയും സൗജന്യ ചികിത്സ ഉറപ്പാക്കിയും

രോഗവ്യാപനം നിയന്ത്രിക്കാനും മരണനിരക്ക് കുറച്ചുനിർത്താനും നമുക്ക് കഴിഞ്ഞു. പണമില്ലാത്തതിന്റെ പേരിൽ സംസ്ഥാനത്ത് ഒരാൾക്കുപോലും ചികിത്സ നിഷേധിക്കപ്പെട്ടില്ല. കോവിഡ് പ്രതിസന്ധിയിൽ ജനങ്ങൾക്കാകെ സർക്കാർ തണലായി. വരുമാനം നിലച്ചുപോയവർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് ധനസഹായം നൽകി. എല്ലാവർക്കും ആഹാരം ഉറപ്പുവരുത്തി. സംസ്ഥാനത്തെ മുഴുവൻ റേഷൻ കാർഡുടമകൾക്കും സൗജന്യമായി ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തു. കോവിഡിനിരയായി മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികളുടെ സംരക്ഷണം ഏറ്റെടുത്തുകൊണ്ട് ഗവൺമെന്റ് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചു. കുടുംബനാഥനെ നഷ്ടമായ ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങൾക്ക് പ്രതിമാസം 5,000/- രൂപ വീതം മൂന്നുവർഷം ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കി. കോവിഡ് ബാധിച്ച് മരിച്ചവരുടെ അവകാശികൾക്ക് 50,000/- രൂപ വീതം ധനസഹായം നൽകിവരികയാണ്. സർക്കാർ നേരിടുന്ന എല്ലാ സാമ്പത്തിക പരിമിതികളും മറികടന്നാണ് കോവിഡ് പ്രതിരോധ നടപടികളും ആശ്വാസ പദ്ധതികളും പ്രാവർത്തികമാക്കുന്നത്. കോവിഡ് കാലത്ത് സാധാരണക്കാർക്ക് ആശ്വാസമായി സമൂഹ അടുക്കളകൾക്കും ജനകീയ ഹോട്ടലുകൾക്കും

സർക്കാർ തുടക്കം കുറിച്ചു. 'വിശപ്പുരഹിതകേരളം' എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ജനകീയ ഹോട്ടലുകൾ മാനവികതയുടെ അടയാളമായി മാറിയിരിക്കുന്നു. 20 രൂപയ്ക്ക് ഊണ് ലഭിക്കുന്ന 1174 ജനകീയ ഹോട്ടലുകൾ ഇന്ന് കേരളത്തിലുണ്ട്. പണമില്ലാത്തവർക്കും ഈ ഹോട്ടലുകളിൽനിന്ന് ഭക്ഷണം നൽകുന്നു. ജനകീയ ഹോട്ടലുകൾക്ക് അടിയന്തര ധനസഹായമായി ഈ അടുത്ത ദിവസമാണ് 30 കോടി രൂപ സർക്കാർ അനുവദിച്ചത്. കോവിഡ് പ്രതിരോധ വാക്സിനേഷൻ പ്രധാന ദൗത്യമായി സർക്കാർ ഏറ്റെടുത്തു. എല്ലാവർക്കും സൗജന്യ വാക്സിൻ എന്ന നയമാണ് സർക്കാർ സ്വീകരിച്ചത്. 18 വയസ്സിന് മുകളിൽ പ്രായമുള്ളവരിൽ ആദ്യഡോസ് വാക്സിനേഷൻ 100 ശതമാനം എന്ന നേട്ടം നാം കൈവരിച്ചു. 85 ശതമാനം പേർ രണ്ടാം ഡോസ് വാക്സിൻ എടുത്തുകഴിഞ്ഞു. കുട്ടികളിലെ വാക്സിനേഷൻ 75 ശതമാനത്തിലേക്കെത്തി. കെ-റെയിൽ മുഖേന നടപ്പാക്കുന്ന തിരുവനന്തപുരം-കാസർഗോഡ് സിൽവർ ലൈൻ പദ്ധതിയും ത്വരിതഗതിയിൽ മുന്നോട്ടുപോകുന്നു. ദേശീയപാതാ വികസനവും ഗെയിൽ വാതക പൈപ്പ്ലൈൻ യാഥാർത്ഥ്യമാക്കിയതും കേരളത്തെ ഡിജിറ്റൽ ലോകത്തിന്റെ നെറുകയിലെത്തിക്കുന്ന. കെ-ഫോൺ പദ്ധതിയും ഇടതുപക്ഷ

ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തിന്റെ തെളിവായി എക്കാലവും കേരളം ഓർമ്മിക്കും. മലയോര ഹൈവേ നിർമ്മാണത്തിനും തീരദേശപാത നിർമ്മാണത്തിനും തുടക്കം കുറിച്ചിരിക്കുകയാണ്. ദേശീയ ജലപാതയും യാഥാർത്ഥ്യമാക്കുന്നു. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് കരുത്തുപകരുന്നതിനും വ്യവസായ വാണിജ്യ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ചേ മതിയാകൂ. 11 ജില്ലകളിലൂടെ കടന്നുപോകുന്ന സിൽവർ ലൈൻ സെമി ഹൈസ്പീഡ് റെയിൽവേ കേരളത്തിന്റെ അഭിമാന പദ്ധതിയാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 530 കിലോമീറ്റർ ദൈർഘ്യമുള്ള സിൽവർലൈൻ യാത്രാസമയം 4 മണിക്കൂറായി ചുരുക്കുന്നു. യാത്രാസൗകര്യത്തോടൊപ്പം ചരക്കുഗതാഗത സൗകര്യങ്ങളും വർദ്ധിപ്പിക്കും. സിൽവർലൈൻ യാഥാർത്ഥ്യമാകുന്നതോടെ കേരളം മുമ്പൊന്നുമില്ലാത്ത വികസനക്കുതിപ്പിന് സാക്ഷ്യം വഹിക്കും. വലിയ തോതിൽ നിക്ഷേപത്തിനും സാമ്പത്തിക വളർച്ചയ്ക്കും തൊഴിലവസരങ്ങൾ സാധ്യമാക്കുന്നതിനും സിൽവർലൈൻ വഴിയൊരുക്കും. ഭാവിതലമുറകളെക്കൂടി കണ്ടുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി

ഗവൺമെന്റ് സിൽവർലൈൻ പദ്ധതി നടപ്പാക്കുന്നത്. വാഹന പെരുപ്പവും ഗതാഗതക്കുരുക്കും കാരണം സംസ്ഥാനത്തെ റോഡുകൾ വീർപ്പുമുട്ടുകയാണ്. വാഹനങ്ങളുടെ എണ്ണം ദൈനംദിനം വർദ്ധിച്ചുവരികയാണ്. മോട്ടോർ വാഹന വകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 2019-20-ൽ 849200 വാഹനങ്ങളാണ് രജിസ്റ്റർ ചെയ്തത്. 2020-21-ൽ 663306 വാഹനങ്ങളും 2021-22 ഫെബ്രുവരി 15 വരെ 627931 വാഹനങ്ങളും പുതിയതായി രജിസ്റ്റർ ചെയ്തതായിട്ടാണ് കണക്ക്. വാഹനങ്ങളുടെ എണ്ണം കൂടുന്നതിനനുസരിച്ച് യാത്രാസൗകര്യം വർദ്ധിക്കേണ്ടതുണ്ട്. റോഡുകൾ മാത്രമല്ല എല്ലാ വിധത്തിലുമുള്ള പൊതുഗതാഗത സംവിധാനങ്ങളും വികസിച്ചേ തീരൂ. അടിസ്ഥാന സൗകര്യങ്ങൾ പരമാവധി വർദ്ധിപ്പിച്ചാൽ മാത്രമേ കൂടുതൽ വികസന പദ്ധതികളും നിക്ഷേപവും സംസ്ഥാനത്ത് വരികയുള്ളൂ. ഈ കാഴ്ചപ്പാടോടെയാണ് ദേശീയപാതാ വികസനം പ്രധാന ദൗത്യങ്ങളിലൊന്നായി സർക്കാർ ഏറ്റെടുത്തത്. ദേശീയപാതാ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫണ്ടിന്റെ 25 ശതമാനം നൽകുന്ന ഏക സംസ്ഥാനമാണ് കേരളം. 57,878/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കാസർഗോഡ്-തിരുവനന്തപുരം

ദേശീയപാതയിൽ നടക്കാൻ പോകുന്നത്. ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി യാഥാർത്ഥ്യമാക്കിയത് ഒന്നാം പിണറായി സർക്കാരിന് എന്നും അഭിമാനിക്കാവുന്ന നേട്ടമാണ്. 2014-ൽ പൂർത്തിയാക്കേണ്ടിയിരുന്ന പദ്ധതി നടപ്പാക്കാൻ വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു. യു.ഡി.എഫ്. സർക്കാർ ഭൂമി ഏറ്റെടുത്ത് നൽകാത്തതിനെത്തുടർന്ന് 2014-ൽ ഗെയിൽ കരാർ റദ്ദാക്കി. 2016-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരമേറ്റതോടെയല്ലേ പദ്ധതിക്ക് ജീവൻ വച്ചത്? ഇപ്പോൾ എറണാകുളം ജില്ലയിലെ വീടുകളിൽ പൈപ്പ്ലൈൻ വഴി പാചക വാതകം എത്തിത്തുടങ്ങി. മറ്റ് ചില ജില്ലകളിലെ വീടുകളിലേക്കും പദ്ധതി വ്യാപിപ്പിക്കാൻ ശ്രമം നടത്തിവരികയാണ്. ദിവാസ്വപ്നം മാത്രമെന്ന് പരിഹസിച്ചവർക്കുമുമ്പിൽ ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ പ്രതീകമായി കെ-ഫോൺ പദ്ധതി യാഥാർത്ഥ്യമായിക്കഴിഞ്ഞു. രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ നിയോജകമണ്ഡലങ്ങളിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 100 കുടുംബങ്ങൾക്കുവീതം 14000 കണക്ഷനുകൾ നൽകാൻ പോകുകയാണ്. 30000 സർക്കാർ ഓഫീസുകളിലും ഈ ഘട്ടത്തിൽത്തന്നെ കെ-ഫോൺ

കണക്ഷൻ ലഭിക്കും. ഗ്രാമീണ മേഖലകളിലുൾപ്പെടെ സംസ്ഥാനത്താകെ മികച്ച ഇന്റർനെറ്റ് ബ്രോഡ്ബാൻഡ് കണക്ഷൻ ഒരുക്കി. ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് സൗകര്യം നൽകുന്ന പദ്ധതിയിൽ മറ്റുള്ളവർക്ക് സബ്സിഡി നിരക്കിൽ ബ്രോഡ്ബാൻഡ് കണക്ഷൻ ലഭിക്കും. 2019-ൽ കരാർ ഒപ്പിട്ട പദ്ധതി കോവിഡ്, പ്രകൃതി ദുരന്ത പ്രതികൂല സാഹചര്യങ്ങൾ എന്നിവ നേരിട്ട് ഇപ്പോൾ പൂർണ്ണതയിലെത്തുകയാണ്. ഇന്റർനെറ്റ് പൗരന്റെ അവകാശമായി പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. എല്ലാ വീടുകളും ഓഫീസുകളും ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയുമായി ബന്ധിപ്പിക്കുകയാണ്. ലൈഫ് പദ്ധതിയിലൂടെ എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി വീടുള്ള രാജ്യത്തെ ആദ്യ സംസ്ഥാനം എന്ന പദവിയിലേക്ക് കേരളം കുതിക്കുകയാണ്. 2.78 ലക്ഷം കുടുംബങ്ങൾക്ക് ഒന്നാംഘട്ടത്തിൽ വീട് നൽകിക്കഴിഞ്ഞു. ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അഞ്ചരലക്ഷത്തോളം കുടുംബങ്ങൾക്ക് സ്വന്തമായി പാർപ്പിടം ലഭിക്കും. ഒരു വർഷം ഒരു ലക്ഷം കുടുംബങ്ങൾക്ക് പാർപ്പിടം ഉറപ്പുവരുത്തുകയാണ് സർക്കാരിന്റെ ലക്ഷ്യം. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പാക്കിയ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലെയും കുടുംബങ്ങളിൽനിന്നുള്ള കുട്ടികൾക്ക് ഉന്നത നിലവാരത്തിലുള്ള പഠനസൗകര്യം ഉറപ്പുവരുത്തിയത് അഭിമാനത്തോടെ എടുത്തുപറയട്ടെ. കോവിഡിനെ തുടർന്ന് നടപ്പാക്കിയ ഓൺലൈൻ പഠനരീതിയിലും കേരളം രാജ്യത്ത് ഒന്നാംസ്ഥാനം നേടി. ആർദ്രം പദ്ധതിയിലൂടെ പൊതുജനാരോഗ്യ രംഗത്ത് വലിയ മാറ്റങ്ങളാണുണ്ടായത്. ഏറ്റവും മികച്ച ചികിത്സാ സൗകര്യങ്ങളുമായി സർക്കാർ ആശുപത്രികൾ ഉന്നത നിലവാരത്തിലെത്തി. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിച്ചാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തുടർഭരണം എന്ന ചരിത്രനേട്ടം കൈവരിച്ചത്. രണ്ടാം കോവിഡ് തരംഗത്തിന്റെ മൂർദ്ധന്യഘട്ടത്തിലാണ് ഈ ഗവൺമെന്റ് അധികാരമേൽക്കുന്നത്. കാലവർഷക്കെടുതിയുടെയും കോവിഡ് മൂന്നാം തരംഗത്തിന്റെയും സാഹചര്യത്തിൽ കടുത്ത സമ്മർദ്ദങ്ങളുടെ നടുവിലാണ് സർക്കാർ പ്രവർത്തിക്കുന്നത്. പ്രതിസന്ധികളും പരിമിതികളും കടന്ന് ഇച്ഛാശക്തിയോടെ സർക്കാർ മുന്നോട്ടുപോകുകയാണ്. വികസന പദ്ധതികളുടെ ഭാഗമായി സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടി

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു. 2021 ജൂൺ 11 മുതൽ സെപ്റ്റംബർ 19 വരെ നടപ്പിലാക്കിയ നൂറുദിന പരിപാടിയും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ നൂറുദിന പരിപാടികളും കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക, തൊഴിൽ പശ്ചാത്തല വികസന മേഖലകളിൽ വലിയ ഉണർവ് സൃഷ്ടിച്ചു. ഈ ഗവൺമെന്റിന്റെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി രണ്ടാം നൂറുദിന പരിപാടിക്ക് ഫെബ്രുവരി 10-ന് തുടക്കം കുറിച്ചിരിക്കുകയാണ്. 1557 പദ്ധതികളിലായി 17183 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വിപുലമായ നിലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ രണ്ടാം നൂറുദിന പരിപാടിയും വഴിയൊരുക്കുമെന്ന കാര്യത്തിൽ സംശയമില്ല. ബഹുമുഖ സമ്മർദ്ദങ്ങളെ അതിജീവിച്ചാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും കേന്ദ്ര ഗവൺമെന്റിന്റെ ക്രൂരമായ അവഗണനയും സാമ്പത്തികമായ ശ്വാസംമുട്ടിക്കലും അർഹമായ ധനവിഹിതം നിഷേധിക്കലും പ്രതിപക്ഷത്തിന്റെ കുത്തിത്തിരുപ്പുകളുമെല്ലാം സർക്കാർ നേരിട്ടു. കേരളത്തെ സാമ്പത്തികമായി ഞെരുക്കാനാണ് കേന്ദ്രഗവൺമെന്റിന്റെ ശ്രമം. ജനങ്ങളുടെ ആവശ്യം മനസ്സിലാക്കി മതനിരപേക്ഷ നിലപാടിൽനിന്ന്

കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ദീർഘവീക്ഷണത്തോടുകൂടിയുള്ള വിവിധ പദ്ധതികളാണ് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. എയിംസ്, റെയിൽവേ, റെയിൽവേ സോൺ, പുതിയ പാതകൾ ഉൾപ്പെടെയുള്ള റെയിൽവേ വികസനം തുടങ്ങി കേരളത്തിന്റെ ആവശ്യങ്ങളൊന്നും കേന്ദ്ര സർക്കാർ അംഗീകരിക്കുന്നില്ല. ഏത് വികസന പദ്ധതി ആവിഷ്കരിച്ചാലും അത് നടപ്പാക്കാൻ സമ്മതിക്കില്ലെന്ന ദുർവാശിയിലാണ് പ്രതിപക്ഷം. വികസന പദ്ധതികൾക്ക് ഇടംകോലിടുന്നെന്ന് മാത്രമല്ല, പദ്ധതികൾ തടയണമെന്ന് അവർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു. കേന്ദ്ര ഭരണകക്ഷിയുടെ നിവേദക സംഘം ഈയിടെ ഡൽഹിക്കുപോയി. സംസ്ഥാനത്തിന് വികസന ക്ഷേമപദ്ധതികൾ അനുവദിക്കണമെന്നല്ല, ഒന്നും കൊടുക്കരുതെന്നാണ് ആ നിവേദകസംഘം ആവശ്യപ്പെട്ടത്. എത്രമാത്രം വിനാശകരമായ സമീപനമാണിത്? സിൽവർ ലൈൻ പദ്ധതി നടപ്പാക്കാൻ അനുവദിക്കില്ലെന്നാണ് പ്രതിപക്ഷ പ്രഖ്യാപനം. ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് ഇളക്കിവിടാൻ ശ്രമിക്കുന്നു. യാത്രാ ദുരിതത്തെക്കുറിച്ച് നന്നായി അറിയുന്നവരാണ് മലയാളികൾ. അവർക്ക് മുമ്പിലാണ് സിൽവർലൈൻ

വരാൻ സമ്മതിക്കില്ലെന്ന വിനാശകരമായ നിലപാട്. ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി നാട്ടിയ സർവ്വേക്കല്ലുകൾ പിഴുതെറിയാൻ ആഹ്വാനം നൽകുകയും അണികൾ അത് നടപ്പിലാക്കിവരികയുമാണ്. ഒരു ജനാധിപത്യ സമൂഹത്തിൽ ഒരിക്കലും നടക്കാൻ പാടില്ലാത്ത കാര്യമാണിത്. കേരളം പ്രളയത്തിൽ മുങ്ങിത്താണപ്പോൾ സർക്കാരിനെ സമ്മർദ്ദത്തിലാക്കുകയല്ലേ അവർ ചെയ്തത്? പ്രളയ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സഹായം നിരുത്സാഹപ്പെടുത്തി. കോവിഡ് പടർന്നുപിടിക്കുമ്പോൾ രോഗനിയന്ത്രണത്തിന് സഹകരിക്കുകയല്ല, കോവിഡ് വ്യാപിപ്പിക്കാൻ ശ്രമിക്കുകയല്ലേ അവർ ചെയ്തത്? കോവിഡ് കാലത്ത് ആരും പട്ടിണി കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ സർക്കാർ ഭക്ഷ്യകിറ്റ് നൽകിയതിനെ നിങ്ങൾ പരിഹസിച്ചു. കിറ്റ് വിതരണത്തിനെതിരെ കോടതിയെ സമീപിച്ചു. പാവങ്ങളെന്നോ പണക്കാരെന്നോ വ്യത്യാസമില്ലാതെ നൽകിയ ഭക്ഷ്യ കിറ്റുകൾ ജനങ്ങൾക്ക് നൽകിയ ആശ്വാസവും പരിരക്ഷയും ചെറുതല്ല. ലക്ഷക്കണക്കിന് പാവങ്ങളുടെ വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്ന 'ലൈഫ് മിഷൻ' അധികാരം കിട്ടിയാൽ പിരിച്ചുവിടുമെന്ന് യു.ഡി.എഫ്.

ഭീഷണിപ്പെടുത്തിയില്ലേ? യു.ഡി.എഫ്. പിരിച്ചുവിടാൻ നിശ്ചയിച്ച ലൈഫ് മിഷനിലൂടെ ഈ ഗവൺമെന്റ് അഞ്ചര ലക്ഷം വീടുകൾകൂടി നൽകാൻ പോകുകയാണ്.

കേരളത്തിന്റെ വികസന മുന്നേറ്റത്തിലെ തിളക്കമാർന്ന ഏടായി മാറുകയാണ് കിഫ്ബി മുഖേനയുള്ള പദ്ധതികൾ. ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 64348 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി അംഗീകരിച്ചുകഴിഞ്ഞു. പൊതുമരാമത്ത്, ആരോഗ്യം, വ്യവസായം എന്നീ മേഖലകളിലായി 6943.37 കോടി രൂപയുടെ 44 പദ്ധതികൾക്ക് കഴിഞ്ഞ ദിവസമാണ് കിഫ്ബി ഡയറക്ടർ ബോർഡ് അനുമതി നൽകിയത്. കിഫ്ബിക്കെതിരെ എന്തുമാത്രം അപവാദപ്രചരണമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷം സംഘടിപ്പിച്ചത്? ഗെയിൽ വാതക പൈപ്പ്ലൈൻ പദ്ധതി സ്ഥലമെടുപ്പ് വൈകാരിക പ്രശ്നമാക്കി മുതലെടുപ്പ് നടത്താൻ പ്രതിപക്ഷം ശ്രമിച്ചത് കേരളം മറന്നിട്ടില്ല. തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ സ്ഥലമെടുപ്പ് നടപടികളാരംഭിച്ചപ്പോൾ 'സർക്കാർ നിന്ന് കത്തുമെന്നാണ് പ്രതിപക്ഷത്തെ ചില നേതാക്കൾ പ്രഖ്യാപിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയനെ സെക്രട്ടേറിയറ്റിൽ കയറ്റില്ലെന്ന വീരവാദം

മുഴക്കിയവരുമുണ്ട്. ഗെയിൽ വാതക പൈപ്പ്ലൈൻ പദ്ധതിയും ദേശീയപാതാ സ്ഥലമെടുപ്പും യാഥാർത്ഥ്യമാക്കിയാൽ ശ്രീ. പിണറായി വിജയൻ നിശ്ചദാർഢ്യമുള്ള നേതാവാണെന്ന് സമ്മതിക്കേണ്ടിവരുമെന്ന് പരസ്യമായി പറഞ്ഞ കേന്ദ്ര ഭരണകക്ഷി നേതാവിനേയും ഗെയിലിനെതിരായ സമരങ്ങളുടെ മുൻനിരയിൽ കണ്ടു. ദേശീയപാതാ വികസനം യാഥാർത്ഥ്യമാക്കാനുള്ള ഇച്ഛാശക്തി യു.ഡി.എഫ്.-ന് ഉണ്ടായില്ല. യു.ഡി.എഫ്.-ന്റെ സമീപനം കൊണ്ടാണ് ഗെയിൽ വാതക പെപ്പ്ലൈൻ പദ്ധതിയുടെ കരാർ ഒരു ഘട്ടത്തിൽ ഗെയിൽ റദ്ദാക്കിയത്. ജനവിധി അട്ടിമറിക്കാൻ തെരഞ്ഞെടുപ്പുവേളയിൽ നടത്തിയ അപവാദ പ്രചരണങ്ങൾ കേരളം മറന്നിട്ടില്ല. എന്താണ് യു.ഡി.എഫ്., ബി.ജെ.പി. വിഭാഗത്തിന് ആയുധം? നികൃഷ്ടമായ അപവാദ പ്രചരണം, വ്യക്തിഹത്യ, കുത്തിത്തിരുപ്പുകൾ. അന്ന് അധികാരം ലഭിക്കുമെന്ന വ്യാമോഹമാണ് നിങ്ങളെ നയിച്ചതെങ്കിൽ ഇന്ന് ഭരണനഷ്ടത്തിന്റെ നിരാശ നിങ്ങളെ വേട്ടയാടുന്നു. സർക്കാരിനും മുഖ്യമന്ത്രിക്കും മന്ത്രിമാർക്കുമെതിരെ സംഘടിതമായ ആക്രമണമല്ലേ അന്ന് നടത്തിയത്? വിമാനത്താവളംവഴി സ്വർണ്ണം കടത്തിയതിന്റെ പേരിൽ സംസ്ഥാന സർക്കാരിനെ

താഴെയിറക്കിക്കളയാമെന്നായിരുന്നു വ്യാമോഹം. കേന്ദ്രത്തിലെ എല്ലാ ഏജൻസികളെയും കൊണ്ടുവന്ന് അന്വേഷണം. കുരുക്ക് മുറുക്കലായിരുന്നു നിങ്ങളുടെ പ്രധാന ദൗത്യം. കുരുക്കുകൾ മുറുക്കിമുറുക്കി സ്വയം അകപ്പെട്ട ഊരാക്കുടുക്കുകളിൽനിന്ന് തലയൂരാൻ നിങ്ങൾക്ക് കഴിയുമോ; അന്ന് പറയാത്ത നുണയുണ്ടോ; എഴുതാത്ത കഥകളുണ്ടോ; സെക്രട്ടേറിയറ്റിൽ ഷോർട്ട് സർക്യൂട്ടുമൂലം തീപിടിത്തമുണ്ടായത് രേഖകൾ നശിപ്പിക്കാൻ ഗൂഢാലോചന നടത്തി തീയിട്ടതാണെന്നുവരെ ആരോപിച്ചു. ജനവിധിയെന്തായി? 91-ൽനിന്ന് 99 സീറ്റുകളിലേയ്ക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ജനങ്ങൾ കൈപിടിച്ചുയർത്തി. 47-ൽനിന്നും 41-ലേയ്ക്ക് നിങ്ങൾ ചുരുങ്ങി. ജനങ്ങളാണ് ഈ സർക്കാരിനെ തുടർ ഭരണമേൽപ്പിച്ചത്. വികസന പദ്ധതികൾക്കെതിരായ വിനാശകരമായ സമീപനം ജനങ്ങൾ അംഗീകരിക്കില്ല. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമം നിങ്ങൾ തുടരുകയാണ്. എന്നാൽ അതൊന്നും ഏശാൻ പോകുന്നില്ല. ഒരു വിഭാഗം സർക്കാർ വിരുദ്ധ മാധ്യമങ്ങളുടെ പിന്തുണയോടെ, വിവിധ മാധ്യമങ്ങളുടെ പിന്തുണയോടെ സർക്കാരിനും വികസന പദ്ധതികൾക്കും എതിരായി നടത്തുന്ന പ്രചാര പ്രചരണ കോലാഹലങ്ങളുടെ

നിജസ്ഥിതിയറിയാൻ ഇന്ന് മാർഗ്ഗങ്ങളുണ്ട്. ദുഷ്പ്രചരണങ്ങളുടെ നെല്ലും പതിരും തിരിച്ചറിയാൻ ജനങ്ങൾക്ക് കഴിയും. കേരളം ആർജ്ജിച്ച മാധ്യമ സാക്ഷരതയാണ് അതിന് കാരണം. അത് പുരോഗമന പ്രസ്ഥാനങ്ങളുടെ ഇടപെടലുകളുടെയും സാമൂഹ്യമാറ്റത്തിന്റെയും ഫലമാണ്. സംസ്ഥാനത്തിന്റെ സമഗ്രമായ വികസന കുതിപ്പിനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വഴിയൊരുക്കുന്നത്. നാടിന്റെ വികസനവും ജനങ്ങളുടെ പുരോഗതിയും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുന്ന സർക്കാരിനെ ജനങ്ങൾ അംഗീകരിക്കുമെന്ന് നിങ്ങൾ ഭയക്കുന്നു. പ്രതിപക്ഷത്തിന്റെ മനോഭാവവും സ്വഭാവവും ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. നിങ്ങൾ ഈ നിലപാടുതന്നെ തുടരണം. തെറ്റ് തിരുത്താൻ ജനങ്ങൾ ഒരവസരം തന്നതാണ്. പ്രതിപക്ഷം വാഗ്ദാനം ചെയ്ത ക്രിയാത്മകതയും ചെയ്തികളും തമ്മിൽ വൻ അന്തരമുണ്ട്. അവ ഒട്ടും പൊരുത്തപ്പെടുന്നില്ല. പദ്ധതികൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള അന്തരീക്ഷം ഒരുക്കുന്നതിനുപകരം എല്ലാത്തിനും തടസ്സം സൃഷ്ടിക്കുകയെന്നുള്ള സമീപനമാണ് ഉത്തരവാദപ്പെട്ട ചില കേന്ദ്രങ്ങളിൽനിന്നും ഉണ്ടാകുന്നത്. ഏത് പദ്ധതി വന്നാലും അവിടെ

സമരമെന്നതാണ് ചിലരുടെ നിലപാട്. സ്ഥലം വിട്ടുകൊടുക്കുന്നവരല്ല പലപ്പോഴും ഇത്തരം അരാജകസമരങ്ങളിലുള്ളതെന്ന് കാണാം. നിക്ഷിപ്ത രാഷ്ട്രീയ താൽപ്പര്യങ്ങൾ വികസന പദ്ധതികൾക്ക് മുമ്പിൽ താൽക്കാലികമായെങ്കിലും വിലങ്ങുതടിയായി മാറുകയാണ്. വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് തുരങ്കം വയ്ക്കുന്നവരെ ജനങ്ങൾ കൃത്യമായി തിരിച്ചറിയുന്നുണ്ട്. ജനങ്ങൾ അർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിച്ച്, അവരുടെ ആഗ്രഹം സഫലീകരിച്ച് കേരള സൃഷ്ടിക്കായി ഈ ഗവൺമെന്റ് നിരന്തരമായി മുന്നോട്ട് പോകുകതന്നെ ചെയ്യും. അതിനാവശ്യമായ പാത വെട്ടിത്തുറക്കുന്നതിനുള്ള സുവ്യക്തമായ കാഴ്ച്ചപ്പാടും നിർദ്ദേശങ്ങളുമാണ് നയപ്രഖ്യാപനത്തിൽ നിറഞ്ഞുനിൽക്കുന്നത്. സംസ്ഥാനത്തിന്റെ തുടർ വികസനം സാധ്യമാക്കാനും ജനക്ഷേമ പദ്ധതികൾ പൂർണ്ണതയിലെത്തിക്കാനും മതനിരപേക്ഷത സംരക്ഷിക്കാനും ഒന്നിച്ച് നിൽക്കുകയാണ് നാടിനെ സ്നേഹിക്കുന്ന എല്ലാവരുടെയും ഉത്തരവാദിത്വമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് നയപ്രഖ്യാപനത്തിന് ഒരിക്കൽക്കൂടി പിന്തുണ നൽകുന്നു.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്.

"നെടിയ കിനാവിതു നിദ്രപോലെ നിത്യം
കെടുമിതുപോലെ കിനാവുമിപ്രകാരം
കെടുമതി കാണുകയില്ല, കേവലത്തിൽ-
പെടുവതിനാലനിശം ഭ്രമിച്ചിടുന്നു."

ശ്രീനാരായണ ഗുരുദേവൻ രചിച്ച ആത്മോപദേശശതകത്തിലെ ശ്ലോകം 55-ലെ വരികളാണിത്. മായാമോഹത്തിൽ അഭിരമിക്കുന്നവർക്ക് ഉണർന്നിരിക്കുമ്പോഴുള്ള കാഴ്ചകളും ഉറങ്ങുമ്പോഴുള്ള സ്വപ്നത്തിലെ കാഴ്ചകളിലുമുള്ള വ്യത്യസ്തത തിരിച്ചറിയാനാകില്ല. പരമമായ യാഥാർത്ഥ്യം തിരിച്ചറിഞ്ഞ ജനങ്ങളാണ്, മായാമോഹത്തിലഭിരമിച്ച് കേവലം സ്വപ്നം മാത്രം കണ്ട് നടന്നവരെ ഒരിക്കൽക്കൂടി പുറത്തുനിർത്തി ഇടതുമുന്നണി സർക്കാരിനെ വീണ്ടും അധികാരത്തിലേറ്റിയത്.

തെരഞ്ഞെടുപ്പ് സമയത്ത് പ്രകടന പത്രിക പുറത്തിറക്കുന്നത് എല്ലാ മുന്നണികളും ഒരു ചടങ്ങായി സംഘടിപ്പിക്കുന്നതാണ്. അധികാരത്തിൽ എത്തുമ്പോൾ ചിലരത് അപ്പേ മറന്നുപോകും. ചിലപ്പോൾ അതിൽ ചിലത്

നടപ്പാക്കും. പ്രഹസനമായി മാറിയിരുന്ന പ്രകടന പത്രികയെ അങ്ങനെയല്ലാതാക്കി സമ്പൂർണ്ണമായ ഒരു മാർഗ്ഗരേഖയായി കണ്ട് എല്ലാ വാഗ്ദാനങ്ങളും സമയബന്ധിതമായി നടപ്പാക്കിക്കാണിച്ച സർക്കാരാണ് ഒന്നാം പിണറായി ഗവൺമെന്റ്. സ്കൂളുകളിലാണ് നമ്മൾ പ്രോഗ്രസ് കാർഡ് കണ്ടിട്ടുള്ളത്. സ്കൂളുകളിൽ മാത്രം വേണ്ട ഒന്നല്ല പ്രോഗ്രസ് റിപ്പോർട്ടെന്ന് തെളിയിച്ചതും ഒന്നാം പിണറായി ഗവൺമെന്റാണ്. അതിന്റെ ഫലമായി അധികാരത്തിൽ തിരിച്ചെത്തിയ ഈ സർക്കാരും ചുരുങ്ങിയ കാലയളവിൽത്തന്നെ പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ നടപ്പാക്കി കുതിക്കുകയാണ്. വികസന ക്ഷേമ രംഗങ്ങളിൽ കേരളത്തെ രാജ്യത്തുതന്നെ ഒന്നാമതാക്കിത്തീർക്കുന്നതിനുള്ള പാളത്തിലൂടെയാണ് ഈ പ്രയാണം.

രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏതാനും നാളുകളിലെ ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ട്, 'നീതി ആയോഗ് അടക്കം, നൽകിയ പ്രത്യേകമായ അംഗീകാരത്തെ സൂചിപ്പിക്കുകയുണ്ടായി. ശ്രീ. ടി. പി. രാമകൃഷ്ണനും അത് പറഞ്ഞു. അതുകൊണ്ട് ഞാൻ അക്കാര്യത്തിലേയ്ക്ക് കടക്കുന്നില്ല. വികസന, ക്ഷേമ പ്രവർത്തനങ്ങൾ ഒരേപോലെ സകലർക്കും പ്രാപ്തമായി എങ്ങനെ

നടപ്പാക്കാമെന്നതിന്റെ നവമാതൃകയാണ് കേരളം. നമ്മുടെ നാട്ടിലെ എല്ലാ വിഭാഗം ജനങ്ങളേയും ഏറ്റവുമധികം ബാധിക്കുന്ന പ്രശ്നം വിലക്കയറ്റമാണ്. കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങൾകൊണ്ടും പിടിപ്പുകേടുകൊണ്ടും ഇന്ധന വിലവർദ്ധനവുമൂലവും രാജ്യമൊട്ടാകെ ഭീമമായ തോതിൽ വിലവർദ്ധനവുണ്ടാകുമ്പോഴും നമ്മുടെ സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിച്ച് നിർത്താൻ നമുക്ക് സാധിച്ചു. ഭക്ഷ്യോൽപ്പന്നങ്ങൾക്കായി ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന നമ്മുടെ സംസ്ഥാനത്തിന് വിലക്കയറ്റത്തെ ചെറുത്ത് നിൽക്കാനാകുന്നത് നിസ്സാരമായ കാര്യമല്ല. റേഷൻ കടകളുടെ കാര്യം പറഞ്ഞു. റേഷൻ കടകളെ റേഷൻ വിതരണം നടത്തുന്ന സ്ഥാപനത്തിനപ്പുറമെ ജനസേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഈ കാലയളവിൽ നമുക്ക് സാധിച്ചു. ഇത് വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ഏറെ പ്രയോജനം ചെയ്യുന്നതാണ്. റേഷൻ കാർഡുകൾ സ്മാർട്ട് റേഷൻ കാർഡുകളാക്കി മാറ്റുന്നതിന് നമ്മൾ തുടക്കം കുറിച്ചു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് വാടക വീടുകളിൽ താമസിക്കുന്നവർ വലിയ പ്രശ്നത്തിലായിരുന്നു. റേഷൻ കാർഡ് ലഭിക്കാത്തതിനാൽ കുറഞ്ഞ നിരക്കിൽ ഭക്ഷ്യ വസ്തുക്കൾ അവർക്ക്

കിട്ടാറില്ലായിരുന്നു. ഇപ്പോൾ അതിനുള്ള തടസ്സങ്ങൾ നീങ്ങി. 120000-ത്തോളം കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയെന്നത് ചെറിയ കാര്യമല്ല.

നമ്മുടെ സംസ്ഥാനത്ത് അവഗണിക്കപ്പെട്ടിരുന്ന ഒരു വിഭാഗമായിരുന്നു മത്സ്യബന്ധനത്തൊഴിലാളികൾ. കടലൊന്ന് ക്ഷോഭിച്ചാൽ തീരദേശത്തെ കുടിലുകളിൽ അരക്ഷിതരാകുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സംരക്ഷിക്കാനുള്ള 2450 കോടി രൂപയുടെ 'പുനർഗേഹം' പദ്ധതിയിലൂടെ 18685 കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. കടലോരത്തെ കൈവശ ഭൂമിയുടെ അവകാശം നിലനിർത്തിക്കൊണ്ടാണ് പദ്ധതിയെന്നത് എടുത്ത് പറയേണ്ടതാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിഴിഞ്ഞത്ത് പോയിരുന്നു. അവിടെ 'പുനർഗേഹം' പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ഭവനങ്ങൾ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന നിലയുണ്ടായി. ആധുനിക രീതിയിലുള്ള 276 ഫ്ലാറ്റുകളാണ് ഇതിനോടകം നിർമ്മിച്ച് നൽകിക്കഴിഞ്ഞത്. ഇതുകൂടാതെ 558 പേർക്ക് നല്ല വീടുകൾ നിർമ്മിച്ചുനൽകി. പൂന്തുറയിൽ ഭൂവസ്ത്ര കവചമൊരുക്കുന്നതിന്

150 കോടി രൂപയുടെ പദ്ധതിയാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. തീരാരോഗ്യ പദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് 5 വർഷം തുടർ ചികിത്സ നൽകുന്നു. അപ്രതീക്ഷിത പ്രകൃതിക്ഷോഭംമൂലം കഴിഞ്ഞ ഒക്ടോബർ, നവംബർ മാസങ്ങളിൽ ഒരുകാലത്തും ഉണ്ടാകാത്ത വിധത്തിൽ കടലിൽ പോകാൻ കഴിയാതിരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 3000 രൂപ ആശ്വാസധനമായി നൽകിയത്. ഇതിനായി സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചത് 50 കോടിയോളം രൂപയാണ്. മത്സ്യത്തൊഴിലാളികൾക്കാവശ്യമായ മണ്ണെണ്ണ നിഷേധിക്കുന്ന കേന്ദ്ര സർക്കാർ ലിറ്ററിന് 8 രൂപവീതം വില വർദ്ധിപ്പിച്ചപ്പോൾ നമ്മുടെ സംസ്ഥാനത്ത് മണ്ണെണ്ണയ്ക്ക് വില കൂട്ടില്ലെന്ന നിലപാടാണ് സംസ്ഥാന ഗവൺമെന്റ് എടുത്തത്. മണ്ണെണ്ണ സബ്സിഡിക്കായി 150 കോടിയിലധികം രൂപയാണ് നമ്മുടെ ഗവൺമെന്റ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. **ഇന്നലെ വളരെ സന്തോഷമുള്ളൊരു ദിവസമായിരുന്നു. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം തുറന്നുപ്രവർത്തിച്ചു. ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള 47 ലക്ഷത്തിലധികം വരുന്ന കുട്ടികൾ ഇന്നലെ സ്കൂളുകളിൽ വന്നു. കോവിഡ്**

മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും ആരോഗ്യ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരണമായും നമ്മുടെ വിദ്യാഭ്യാസ രംഗത്തെ ക്രമീകരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. രണ്ടാം പിണറായി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യഘട്ടത്തിൽ 102-ഉം അവസാനം 53-ഉം എന്നിങ്ങനെ 155 സ്കൂൾ കെട്ടിടങ്ങൾ പുതുതായി ഉദ്ഘാടനം ചെയ്തു. നമ്മുടെ രാജ്യത്തുതന്നെ ഡിജിറ്റൽ ഓൺലൈൻ ക്ലാസുകൾ നടത്തുന്ന ഏക സംസ്ഥാനമായി നമ്മുടെ സംസ്ഥാനം മാറി. എസ്.എസ്.എൽ.സി. പരീക്ഷ ചിലർക്കെല്ലാം പ്രയാസമായിരുന്നു. എസ്.എസ്.എൽ.സി. പരീക്ഷയും പ്ലസ് ടു പരീക്ഷയും ഫിസിക്കലായി നടത്താൻ നമ്മുടെ സംസ്ഥാനത്തിന് സാധിച്ചു. ഇന്നലത്തെ കണക്ക് നോക്കുമ്പോൾ ഏതാണ്ട് 83 ശതമാനത്തിലധികം വിദ്യാർത്ഥികൾ സ്കൂളുകളിൽ വന്നതായാണ് കാണാൻ സാധിക്കുന്നത്. ആറായിരത്തോളം വരുന്ന അദ്ധ്യാപകർക്ക് പുതുതായി നിയമനം നൽകാൻ ഈ കാലയളവിൽ സാധിച്ചു. അദ്ധ്യാപകരില്ലാത്ത സ്ഥലത്ത് ഡെയ്‌ലി വേജസ് അദ്ധ്യാപകരെ നിയമിച്ച് വിദ്യാർത്ഥികളുടെ പഠനം ഉറപ്പാക്കാനുള്ള നടപടി സ്വീകരിച്ചു. സാധാരണ അന്തരീക്ഷത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

നടപ്പിലാക്കുന്ന ഉച്ചഭക്ഷണം, യൂണിഫോം, പരീക്ഷാ നടത്തിപ്പ് എന്നിവയെല്ലാം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടപ്പിലാക്കാൻ നമ്മുടെ സംസ്ഥാനത്തിന് സാധിച്ചു. ബോർഡ് പരീക്ഷകൾ നടത്തിയ ഏക സംസ്ഥാനമായി നമ്മുടെ സംസ്ഥാനം മാറി. ആ നിലയിൽ നമ്മുടെ സംസ്ഥാനം ജനക്ഷേമ മാതൃകകൾ തീർത്തുമുന്നേറുമ്പോൾ കേന്ദ്രഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങളെന്താണ്? അത് പരിശോധിക്കേണ്ടതല്ലേ? സാധാരണക്കാരായിട്ടുള്ള ജനങ്ങളെ എങ്ങനെയെല്ലാം കൊള്ളയടിക്കാൻ കഴിയുമെന്നും നാട്ടിൽ എങ്ങനെയെല്ലാം വർഗ്ഗീയതയും വിഭാഗീയതയും പടർത്താമെന്നും ഗവേഷണം നടത്തുകയാണ് കേന്ദ്ര ഗവൺമെന്റ്. മോദി സർക്കാർ മുതലാളിത്ത ശക്തികൾക്കായി, കുത്തകകൾക്കായി കൊള്ളനടത്തുന്ന തിരുട്ടുസംഘമായി അധഃപതിച്ചിരിക്കുകയാണ്. പാവപ്പെട്ടവരെയും ഇടത്തരക്കാരെയും കൊള്ളയടിക്കുകയും കുത്തകമുതലാളിത്ത ഭീമൻമാർക്ക് നമ്മുടെ രാജ്യത്തിന്റെ സ്വത്തുവകകളെല്ലാം ഇഷ്ടദാനം ചെയ്യുന്ന കൊള്ളസംഘമായി കേന്ദ്ര ഗവൺമെന്റ് മാറിക്കഴിഞ്ഞു. വിമാനത്താവളങ്ങളും തുറമുഖങ്ങളും പെട്രോളിയം കമ്പനികളും എയർ

ഇന്ത്യയും പൊതുമേഖലാ സ്ഥാപനങ്ങളും തുടങ്ങി എന്തും ഇഷ്ടക്കാർക്ക് തീറെഴുതി കൊടുക്കുകയാണ്. ഈസ്റ്റ് ഇൻഡ്യ കമ്പനിയെ തുരത്തി സ്വാതന്ത്ര്യം നേടിയ ഈ മഹാരാജ്യത്തെ കുത്തക കമ്പനികൾക്ക് അടിയറവുവച്ച് ഓച്ഛാനിച്ച് നിൽക്കുന്ന ഭരണാധികാരികളാണ് ഇന്ന് ഡൽഹിയിലുള്ളത്. യൂണിയൻ ഗവൺമെന്റ് ഫെബ്രുവരി ഒന്നിന് അവതരിപ്പിച്ച ബഡ്ജറ്റ് സവിശേഷ ശ്രദ്ധയാകർഷിക്കുന്നതാണ്. നമ്മുടെ നാട്ടിലെ സാധാരണക്കാരായ ജനങ്ങൾക്ക് ജീവിതത്തിൽ പ്രതീക്ഷ നൽകുന്ന എന്തെങ്കിലും നല്ലൊരുകാര്യം ആ ബഡ്ജറ്റിലുണ്ടായിട്ടുണ്ടോ? ഒന്നും ഉണ്ടായില്ലെന്നുമാത്രമല്ല, ജനദ്രോഹത്തിനുള്ള നൂതന മാർഗ്ഗങ്ങളൊക്കെ ആ ബഡ്ജറ്റിൽ ഇടംപിടിക്കുകയും ചെയ്തു. ഇത്തവണത്തെ ബഡ്ജറ്റിൽ കൊട്ടിഘോഷിച്ചൊരു പ്രഖ്യാപനമായിരുന്നു 5G സർവ്വീസ് ഈ വർഷം ആരംഭിക്കുമെന്നത്. ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യവകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ അതിനൊരു വ്യവസ്ഥ വച്ചത് ആരും ശ്രദ്ധിച്ചില്ലെന്നാണ് തോന്നുന്നത്. 5G സർവ്വീസ് ആരംഭിക്കുന്നത് സ്വകാര്യമേഖലയിൽ മാത്രമാകുമെന്നതായിരുന്നു ആ വ്യവസ്ഥ. 2019-ലെ കണക്കുപ്രകാരം 155000 ആളുകൾ ജോലി ചെയ്യുന്ന

പൊതുമേഖലാ സ്ഥാപനമായ BSNL-ന് 5G ഇല്ലെന്ന് ചുരുക്കം. ഈ ചേരിതിരിവ് BSNL-നോട് 4G-യുടെ കാര്യത്തിലും കാണിച്ചിരുന്നു. രാജ്യത്ത് 4G സർവ്വീസ് ലഭ്യമാകാൻ തുടങ്ങിയിട്ട് ഏഴുവർഷം കഴിഞ്ഞു. ഇതുവരെ BSNL-ന് കൃത്യമായ 4G സർവ്വീസ് ഇല്ലായെന്നതാണ് വസ്തുത. BSNL-ന്റെ കാര്യത്തിൽ 3G ആരംഭിക്കുന്ന 2010 കാലഘട്ടത്തിൽ യു.പി.എ. ഗവൺമെന്റായിരുന്നു. യു.പി.എ. ചെയ്തതും ഇതുതന്നെയായിരുന്നു. "മുമ്പേ ഗമിച്ചീടിന ഗോവുതന്റെ പിമ്പേ ഗമിക്കും ബഹു ഗോക്കളെല്ലാം" എന്ന ചൊല്ല് യു.പി.എ. സർക്കാരിന്റെ മാതൃക പിന്തുടർന്ന് എൻ.ഡി.എ. സർക്കാർ യാഥാർത്ഥ്യമാക്കുന്ന ദുരന്തകാഴ്ചയ്ക്കാണ് നമ്മുടെ രാജ്യമിന്ന് സാക്ഷ്യം വഹിക്കുന്നത്.

കേരളത്തിലെ ജനങ്ങളെ വലിയ രീതിയിൽ ബാധിക്കുന്ന ഒന്നായിരുന്നു ദേശീയ തൊഴിലുറപ്പ് പദ്ധതി വിഹിതം യൂണിയൻ ബഡ്ജറ്റിൽ വെട്ടിക്കുറച്ചത്. 98000 കോടി രൂപയായിരുന്നു കഴിഞ്ഞ തവണത്തെ വിഹിതമെങ്കിൽ അത് 73000 കോടി രൂപയായി വെട്ടിക്കുറച്ചു. ഒന്നും രണ്ടുമല്ല, 25 ശതമാനമാണ് വിഹിതത്തിൽ കുറച്ചത്. കേരളത്തിൽ 20 ലക്ഷത്തോളം ആളുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ആക്റ്റീവായ

കാർഡുള്ളവരാണ്. അവർക്ക് 100 ദിവസത്തെ തൊഴിൽ നൽകുന്നതിന് ഇത് തിരിച്ചടിയാകും. ഇതിൽ മാത്രമല്ല, ജനങ്ങൾക്ക് യൂണിയൻ ബഡ്ജറ്റ് ദുരിതമായി മാറിയത്. പാചക വാതക സബ്സിഡിതന്നെ ഇല്ലാതാക്കുന്ന അവസ്ഥയുണ്ടായി. ജനങ്ങളുടെ അക്കൗണ്ടിൽ നേരിട്ട് സബ്സിഡി പണമെത്തുമെന്ന് പറഞ്ഞവരാണിവർ. 'ജ്യോതിയും വന്നില്ല, തീയും വന്നില്ല' എന്ന് കിലുക്കം സിനിമയിൽ രേവതി പറയുന്ന ഡയലോഗ് പോലെയായി അവസാനം കാര്യങ്ങൾ. സബ്സിഡിയുമില്ല, വിലയും കൂട്ടി. വലിയൊരു കൊള്ളയാണ് ഇതിലൂടെ നടന്നത്. ഈ ബഡ്ജറ്റിലും പാചകവാതക സബ്സിഡിക്കുവേണ്ട പണം യൂണിയൻ ഗവൺമെന്റ് വേണ്ടത്ര നീക്കിവച്ചില്ല. ഭക്ഷ്യ-പൊതുവിതരണ സമ്പ്രദായത്തെയും സാരമായി ബാധിക്കുന്ന ബഡ്ജറ്റായിരുന്നു യൂണിയൻ ഗവൺമെന്റിന്റേത്. മൂന്നുലക്ഷത്തോളം കോടി രൂപയുണ്ടായിരുന്നിടത്ത് രണ്ടുലക്ഷം കോടി രൂപയാക്കി വെട്ടിക്കുറച്ചു. അന്ധകാരത്തിനിടയിൽ പ്രതീക്ഷയുടെ ചെഞ്ചുവപ്പാർന്ന പ്രകാശം മിന്നിത്തിളങ്ങിയൊരു മഹത്തായ പോരാട്ടത്തെ അടയാളപ്പെടുത്താതിരിക്കാൻ ഈ നന്ദിപ്രമേയ പ്രസംഗത്തിനാകില്ല. നമുക്ക് അന്നമേകുന്ന കർഷകരുടെ ഒരു വർഷത്തിലധികം നീണ്ട പോരാട്ടം

വിജയംകണ്ടത് ലോകചരിത്രത്തിൽതന്നെ സ്ഥാനം പിടിച്ചതാണ്. ആ ഐതിഹാസിക പോരാട്ടത്തിൽ 700-ലധികം കർഷകരാണ് രക്ഷസാക്ഷികളായത്. അവരുടെ ചുടുചോരയുടെ കറ പ്രധാനമന്ത്രി സ്ഥാനം അലങ്കരിക്കുന്ന വ്യക്തി നീട്ടി വളർത്തിയിരിക്കുന്ന വെളുത്ത താടിരോമങ്ങൾകൊണ്ട് മറയ്ക്കാനാകില്ല. ഓരോ കർഷക സഖാവിന്റെയും ജീവൻ നഷ്ടമാകുമ്പോഴും ഞാൻ ഈ സിംഹാസനത്തിലിരുന്ന് കർഷക വിരുദ്ധനിയമങ്ങളെല്ലാം നടപ്പിലാക്കുമെന്ന് ആവർത്തിച്ച് പറഞ്ഞ പ്രധാനമന്ത്രി ഒടുവിൽ മുട്ടുകുത്തി, മുട്ടുമടക്കി. നിയമസഭാ തെരഞ്ഞെടുപ്പുകൾ മുന്നിൽ കണ്ടുകൊണ്ടുള്ള കരണംമറിയലാകുമിത്. പക്ഷെ, കരണം ഇനിയും മറിഞ്ഞാൽ കരണമടിച്ച് പുകയ്ക്കാൻ കരുത്തുള്ള, കാരിരിമ്പുപോലുള്ള കൈകളും മനസ്സുമുള്ള കർഷകരെ നല്ലപോലെ മനസ്സിലാക്കിയവർ കരിനിയമങ്ങൾ അട്ടത്ത് വയ്ക്കുകയേ വഴിയുള്ളൂ.

ഇതുപോലെയാണ് ഒരു ചെറുത്ത് നിൽപ്പ് വിശാഖപട്ടണം സ്റ്റീൽ പ്ലാന്റിൽ സംഭവിക്കുന്നത്. കോവിഡ് കാലത്ത് രാജ്യത്തെല്ലായിടുത്തും ഓക്സിജൻ ലഭ്യമാക്കിയപ്പോഴും ലാഭത്തിലുള്ള ഈ പ്ലാന്റ് സ്വകാര്യവത്കരിക്കാനുള്ള നീക്കങ്ങളുമായി കേന്ദ്ര ഗവൺമെന്റ്

മുന്നോട്ടുപോകുകയാണ്. എന്നാലത് സാധ്യമാകുന്നില്ല. അതിനുള്ള ഏകകാരണം ഒരു വർഷത്തോളമായി തുടരുന്ന തൊഴിലാളികളുടെ സമരം മാത്രമാണ്. ചരിത്രപ്രാധാന്യമുള്ള സ്റ്റീൽ പ്ലാന്റ് പൊതുമേഖലയെ സംരക്ഷിക്കാനുള്ള സമരത്തിനൊപ്പം വിശാഖപട്ടണമെന്ന നഗരമാകെയുണ്ട്. ഉത്തർപ്രദേശ് കേരളംപോലെ ആകാതിരിക്കാൻ ബി.ജെ.പി.-ക്ക് വോട്ട് ചെയ്യണമെന്ന് പറഞ്ഞ ശ്രീ. യോഗി ആദിത്യനാഥ് 'അലുമിനിയം കലത്തിൽ തലകുടുങ്ങിയ ആടിന്റെ' നിലയിലാണിന്ന്. ആ ഒരൊറ്റ പ്രയോഗത്തിലൂടെ കേരളമെന്തുകൊണ്ടാണ് ഒന്നാം നമ്പറായി നിലകൊള്ളുന്നതെന്ന് രാജ്യമാകെ തിരിച്ചറിഞ്ഞു. കേരളത്തെക്കുറിച്ചുള്ള ചർച്ചയാണ് എല്ലായിടത്തും നിറഞ്ഞത്. അതിന് ശ്രീ. യോഗി ആദിത്യനാഥിനോട് നന്ദി പറയുന്നതിൽ തെറ്റില്ല. ശ്രീ. അഖിലേഷ് യാദവ് പറഞ്ഞത് നമ്മൾ ന്യൂസ് ചാനലിൽ കേട്ടു. കേരളത്തേക്കാൾ എല്ലാ രംഗങ്ങളിലും യു.പി. പിന്നിലാണെന്നും മുഖ്യമന്ത്രി ശ്രീ. യോഗി ആദിത്യനാഥ് തികച്ചും തെറ്റായ താരതമ്യമാണ് കേരളവുമായി നടത്തിയതെന്നും ശ്രീ. അഖിലേഷ് യാദവ് പറയുമ്പോൾ അതിനെ പ്രതിരോധിക്കാൻ യു.പി.-യിലെ ബി.ജെ.പി.-ക്ക് ആകുന്നില്ല. നിങ്ങൾ ആ കാര്യങ്ങൾ മനസ്സിലാക്കി പ്രതികരിക്കാൻ തയ്യാറായതിന്

ഞാൻ നിങ്ങളെ അഭിനന്ദിക്കുകയാണ്. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ, കേരള ജനത ഒറ്റക്കെട്ടായി വിളിച്ചുപറഞ്ഞത് മലയാളത്തിന്റെ മഹാകവി വള്ളത്തോൾ നാരായണമേനോൻ എഴുതിയ 'കേരളീയം' എന്ന കവിതയിലെ വരികൾ തന്നെയാണ്....

"ഭാരതമെന്ന പേർ കേട്ടാൽ അഭിമാനപൂരിതമാകണം അന്തഃരംഗം

കേരളമെന്നു കേട്ടാലോ തിളയ്ക്കണം ചോര നമുക്കു ഞരമ്പുകളിൽ"

'മകൻ ചത്താലും വേണ്ടില്ല മരുമകളുടെ കണ്ണീര് കാണണമെന്ന്' ആഗ്രഹിക്കുന്ന, ടെലിവിഷൻ സീരിയലുകളിലെ അമ്മായിയമ്മമാരെപ്പോലെ സംപൂജ്യരായ ഒരുകൂട്ടർ മാത്രം കേരളത്തെ അപഹസിക്കുന്നതിന് ശ്രമിക്കുന്നത് നാം കണ്ടു. അവർക്കുള്ള മറുപടി അക്കൗണ്ടുതന്നെ പൂട്ടിച്ച് ഈ നാട് നേരത്തേ നൽകിയതാണ്. സമസ്ത മേഖലകളിലും വിഡ്ഢിത്തം നിറഞ്ഞ തുഗ്ലക് പരിഷ്കാരങ്ങൾ നടപ്പിലാക്കുകയാണ് കേന്ദ്രഗവൺമെന്റ്. പാഠപുസ്തകങ്ങളിലെ ചരിത്രം വരെ മാറ്റിയെഴുതുകയാണ്. 'നാനാത്വത്തിൽ ഏകത്വമാണ്' ഈ നാടിന്റെ കരുത്തെന്ന അറിവ് പകർന്നുനൽകിയ വിദ്യാലയങ്ങളിൽ പരസ്പര വിദ്വേഷത്തിന്റെ വിത്തുകളാണിപ്പോൾ പാകുന്നത്. നമ്മുടെ അയൽ സംസ്ഥാനമായ കർണ്ണാടകയിൽ

സംഭവിക്കുന്നത് കാണുന്നില്ലേ? നമ്മളൊക്കെ സ്കൂളിലും കോളേജിലുമൊക്കെ പഠിച്ചിരുന്ന കാലത്ത് ചന്ദനക്കുറിയിട്ടിരിക്കുന്നതോ തലമുടി മറയ്ക്കുന്നതോ കൊന്തയിടുന്നതോ ഒക്കെ നോക്കി സുഹൃത്തുക്കളെ നാം തെരഞ്ഞെടുക്കുമായിരുന്നോ? അതിന്റെ പേരിൽ ആരെയെങ്കിലും നാം മാറ്റി നിർത്തിയിരുന്നോ? ഈ നാടിന്റെ നന്മ കാരണം ഇന്നും കേരളത്തിൽ അത്തരം വിവേചനങ്ങളൊന്നും കാണാനില്ല. എന്നാൽ വസ്ത്രത്തിന്റെ പേരിൽ നിഷ്കളങ്കരായ കുട്ടികളെ വേർതിരിക്കാനാണ് കർണാടകയിൽ ഒരു ജനാധിപത്യ സർക്കാർ ശ്രമിക്കുന്നത്. ഇതിന്റെ മറ്റൊരു വകഭേദം കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനിലുണ്ടായി. എന്നിട്ടെന്താ കോൺഗ്രസ് പറയുന്നത്, മൗനിബാബകളായി ഇരിക്കുകയല്ലേ സോണിയാ ഗാന്ധിയും കൂട്ടരും. ഇടതു വനിതാ സംഘടനയായ മഹിളാ അസോസിയേഷൻ പോലുള്ള സംഘടനയല്ലേ ഈ വിവേചനത്തിനെതിരെ കേസിന് പോയിട്ടുള്ളത്. മിനിഞ്ഞാന്നാണ് കേന്ദ്രമന്ത്രി രാജ്നാഥ് സിംഗിന് എതിരെ ഉത്തർപ്രദേശിൽ പ്രതിഷേധമുണ്ടായത്. തൊഴിലില്ലാത്ത ചെറുപ്പക്കാർ ബി.ജെ.പി. തെരഞ്ഞെടുപ്പ് പ്രചരണയോഗത്തിൽ എഴുന്നേറ്റുനിന്ന് പ്രതിഷേധിച്ചതെന്തിനായിരുന്നു? ഇപ്പോഴവർ എവിടെയാണെന്ന് അറിയില്ല.

വ്യാജ എൻകൗണ്ടർ സ്പെഷ്യലിസ്റ്റുകളുള്ള നാട്ടിൽ അവർ ജീവനോടെയുണ്ടാകുമോയെന്നുപോലും പറയാൻ പറ്റില്ല. പ്രധാനമന്ത്രി പഞ്ചാബിലെ പാലത്തിൽ വാച്ച് നോക്കിയിരുന്നത് ഈ രാജ്യം കണ്ടതാണ്. കർഷകർ നടത്തിയ പ്രതിഷേധത്തെത്തുടർന്ന് ജാഥയിൽപോലും പങ്കെടുക്കാൻ കഴിയാതെ തിരിച്ചുപോകേണ്ടി വന്നില്ലേ; പഞ്ചാബിലെ ഗ്രാമങ്ങളിൽ ബി.ജെ.പി.-ക്കാർക്ക് പ്രവേശനമില്ലെന്ന് എഴുതി വച്ചില്ലേ; നമ്മുടെ രാജ്യത്ത് എല്ലാംതന്നെ സ്വകാര്യവത്കരിക്കാനുള്ള നീക്കം നടക്കുകയാണ്. ജനറൽ ഇൻഷ്വറൻസ് ബിൽ കേന്ദ്രസർക്കാർ കൊണ്ടുവന്നു. നമ്മുടെ ഇൻഷ്വറൻസ് മേഖല സ്വകാര്യ വിദേശ കുത്തകകൾക്ക് തീറെഴുതുന്നതിനുവേണ്ടിയാണ്. 2019-20-ലെ ബഡ്ജറ്റിൽ നാല് ജനറൽ ഇൻഷ്വറൻസ് കമ്പനിയെയും ലയിപ്പിച്ച് എൽ.ഐ.സി. പോലെ വലിയ സ്ഥാപനമാക്കുമെന്ന് പറഞ്ഞ കേന്ദ്ര സർക്കാർ ഇപ്പോൾ പറയുന്നത്, സ്വകാര്യവൽക്കരിക്കാനുള്ള ശിപാർശ നൽകാൻ നീതി ആയോഗിനെ ചുമതലപ്പെടുത്തുകയാണെന്നാണ്. ഈ നാട്ടിലെ ജനങ്ങളെ സംരക്ഷിക്കുന്ന ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ കേന്ദ്രം നോക്കുമ്പോൾ കേരളം മറ്റൊരു മാതൃക സൃഷ്ടിക്കുകയാണ്. കേന്ദ്ര സർക്കാർ സ്വകാര്യമേഖലയ്ക്ക്

വിറ്റഴിക്കാനുറപ്പിച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ഇപ്പോൾ കേരളത്തിലെ ജനങ്ങളുടെ കമ്പനിയാണ്. ഈ എൽ.ഡി.എഫ്. ഗവൺമെന്റ് ആ സ്ഥാപനം വാങ്ങി കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ വീണ്ടും ആരംഭിക്കുകയാണ്. കാസർഗോഡ് BHEL-EML (Bharat Heavy Electricals Limited-Electrical Machines Limited) ഒരു കേന്ദ്രസർക്കാർ സ്ഥാപനമാണ്. ഞങ്ങൾ അതും വാങ്ങി. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് ഞങ്ങൾ വാങ്ങാൻ പോകുകയാണ്. ഇതെല്ലാം കേരളത്തിലെയുൾപ്പെടെ, രാജ്യത്താകെ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. കേരളത്തിന്റെ ആവശ്യങ്ങൾക്ക് തുടർച്ചയായി യൂണിയൻ ബഡ്ജറ്റിൽ പരിഗണന ലഭിക്കാതെയിരിക്കുന്ന അവസ്ഥയുണ്ടായിരിക്കുകയാണ്. ഇതിനെല്ലാമെതിരെ ശക്തമായ പോരാട്ടം നമ്മുടെ സംസ്ഥാനത്ത് ഉയർന്ന് വരേണ്ടതായിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ വികസന പദ്ധതികൾ മുടക്കുന്നതാണ് പ്രതിപക്ഷ ധർമ്മമെന്ന് കരുതുന്ന പ്രതിപക്ഷ കക്ഷികളാണ് നമ്മുടെ നാട്ടിലുള്ളത്. സംസ്ഥാനത്തെ പ്രതിപക്ഷമായ യു.ഡി.എഫ്., കഴിഞ്ഞ കാലങ്ങളിൽ മുടക്കാൻ ശ്രമിച്ച പദ്ധതികൾ എന്തൊക്കെയായിരുന്നുവെന്ന് ഓർക്കുന്നത് നല്ലതാണ്. കേരള

ബാങ്ക്, ദേശീയപാതാ വികസനം, കെ-ഫോൺ, ലൈഫ് മിഷൻ, ഗെയിൽ പദ്ധതി, ഇടമൺ-കൊച്ചി പവർ ഹൈവേ തുടങ്ങിയ എത്രയെത്ര പദ്ധതികളാണ് ബി.ജെ.പി.-യുമായി ചേർന്ന് ഇവർ മുടക്കാൻ നോക്കിയത്. എന്നിട്ടെന്തായി; പദ്ധതികളെല്ലാം നല്ല നിലയിൽ നടക്കുന്നില്ലേ? ഞങ്ങളുടെ പാർട്ടി ജനങ്ങൾക്കൊപ്പമാണ്. അത് ഈ കേരളത്തിൽ മാത്രമല്ല. ഞങ്ങളുടേത് ചെറിയ പാർട്ടി തന്നെയാണ്. അക്കാര്യത്തിൽ സംശയമൊന്നുമില്ല. പക്ഷെ നിലപാടുള്ള പാർട്ടിയാണ്. രാജ്യത്ത് എല്ലായിടത്തും ഞങ്ങൾ അങ്ങനെയാണ്. കേട്ടിട്ടില്ലേ ചെങ്കൊടി നഗരമെന്ന്? അയൽസംസ്ഥാനമായ തമിഴ്നാടിലാണ് ചെങ്കൊടി നഗരമുള്ളത്. കടലൂർ ജില്ലയിലെ കോത്താട്ടെ ഗ്രാമത്തിലുള്ള ഇരുളർ കോളനിയുടെ പേരാണ് ഇപ്പോൾ ചെങ്കൊടി നഗരം. 20 വർഷത്തോളമായി സി.പി.ഐ.(എം.)-ന്റെ നേതൃത്വത്തിൽ നടത്തിയ ഭൂ സമരത്തിലൂടെ ഭൂമി ലഭിച്ച നാട്ടുകാർ സന്തോഷംകൊണ്ട് ഇട്ടപേരാണ് ഇത്. ഒന്നും രണ്ടുമല്ല ഇരുപത് വർഷം ഞങ്ങൾ സമരം ചെയ്തു. അവർക്ക് ഭൂമി നേടിക്കൊടുത്തു, അതാണ് ഈ പാർട്ടി. തെരുവിലിറങ്ങി പോരാടിയാൽ മാത്രമേ ഫാസിസത്തെ തോൽപ്പിക്കാൻ കഴിയുകയുള്ളൂ. കഴിഞ്ഞ ദിവസമാണ് തലശ്ശേരിയിലെ

ഹരിദാസ് എന്ന സഖാവിനെ ബി.ജെ.പി., ആർ.എസ്.എസ്., ഭീകരവാദികൾ കൊലപ്പെടുത്തിയത്. ഏതാനും വർഷങ്ങൾക്കിടയിൽ ഹരിദാസടക്കമുള്ള എത്ര സഖാക്കളാണ് കൊല്ലപ്പെട്ടതെന്നതിന്റെ രേഖകൾ ഈ സഭയുടെ മുന്നിൽ ഉണ്ട്. അതേ നാണയത്തിൽ തിരിച്ചടിക്കാത്തത് ദൗർബ്ബല്യമാണെന്ന് കരുതേണ്ടതില്ല. ഒന്നുമാത്രം ഉറപ്പിച്ച് പറയാം, അവസാനത്തെ ഇടതുപക്ഷ പ്രവർത്തകൻ കൊല്ലപ്പെടുന്നതുവരേയും രാജ്യത്ത് പൊരുതുന്ന ജനങ്ങളോടൊപ്പം ഞങ്ങൾ ഉണ്ടാകും. ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രസംഗിക്കാൻ സാധിക്കുമോയെന്നുള്ള പേടിയിലാണ് ഞാൻ നിൽക്കുന്നത്. കാരണം അവസാനത്തെ എൽ.ഡി.എഫ്. പ്രവർത്തകൻ ജീവിച്ചിരിക്കുന്നതുവരെ എല്ലാം തകർത്ത് കളയുമെന്നാണ് ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞത്. അദ്ദേഹത്തിന്റെ സ്വഭാവംവച്ച് അത് സംഭവിക്കുകയില്ലെന്ന് പറയാനും സാധിക്കില്ല. ഇന്നത്തെ ദേശാഭിമാനി പത്രം അങ്ങ് വായിച്ചിട്ടുണ്ടാകും. ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് പത്രത്തിന്റെ ചീഫ് എഡിറ്റർ. അതിൽ പറയുന്നത്, 'നിർത്തൂ... ഈ അരും കൊല'. എനിക്ക് ശ്രീ. കടകംപള്ളി

സുരേന്ദ്രനോട് പറയാനുള്ളതും നിർത്തു ഈ വാചകമടിയെന്നാണ്. ഞങ്ങൾ ഇത് കേട്ടുകേട്ട് മടുത്തു.

ശ്രീ. എ. എൻ. ഷംസീർ: സർ.....(മൈക്ക് ഓഫ്).....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങേയ്ക്കുള്ള ഇളക്കമൊക്കെ എനിക്കറിയാം. അങ്ങേയ്ക്കും കിട്ടും. അടുത്തപ്രാവശ്യം.. എന്റെ സമയമെടുക്കാനുള്ള ഈ നമ്പർ അത് എനിക്ക് കൃത്യമായി അറിയാം. കഴിഞ്ഞ പ്രാവശ്യം ഇവർ പറഞ്ഞതുപോലെ കെ-റെയിലിനേക്കാൾ സ്പീഡിൽ ഓടിയ ഒരു ക്യാബിനറ്റായിരുന്നുവെങ്കിൽ അതിനകത്തുനിന്നും തെറിച്ചുപോയ ശ്രീ. ടി. പി. രാമകൃഷ്ണനും അതിൽനിന്നും തെറിച്ച് അതിന്റെയടിയിൽ പോയ ശ്രീ. കടകംപള്ളി സുരേന്ദ്രനുമാണ് ഇവിടെ ഇതിനെ പിന്തുണയ്ക്കുന്നത്. രാജ്ഭവനിൽനിന്നും തയ്യാറാക്കിയ സാധനമാണ് നിങ്ങൾ വായിച്ചത്. ബഹുമാനപ്പെട്ട ഗവർണറുമായി വലിയ ബഹളം കാണിച്ചുവല്ലോ; അങ്ങനെ ബഹളം കാണിച്ച നിങ്ങൾ ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിനകത്ത് അന്ന് നടന്ന നാടകത്തെക്കുറിച്ച് ഒരു വാക്യം പറയാൻ തയ്യാറായോ? നിങ്ങൾ അതിനെക്കുറിച്ച് പറയുകയില്ല. കാരണം നിങ്ങൾക്ക് ഭയപ്പാടാണ്. ഈ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന

പ്രവർത്തനത്തെക്കുറിച്ച് പറയുമ്പോൾ ആയിരം നാവോടുകൂടി പറഞ്ഞുവല്ലോ. ഇന്നത്തെ കേരളകൗമുദി പത്രത്തിൽ 'അരും കൊലകളിൽ പോലീസ് വീഴ്ച'. അതാരുടെ വീഴ്ചയാണ്; ഞങ്ങളുടെ വീഴ്ചയാണോ; ഞങ്ങൾ സൃഷ്ടിച്ച വീഴ്ചയാണോ; അരും കൊലകളിൽ പോലീസിന് വീഴ്ച എന്ന് അവർ പറയാൻ കാരണമെന്താണ്? ഈ നാട്ടിൽ നടന്നിട്ടുള്ള കൊലപാതകങ്ങളാണ് അതിനുകാരണം. ആഭ്യന്തര വകുപ്പ് അമ്പേ പരാജയമാണെന്ന് ഈ നാട്ടിൽ ആരാണ് പറഞ്ഞിരിക്കുന്നത്? ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി; ശ്രീ. കാനം രാജേന്ദ്രൻ, ബാക്കി സ്വതന്ത്രമായി അഭിപ്രായം രേഖപ്പെടുത്തുന്ന ഘടകകക്ഷികൾ അവരെല്ലാം ഈ അഭിപ്രായം പറയുകയാണ്. നിങ്ങൾ ഈ പറയുന്നതുപോലെയല്ല ചിത്രം. അതിനേക്കാൾ വ്യത്യസ്ഥമാണ്. 2016 മുതൽ ഇന്നുവരെ 39 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. 2013-ൽ... നിങ്ങൾ ഓർക്കുന്നുണ്ടാകും. ഇടയ്ക്കിടയ്ക്ക് നിങ്ങൾ എന്നെ ആക്ഷേപിച്ചും കുന്തമുനവച്ച് കുത്താനും ശ്രമിക്കുമല്ലോ. ഞാൻ വെല്ലുവിളിക്കുന്നു, 2013-ൽ ഒരു രാഷ്ട്രീയ കൊലപാതകവും കേരളത്തിൽ നടന്നിട്ടില്ലായെന്നുള്ള യാഥാർത്ഥ്യം മറക്കുകയും വേണ്ട. ഇവിടെ കൊലപാതകങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ

ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കാണ് ഞാൻ പറയുന്നത്. അതുപ്രകാരം 39 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ഏറ്റവും കൂടുതൽ രാഷ്ട്രീയ കൊലപാതകങ്ങൾ നടക്കുന്നത് കണ്ണൂർ ജില്ലയിലാണ്. ശ്രീ. എ. എൻ. ഷംസീർ ബഹളം ഉണ്ടാക്കേണ്ട, കണ്ണൂരിൽത്തന്നെയാണ്. ക്രമസമാധാനത്തിന്റെ രാഷ്ട്രീയ ഇടപെടലും പോലീസിനുണ്ടായ പാളിച്ചകളുമാണ് ഈ കൊലപാതകങ്ങൾക്കുള്ള കാരണം. ഷാൻബാബു എന്ന ചെറുപ്പക്കാരനെക്കുറിച്ച് അങ്ങ് കേട്ടിട്ടുണ്ടോ? കോട്ടയം ജില്ലയിലെ ഈസ്റ്റ് പോലീസ് സ്റ്റേഷന്റെ കീഴിൽ നടന്ന സംഭവമാണ്. ഈസ്റ്റ് പോലീസ് സ്റ്റേഷനിൽനിന്നും അര കിലോമീറ്ററിനുളളിലാണ്. ആ കുട്ടിയുടെ കണ്ണ് കുത്തിപ്പൊട്ടിച്ച് ചൂഴ്ന്നെടുത്തു. അതിനുശേഷം ഒരു രാത്രി മുഴുവൻ അയാളെക്കൊണ്ട് കറങ്ങി. പാതിരാസമയത്ത് ഷാൻബാബുവിന്റെ സഹോദരിയും അമ്മയും പോലീസ് സ്റ്റേഷനിൽ ചെന്നു, 'ഞങ്ങളുടെ മകനെ 8.30 മണി മുതൽ കാണാനില്ല, കണ്ടുപിടിക്കാൻ സഹായിക്കണം' എന്ന് പോലീസിനോട് അഭ്യർത്ഥിച്ചു. 'നിങ്ങൾ സമാധാനപരമായി പോകൂ' എന്ന നല്ലൊരു ഉപദേശവും കൊടുത്തു പോലീസുകാർ അവരെ പറഞ്ഞുവിട്ടു. അവർ അതും പ്രതീക്ഷിച്ച് പോയി. രണ്ടര മണി നേരത്തും അവർ വീണ്ടും ചെന്നു.

അപ്പോഴും ആളിനെ കാണാനില്ല. വെളുപ്പിന് നാലരമണി കഴിഞ്ഞപ്പോൾ ഷാൻബാബുവിനെ തല്ലിക്കൊന്ന ഗുണ്ടതന്നെ മൃതദേഹം തോളിലിട്ട് ചുമന്നുകൊണ്ട് വന്ന് പോലീസ് സ്റ്റേഷന്റെ മുറ്റത്തേയ്ക്ക് വലിച്ചെറിഞ്ഞു. എന്നിട്ട് അരമണിക്കൂർ ചിന്നം വിളിച്ചു. അയാളെ പിടിച്ചില്ല. നമ്മുടെ പോലീസുകാർ ഒരു കാര്യം ചെയ്തു, പ്രാണരക്ഷാർത്ഥം ആ പോലീസ് സ്റ്റേഷന്റെ കതകടച്ച് അകത്തുനിന്നും കുറ്റിയിട്ടു. അതുനന്നായി, അതുകൊണ്ട് അവരുടെ ജീവനെങ്കിലും രക്ഷപ്പെട്ടുവല്ലോ. ഈ പ്രതി കാപ്പാ കേസിലെയും പ്രതിയാണ്. അയാൾ എങ്ങനെയാണ് പുറത്തിറങ്ങിയത്? 60 ദിവസത്തിനുള്ളിൽ കാപ്പാ കേസിന് ചാർജ്ജ് ഷീറ്റ് കൊടുക്കാതിരുന്നതുകൊണ്ട് ഇയാൾ നേരെ സ്റ്റേഷനിൽനിന്നും പുറത്തിറങ്ങി വരികയാണ്. അതിനുശേഷമാണ് ഈ കൊലപാതകം നടത്തിയത്. ഇങ്ങനെ കൊടും ക്രിമിനൽ ജോമോൻ ജനുവരി 17-ാം തീയതി വെളുപ്പിന് 4.30-ന് ചെയ്ത ഈ ക്രൂരകൃത്യം ഇന്നും കടങ്കഥയായി നിൽക്കുകയല്ലേ? ആരാണ് അതിന്റെ ഉത്തരവാദികൾ? എന്നോട് തർക്കിക്കരുത്, തർക്കിച്ചാൽ ഞാൻ ഉത്തരവാദിയുടെ പേരുകൂടി പറയും. ഇവിടെ നടന്ന അതിക്രമങ്ങൾ നിങ്ങളൊന്നും കണ്ടില്ലേ? ഇപ്പോൾ നിങ്ങൾ പറയും അവിടെ

5 സി.ആർ.വി. വാനുകൾ ഉണ്ടായിരുന്നില്ലേയെന്ന്. 5 വാനുകൾ ഉണ്ടായിരുന്ന സമയത്താണ് ഒരു ഓട്ടോറിക്ഷയ്ക്കകത്ത് ഈ ചെറുപ്പക്കാരനെ പിടിച്ചുകെട്ടിയിട്ട് അവന്റെ ശരീരത്തിൽ കാശാവ് വടികൊണ്ട് അടിച്ചടിച്ച് ഇഞ്ചിഞ്ചായി കൊന്ന് നേരെ വലിച്ചെറിഞ്ഞത്. എന്നിട്ടും ഇവിടെ ഈ ഭരണത്തിന്റെ മഹത്വത്തെക്കുറിച്ച് പറയാൻ ഒരു മടിയുമില്ലായെന്ന് പറഞ്ഞാൽ പിന്നെ എനിക്ക് എന്താണ് നിങ്ങളോട് പറയാൻ കഴിയുക? കൊടും ക്രിമിനലുകൾ സ്റ്റേഷൻ അതിക്രമിച്ച് കയറാതിരിക്കുന്നതിനുവേണ്ടിയുള്ള അകത്തുനിന്നും കുറ്റിയിട്ട നടപടി കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥർ ഇനിയെങ്കിലും അവസാനിപ്പിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ തിരുവനന്തപുരം ജില്ലയിലല്ലേ ഒരാളുടെ കാൽ വെട്ടി ഓട്ടോറിക്ഷയിൽ പ്രദർശിപ്പിച്ചത്. അത്തരത്തിൽ അവയവ പ്രദർശനം നടത്തിയ ജില്ലയിലാണ് അങ്ങ് ഇരിക്കുന്നതെന്ന ബോധ്യമെങ്കിലും ഉണ്ടാകേണ്ടതല്ലേ; ഒരു നിമിഷം അതിനെക്കുറിച്ച് ആലോചിക്കേണ്ടതല്ലേ? ഇവിടെ കാൽ വെട്ടിയിട്ട് നേരെ ഓട്ടോറിക്ഷയിൽ നഗരം ചുറ്റിനടന്നു. എന്നിട്ടും ഒന്നും ഉണ്ടായില്ലെന്ന് കാണിക്കുകയാണ്, എന്തൊരു കഷ്ടമാണ്;

പറഞ്ഞാലും നന്നാവുകയില്ലെങ്കിൽ ഞാനെന്ത് ചെയ്യാനാണ്? ഇതാണ് അങ്ങ് ഇവിടെ പറഞ്ഞിട്ടുള്ള ദൈവത്തിന്റെ സ്വന്തം നാട്. ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പതിനൊന്ന് പ്രതികൾക്കായി 4614 ദിവസത്തെ പരോളാണ് അനുവദിച്ചത്. അക്കാര്യം രേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. ശ്രീമതി കെ. കെ. രമ സഭയിൽ ഇരിപ്പുണ്ട്. കൊടി സുനി ഒഴികെ ബാക്കിയെല്ലാവരും പുറത്താണ്. കൈക്കൂലിയെക്കുറിച്ച് കേട്ടിട്ടുണ്ട്, പക്ഷേ ഡിജിറ്റൽ കൈക്കൂലിയെക്കുറിച്ച് ഇപ്പോഴാണ് കേൾക്കുന്നത്. നിങ്ങൾ കേട്ടിട്ടുണ്ടോ? മഹാത്മഗാന്ധി യൂണിവേഴ്സിറ്റിയിൽ കൈക്കൂലി...., ഡിജിറ്റൽ കൈക്കൂലിയാണ്, ആരാണെന്ന് അറിയാമോ? പാർട്ടിയുടെ നേതാവാണ്. അവർ പിൻവാതിലിലൂടെ നിയമനം കൊടുത്തതാണ്. അവസാനം ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽനിന്നും അവർ കത്ത് കൊടുത്തു. ആ കത്തിന്റെ കോപ്പി എന്റെ കയ്യിലുണ്ട് ( കത്തിന്റെ കോപ്പി ഉയർത്തിക്കാട്ടി). ഈ നിയമനമെല്ലാം തെറ്റാണ്, പിരിച്ചുവിടണമെന്ന് പറഞ്ഞാണ് കത്ത് കൊടുത്തത്. എന്നിട്ട് നിങ്ങളാരെയെങ്കിലും പിരിച്ചുവിട്ടോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നേരത്തെ പറഞ്ഞ വാചകം ഞാൻ ആവർത്തിക്കുന്നില്ല. ഇതുപോലെ

കൈക്കൂലിയുടെ, അഴിമതിയുടെ, കെടുകാര്യസ്ഥതയുടെ, കൊലപാതകത്തിന്റെ നഗ്നമായ ചിത്രം കേരളത്തിൽ കണ്ടുകൊണ്ടിരിക്കുകയാണ്. അതാണ് നമ്മുടെ പ്രധാന പ്രശ്നം. ഇതൊക്കെ പറഞ്ഞാലും ഞങ്ങളെ ജനങ്ങൾ തെരഞ്ഞെടുത്തില്ലേ എന്ന് നിങ്ങൾ പറയും. ശ്രീ. നരേന്ദ്രമോദി പറഞ്ഞതും നിങ്ങൾപറഞ്ഞതും ഒരേ വാക്കുതന്നെയാണ്. ശ്രീ. നരേന്ദ്രമോദി പാർലമെന്റിൽ പറഞ്ഞതും ഞങ്ങളെ തെരഞ്ഞെടുത്തത് ജനങ്ങളാണ് എന്നാണ്. അതുകൊണ്ട് കേരളത്തിൽ ഇതിനേക്കാൾ ഭയാനകമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ വീണ്ടും മടികാണിക്കേണ്ടെന്ന മട്ടിലാണ് കാര്യങ്ങൾ പോകുന്നത്. നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന തെറ്റായ പ്രവർത്തനത്തെ നമുക്കൊരിക്കലും അംഗീകരിക്കാൻ സാധിക്കുകയില്ല. ഈ നാട്ടിൽ നടക്കുന്ന സംഭവത്തെക്കുറിച്ച് പത്ത് മണിക്കൂർ അഖണ്ഡനാമയജ്ഞം നടത്തുന്നതുപോലെ പറഞ്ഞാലും അവസാനിക്കാത്ത പ്രശ്നത്തെക്കുറിച്ച് എട്ട് മിനിട്ടുകൊണ്ട് ഞാനെന്ത് പറഞ്ഞ് തീർക്കാനെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അതുകൊണ്ട് ഈ തെറ്റായ പ്രവർത്തനം അവസാനിപ്പിക്കണം. പറഞ്ഞാലെങ്കിലും നിങ്ങൾക്ക് മനസ്സിലാകണ്ടേ? മനസ്സിലായില്ലെങ്കിൽ പിന്നെ 'പരമശിവായ' എന്ന് പറയുകയല്ലാതെ മറ്റൊരു

മാർഗ്ഗവുമില്ല. നിങ്ങളുടെ തെറ്റായ പ്രവർത്തനത്തെ ഞങ്ങൾ ശക്തമായി എതിർക്കുന്നു. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. നന്ദിപ്രമേയം അവതരിപ്പിച്ച ആളുകൾ ബഹുമാനപ്പെട്ട ഗവർണറെക്കുറിച്ച് ഒരു വാക്ക് പറയാത്തതിൽ ഞങ്ങൾക്ക് പ്രത്യേക നന്ദിയുണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഗവർണർ എന്ന് കേൾക്കുമ്പോൾ തൊടാനുംവയ്യ തൊടാതിരിക്കാനുംവയ്യ എന്ന രൂപത്തിലാണ്. 'കയ്ച്ചിട്ട് ഇറക്കാനുംവയ്യ, മധുരിച്ചിട്ട് തുപ്പാനുംവയ്യ'. ഈ ചെറിയ പ്രായത്തിൽ ബഹുമാനപ്പെട്ട ഗവർണർക്ക് ആറ് പാർട്ടിയിൽ പോകാനേ സാധിച്ചുള്ളൂ. നേരത്തെ എൽ.ജെ.ഡി.-യിൽ അംഗമായിരുന്നു. അതിനുശേഷം ഇൻഡ്യൻ നാഷണൽ കോൺഗ്രസിലുണ്ടായിരുന്നു; കോൺഗ്രസ് ഫോർ ഡെമോക്രസിയിലുണ്ടായിരുന്നു; പിന്നീടും ജനതാ പാർട്ടിയിൽ പോയി, അതിനുശേഷം ബി.എസ്.പി.-യിൽ പോയി; ഇപ്പോൾ ബി.ജെ.പി.-യിൽ നിൽക്കുകയാണ്. 'ചക്കിക്കൊത്ത ചങ്കരൻ' എന്നുപറയുന്നതുപോലെയാണ് ഗവർണർക്ക് യോജിച്ച ഒരു സർക്കാരാണിത്. അതാണ് ഈ കേരളത്തിൽ നടക്കുന്നത്. ഞാൻ ഈ നന്ദിപ്രമേയത്തെ......., ഇത് നന്ദിയല്ല ഈ നിയമസഭയോട് കാണിച്ച നിന്ദയാണ്. അതുകൊണ്ട് ഞാൻ ഇതിനെ

എതിർക്കുകയാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, നയപ്രഖ്യാപന പ്രസംഗത്തെ തുടർന്ന് ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തിന്റെ വരുംകാല ക്ഷേമവികസന പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിവരമാണ് നയപ്രഖ്യാപനത്തിലുടനീളമുള്ളതെന്ന് നമുക്ക് അറിയാവുന്നതാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിയ നിരവധി ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് പരാമർശിക്കുകയും അതേസമയം കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്തെ ബുദ്ധിമുട്ടിക്കുന്ന പരാമർശങ്ങളുൾപ്പെടെയുള്ള നയപ്രഖ്യാപനമാണ് ഇവിടെ നടന്നത്. ഇനി വരാനിരിക്കുന്ന നാളുകളിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പാക്കാൻ പോകുന്ന ചെറുതും വലുതുമായ നിരവധി പദ്ധതികളുടെ പ്രവർത്തനങ്ങളാണ് നയപ്രഖ്യാപനത്തിൽ വിശദീകരിച്ചിട്ടുള്ളത്. ഇതുപറയുമ്പോൾ ആലോചിക്കേണ്ട കാര്യം, ഈ കാലഘട്ടത്തിന്റെ പ്രത്യേകതയും മുതലാളിത്ത സാമൂഹ്യവ്യവസ്ഥ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള ധാരണയും നമുക്കുണ്ടായിരിക്കണം

എന്നതാണ്. ആ വ്യവസ്ഥയോടൊപ്പം നിന്ന് നമ്മുടെ രാജ്യത്തെ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന കേന്ദ്ര ഭരണകർത്താക്കളും ഇന്നലെ ഭരണം നടത്തിയവരുമെല്ലാം സ്വീകരിച്ച നയങ്ങളും പരിശോധിക്കേണ്ടതായിട്ടുണ്ട്. മുതലാളിത്ത സാമ്പത്തിക നയങ്ങളും വർഗ്ഗീയതയും ചേർന്ന് കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി ഇന്ത്യയുടെ ആത്മാവിനെയും ശരീരത്തെയും തകർത്തുകൊണ്ടിരിക്കുന്നു എന്നാണ് ഇപ്പോൾ കാണാൻ സാധിക്കുന്നത്. ഈ മൂന്ന് പതിറ്റാണ്ടെന്ന് പറയുന്നത് 1991-നെ തുടർന്ന് നടപ്പാക്കിയ പുത്തൻ സാമ്പത്തിക നയത്തിന്റെയും അതിന്റെ ഭാഗമായി ഇവിടെ ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെയുമെല്ലാം കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നതിനുവേണ്ടി മാത്രമാണ്. അതിന്റെ തുടർച്ചയെന്ന നിലയ്ക്ക് ഇതൊക്കെ പരസ്പരം ബന്ധപ്പെട്ടതാണ്. വംശീയതയുടെയും വർഗ്ഗീയതയുടെയും ശക്തികൾ ഉപയോഗിച്ചുകൊണ്ടാണ് മുതലാളിത്ത ശക്തികൾ അവരുടെ നയങ്ങൾ പലപ്പോഴും നടപ്പാക്കാറുള്ളത്. ഇതിനെത്തുടർന്നാണ് ബാബ്റി മസ്ജിദിന്റെ തകർച്ചയുണ്ടായിട്ടുള്ളത്. 1991-ൽ പുതിയ സാമ്പത്തിക നയം, 1992 -ൽ അതിനെത്തുടർന്നുണ്ടാകുന്ന കാര്യങ്ങൾ. മൂലധനത്തിന്റെ ആധിപത്യത്തിനെ, വംശീയതയെ അല്ലെങ്കിൽ വർഗ്ഗീയതയെ

എങ്ങനെയാണ് ഈ കക്ഷികൾ എപ്പോഴും ഉപയോഗിക്കുന്നതെന്നതിന്റെ മികച്ച തെളിവായിട്ടുവേണം ഇതിനെ കാണാൻ. തീർച്ചയായും ഇത് പുരാതന സാമ്രാജ്യകാലം മുതൽ ഏഷ്യയിലും ആഫ്രിക്കയിലും ദക്ഷിണ അമേരിക്കയിലുമൊക്കെ യൂറോപ്യൻ ശക്തികൾ സ്ഥാപിച്ചെടുത്ത കോളനികളുടെ സ്ഥിതിഗതികളും അതിന്റെ ചരിത്രവുമെല്ലാം പരിശോധിച്ചാൽ നമുക്ക് കാണാൻകഴിയും. അക്കാലം മുതൽ ആധുനിക കാലത്തെ ഫിനാൻസ് മൂലധനത്തിന്റെ ഊഹക്കച്ചവട രീതികളെല്ലാം ഇതിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. വിദ്വേഷത്തിന്റെയും മതവൈരത്തിന്റെയും രാഷ്ട്രീയത്തിന്റെയും പേരിലാണ് ആ ശക്തികൾ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. കുത്തക സാമ്പത്തിക ശക്തികൾക്കുവേണ്ടി കോൺഗ്രസ് സോഷ്യലിസ്റ്റ് നയങ്ങൾ ഉപേക്ഷിച്ചതിനെത്തുടർന്ന് രാജ്യത്ത് വളർന്നുവന്ന ജീവിത തകർച്ചയും അതിനെത്തുർന്നുണ്ടായിട്ടുള്ള ജനങ്ങളുടെ നിരാശയിൽനിന്നുമാണ് ബി.ജെ.പി.-ക്ക് കടന്നുവരാനും രാജ്യത്തിന്റെ അധികാരത്തിലേയ്ക്ക് വരാനും സാധിച്ചതെന്നത് ചരിത്രം പരിശോധിക്കുന്ന ഏതൊരാൾക്കും ബോദ്ധ്യപ്പെടുന്ന കാര്യമാണ്. ആർ.എസ്.എസ്. എന്ന തീവ്രവാദ

സംഘടനയുടെ പാർലമെന്ററി മുഖമായ ബി.ജെ.പി.-ക്ക് രാഷ്ട്രീയ പുനരുജ്ജീവനത്തിന് അവസരം നൽകിയ ആ കാലഘട്ടത്തിലെ പ്രവർത്തനമായിരുന്നുവെന്നത് അറിയാവുന്ന കാര്യമാണ്. ഭാരതീയ ജനതയിലും സംസ്കാരത്തിലും അന്തർലീനമായ സമത്വചിന്തകളിലും സ്വാതന്ത്ര്യസമരകാലത്ത് ഉയർന്നുവന്ന മാനവികത അടിസ്ഥാനപ്പെടുത്തിയുള്ള ദേശീയ ബോധവുമാണ് നമ്മുടെ ഭരണഘടനയിൽ എടുത്തുചേർക്കപ്പെട്ട സോഷ്യലിസവും മതേതരത്വവും എന്ന മഹത്തായ മൂല്യങ്ങൾ. ഈ രണ്ട് മൂല്യങ്ങളെയും തുടച്ച് നീക്കിക്കൊണ്ടിരിക്കുകയാണ് ഇന്നത്തെ കേന്ദ്ര ഭരണകർത്താക്കൾ. വർഗ്ഗീയതയും അസമത്വവും ഇവിടെ പകരം കൊണ്ടുവരാനുള്ള പ്രവർത്തനങ്ങളാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ രണ്ട് മൂല്യങ്ങളെയും കേരളത്തിൽ എങ്ങനെ നിലനിർത്തണമെന്നതിന്റെ അടിസ്ഥാനത്തിലാണ് എൽ.ഡി.എഫ്. ഇവിടെ അതിന്റെ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതും ഭരണം നടത്തി മുന്നോട്ടുപോകുന്നതും. ഈ സർക്കാർ ജനക്ഷേമ സർക്കാർ എന്ന തരത്തിലാണ് രാജ്യത്തിനുമുമ്പാകെ അവതരിപ്പിക്കുന്നത്. എൽ.ഡി.എഫ്.-ന്റെ ഇന്നത്തെ പ്രഖ്യാപനത്തിൽനിന്നും കാണാൻ സാധിക്കുന്നതും അതാണ്.

നമ്മുടെ രാജ്യത്തെ ഏതെങ്കിലും ഒരു സംസ്ഥാനത്ത് കാണാനാകാത്തവിധം ജനക്ഷേമകരമായ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പാക്കിയിട്ടുള്ളത്. ഈ മാതൃക വേണോ; യോഗി ആദിത്യനാഥിന്റെ യു.പി. മാതൃക വേണോ എന്ന് ഇതര സംസ്ഥാനങ്ങളിലെ പ്രബുദ്ധരായ ജനങ്ങൾ ചിന്തിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് നാം ഇപ്പോൾ നിൽക്കുന്നത്. ആരോഗ്യ-വിദ്യാഭ്യാസ സൗകര്യങ്ങൾ, ഭക്ഷ്യസുരക്ഷാ ക്രമീകരണങ്ങൾ, അടിസ്ഥാന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ക്ഷേമപദ്ധതികൾ, സാമൂഹ്യ സാമ്പത്തിക സുരക്ഷാ പദ്ധതികൾ, ദാരിദ്ര്യ നിർമ്മാർജ്ജന സംവിധാനങ്ങൾ എന്നിവയും നാടിന്റെ പൊതുവികസനത്തിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളുമെല്ലാം ഒന്നിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് എന്നത് നിഷേധിക്കാൻ സാധിക്കാത്ത കാര്യമാണ്. എന്തെല്ലാം അഭിപ്രായ വ്യത്യാസങ്ങൾ പറയുമ്പോഴും ഈ നാട്ടിൽ അഞ്ചാറ് വർഷക്കാലമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതിയെയും സമൂഹത്തിൽ ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങളെയും നിഷേധിക്കാൻ ആർക്കും സാധിക്കുമെന്ന് തോന്നുന്നില്ല. അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ തന്നെ കൂടുതൽ ദൃശ്യമായ വൻകിട

നിർമ്മാണ പ്രവർത്തനങ്ങൾക്കടക്കം തയ്യാറാകുന്ന കേരളം. ഇതൊക്കെ നടപ്പാകുമ്പോൾ അതിനുള്ള എതിർപ്പും അതിനോടുള്ള പ്രതിഷേധവും ഒരുപുറത്ത് നടക്കുന്നുണ്ടെങ്കിലും വികസനപ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പല പദ്ധതികളും ഇവിടെ നടപ്പാക്കിയിട്ടുണ്ട്. ഗെയിൽ പദ്ധതി, ഹൈവേ, മലയോരഹൈവേ എന്നിവ 2016 മുതൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളാണെന്ന് എല്ലാവർക്കും ബോദ്ധ്യമുള്ള കാര്യമാണ്. കേരള വികസന മാതൃകയെന്നത് സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ അടിത്തറയിൽ നിർമ്മിക്കപ്പെട്ട സുസ്ഥിരമായൊരു ലോകോത്തര മാതൃകയാണെന്ന് തീർച്ചയായും നമുക്ക് പറയാൻ കഴിയും. സമഗ്രമായ സാമ്പത്തിക വികസന മാതൃകയായി ഇത് അംഗീകരിക്കപ്പെട്ട് കഴിഞ്ഞിരിക്കുന്നു. സർവ്വതലസ്പർശിയായ ഈ വികസനം, മാതൃകാ സോഷ്യലിസ്റ്റ് രൂപത്തിലുള്ളതാണെന്നതിൽ യാതൊരു സംശയവുമില്ല. ജവഹർലാൽ നെഹ്റുവിനെ ഉപേക്ഷിച്ചതുപോലെ കോൺഗ്രസ് ഉപേക്ഷിച്ചതും പഴയകാലത്ത് കോൺഗ്രസ് പറഞ്ഞുകൊണ്ടിരുന്നതും അന്നവർ നടപ്പിലാക്കാതിരുന്നതുമായ സോഷ്യലിസം യഥാർത്ഥത്തിൽ പിൽക്കാലത്ത് കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത് ആരാണെന്ന

കാര്യം പ്രകടമായി ഇന്ന് നമ്മൾക്ക് ബോദ്ധ്യപ്പെടുന്നുണ്ട്. അതിന്റെയെല്ലാം ഭാഗമായി കോൺഗ്രസ് തകർച്ചയിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ജനങ്ങൾ നിരാശരായി ബി.ജെ.പി. പോലുള്ള ശക്തികളിലേയ്ക്ക് അഥവാ ആർ.എസ്.എസ്-ന്റെയും സംഘ് പരിവാറിന്റെയും കൈകളിലേയ്ക്ക് ഈ രാജ്യത്തിന്റെ ഭരണാധികാരം ഏൽപ്പിച്ചുകൊടുക്കുന്ന അത്യന്തം ദുഃഖകരമായ സാഹചര്യമുണ്ടായത്. അതിനെല്ലാം വഴിവച്ചത് കോൺഗ്രസിന്റെ കൊള്ളരുതാത്ത നയങ്ങളും അവർ സ്വീകരിച്ച നടപടികളുമാണെന്ന് നമുക്ക് കാണാൻ കഴിയും. തത്ഫലമായി ജനങ്ങൾ നിരാശരാവുകയും വർഗ്ഗീയതയുടെ ശക്തികൾക്ക് കടന്നുകയറാൻ ഇടംനൽകുകയും ചെയ്യുകയുണ്ടായി. ആറ് മാസത്തിലധികമായി, ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം വിവിധങ്ങളായ വകുപ്പുകളെ അടിസ്ഥാനമാക്കി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങളുടെ നീണ്ട പട്ടികതന്നെ സൂചിപ്പിക്കേണ്ടതുണ്ട്. നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. ടി. പി. രാമകൃഷ്ണനും ശ്രീ. കടകംപള്ളി സുരേന്ദ്രനുമെല്ലാം അക്കാര്യം പ്രത്യേകമായി ചർച്ചയ്ക്കിടയിൽ പറഞ്ഞതുകൊണ്ട് ഞാൻ വീണ്ടും ഇവിടെ സൂചിപ്പിക്കുന്നില്ല. ഭരണഘടനാ സ്ഥാപനങ്ങളെത്തന്നെ ഇല്ലാതാക്കാൻ

കേന്ദ്രഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയും രാജ്യത്തിന്റെ പാർലമെന്റിനെയും നിയമസഭകളെയും നോക്കുകുത്തിയാക്കുന്ന നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. അതോടൊപ്പംതന്നെ ഫെഡറൽ സംവിധാനത്തെ അംഗീകരിക്കാതിരിക്കാനും ബി.ജെ.പി. ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ ഉന്നയിച്ച വിഷമതകളും അതിന്റെ പരിഹാരനിർദ്ദേശങ്ങളും അവഗണിച്ച് മുന്നോട്ടുപോകുന്ന കേന്ദ്രസർക്കാരിന്റെ നീക്കം സംസ്ഥാനത്തെ എത്രമാത്രം സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് എത്തിക്കുന്നുവെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചുകഴിഞ്ഞതാണ്. ഇത്തരമൊരു അവസ്ഥയിൽ സംസ്ഥാനങ്ങളെ, പ്രത്യേകിച്ച് പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളെ, അതിൽത്തന്നെ കേരളത്തെ എങ്ങനെയൊക്കെ ശ്വാസംമുട്ടിച്ച് ബുദ്ധിമുട്ടിക്കാൻ കഴിയുമെന്ന നിലയിലാണ് കേന്ദ്ര ഭരണകർത്താക്കൾ അവരുടെ നടപടികളുമായി മുന്നോട്ടുപോകുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ പരിമിതമായ വിഭവശേഷികൾക്കുള്ളിൽ നിന്നുകൊണ്ട് ധീരമായി, എൽ.ഡി.എഫ്. മുന്നോട്ടുവയ്ക്കുന്ന ബദൽ നയങ്ങളും നടപടികളുമാണ് ഈ രാജ്യത്തിന് ഇന്ന് മാതൃകയായി എടുത്തുകാണിക്കാൻ

കഴിയുന്നതെന്ന കാര്യമാണ് ഈ സന്ദർഭത്തിൽ എനിക്ക് പ്രത്യേകമായി പറയാനുള്ളത്. ബി.ജെ.പി. ഈ രാജ്യത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നയത്തിൽനിന്നും വ്യത്യസ്തമായതും ഇന്നലെകളിൽ രാജ്യം ഭരിച്ചുകൊണ്ടിരുന്ന കോൺഗ്രസ് സ്വീകരിച്ച വർഗ്ഗീയതയുടെയും അഴിമതിയുടെയും ജനവിരുദ്ധനയങ്ങൾക്കെതിരായതുമായ ഒരു ബദൽ നയം എങ്ങനെ മുന്നോട്ടുവയ്ക്കാമെന്നുള്ളതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് നമ്മുടെ വികസനനയം. നാടിന്റെ നാനാമേഖലകളിലുള്ള വികസനത്തിന്റെയും പ്രത്യേകിച്ച് ഓരോ മേഖലകളിലും നടപ്പാക്കുന്ന പരിഷ്കാരങ്ങളുടെയും ക്ഷേമപ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ സാമ്പത്തിക വിഭവ സമാഹരണത്തിനുള്ള സാദ്ധ്യതകൾ പരിമിതമാണെങ്കിലും അത് ഉപയോഗിച്ചുകൊണ്ട് ഇത്തരമൊരു ബദൽനയവും വികസനവും നടപ്പാക്കാനും വലിയ തോതിൽ കേരളത്തെ മാറ്റിയെടുക്കാനും കഴിയുമെന്ന് തെളിയിക്കുന്ന പ്രവർത്തനങ്ങളാണ് ഈ കാലഘട്ടങ്ങളിൽ, അതായത് കഴിഞ്ഞ ഗവൺമെന്റിന്റെ അഞ്ചുവർഷക്കാലവും അതിന്റെ തുടർച്ചയെന്നനിലയിൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലും നടത്തിക്കൊണ്ടിരിക്കുന്നത്. തീർച്ചയായും വരാനിരിക്കുന്ന മാസങ്ങളിലും

വർഷങ്ങളിലും ഇവയെല്ലാം തുടർന്നുകൊണ്ട്, 2016-ൽ ആരംഭിച്ച ആ ജൈത്രയാത്ര 2026 ആകുമ്പോഴേയ്ക്കും കേരളത്തിന് ഒരു പുതുജീവൻ നൽകുന്ന മികച്ച ഭരണം കാഴ്ചവയ്ക്കുന്നതിന് സാദ്ധ്യമാകുമെന്നും അതെല്ലാം ജനങ്ങൾക്ക് അനുഭവവേദ്യമാക്കിത്തീർക്കുമെന്നും ഈ സന്ദർഭത്തിൽ സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. കേക്ക് കൊടുത്തിട്ടോ, കാല് പിടിച്ചിട്ടോ, ഉദ്യോഗസ്ഥരെ കുരുതികൊടുത്തിട്ടോ, എങ്ങനെയാണെങ്കിലും ബഹുമാനപ്പെട്ട ഗവർണറെക്കൊണ്ട് ഇതേരീതിയിലുള്ള കുറച്ച് പ്രഖ്യാപനങ്ങൾ വല്ലാതെ വിയർത്തിട്ടാണെങ്കിലും നിങ്ങൾക്ക് നടത്താനായിട്ടുണ്ട്. നയപ്രഖ്യാപനത്തിൽപ്പറഞ്ഞ വാഗ്ദാനങ്ങളെല്ലാം നടപ്പാക്കിയാൽ കേരളത്തിൽ ഇപ്പോൾ ഒഴുകുന്ന ചുടുരക്തത്തിനുപകരം പാലുംതേനുമാകും ഒഴുകുക. പക്ഷേ ഇതൊക്കെ ഒരിക്കലും നടപ്പിലാക്കാൻ കഴിയില്ലെന്ന് നിങ്ങൾക്ക് നല്ലതുപോലെ അറിയാം, പൊതുജനങ്ങളെ ഇങ്ങനെ വിഡ്ഢികളാക്കരുത്. സർക്കാരിന്റെ കയ്യിലാകെയുള്ളത് ഓട്ടപ്പെട്ടൊരു ഖജനാവും കുറഞ്ഞുകുറഞ്ഞുവരുന്ന ജി.എസ്.ടി. വരുമാനവുമാണ്. കേന്ദ്രം

നൽകുന്ന നഷ്ടപരിഹാരം ഈ വർഷത്തോടുകൂടി അവസാനിക്കും. മദ്യപിക്കുന്ന ആളുകളുടെ കൈവശം പണമില്ലാത്തതുകാരണം ബിവറേജസ് കോർപ്പറേഷന്റെ വരുമാനംപോലും കുറഞ്ഞിരിക്കുകയാണ്. ലോട്ടറി വാങ്ങുന്ന ഭാഗ്യാന്വേഷികളുടെ എണ്ണവും കുറഞ്ഞിരിക്കുകയാണ്. ഇത്തരത്തിൽ പൊളിഞ്ഞൊരു ഖജനാവുമായി ഈ വാഗ്ദാനങ്ങളൊക്കെ നടപ്പിലാക്കുന്നതിന് അലാവുദ്ദീന്റെ അത്ഭുതവിളക്ക് സർക്കാരിന്റെ കയ്യിലുണ്ടോ? ഇപ്പോൾ നമ്മുടെ സഞ്ചിത കടം നാല് ലക്ഷം കോടി രൂപയാണ്. കഴിഞ്ഞ അഞ്ച് വർഷംകൊണ്ടാണ് ഈ കടം ഇരട്ടിച്ചത്. നാടായനാട് മുഴുവൻ നടന്ന് നമ്മൾ കടം ഇരന്നുവാങ്ങി. വിദേശ ബാങ്ക്, സ്വദേശി ബാങ്ക്, സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നൊക്കെയും കടമെടുത്തു. അതുകൂടാതെ, പറ്റാവുന്ന ക്ഷേമനിധികളിൽനിന്നും കടമെടുത്തു. എന്നിട്ടാണ് കെ-റെയിലിനുവേണ്ടി വീണ്ടും ലക്ഷം കോടി രൂപ കടമെടുക്കാൻ പോകുന്നത്, ഇതൊക്കെ എവിടെനിന്നും തിരിച്ചുകൊടുക്കും? നയപ്രഖ്യാപന പ്രസംഗത്തിലെ 13, 14 പോയിന്റുകൾ വായിച്ചാൽ നമ്മുടെ ഇന്നത്തെ സാമ്പത്തിക ദുരവസ്ഥ കൃത്യമായി മനസ്സിലാകും. കേരളം ഇപ്പോൾ കടംവാങ്ങി മുടിഞ്ഞ ഒരു പഴയ തറവാടുപോലെയാണ്. കടം തന്നയാളുകൾ

കഴക്കോൽവരെ ഊരിക്കൊണ്ടുപോകുന്നത് നാം കാണേണ്ടിവരും. എല്ലാം സഹിക്കേണ്ടിവരുന്നത് പാവപ്പെട്ട നികുതിദായകർ മാത്രമാണ്. കഴിഞ്ഞതവണ നൂറുദിന കർമ്മപരിപാടികൾ പ്രഖ്യാപിച്ചതിൽ വെറും 40 ശതമാനം മാത്രമാണ് നടപ്പിലാക്കിയത്. പദ്ധതി നടപ്പിലാക്കാത്തതിന് ഉദ്യോഗസ്ഥരെ കുറ്റംപറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുകയാണ്. എന്നാൽ കാശില്ല എന്നതല്ലേ യാഥാർത്ഥ്യം? അപ്രഖ്യാപിത ട്രഷറി നിയന്ത്രണം നിലവിലുണ്ട്. കിഫ്ബിയിലാണെങ്കിൽ ഒന്നും നടക്കുന്നില്ല. പദ്ധതികൾക്ക് എ.എസ്. മാത്രം കൊടുക്കുകയും പല കാരണങ്ങൾ പറഞ്ഞ് പ്രവൃത്തി നീട്ടുകയും ചെയ്യുന്നു. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നില്ല, ആരംഭിച്ച പ്രവൃത്തിയാണെങ്കിൽ പൂർത്തിയാക്കുന്നില്ല. ലൈഫ് പദ്ധതിയിലാണെങ്കിൽ കഴിഞ്ഞതവണ പൂർത്തീകരിക്കേണ്ട അമ്പതിനായിരത്തിലധികം വീടുകൾ ഇപ്പോഴും പണി പൂർത്തിയാകാതെ ബാക്കികിടക്കുന്നുണ്ട്. ഇപ്പോഴത്തേതാണെങ്കിൽ നാല് ലക്ഷമുണ്ട്. ഇവയുടെ വെരിഫിക്കേഷൻവരെ പൂർത്തിയായിട്ടില്ല. ഇതുസംബന്ധിച്ച് വകുപ്പുകൾ തമ്മിൽ പൊരിഞ്ഞ തർക്കത്തിലാണ്. കേരള മോഡൽ എന്നത് സത്യസന്ധമായ ഒരു മാതൃകയായിരുന്നു. എന്നാൽ ഈ കോവിഡ് കാലത്ത്

നമ്മൾ എന്താണ് ചെയ്തത്? ആരോഗ്യ മേഖല ഉൾപ്പെടെയുള്ള ഏതുമേഖല എടുത്തുപരിശോധിച്ചാലും ലോകംതന്നെ അംഗീകരിച്ച ഒരു കാര്യമായിരുന്നു കേരള മോഡൽ. കോവിഡ് മാനദണ്ഡങ്ങൾ കാറ്റിൽപ്പറത്തി മരണങ്ങൾ മറച്ചുവയ്ക്കുകയും ജില്ലാതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങൾ സംസ്ഥാനതലത്തിൽ ഒഴിവാക്കുകയും ചെയ്ത് മരണനിരക്ക് കുറച്ചുകാണിക്കുകയാണ് ഇവിടെ ചെയ്തത്. ഈ വിഷയം ആദ്യം മുതൽതന്നെ പ്രതിപക്ഷം ചൂണ്ടിക്കാണിച്ചിരുന്നു. ഒടുവിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ഇടപെട്ടപ്പോൾമാത്രമാണ് മറച്ചുവച്ച ഇത്തരം കേസ്സുകൾ പരിഗണിച്ച് കാൽലക്ഷത്തോളംപേരെ നമ്മൾ വീണ്ടും കൂട്ടിച്ചേർത്തത്. ഇനിയും പതിനായിരക്കണക്കിനുള്ള അപേക്ഷകൾ പെൻഡിംഗിലുണ്ട്. ഇവിടെ പറഞ്ഞ് പ്രചരിപ്പിച്ചത് മരണനിരക്ക് വെറും 0.3% മാത്രമാണെന്നാണ്. എന്നാൽ ഒളിച്ചുവച്ച മരണനിരക്കുകൂടി ചേർക്കുമ്പോൾ അത് 1% വരെയായി ഉയർന്നു. മരണമടഞ്ഞ പാവങ്ങളുടെ കണക്ക് പൂഴ്ത്തിവച്ച് അവാർഡ് വാങ്ങിയിട്ടെന്തുകാര്യമാണുള്ളത്; അർഹതപ്പെട്ട ധനസഹായംപോലും കിട്ടാതെ പാവങ്ങൾ അലയേണ്ടിവരുന്നുവെന്നല്ലാതെ ആർക്ക് എന്ത് ഗുണമാണ് കിട്ടിയത്? ആരോഗ്യരംഗത്തെ പേരുകേട്ട നമ്മുടെ മാതൃകതന്നെ

വെറും പൊള്ളയാണെന്ന പ്രതീതിയുണ്ടാക്കാനേ ഈ കള്ളക്കണക്കുകൾ ഉപകരിച്ചുള്ളൂ. ഇത്രയും കാലംകൊണ്ട് നാം ഉണ്ടാക്കിയ എല്ലാ വിശ്വാസ്യതയും ഇതോടുകൂടി ഇല്ലാതായി. സത്യസന്ധതയുണ്ടെങ്കിൽ ക്ഷമപറഞ്ഞ് ലഭിച്ച അവാർഡ് തിരികെ നൽകുകയാണ് ചെയ്യേണ്ടത്. ഈ കള്ളക്കണക്കിനൊപ്പം കോവിഡ് മറയാക്കി ടെണ്ടർപോലുമില്ലാതെ മരുന്നും ഉപകരണങ്ങളും വാങ്ങിക്കൂട്ടിയതിലെ അഴിമതികളും ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. മരുന്ന് കമ്പനികൾ അറിയാതെ അവരുടെ പേരിൽ പർച്ചേസ് രേഖകളുണ്ടാക്കി പി.പി.ഇ. കിറ്റ്, ഗ്ലൗസ്, തെർമോമീറ്റർ തുടങ്ങിയവയും ഹീമോഫീലിയയ്ക്കുള്ള മരുന്നും വാങ്ങിക്കൂട്ടി. വാങ്ങിയതൊക്കെയും ഗുണനിലവാരമില്ലാത്തതും ഉയർന്ന വിലയ്ക്കുള്ളതുമാണ്. 550 രൂപ വിലയുള്ള പി.പി.ഇ. കിറ്റുകൾ വാങ്ങിയത് 1550 രൂപ നൽകിയും 12 രൂപയ്ക്കുള്ള ഗ്ലൗസുകൾ വാങ്ങിയത് 24 രൂപ നൽകിയുമാണ്. ഗ്ലൗസ് മാത്രം വിതരണം ചെയ്യുന്ന കമ്പനിയിൽനിന്നും തെർമോമീറ്റർ വാങ്ങിയതായി രേഖയുണ്ടാക്കി. സ്റ്റെന്റ് നിർമ്മിക്കുന്ന കമ്പനിയിൽനിന്നും ഹീമോഫീലിയ മരുന്ന് വാങ്ങിയതായി രേഖയുണ്ടാക്കി. സ്വന്തക്കാരുടെ കമ്പനിയിൽനിന്നും ഫേസ്ഷീൽഡ് വാങ്ങിച്ചു. അങ്ങനെ അഴിമതിയുടെ പല വകഭേദങ്ങൾ

നടത്തുകയുണ്ടായി. ഇവിടെ അടിയന്തര ചികിത്സ വേണ്ടത് ഒരു മാനദണ്ഡവും പാലിക്കാത്ത, തിരുവാതിര കളിച്ചുനടക്കുന്ന ഈ ആരോഗ്യ വകുപ്പിനാണ്. പണ്ടുകാലത്ത് പുകവലിയും മദ്യപാനവുമായിരുന്നു മലയാളികളുടെ ഏറ്റവും വലിയ ദുശ്ശീലങ്ങൾ. അതും വളരെ ഒളിച്ചും തെളിച്ചുമൊക്കെയായിരുന്നു ഉണ്ടായിരുന്നത്. പക്ഷേ ഇന്ന് സ്കൂളുകളിലെയും കോളേജുകളിലെയും ഹോസ്റ്റലുകളിലെയും മുന്നിലുള്ള പെട്ടിക്കടകളിൽപോലും കഞ്ചാവും മാരകമായ മയക്കുമരുന്നുകളും സുലഭമായി ലഭിക്കുന്ന സ്ഥിതിയാണ്. കേരളം മയക്കുമരുന്നിലേയ്ക്ക് വീണുകൊണ്ടിരിക്കുന്നു. ടൺ കണക്കിന് കഞ്ചാവും മറ്റ് ലഹരിപദാർത്ഥങ്ങളും മാർക്കറ്റിൽ സുലഭമാണ്. കൊച്ചുകുട്ടികൾ മുതൽ ആൺപെൺ വ്യത്യാസമില്ലാതെ ഇതുപയോഗിക്കുന്നുണ്ട്. ഇത് നമ്മളെ ഞെട്ടിപ്പിക്കുന്നതാണ്. വലിയൊരു വിഭാഗം ചെറുപ്പക്കാരെ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ ബോധവത്കരിക്കാൻ ആകെയുള്ളത് 'വിമുക്തി' എന്ന സംവിധാനമാണ്. പക്ഷേ അത് അങ്ങേയറ്റത്തെ പ്രഹസനമാണ്. മദ്യം വിറ്റ് കാശാക്കുന്ന എക്സൈസ് വകുപ്പാണ് അതിനെതിരെ ബോധവത്ക്കരണം നടത്തുന്നത് എന്നത് എത്ര വലിയ വിരോധാഭാസമാണ്. ശ്രദ്ധിച്ചില്ലെങ്കിൽ നമുക്ക് ഒരു തലമുറയെതന്നെ

നഷ്ടപ്പെട്ടുമെന്ന കാര്യത്തിൽ സംശയമില്ല. ബാംഗ്ലൂരിനെക്കാളും മുംബൈയെക്കാളും ഗോവയെക്കാളുമൊക്കെ സുരക്ഷിതമായി മയക്കുമരുന്ന് പാർട്ടികൾ നടത്താൻ കഴിയുന്ന താവളമായി കേരളം മാറിയിരിക്കുന്നു. ബോളിവുഡ് സിനിമകളിൽ മാത്രം കണ്ടിരുന്ന ഇത്തരം പാർട്ടികൾ ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പിനെ വച്ച് കേരളത്തിലെ ഏതെങ്കിലുമൊരു റിസോർട്ടിൽ സ്വൈര്യമായി നടത്തപ്പെടുന്നുവെന്നത് ഇതിനെ തടയേണ്ട സംസ്ഥാനത്ത് പ്രവർത്തിക്കുന്ന  സംവിധാനങ്ങൾ എത്ര ദുർബലമാണെന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. ജീവനും സ്വത്തിനും സംരക്ഷണം നൽകാനും സംസ്ഥാനത്തെ  മയക്കുമരുന്ന് ഗുണ്ടാ മാഫിയ സംഘങ്ങളുടെ കയ്യിൽനിന്നും മോചിപ്പിക്കാനും കഴിയാത്തവിധം നമ്മുടെ സംവിധാനങ്ങൾക്ക് ശക്തി ക്ഷയിച്ചുപോയിരിക്കുന്നു. പോലീസ് തികച്ചും നിഷ്ക്രിയമാണ്. കേരളത്തിലെ എല്ലാ ജില്ലകളും ഇപ്പോൾ ഗുണ്ടാ മാഫിയകളുടെ പിടിയിലാണ്. 2021 ജനുവരി മുതൽ നവംബർ 30 വരെ മാത്രമുള്ള കണക്കുകൾ പ്രകാരം 129278 ക്രിമിനൽ കേസുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തത്. മനുഷ്യനെ തല്ലിക്കൊന്ന് പോലീസ് സ്റ്റേഷന്റെ മുമ്പിൽകൊണ്ടുവന്നിട്ട് വെല്ലുവിളിക്കുന്ന കാഴ്ച കേരളത്തിൽ നമ്മൾ കാണാൻ തുടങ്ങി. അതുപോലെ

അയൽ സംസ്ഥാനത്തിലെ തൊഴിലാളികൾ പോലീസ് ജീപ്പുതന്നെ കത്തിക്കുന്നു. ലൈറ്റ് ഓഫ് സമരം ചെയ്തതിന് അടിച്ചുകൊല്ലുന്നു. രാഷ്ട്രീയ കൊലപാതകങ്ങൾ കുത്തനെ കൂടുന്നു. ക്രമസമാധാനനില തകർന്നെന്നും പോലീസ് അങ്ങേയറ്റം നിഷ്ക്രിയമാണെന്നും തിരിച്ചറിയാൻ ഇതിനെക്കാളും വലിയ എന്ത് തെളിവുകളാണ് വേണ്ടത്? ഇന്നലെയാണ് തലശ്ശേരിയിൽ ഒരു യുവാവിനെ ആർ.എസ്.എസ്.കാർ കൊന്നത്. അതിന്റെ തലേന്ന് കാസർഗോഡ് സി.പി.ഐ.(എം)-ബി.ജെ.പി. കൂട്ടുകെട്ടിനെതിരെ ബി.ജെ.പി.യുടെ പ്രവർത്തകർ അവരുടെ ഓഫീസ് അടച്ചുപൂട്ടി. സി.പി.ഐ.(എം)-ബി.ജെ.പി. നേതാക്കളുടെ അന്തർധാര അവരുടെ അണികൾ അറിയുന്നില്ല. അതൊന്ന് തുറന്നുപറഞ്ഞിരുന്നെങ്കിൽ എത്ര ജീവൻ നമുക്ക് രക്ഷിക്കാൻ കഴിയുമായിരുന്നു. ആ അന്തർധാര താഴത്തേയ്ക്ക് പോകട്ടെ, ജനങ്ങൾ അറിയട്ടെ. സൈബർ കുറ്റകൃത്യങ്ങളിലും കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങളിലും വൻവർദ്ധനവാണ് ഇപ്പോഴുണ്ടായിട്ടുള്ളത്. 2016-ൽ 281 സൈബർ കുറ്റകൃത്യങ്ങളുണ്ടായിട്ടുണ്ടെങ്കിൽ 2021-ൽ അത് ആയിരത്തിനോടടുത്തു. പോക്സോ കേസ്സുകൾ 2017-ൽ 1069 എന്നായിരുന്നുവെങ്കിൽ 2021-ൽ അത്

1377 ആയി. ആകെ അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തത് 3847 എണ്ണമാണ്. കോടിക്കണക്കിന് രൂപ ചെലവാക്കി ഡൽഹിയിൽനിന്ന് വക്കീലന്മാരെക്കൊണ്ടുവന്ന് രാഷ്ട്രീയ കൊലപാതക കേസ്സുകളിൽ പ്രതികളെ രക്ഷിക്കാൻ കഴിയുന്ന സർക്കാരാണിത്. എന്നാൽ നിരാലംബരായ ആദിവാസി യുവാവ് കൊല്ലപ്പെട്ട കേസ്സിൽ ഹാജരായി വാദിക്കാൻ ഒരു പബ്ലിക് പ്രോസിക്യൂട്ടറെ ഏർപ്പാട് ചെയ്യാൻ ഈ സർക്കാരിന് കഴിയില്ല; എന്നാലും പറയുന്നത് സർക്കാർ ഒപ്പമുണ്ടെന്നാണ്. ഇന്ന് രാവിലെ ലോകായുക്തയെപ്പറ്റി വളരെ കാര്യമായി സംസാരിച്ചു. എനിക്കതിൽ ഒറ്റ കാര്യമേ പറയാനുള്ളൂ. സി.പി.ഐ.(എം) ലോകായുക്തയെ വധശിക്ഷയ്ക്ക് വിധിച്ചിരിക്കുകയാണ്. സി.പി.ഐ.(എം) വധശിക്ഷയ്ക്കെതിരാണ്. ലോകായുക്ത അവർ തന്നെയുണ്ടാക്കിയ കുട്ടിയാണ്. ആ കുഞ്ഞിനെ അവർതന്നെ മുക്കി കൊല്ലുകയാണ്. ശ്രീ. കാനം രാജേന്ദ്രൻ പറയുന്നു, എൽ.ഡി.എഫ്. അറിഞ്ഞിട്ടില്ല. ശ്രീ. കെ. രാജൻ പറയുന്നു, മന്ത്രിസഭ അറിഞ്ഞിട്ടില്ലായെന്ന്. ഈ ആക്ട് ഭരണഘടനാ വിരുദ്ധമാണെന്നാണ് ഇപ്പോഴത്തെ വാദം. എം.വി.ആർ. പറഞ്ഞിരുന്നത് ഇതാണ് - സി.പി.ഐ.(എം)-ന് ബുദ്ധി വരണമെന്നുണ്ടെങ്കിൽ പത്തുകൊല്ലം കഴിയണം എന്നാണ്.

ഇപ്പോഴാണ് അവർക്കത് മനസ്സിലാകുന്നത്. അതുകൊണ്ട് ഇപ്പോൾ പത്തിരുപത് കൊല്ലം കഴിഞ്ഞു. കുറച്ചുകാലം മുമ്പ് ലോട്ടറി അടിച്ച ആൾക്കാരെപ്പറ്റി ഒരു പത്രം സർവ്വേ നടത്തിയിരുന്നു. കൂടുതൽ പേർക്കും നിനച്ചിരിക്കാതെ കുറെ പണം കയ്യിൽ കിട്ടിയപ്പോൾ നിലവിട്ട് പെരുമാറി. കിട്ടിയതെല്ലാം ദാം-ദൂമായി ചെലവഴിച്ചു. അവസാനം മിസ്മാനേജ്മെന്റ് കൊണ്ട് അവർ മുമ്പത്തെ പോലെ അല്ലെങ്കിൽ അതിനേക്കാൾ മോശമായൊരു സാമ്പത്തികാവസ്ഥയിൽ ആയിത്തീർന്നു. ബി.ജെ.പി.യുടെ സഹായംകൊണ്ടും കിറ്റുകൊണ്ടുമുള്ള ലോട്ടറി അടിച്ച ഈ രണ്ടാം ഭരണം നിങ്ങളെയും ഇതേ സ്ഥിതിയിലാക്കിയിരിക്കുന്നു. അണികളെയും ഘടകകക്ഷികളെയുംപോലും മൈൻഡ് ചെയ്യാത്ത ഈ തുടർഭരണം എൽ.ഡി.എഫ്. മുന്നണിയെ കൊണ്ടുപോകുകയേയുള്ളൂ. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, രണ്ടാം പിണറായി സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട കേരള ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ

പിന്തുണയ്ക്കുകയാണ്. നന്ദിപ്രമേയവുമായി ബന്ധപ്പെട്ട ചർച്ചയുടെ തുടക്കം മുതൽ ശ്രദ്ധിച്ചൊരു കാര്യം, പ്രതിപക്ഷത്തുനിന്നും സംസാരിക്കുമ്പോൾ എപ്പോഴെങ്കിലും കേന്ദ്ര ഗവൺമെന്റ് നയത്തെ ഏതെങ്കിലുമൊരു വരികൊണ്ടെങ്കിലും എതിർക്കുമെന്ന് ഞാൻ ഓർത്തു. പക്ഷേ എതിർത്തില്ലെന്ന് മാത്രമല്ല, ഇവിടെ സൂചിപ്പിച്ചതുപോലെ കേന്ദ്ര ഗവൺമെന്റ് നയങ്ങൾകൊണ്ട് സംസ്ഥാനം കൂടുതൽ ദുരിതത്തിലാഴുന്നത് അല്ലെങ്കിൽ ആകുന്നതിൽ വളരെയേറെ സന്തോഷം രേഖപ്പെടുത്തുന്ന രീതിയിലാണ് പലപ്പോഴും പലരും ഇവിടെ സംസാരിച്ചത്. ഞാൻ ഇത് സൂചിപ്പിക്കാൻ കാരണം, ഈ രാജ്യത്ത് കേന്ദ്രഗവൺമെന്റ് നടപ്പിലാക്കികൊണ്ടിരിക്കുന്ന സാമ്പത്തിക നയങ്ങളുൾപ്പെടെ സംസ്ഥാനങ്ങളുടെ അധികാരങ്ങളെ കവർന്നെടുക്കുന്ന ഒരു കാഴ്ചയാണ് കാണുന്നത്. ഈ നയപ്രഖ്യാപനത്തിന്റെ 13-ാം ഖണ്ഡികയിലുൾപ്പെടെ സൂചിപ്പിക്കുന്നൊരു കാര്യമുണ്ട്. ഓരോഘട്ടത്തിലായി സംസ്ഥാനങ്ങളുടെ ധനവിനിയോഗ സംവിധാനങ്ങളെ പൂർണ്ണമായും ഹനിക്കുന്ന നിലപാടുകളുമായി കേന്ദ്രഗവൺമെന്റ് പോകുകയാണ്. അതുമായി ബന്ധപ്പെട്ട് ഒരു വരിയെങ്കിലും സൂചിപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചു. പക്ഷേ അതില്ലായെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം.

സത്യത്തിൽ വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെ സംസ്ഥാനം കടന്നുപോകുമ്പോഴും അടിസ്ഥാനപരമായി വികസനമേഖലയിലും സാമൂഹ്യക്ഷേമ മേഖലയിലും സർവ്വാശ്ലേഷിയായ വികസന പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കാനും പൂർത്തീകരിക്കാനുമൊക്കെ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. മയൻ നിർമ്മിച്ച ഒരു രാജസഭയിലേയ്ക്ക് ദുര്യോധനൻ കടന്നുവന്ന ഒരു രംഗം മഹാഭാരതത്തിലുണ്ട്. സ്ഥലജല വിഭ്രാന്തി സംഭവിക്കുകയാണ്. എവിടെയാണ് എതിർക്കേണ്ടതെന്നറിയില്ല. വെള്ളമുള്ളിടത്ത് വെള്ളമില്ലെന്നും വെള്ളമില്ലാത്തിടത്ത് വെള്ളമുണ്ടെന്നും ധരിക്കുന്ന ഒരു അവസ്ഥ. യഥാർത്ഥത്തിൽ പലപ്പോഴും ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ എതിർക്കുന്ന ആളുകൾക്ക് അത്തരത്തിൽ എന്തോ സംഭവിച്ചെന്നാണ് എനിക്ക് തോന്നുന്നത്. കാരണം അതുകൊണ്ടാണ് യഥാർത്ഥത്തിൽ കിഫ്ബിയെ എതിർക്കുന്നത്. കിഫ്ബി കൊണ്ടുവന്നതാരാണ്? കിഫ്ബിക്ക് തുടക്കമിട്ടത് ഏത് ഗവൺമെന്റിന്റെ കാലത്താണെന്നുള്ളത് നമുക്കറിയാം. കെ-റെയിൽ പദ്ധതിക്ക് തുടക്കമിട്ടത് എവിടെയാണെന്നറിയാം. പക്ഷേ ഓരോ കാലഘട്ടത്തിലും കൊണ്ടുവന്ന പദ്ധതികൾ പിന്നീട് നടപ്പാക്കുകയും

അതിന്റെ പൂർണ്ണതയിലേയ്ക്ക് കടന്നുവരുമ്പോൾ അതിനെ എതിർക്കുന്നതും യഥാർത്ഥത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സ്ഥലജല വിഭ്രാന്തിയാണ്. കഴിഞ്ഞ കാലഘട്ടങ്ങളിലെ കേന്ദ്രഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും നിലപാടുകൾ.... ഇപ്പോഴത്തെ കേന്ദ്രഗവൺമെന്റിന്റേയും പഴയ യു.പി.എ. ഗവൺമെന്റിന്റെ നിലപാടുകളെ സംബന്ധിച്ചിടത്തോളം ഇവിടെ സൂചിപ്പിച്ച കാര്യത്തിൽ എവിടെയെങ്കിലും എതിർക്കുന്നുണ്ടോ? ആ സാമ്പത്തിക നയങ്ങളെ അതുപോലെതന്നെ പിന്തുടരുന്ന സമീപനങ്ങളുമായിട്ടാണ് പോകുന്നത്. ഇത് ഇന്നും ഇന്നലെയും ആരംഭിച്ചതല്ല. ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ കാലം മുതൽ ആരംഭിച്ച അല്ലെങ്കിൽ ഇടതുപക്ഷ പിന്തുണയോടെ അന്നുവന്ന യു.പി.എ. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ മിനിമം പരിപാടികളുൾപ്പെടെ പ്രഖ്യാപിച്ച് അതിൽനിന്ന് പുറകോട്ടുപോകുകയും സംസ്ഥാനത്തിന്റെ അധികാരങ്ങൾ കാലാകാലങ്ങളിൽ കവർന്നെടുക്കുകയും ചെയ്യുന്ന നിലപാടുകൾക്കെതിരെ അന്നത്തെ കോൺഗ്രസ്സ് ഗവൺമെന്റ് ഉൾപ്പെടെയെടുത്ത നിലപാടുകൾതന്നെയാണ് ഇപ്പോഴും ബി.ജെ.പി. ഗവൺമെന്റ് പിന്തുടരുന്നത്. അതുകൊണ്ടാണ് കേരളത്തിലെ ജനങ്ങൾ.... എഴുത്തച്ഛൻ

പറഞ്ഞതുപോലെ,

'ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവി

ലുണ്ടായൊരിണ്ടൽ ബത മിണ്ടാവതല്ല മമ...'

രണ്ടുപേരുടെ നിലപാടുകളെ സംബന്ധിച്ചിടത്തോളം വലിയ വ്യത്യാസമൊന്നും യഥാർത്ഥത്തിലില്ലായെന്നുള്ളതാണ്. ആ കാര്യത്തിൽ അൽപ്പമെങ്കിലും അഭിപ്രായം പ്രത്യേകിച്ച് പ്രാദേശിക രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വളർന്നുവരുന്ന ഒരു കാലഘട്ടത്തിൽ, ഈ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ നമുക്ക് തീർച്ചയായും അത് മനസ്സിലാകുമെന്നാണ് എന്റെ വിശ്വാസം. പ്രാദേശിക രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കൂടുതൽ പ്രസക്തമാകുന്ന കാലഘട്ടമാണിത്. കേന്ദ്രഗവൺമെന്റിന്റെ ഇത്തരം നിലപാടുകൾ സംസ്ഥാനത്തിന് അഹിതമായി പ്രവർത്തിക്കുമ്പോൾ.... ശ്രീ. മോൻസ് ജോസഫിനെ പോലെയുള്ള ആളുകൾ ഇവിടെ ഇരിപ്പുണ്ട്. തീർച്ചയായും ആ നിലപാടുകളൊക്കെ അദ്ദേഹത്തിനുമുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്. കാരണം അക്കാര്യത്തിലെല്ലാം നമ്മൾ ഒരുമിച്ച് നിൽക്കുന്ന അവസ്ഥയാണ്. ആ കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. ഞാൻ സൂചിപ്പിച്ചത് സംസ്ഥാനത്തിന്റെ ഓരോ അധികാരങ്ങളും കയ്യേറുന്ന അവസ്ഥയാണ്

ഇന്നുള്ളതെന്നാണ്. കേന്ദ്ര ഗവൺമെന്റ് സമീപകാലത്ത് അവതരിപ്പിച്ച ബഡ്ജറ്റിനെക്കുറിച്ചൊരു ലേഖനം ഞാൻ ഇന്ന് 'ദീപിക'യിൽ പ്രസിദ്ധീകരിച്ചു. നമ്മുടെ കാർഷികമേഖലയെ അമ്പാടെ ഇല്ലാതാക്കാൻ പോകുകയാണ്. കാർഷിക മേഖലയ്ക്ക് വിഹിതം കൂട്ടി വച്ചുവെന്ന് പ്രഖ്യാപിക്കുമ്പോഴും അടിസ്ഥാനപരമായി യഥാർത്ഥത്തിൽ നമ്മുടെ ക്രമങ്ങളിൽ മാറ്റം വരുത്തുകയാണ്. നേരത്തെ വകയിരുത്തിയതിൽനിന്ന് കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വച്ചിരിക്കുന്ന തുക വർദ്ധിപ്പിച്ചപ്പോഴുണ്ടായ ഏറ്റവും വലിയ നികുതി ഭാരം അടിച്ചേൽപ്പിക്കാൻ പോകുന്നത് സംസ്ഥാനത്തെയാണ്. ബഹുമാന്യനായ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി അടുത്ത ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതംകൂടി വയ്ക്കേണ്ടി വരുന്നു. സംസ്ഥാനങ്ങളെ സാമ്പത്തിക പ്രതിസന്ധിയിൽ കൊണ്ടുപോയി എത്തിക്കുന്ന വളരെ ബോധപൂർവ്വമായ ശ്രമം കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നു. ഈ കാര്യത്തിൽ എതിർപ്പുണ്ടാകേണ്ട കാര്യമുണ്ട്. സത്യത്തിൽ ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ കക്ഷികൾ തമ്മിൽ അഭിപ്രായ വ്യത്യാസമില്ല.

മി. ചെയർമാൻ: അങ്ങയുടെ സമയം തീരുകയാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഇന്നത്തെ ദീപിക പത്രത്തിൽ അങ്ങയുടെ പ്രസക്തമായൊരു ലേഖനമുണ്ട്. കേന്ദ്ര സംസ്ഥാന ബന്ധങ്ങളിൽ പൊളിച്ചെഴുത്ത് തുടങ്ങി. കേന്ദ്രം കേരളത്തിലെ കർഷകരെ അവഗണിച്ചുവെന്നാണ് അങ്ങ് എഴുതിയിട്ടുള്ളത്. ഗവർണറുടെ നയപ്രഖ്യാപനത്തിൽ കേരളത്തിലെ കർഷകരെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റ് വേണ്ടത്ര പരിഗണന കൊടുത്തിട്ടില്ലെന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, അങ്ങ് ഈ നയപ്രഖ്യാപനം മുഴുവൻ വായിക്കാത്തതുകൊണ്ടാണോയെന്ന് എനിക്കറിയില്ല. കേരളത്തിൽ ജൈവകൃഷി ഉൾപ്പെടെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റും കൃഷി വകുപ്പും എടുത്തിട്ടുള്ള വളരെ ധീരമായ ഒരുപാട് നിലപാടുകളുണ്ട്. അത് ഇന്ന് ആരംഭിച്ചതല്ല, മുൻകൃഷി വകുപ്പുമന്ത്രിയുടെ കാലഘട്ടം മുതൽ ആരംഭിച്ചതാണ്. ഈ ഗവൺമെന്റിന്റെ കാലഘട്ടം മുതൽ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കാനുള്ള ഒരുപാട് പ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റ് മുമ്പോട്ടുപോകുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രത്യേകിച്ച് പരിസ്ഥിതി സ്നേഹികൂടിയായ

ബഹുമാന്യനായ കൃഷിവകുപ്പുമന്ത്രി പരിസ്ഥിതി സൗഹൃദത്തിന്റേതായ കാർഷിക സംസ്കാരത്തെ കേരളത്തിൽ രൂപപ്പെടുത്തുന്ന കാര്യത്തിൽ വളരെയേറെ കാഴ്ചപ്പാടുള്ള ഒരു വ്യക്തികൂടിയാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. ചെയർമാൻ: അങ്ങയുടെ സമയം അവസാനിക്കുകയാണ്.

ഡോ. എൻ. ജയരാജ്: സർ, സമയം കഴിഞ്ഞതുകൊണ്ട് പറയാൻ വന്ന കാര്യങ്ങൾ മുഴുവൻ പറയാൻ കഴിഞ്ഞില്ല. റോബർട്ട് ഫ്രോസ്റ്റിന്റെ മനോഹരമായ ഒരു കവിതയുണ്ട്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട് അതാണെന്ന് ഞാൻ വിശ്വസിക്കുകയാണ്. കാരണം,

" The woods are lovely, dark and deep,

But I have promises to keep,

And miles to go before I sleep," എന്ന് മനോഹരമായ കവിതയിൽ അദ്ദേഹം സൂചിപ്പിക്കുന്നു. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരുപാട് വാഗ്ദാനങ്ങൾ ഇനിയും പാലിക്കാൻ ഒരുപാട് കാലം മുമ്പോട്ടുപോകാനുണ്ട്. ആ യാത്രയിൽ തീർച്ചയായും ഈ

നയപ്രഖ്യാപനത്തിലെ രേഖകളും ഇതുമായി ബന്ധപ്പെട്ട് മുന്നോട്ടുവച്ച നിർദ്ദേശങ്ങളുമൊക്കെ കേരളത്തിന്റെ ഭാവിയെ ഏറ്റവും സമ്പുഷ്ടമാക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ ഒരിക്കൽക്കൂടി നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. പ്രത്യേകിച്ച് യാതൊരു പുതുമയുമില്ലാത്ത ഒരു പ്രസംഗമാണ് ബഹുമാനപ്പെട്ട ഗവർണർ ഇവിടെ നടത്തിയത്. ഈ നയപ്രഖ്യാപന പ്രസംഗവുമായി ബന്ധപ്പെട്ട്, ഒരുപക്ഷേ കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത നിലയിലുള്ള ഒരു വലിയ വിവാദത്തിനാണ് തുടക്കം കുറിച്ചത്. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും ഒരു ഗവർണർ അദ്ദേഹത്തിന്റെ കോൺസ്റ്റിറ്റ്യൂഷണൽ ഒബ്ലിഗേഷൻ നടപ്പിലാക്കുകയില്ലെന്ന ഒരു നിലപാടെടുത്തത്. അത്തരത്തിൽ ഒരു സമീപനം അദ്ദേഹം സ്വീകരിക്കുകയും പിന്നീട് അതിൽ ഒപ്പിടുകയും ചെയ്യുന്നു. ഇതുപോലെതന്നെയാണ് ലോകായുക്തയുമായി ബന്ധപ്പെട്ട ഓർഡിനൻസും. അത് ആദ്യം അദ്ദേഹം ഒപ്പിടുന്നില്ല, പിന്നീട് ഒപ്പിടുന്നു. ഇതിന്റെ പിന്നാമ്പുറ

കഥകൾ ധാരാളം ആക്ഷേപങ്ങളായി ഇന്ന് ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ച് യാതൊരു പുതുമയുമില്ലാത്ത ഒരു പ്രഖ്യാപനമാണിത്. ആവർത്തനങ്ങളുടെ ഒരു വേലിയേറ്റമാണ് ഈ പ്രസംഗത്തിൽ നമുക്ക് കാണാൻ കഴിയുന്നത്. ലോകായുക്ത ഓർഡിനൻസ് സംബന്ധിച്ച് ഏറെ ചർച്ച ചെയ്തതാണ്. കേരളത്തിൽ അഴിമതിരഹിതമായ ഒരു ഭരണ സംവിധാനത്തെ പടുത്തുയർത്താനുള്ള പരിശ്രമത്തിന് വലിയ തിരിച്ചടിയാകുന്ന നിലയിലാണ് ഇന്ന് ഈ ഓർഡിനൻസ് ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്. ഈ ഓർഡിനൻസിന്റെ പ്രസക്തി എന്താണ് എന്നുള്ളതാണ്. ഗവൺമെന്റിന് ഒരു ബില്ലായി അവതരിപ്പിക്കാം. പക്ഷേ ഇമ്മീഡിയറ്റായി, ഓർഡിനൻസായി വേണമെന്ന് പറയുമ്പോഴാണ് സ്വാഭാവികമായും സംശയങ്ങളും ദുരൂഹതകളും ഉയരുന്നത്. ഇന്ന് രാവിലത്തെ അടിയന്തരപ്രമേയ ചർച്ചയിലൂൾപ്പെടെ നിയമ വകുപ്പുമന്ത്രി അതിലെ മറ്റ് വിഷയങ്ങളിലേയ്ക്ക് കടക്കുമ്പോഴും ഇതിന്റെ അനിവാര്യത എന്താണ്, അല്ലെങ്കിൽ ഇത്രമാത്രം വേഗതയിൽ ഓർഡിനൻസ് ആയി കൊണ്ടുവരേണ്ട ആവശ്യമെന്താണ് എന്നുപറയാൻ അദ്ദേഹത്തിന് കഴിയുന്നില്ല. കേരള

മോഡൽ എന്ന നിലയിൽ ഈ സംവിധാനം മുന്നോട്ടുപോകുമ്പോൾ, അഴിമതിരഹിതമായ ഒരു സംവിധാനത്തെ കൂടുതൽ ശാക്തീകരിക്കാൻ നമ്മൾ ശ്രമിക്കുമ്പോൾ, ഇത് അതിനൊരു വലിയ തിരിച്ചടിയായിരിക്കുന്നു എന്നാണ് ഞാൻ സൂചിപ്പിച്ചത്. അതിന്റെ തുടർചലനങ്ങൾ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും കാണാൻ കഴിയും. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഉണ്ടായിരിക്കുന്ന ആക്ഷേപങ്ങൾ ചെറുതാണോ? കോവിഡ്-19 എന്ന മഹാമാരിയുടെ മുമ്പിൽ ഒരു ജനത മുഴുവൻ പകച്ചുനിന്നപ്പോൾ അതിനെ മറയാക്കിക്കൊണ്ട് കോടിക്കണക്കിന് രൂപയുടെ അഴിമതി ആ കോർപ്പറേഷനിൽ നടന്നു എന്നുള്ളതാണ്. ഗുണനിലവാരമില്ലാത്ത മാസ്കുകൾ, ഫേസ് ഷീൽഡുകൾ, പി.പി.ഇ. കിറ്റുകൾ എന്നിവയുൾപ്പെടെ ടെണ്ടർ ഇല്ല എന്നുള്ളത് മാത്രമല്ല, ടെണ്ടർ ഇല്ലാതെ വാങ്ങിയ സാധനങ്ങൾക്ക് ഗുണനിലവാരമില്ല എന്നുള്ളതുമാണ്. ആരോഗ്യ വകുപ്പ് നിഷ്കർഷിച്ച മാനദണ്ഡങ്ങളെ കാറ്റിൽപ്പറത്തിക്കൊണ്ട് വിവിധ സാധനങ്ങൾ ടെണ്ടറില്ലാതെ വാങ്ങിക്കൂട്ടി. ഈ പർച്ചേസിന്റെ യാതൊരു രേഖകളും സിസ്റ്റത്തിൽപ്പോലും കാണാനില്ല. അതുപോലും മായ്ച്ചുകളഞ്ഞിരിക്കുകയാണ്. അവിടെയാണ് വകുപ്പുതല അന്വേഷണം

വച്ചിരിക്കുന്നത്. ഇത് വകുപ്പുതല അന്വേഷണത്തിലോ ധനകാര്യ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷിച്ചാലോ തീരുന്ന വിഷയമല്ല. ഇതിൽ ക്രിമിനൽ കോൺസ്പിറസി ഉണ്ടായിട്ടുണ്ട്. അവിടെയാണ് വിജിലൻസോ അതുപോലുള്ള സ്വതന്ത്രമായ ഏജൻസികളോ ഇതിൽ കടന്നുവന്നിരിക്കുന്ന അഴിമതിയും അതിന്റെ പിന്നിലുള്ള ക്രിമിനൽ കോൺസ്പിറസിയും അന്വേഷിക്കണമെന്ന ആവശ്യം ഞങ്ങൾ മുന്നോട്ടുവച്ചത്. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ ഇന്ന് കേരളത്തിൽ ഉണ്ടാകുന്നുവെന്നുള്ളതാണ്. അതുപോലുള്ള അനവധി വിഷയങ്ങൾ നിലനിൽക്കുമ്പോൾ, ഇവിടെ കെ-റെയിലുമായി ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ ഒരു ജനതയുടെ ആശങ്കകൾ അവിടെത്തന്നെ നിൽക്കുകയാണ്. അത് പരിഹരിക്കാൻ കഴിയുന്ന സാഹചര്യങ്ങളുണ്ട്. ഇന്ന് രാവിലെ ഞങ്ങൾ മുന്നോട്ടുവച്ച ചോദ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് അതാണ്. ഇതിന് എത്രയോ ആൾട്ടർനേറ്റീവ്സ് ഉണ്ട്. അതിലേയ്ക്ക് പോകാൻ എന്തുകൊണ്ട് ഗവൺമെന്റ് തയ്യാറാകുന്നില്ല. കേരളത്തിന് വലിയ രീതിയിലുള്ള ബാധ്യത വിളിച്ചുവരുത്തുന്ന, കേരളത്തിന്റെ പ്രകൃതി വിഭവങ്ങളെ വലിയ രീതിയിൽ ചൂഷണം ചെയ്യേണ്ടതായി വരുന്ന തരത്തിലുള്ള ഒരു പദ്ധതിയുമായി

മുന്നോട്ടുപോകുമ്പോൾ അതിന് വേണ്ടത്ര പഠനം നടത്തിയിട്ടില്ല എന്നതും അനിവാര്യമായ ചർച്ചകളിലേയ്ക്ക് പോയിട്ടില്ല എന്നതും വാസ്തവം തന്നെയാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനവുമായി ബന്ധപ്പെട്ട് ഇവിടെ എം.എൽ.എ.-മാർ മുമ്പാകെ വിഷയങ്ങൾ അവതരിപ്പിച്ചു എന്നുപറയുമ്പോഴും എം.എൽ.എ.-മാർ ഉന്നയിക്കുന്ന സംശയങ്ങൾ ദൂരീകരിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ഇപ്പോഴും അതുതന്നെ നിലനിൽക്കുകയാണ്. കേരളത്തിന് വലിയ ബാധ്യത വരുത്തുന്നതും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതും വരുംതലമുറയെ വലിയ കടക്കെണിയിലേയ്ക്ക് തള്ളിവിടുന്നതുമായ ഒരു പദ്ധതിയായിട്ടേ കെ-റെയിൽ പദ്ധതിയെ കാണാൻ കഴിയുകയുള്ളൂ. കേരളത്തിന്റെ ക്രമസമാധാനരംഗത്തെ തകർച്ച ഇന്ന് അതിരൂക്ഷമായി മാറിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ ഒരാഴ്ചയ്ക്കുള്ളിൽ കിഴക്കമ്പലത്തും തലശ്ശേരിയിലുമായി രണ്ട് രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നു. എത്രയോ രാഷ്ട്രീയ കൊലപാതകങ്ങളും ഗുണ്ടാ ആക്രമണങ്ങളും ഇന്ന് കേരളത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നു. പോലീസ് സ്റ്റേഷനിൽപ്പോലും പോയിനിന്ന് വെല്ലുവിളിക്കുന്ന ഗുണ്ടകൾ ഇന്ന് കേരളത്തിൽ ഉണ്ടാകുന്നു എന്നുപറയുമ്പോൾ നമ്പർ വൺ കേരളം എന്നുള്ളത് വെറും പ്രഹസനമാണ്,

വെറും പ്രഖ്യാപനങ്ങൾ മാത്രമായി ഒതുങ്ങിപ്പോകുന്ന എന്നതാണ് ഒരു വലിയ യാഥാർത്ഥ്യം. ഇന്ന് ഇത്തരത്തിലുള്ള വിഷയങ്ങളെ ആധികാരികമായി നേരിടാൻ പോലീസ് സേനയെ സജ്ജമാക്കാൻ കഴിയുന്നില്ല. പോലീസ് സേന രാഷ്ട്രീയവൽക്കരിക്കപ്പെടുന്ന എന്നുള്ള വിഷയവും നമ്മുടെ മുന്നിൽ വരികയാണ്. പോക്സോ കേസുകളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിരിക്കുകയാണ്. 2016-നുശേഷം 2020 വരെ പതിനാറായിരം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 417 പേർ മാത്രമാണ് ശിക്ഷിക്കപ്പെട്ടിട്ടുള്ളത് എന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നൽകിയ മറുപടിയാണ്. കേരളത്തിന്റെ പൊതുസ്ഥിതിവിശേഷമാണിത്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിതമായി വരുന്ന ആക്രമണങ്ങൾ ഒരു ഭാഗത്തും രാഷ്ട്രീയ കൊലപാതകങ്ങൾ മറുഭാഗത്തും നിൽക്കുന്നു. മയക്കുമരുന്ന് അടക്കമുള്ളവയുടെ അമിതമായ ഉപഭോഗം ഇന്ന് കേരളത്തിൽ വർദ്ധിക്കുന്നു. അതിനെ ഫലപ്രദമായി നേരിടാൻപോലും ഗവൺമെന്റിന് കഴിയുന്നില്ല എന്നുള്ള അനവധി വിഷയങ്ങൾ ഇന്ന് നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ആ ഒരു സന്ദർഭത്തിൽ നിന്നുകൊണ്ടാണ് ഇവിടെ ഗവർണറെക്കൊണ്ട് മറ്റൊരു പ്രസംഗം നടത്തിച്ചിരിക്കുന്നത്. പരിപൂർണ്ണമായും യാഥാർത്ഥ്യങ്ങളെ

മറച്ചുവച്ചുകൊണ്ടുള്ള, ജനങ്ങളെ വിഡ്ഢികളാക്കാൻവേണ്ടിയുള്ള, ജനവഞ്ചനയ്ക്ക് അനുസൃതമായിട്ടുള്ള ഒരു നയപ്രഖ്യാപന പ്രസംഗം മാത്രമാണ് ബഹുമാനപ്പെട്ട ഗവർണർ ഇവിടെ നടത്തിയത്. അതുകൊണ്ടുതന്നെ ഞാൻ ഇതിനെ എതിർക്കുന്നു.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ബഹുമാനപ്പെട്ട ഗവർണർ നിയമസഭയിൽ നടത്തിയ നയപ്രഖ്യാപനത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആറ് വർഷം പിന്നിടുമ്പോൾ, ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ സമസ്ത മേഖലകളിലും നിസ്സീമമായിട്ടുള്ള വികസന ക്ഷേമ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും. പക്ഷേ ഇവിടത്തെ പ്രതിപക്ഷം ഇത്തരം കാര്യങ്ങളെ കണ്ണുതുറന്ന് കാണാൻ തയ്യാറാകുന്നില്ല എന്നുള്ളതാണ് അവരുടെ ചർച്ചയിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള ഓരോ പദ്ധതികളും നമുക്ക് എടുത്ത് പരിശോധിക്കാവുന്നതാണ്. എല്ലാ പദ്ധതിയെയും എതിർക്കുക എന്നുള്ള ഒരു ധർമ്മം മാത്രമാണ് ഇവിടെ പ്രതിപക്ഷം ചെയ്തുകൊണ്ടിരിക്കുന്നത്. എടുത്തുപറയത്തക്ക ഒട്ടനവധി

പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സിൽവർ ലൈൻ പദ്ധതി, കെ-റെയിൽ പദ്ധതി, കെ-ഫോൺ പദ്ധതി, ദേശീയപാതാ വികസനം, ഇലക്ട്രിക് വാഹന പദ്ധതി, സമഗ്ര ആരോഗ്യ പദ്ധതി, പൊതുവിദ്യാഭ്യാസ പദ്ധതി, ഇ-ഫയൽ സംവിധാനം, ടൂറിസം പദ്ധതി, സമഗ്ര കാർഷിക വികസന പദ്ധതി, ലൈഫ് ഭവന പദ്ധതി, ഗ്രാമീണ പുനരുദ്ധാരണ റോഡ് പദ്ധതി തുടങ്ങി ഒട്ടനവധി പദ്ധതികൾ ഈ ഗവൺമെന്റ് നടപ്പിലാക്കി ക്കൊണ്ടിരിക്കുകയാണ്. മതേതരത്വത്തിലും ജനാധിപത്യത്തിലും കേരളത്തിലെ ജനങ്ങളെ ഒന്നിച്ച് നിർത്തുന്നതിനും ഈ ഗവൺമെന്റിന് സാധിക്കുന്നുവെന്നുള്ളത് വളരെ അഭിമാനപൂർവം പറയാൻ സാധിക്കും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ കേരളത്തിലെ പാവപ്പെട്ട എല്ലാവർക്കും വീട് -എല്ലാവർക്കും ഭൂമി നൽകുന്നതിനുള്ള ലൈഫ് ഭവന പദ്ധതി ഒരു ജനക്ഷേമ പദ്ധതിയായിരുന്നു. ആ പദ്ധതിയെ ചെറുത്ത് തോൽപ്പിക്കുന്നതിനുവേണ്ടിയാണ് പ്രതിപക്ഷം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രമിച്ചതെന്ന് നമുക്ക് കാണാൻ സാധിക്കും. ഇപ്പോൾ കേരളത്തിന്റെ പുതിയ കാലത്തിനനുസരിച്ച് സിൽവർ ലൈൻ പദ്ധതി കൊണ്ടുവന്നപ്പോഴും അതിനെയും എതിർക്കുന്ന ഒരു

സമീപനമാണ് യു.ഡി.എഫ്. സ്വീകരിക്കുന്നത്. പക്ഷേ, കേരളത്തിലെ ജനങ്ങൾ ബഹുഭൂരിപക്ഷവും ഈ ഗവൺമെന്റിനോടൊപ്പമാണ് നിലപാട് സ്വീകരിക്കുന്നതെന്ന് കാണാൻ സാധിക്കും. ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു പ്രവർത്തനമാണ് ഈ ഗവൺമെന്റ് നടപ്പാക്കുന്നത്. തെരഞ്ഞെടുപ്പ് കാലത്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളെല്ലാം ഘട്ടംഘട്ടമായി നടപ്പാക്കുന്ന ഒരു ഗവൺമെന്റ് തന്നെയാണ് ഇവിടെയുള്ളത്. സർക്കാർ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഇ-ഫയലിംഗ് സംവിധാനം കൊണ്ടുവന്നു. ആ സംവിധാനത്തോടുകൂടി എത്രയും വേഗത്തിലും സുതാര്യമായും ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ആധുനിക പദ്ധതിയാണ് ഈ ഗവൺമെന്റ് നടപ്പാക്കുന്നതെന്ന് നമുക്ക് കാണാൻ സാധിച്ചു. അതുപോലെതന്നെയാണ് കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമവും അവരുടെ വിദ്യാഭ്യാസവും സംബന്ധിച്ച പദ്ധതിയും. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് കോവിഡ് കാലത്ത് പഠനം നടത്താൻ സാധിക്കുന്നില്ലായിരുന്നു. അതിനുവേണ്ടി ഈ ഗവൺമെന്റ് വലിയ രീതിയിലുള്ള വിദ്യാഭ്യാസ പദ്ധതിയാണ് കേരളത്തിൽ

നടപ്പാക്കിയതെന്ന് നമുക്ക് കാണാൻ സാധിക്കും. ഓൺലൈൻ വിദ്യാഭ്യാസ പദ്ധതി നടപ്പാക്കിയ അവസരത്തിൽ പട്ടികവർഗ്ഗ മേഖലയിലെ കുട്ടികൾ വലിയ പ്രതിസന്ധി നേരിട്ടിരുന്നു. അവർക്കൊന്നും ലാപ്ടോപ്പോ ഫോണോ ഉണ്ടായിരുന്നില്ല. പക്ഷേ കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് മുഴുവനും സ്മാർട്ട് ഫോണും ലാപ്ടോപ്പും ലഭ്യമാക്കിക്കൊണ്ട് അവരുടെ വിദ്യാഭ്യാസ പുരോഗതിക്ക് ആക്കം കൂട്ടുന്നതിനുവേണ്ടി ഈ ഗവൺമെന്റ് നടപടി എടുത്തതായി നമുക്ക് കാണാൻ സാധിക്കും. പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിലെ ഓരോ കുടുംബത്തിനും തൊഴിലും വരുമാനവും ഉറപ്പാക്കുക എന്നുള്ള നിശ്ചയദാർഢ്യം ഉള്ളതായും കാണാൻ സാധിക്കും. അതിന്റെ ഭാഗമായി പോലീസ് വകുപ്പിലും എക്സൈസ് വകുപ്പിലും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലുമൊക്കെത്തന്നെ അർഹരായ പട്ടികവർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമവും നടത്തുകയുണ്ടായി. കേരളത്തിലെ പട്ടികവർഗ്ഗ ഹോസ്റ്റലുകളൊക്കെത്തന്നെ നവീകരിച്ച് ഏറ്റവും നല്ല വിദ്യാഭ്യാസ സാഹചര്യം ഒരുക്കുന്നതിനും ഈ ഗവൺമെന്റിന് കഴിയുന്നു എന്നുള്ളതും പട്ടികവർഗ്ഗ വിഭാഗക്കാരോടുള്ള ഈ ഗവൺമെന്റിന്റെ ആത്മാർത്ഥമായ ഒരു സമീപനമായി കാണാൻ സാധിക്കും.

ഇങ്ങനെയുള്ള വലിയ വികസന മുന്നേറ്റവും ദീർഘവീക്ഷണവും ഈ ഗവൺമെന്റ് നടപ്പാക്കുകയാണ്. എനിക്ക് ഇവിടെ എടുത്തുപറയാനുള്ള മറ്റൊരു കാര്യം, ഇന്ത്യയിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും കേന്ദ്ര ഗവൺമെന്റ് സ്വകാര്യമേഖലയ്ക്കും സാമ്രാജ്യത്വ മുതലാളികൾക്കും വിറ്റുകൊണ്ടേയിരിക്കുന്നുവെന്നതാണ്. ഇന്ത്യാ രാജ്യത്തെപ്പോലും വിൽക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ഇവിടെ തയ്യാറായി നിൽക്കുന്നു എന്നുള്ളതാണ് ഒരു യഥാർത്ഥ വസ്തുത. കേന്ദ്രത്തിൽ ഇത്തരം കാര്യങ്ങൾ അരങ്ങേറുമ്പോൾ ഇതിനെതിരെ ഒരക്ഷരം ഉരിയാടാൻ കേരളത്തിലെ യു.ഡി.എഫ്.-ന് സാധിക്കുന്നില്ല. അതിനുപകരം കേരളത്തിൽ ജനക്ഷേമ പദ്ധതികൾ നടപ്പാക്കുന്ന ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്താൻ വേണ്ടിയാണ് കേരളത്തിലെ യു.ഡി.എഫ്. തയ്യാറാവുന്നതെന്നുള്ള വ്യത്യസ്ത സമീപനം നമുക്ക് പരിശോധിക്കാതിരിക്കാൻ സാധിക്കില്ല. കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമ പദ്ധതികൾക്കുവേണ്ടി എല്ലാ വർഷവും കേന്ദ്ര ഗവൺമെന്റ് ഒരു നിശ്ചിത തുക നീക്കിവയ്ക്കാറുണ്ട്. പക്ഷേ ഓരോ വർഷം കഴിയുന്തോറും പട്ടികവർഗ്ഗക്കാർക്കുള്ള ഫണ്ട് ഗണ്യമായി വെട്ടി കുറയ്ക്കുകയാണ്. എല്ലാവർക്കും തൊഴിലും വരുമാനവും

ലഭ്യമാക്കുന്നതിനുവേണ്ടി തൊഴിലുറപ്പു പദ്ധതി ഈ രാജ്യത്ത് നടപ്പാക്കുന്നുണ്ട്. പക്ഷേ കേരളത്തിലെ കുടുംബങ്ങൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതി പടിപടിയായി ഇല്ലാതാക്കുന്നതിനുവേണ്ടി തൊഴിലുറപ്പ് പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം വെട്ടികുറയ്ക്കുന്ന നടപടിയും കേന്ദ്ര ഗവൺമെന്റ് തുടരുകയാണ്. ഇത്തരം കാര്യങ്ങൾക്കെതിരെയും കേരളത്തിലെ പ്രതിപക്ഷത്തിന് അല്ലെങ്കിൽ യു.ഡി.എഫ്.-ന് ഒന്നും പറയാൻ സാധിക്കുന്നില്ല. യഥാർത്ഥത്തിൽ കേരളത്തിലെ ഈ വികസന മുന്നേറ്റത്തിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത് കേരളത്തിൽ ഒരിക്കൽപോലും അധികാരത്തിൽ വരാൻ യു.ഡി.എഫ്.-ന് സാധിക്കില്ലായെന്നാണ്. ആ യാഥാർഥ്യബോധത്തിൽ നിന്ന് ഒളിച്ചോടുന്ന ഒരു പ്രതിപക്ഷത്തെയാണ് നമുക്ക് ഇവിടെ കാണാൻ സാധിക്കുന്നത്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട് ചില വിഷയങ്ങളും കുത്തിത്തിരിപ്പുകളും ഉണ്ടാക്കുന്നതിനുവേണ്ടി ബോധപൂർവ്വമായ ശ്രമമാണ് ഇവിടെ യു.ഡി.എഫ്. നടത്തുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും. ഇവിടെ പറയുന്ന മറ്റൊരു കാര്യം നമ്മുടെ സംസ്ഥാനം വലിയ കടത്തിലാണെന്നാണ്. യാഥാർത്ഥ്യം എന്താണ്? യു.ഡി.എഫ്.

ഗവൺമെന്റിന്റെ കാലത്ത് ഒരു കോടി പതിനെട്ടുലക്ഷത്തി അൻപത് കോടി രൂപ കടമെടുക്കുന്നതിനാണ് തയ്യാറായത്. പക്ഷേ ഇന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് മുപ്പത്തിമൂന്നായിരത്തി എഴുനൂറ് കോടി രൂപ മാത്രം കടമെടുക്കുന്നതിനുവേണ്ടിയാണ് തയ്യാറായിട്ടുള്ളത്. ഈ യാഥാർത്ഥ്യം മറച്ചുവച്ചുകൊണ്ടാണ് കേരളം കടത്തിലാണെന്നും കേരളത്തെ വിൽക്കാൻ പോകുകയാണെന്നുമുള്ള ചർച്ചകൾ നടക്കുന്നത്. യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി പോകാൻ സാധിക്കണം. ഞാൻ നേരത്തെ പറഞ്ഞതുപ്പോലെ, കേന്ദ്ര ഗവൺമെന്റ് ഇന്ത്യയെ വിൽക്കുവാൻ വേണ്ടി പോകുന്ന, ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളെ മൊത്തത്തിൽ വിൽക്കാൻ വേണ്ടി ശ്രമിക്കുന്ന, ഈ കാര്യങ്ങളൊന്നും ഇവിടെ പരാമർശിക്കുന്നതായി നമുക്ക് കാണാൻ സാധിക്കുന്നില്ല. അതുപോലെ ഇന്ധനവിലയെ സംബന്ധിച്ച് എന്തെങ്കിലും ചർച്ച ഇവിടെ നടക്കുന്നുണ്ടോ? കേന്ദ്ര ഗവൺമെന്റ് ഡീസലിനും പെട്രോളിനും വലിയ രീതിയിലുള്ള വില വർദ്ധനവാണ് നടത്തുന്നത്. ഈ രീതിയിലാണ് ഡീസലിനും പെട്രോളിനും വില വർദ്ധിക്കുന്നതെങ്കിൽ ഏറെക്കാലം കേരളത്തിന് മുന്നോട്ടുപോകുവാൻ സാധിക്കില്ലായെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഇലക്ട്രിക്

വാഹനങ്ങൾ വാങ്ങുന്നതിനുവേണ്ടി കേരള ഗവൺമെന്റ് തയ്യാറാകുന്നത്. ആരോഗ്യ മേഖലയിൽ നടപ്പിലാക്കുന്ന ആർദ്രം പദ്ധതി കേരള ഗവൺമെന്റിന്റെ ദീർഘവീക്ഷണത്തിന് ഉദാഹരണമാണ്. അതിവേഗ റെയിൽ സംബന്ധിച്ച് ഗവൺമെന്റ് കൃത്യമായുള്ള കാഴ്ചപ്പാട് കേരളത്തിലെ ജനങ്ങളോട് പറഞ്ഞിട്ടുണ്ട്. ജനങ്ങൾക്കാർക്കും ഈ സംവിധാനത്തോട് യാതൊരു എതിർപ്പുമില്ല. പക്ഷേ ചില വ്യക്തികൾമാത്രമാണ് ഈ പദ്ധതിയോട് എതിർപ്പ് പ്രകടിപ്പിക്കുന്നതായി നമുക്ക് കാണാൻ സാധിക്കും. കേന്ദ്ര ഗവൺമെന്റിന്റെ മറ്റൊരു അജണ്ട കേരളത്തിലെ സഹകരണ മേഖലയെ തകർക്കുക എന്നുള്ളതാണ്. കേരളത്തിലെ സഹകരണ മേഖലയെ തകർക്കുന്നതിന് ബോധപൂർവ്വമായ ശ്രമമാണ് കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ സഹകരണമേഖല സംസ്ഥാനത്തിന് നൽകിയിട്ടുള്ള സംഭാവന, ക്ഷേമ പദ്ധതികൾ, വികസന മുന്നേറ്റങ്ങൾ എന്നിവ വളരെ വലുതാണെന്ന് നമുക്ക് കാണാൻ സാധിക്കും. രാഷ്ട്രീയപരമായി കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെ തകർക്കുകയെന്നുള്ള ഗൂഢാലോചന കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചുവരുന്നു. പക്ഷേ ഇത്തരം കാര്യങ്ങൾക്കെതിരെയും ഇവിടെ

പ്രതിപക്ഷത്തിന് യാതൊരു തരത്തിലുള്ള ന്യായീകരണവും ഇല്ലായെന്നുള്ളത് നമുക്ക് പരിശോധിക്കുമ്പോൾ കാണാൻ സാധിക്കും. നേരത്തെ സൂചിപ്പിച്ചതുപ്പോലെ, രാജ്യത്തിന്റെ ജനാധിപത്യവും മതേതരത്വവും വളരെ ദൃഢമായി കാത്തുസൂക്ഷിക്കുന്നതിനും കേരളത്തിലെ എല്ലാം ജനവിഭാഗങ്ങളെയും ഒന്നിച്ചുനിർത്തുന്നതിനും ഈ ഗവൺമെന്റ് തയ്യാറെടുക്കുമ്പോൾ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ സമീപനമെന്താണ്. യു.ഡി.എഫ്. നേതാക്കന്മാർതന്നെ മൃദു ഹിന്ദുത്വ സമീപനം സ്വീകരിച്ചുകൊണ്ട് ബി.ജെ.പി.-ക്കൊപ്പം ചേരുന്ന നിലപാടാണ് സ്വീകരിച്ചുവരുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും. ഈ യാഥാർത്ഥ്യങ്ങൾ തിരിച്ചറിയാതെ പോകാൻ സാധിക്കില്ല. ജനാധിപത്യ വിരുദ്ധമായിട്ടുള്ള ചില പ്രക്രിയകൾ പാർലമെന്റിൽ നടക്കുന്നുണ്ട്. കഴിഞ്ഞ ബി.ജെ.പി. ഗവൺമെന്റിന്റെ കാലത്ത്, ഇരുപതോളം ബില്ലുകൾ യാതൊരു തരത്തിലുമുള്ള ചർച്ചയോ, വോട്ടെടുപ്പോ ഇല്ലാതെ ഏകപക്ഷീയമായി പാർലമെന്റിൽ പാസ്സാക്കുകയാണ് ചെയ്തത്. ഇതിനെതിരെ പ്രതികരിക്കണ്ടേ; ആരാണ് പ്രതികരിക്കേണ്ടത്? അത്തരം കാര്യങ്ങളെ സംബന്ധിച്ച് യാതൊരു പ്രതികരണവുമില്ലെന്ന് കാണാൻ സാധിക്കും. എല്ലാ

രീതിയിലും കേരളത്തെ കുറ്റപ്പെടുത്തുകയും കേന്ദ്രത്തിന്റെ ദുഷ്ചെയ്തികൾക്കെതിരെ ചെറുവിരൽപ്പോലും അനക്കാത്ത സമീപനവുമാണ് കേരളത്തിലെ പ്രതിപക്ഷവും യു.ഡി.എഫും സ്വീകരിക്കുന്നത്. ഈ അവസരത്തിൽ കേരള ഗവൺമെന്റിന്റെ പൊതുസമീപനവും പൊതുകാഴ്ചപ്പാടും ദീർഘവീക്ഷണവും വികസന പ്രവർത്തനങ്ങളും തുടർന്നും മുന്നോട്ടുകൊണ്ടുപോകുവാൻ നമുക്കെല്ലാവർക്കും ഒത്തൊരുമിച്ച് നീങ്ങേണ്ടതുണ്ട്.

മി. ചെയർമാൻ: സമയം കഴിഞ്ഞു, ദയവായി അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. ഒ. ആർ. കേളു: കോവിഡിന്റെയും പ്രകൃതി ദുരന്തത്തിന്റെയും പശ്ചാത്തലത്തിലാണ് നമ്മൾ നിൽക്കുന്നത്. എല്ലാവരും ഒന്നിച്ചുനിന്നാൽ മാത്രമേ കേരളത്തെ ദീർഘകാലം മുന്നോട്ടുനയിക്കാൻ സാധിക്കുകയുള്ളൂവെന്ന യാഥാർത്ഥ്യബോധത്തോടുകൂടി നമുക്ക് മുന്നേറാൻ കഴിയണമെന്ന് സൂചിപ്പിച്ചുകൊണ്ട്, ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, കേരള ഗവർണർ ഈ സഭയിൽ

നടത്തിയ നയപ്രഖ്യാപനവും ആദരണീയനായ ടി. പി. രാമകൃഷ്ണൻ നടത്തിയ പ്രമേയാവതരണവും ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. എനിക്ക് മുൻപ് സംസാരിച്ച യു.ഡി.എഫ്. അംഗം ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞ ഒരു വാക്ക് എന്റെ ഹൃദയത്തെ വളരെയേറെ സ്പർശിച്ചു. അദ്ദേഹം പറഞ്ഞു, കേരള ഗവൺമെന്റിന്റെ കയ്യിലുള്ളത് ഓട്ടക്കീശയും അതുപോലെ ഒന്നുമില്ലാത്ത ഒരു ഖജനാവുമാണെന്നാണ്. അപ്പോൾ എന്റെ ചിന്ത കടന്നുപോയത്, ഞങ്ങളൊക്കെ വിശ്വസിക്കുന്ന കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അരികിൽ ഒരുപാട് പേർ പ്രസംഗം കേൾക്കാൻ വന്നു. അപ്പോൾ അവർ നിർജനപ്രദേശത്താണ് നിന്നിരുന്നത്. അവിടെ അവർ വളരെയേറെ ബുദ്ധിമുട്ടിലായിരുന്നു, കാരണം അവർക്ക് ഭക്ഷണമില്ല. ഉടൻതന്നെ അവിടെയുള്ള ഒരു ശിഷ്യൻ വന്ന് കർത്താവിനോടുപറഞ്ഞു, ഇവിടെയുള്ള ഒരു പയ്യന്റെ കയ്യിൽ അഞ്ച് അപ്പവും രണ്ട് മീനുമുണ്ടെന്ന്. അപ്പോൾ കർത്താവ് അത് കൊണ്ടുവരാൻ പറഞ്ഞു. അത് കൊണ്ടുവന്നു, സ്വർഗ്ഗത്തിലേയ്ക്ക് നോക്കി വാഴ്ത്തി, അയ്യായിരത്തിലധികം പുരുഷന്മാരും അതിലധികം സ്ത്രീകളും കുഞ്ഞുങ്ങളുമുൾപ്പെടെ ഏകദേശം പത്ത് മുപ്പതിനായിരം പേർ അത് കഴിച്ചെന്നാണ്

വേദപുസ്തകത്തിലെഴുതിയിരിക്കുന്നത്. എനിക്ക് തോന്നുന്നത്, ആദരണീയനായ മുഖ്യമന്ത്രി പിണറായി വിജയനോട് സഖാവേ, ദൈവത്തിൽ വിശ്വാസമുണ്ടോയെന്ന് ചോദിച്ചാൽ അദ്ദേഹം ചിരിച്ചു കാണിക്കും, കാരണം ഉണ്ടെന്നോ ഇല്ലെന്നോ പറയാറില്ല. പക്ഷെ സഖാവ് പിണറായി വിജയനെ വിശ്വാസമുണ്ടോയെന്ന് ദൈവത്തോട് ചോദിക്കുകയാണെങ്കിൽ ദൈവം പറയും 'എനിക്ക് വിശ്വാസമുള്ളതുകൊണ്ടാണ് തുടർഭരണം ഞാൻ അദ്ദേഹത്തിന്റെ കരങ്ങളിൽ ഏൽപ്പിച്ചതെന്ന് '. അതുകൊണ്ട് ഈ ഉള്ള അവസ്ഥയിൽനിന്ന് ഒന്ന് മുകളിലേയ്ക്ക് നോക്കി എന്തെങ്കിലുമൊക്കെ ഒരു മാജിക്ക് കാണിക്കാൻ കഴിവുള്ള ഏക വ്യക്തി ഇന്ന് കേരളത്തിലുണ്ടെങ്കിൽ അത് സഖാവ് പിണറായി വിജയൻ തന്നെയാണെന്നുള്ള കാര്യത്തിൽ എനിക്ക് ഒരു സംശയവുമില്ല. അതുകൊണ്ട് തീർച്ചയായും നിങ്ങൾ ഭാരപ്പെടേണ്ട യു.ഡി.എഫ്. പ്രവർത്തകരേ. എന്തെങ്കിലുമൊക്കെ കാണിക്കും, അതിനാണ് കിഫ്ബിയും മറ്റ് പല പദ്ധതികളും അദ്ദേഹം കൊണ്ടുവന്നിരിക്കുന്നത്. തീർച്ചയായും നല്ല രീതിയിൽ കാര്യങ്ങൾ മുന്നോട്ടുപോകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എന്റെ പ്രദേശം കുട്ടനാടാണ്. കുട്ടനാടെന്നുപറയുമ്പോൾ ഇവരെല്ലാം എന്നെ കളിയാക്കും, എഴുന്നേറ്റുനിന്നാൽ കുട്ടനാട് പറയാതെ പോകില്ല എന്ന്. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക, ക്ഷേമപ്രവർത്തനം നല്ല രീതിയിലാക്കുക, പൊതുവിദ്യാഭ്യാസം, ആരോഗ്യരംഗം തുടങ്ങി മുഴുവൻ മേഖലകളിലും സമാനതകളില്ലാത്ത വളർച്ച കൈവരിച്ചുകൊണ്ടിരിക്കുന്ന ഒരു സർക്കാരാണ് എന്റെ സർക്കാർ. വളരെ ദീർഘവീക്ഷണത്തോടുകൂടിയുള്ള നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയിട്ടുള്ളത്. കേരളത്തിലെ മുഴുവൻ ജനങ്ങളും രണ്ട് കയ്യുംനീട്ടി അത് സ്വീകരിച്ചിരിക്കുകയാണ്. എനിക്ക് യു.ഡി.എഫ്.-കാരോടുള്ള വിഷമം എന്താണെന്നു ചോദിച്ചാൽ അവർ അവരുടെ ഭരണകാലത്ത് ഒരുമാതിരിപ്പെട്ട കാര്യങ്ങളൊക്കെ അവരുടെ മണ്ഡലത്തിൽ നടത്തിയിട്ടുണ്ട്. ഞങ്ങൾക്ക്, കുട്ടനാട്ടുകാർക്ക് പറ്റിയത്, എൽ.ഡി.എഫ്.-ലാണ് വരുന്നതെങ്കിൽ യു.ഡി.എഫ്. ആയിരിക്കും ഭരിക്കുന്നത്. യു.ഡി.എഫ്.-ലാണ് വരുന്നതെങ്കിൽ എൽ.ഡി.എഫ്. ഭരിക്കും. ഇവർ അങ്ങോട്ടും ഇങ്ങോട്ടും പാവപ്പെട്ട തോമസ് ചാണ്ടിയെ തട്ടിയതല്ലാതെ ഒന്നും കൊടുത്തില്ല. എന്തെങ്കിലുമൊന്ന് കിട്ടാൻ തുടങ്ങിയിട്ട് ആറ് വർഷമേ ആയിട്ടുള്ളൂ. അതും കിഫ്ബി വന്നതുകൊണ്ടുമാത്രമാണ്. അതിനുശേഷം

പാലങ്ങൾ വന്നു, റോഡുകൾ വന്നു, നല്ല നല്ല സ്കൂളുകൾ വന്നു, സംവിധാനങ്ങളെല്ലാം ഒരുങ്ങിവന്നത് ഈ സമയത്താണ്. ഈ സമയത്ത് ഇവരെ സംബന്ധിച്ച് പണ്ടത്തെ ഒരു പഴമൊഴിയുണ്ട്, 'ഉണ്ണാത്തവന് ഇല കിട്ടാഞ്ഞിട്ട്, ഉണ്ടവന് പായ കിട്ടാഞ്ഞിട്ട്' എന്നുപറയുന്നതുപോലെ ഇവരെല്ലാം ഒരുമാതിരി നല്ലരീതിയിൽ ആയിരിക്കുകയാണ്. അതുകൊണ്ട് ദൈവത്തെയോർത്ത് പ്രശ്നങ്ങളൊന്നും സൃഷ്ടിക്കരുത്, നല്ല രീതിയിൽ കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഞങ്ങൾക്ക് കിട്ടാനുള്ളതൊന്ന് മേടിച്ചെടുത്തുകൊണ്ട് ഈ വെള്ളത്തിൽ കിടക്കുന്ന പാവപ്പെട്ട കുട്ടനാട്ടുകാർ ഒന്ന് രക്ഷപ്പെട്ടോട്ടെ. അതുകൊണ്ട് ഞങ്ങളെയൊന്ന് സഹായിക്കണം. ആകെ ഈ നാലര വർഷമേയുള്ളൂ ഞങ്ങൾക്ക് ഇത് കിട്ടിയിരിക്കുന്നത്. ഈ സമയംകൊണ്ട് എന്തെങ്കിലുമൊക്കെ ഒന്ന് നേടിയെടുക്കണം.

വികസന കാര്യങ്ങളാണ് ഞങ്ങളുടെ പ്രധാന ലക്ഷ്യം. കേരളം എന്നുപറയുന്നത് ഇന്ത്യയ്ക്ക് മാതൃകയാണ്. ഇപ്പോൾ ഇവരുടെ എല്ലാവരുടെയും വിഷമം കെ-റെയിൽ ആണ്. ഇവർ ചോദിച്ചു, എങ്ങനെ വരും എങ്ങനെ വരില്ല എന്നൊക്കെ. എങ്ങനെയെങ്കിലും കൊണ്ടുവരും. ഞാൻ പറഞ്ഞതുപോലെ മുകളിലേയ്ക്ക് നോക്കി അപ്പവും മീനും കൊടുത്തപ്പോൾ

ഇത്രയും പേർക്ക് നിറഞ്ഞെങ്കിൽ വളരെ നല്ല രീതിയിൽതന്നെ കെ-റെയിൽ കൊണ്ടുവരും, ഒരു സംശയവും വേണ്ട. സഖാവ് പിണറായി വിജയന്റെ പുറകിൽ പ്രാർത്ഥിക്കുന്ന ഒരുപാട് പേരുണ്ട്, ഒരു സംശയവും അക്കാര്യത്തിലില്ല. കാരണം അദ്ദേഹത്തെ സ്നേഹിക്കുന്നവരും ബഹുമാനിക്കുന്നവരുമായി ഒത്തിരിപേരുണ്ട്. അതുകൊണ്ട് നല്ല രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ കേരളത്തിൽ നടക്കും എന്നുള്ള കാര്യത്തിൽ ഒരു സംശയവും ഞങ്ങൾക്കില്ല.

പ്രകൃതി ദുരന്തങ്ങൾ ഓരോന്നായി വന്നു. നമുക്കറിയാം, 2019-ലെ അതിശക്തമായ വെള്ളപ്പൊക്കം, അതിനുശേഷം വന്ന വെള്ളപ്പൊക്കം. വളരെയധികം പ്രതിസന്ധികളിലൂടെ കടന്നുപോയവരാണ് നമ്മളെല്ലാവരും. അതിനെയൊന്നും അതിജീവിക്കാനുള്ള കഴിവ് നമുക്കില്ല, പക്ഷെ അതിജീവിച്ചു. നമ്മളെ സംബന്ധിച്ച് അതൊരു വലിയ പ്രത്യേകതയാണ്. കാരണം പ്രതിസന്ധികളെയും പ്രതികൂല സാഹചര്യങ്ങളെയും അതിജീവിച്ചുകൊണ്ടുതന്നെയാണ് നമ്മൾ മുന്നോട്ടുപോകുന്നത്. അതിന് കരുത്തുള്ള ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഇവിടെ ഞങ്ങൾക്ക് കമ്മീഷൻ ഒന്നുമില്ല. ഞങ്ങൾ നല്ലരീതിയിൽ

പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരാണ്. ഞങ്ങൾക്ക് കിട്ടുന്ന പണം അതുപോലെ ജനങ്ങളുടെ അടുത്ത് എത്തുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ട് നല്ല രീതിയിൽ ഒരു ഭരണം ഞങ്ങൾ കാഴ്ചവയ്ക്കുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട, അതിന്റെ പ്രയോജനം നിങ്ങൾക്കും കിട്ടും. നിങ്ങൾ വലിയ മനസ്സോടുകൂടിയൊന്നുമല്ല എതിർക്കുന്നതെന്ന് ഞങ്ങൾക്കറിയാം. ഇത് നിങ്ങളുടെയൊരു പ്രക്രിയയായതുകൊണ്ട് ചെയ്യുന്നെന്നേയുള്ളൂ. എനിക്ക് പറയാനുള്ളത്, ലൈഫ് മിഷനിലൂടെ ലക്ഷക്കണക്കിന് ഭവനങ്ങൾ... ഭവനം ഇല്ലാത്ത വീട്ടിൽ ചെന്നാലേ അവരുടെ ബുദ്ധിമുട്ട് മനസ്സിലാകുകയുള്ളൂ. നല്ല സാമ്പത്തിക ഭദ്രതയുള്ളവരുടെ വീട്ടിൽ ചെന്നുകഴിഞ്ഞാൽ അവരുടെ അവസ്ഥയൊക്കെ ശ്രേഷ്ഠമായിരിക്കും. പക്ഷെ കുട്ടനാട്ടിലെ കൈനകരിയും കാവാലവും തകഴിയുമൊക്കെ ഒന്ന് സന്ദർശിച്ച് നോക്കണം, ആറ് മാസമായി വെള്ളത്തിൽ കിടക്കുകയാണ്. മൂന്ന് പാടശേഖരങ്ങൾ ഇന്നും... മൂന്ന് വർഷമായിട്ട് 650 കുടുംബങ്ങൾ വെള്ളത്തിലാണ്. രക്ഷപ്പെടുത്താൻ നോക്കുംതോറും അവർ വെള്ളത്തിൽ താഴ്ന്നുപോയ്ക്കൊണ്ടിരിക്കുകയാണ്. ഇവരെയൊക്കെ സഹായിക്കണമെങ്കിൽ ഇതേയുള്ളൂ നല്ലൊരു അവസരം.

അതുകൊണ്ട് തീർച്ചയായിട്ടും ഈ നയപ്രഖ്യാപനവും അതിനുള്ള സംവിധാനവും ഈ ഗവൺമെന്റും പൂർണ്ണമായിട്ടും കുട്ടനാട്ടുകാരെ പിന്തുണയ്ക്കുന്നതാണ്.

കാർഷിക മേഖല, തീർച്ചയായിട്ടും വളരെ ശക്തനായ ഒരു മന്ത്രിയാണ് ഞങ്ങൾക്കുള്ളത്. എനിക്ക് തോന്നുന്നത് കുട്ടനാട്ടിൽതന്നെ മിനിമം ഒരു പത്ത് പ്രാവശ്യം അദ്ദേഹം വന്നിട്ടുണ്ട്. എന്ത് വിഷയങ്ങൾ പറഞ്ഞാലും അതിനകത്ത് ഇടപെടുകയും വളരെ നല്ല രീതിയിൽ കാര്യങ്ങൾ പരിഹരിക്കുകയും ചെയ്യുന്ന ഒരു കൃഷിവകുപ്പുമന്ത്രി ഞങ്ങൾക്കുണ്ട്. തരിശായിട്ടുള്ള നിലങ്ങൾക്ക് തീർച്ചയായിട്ടും അതിന്റേതായ സംവിധാനങ്ങൾ ചെയ്യുന്നുണ്ട്. എപ്പോഴും നല്ല രീതിയിൽ പ്രവർത്തിക്കുന്ന... എല്ലാ മന്ത്രിമാരും വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നവരാണ്. ഞാൻ എപ്പോഴും പറയും സമാനതകളില്ലാത്ത ഒരു മന്ത്രിയാണ് ശ്രീ. കെ. രാജൻ എന്ന്. അക്കാര്യത്തിൽ ഒരു സംശയവുമില്ല. റവന്യൂ മന്ത്രിയുടെ ഒരു പ്രത്യേകത പറഞ്ഞറിയിക്കാൻ സാധിക്കില്ല. എന്ത് വിഷയത്തിന് വിളിച്ചാലും ഫോൺ എടുക്കുകയും അതിന് മറുപടി തരികയും... മറ്റ് മന്ത്രിമാർ എടുക്കില്ലെന്ന് ഞാൻ പ്രസംഗിച്ചിട്ടില്ല, എല്ലാവരും എടുക്കുന്നുണ്ട്,

അതുകൊണ്ട് ഇനി അതേക്കുറിച്ച് ഒരു വിവാദം ഉണ്ടാക്കരുത്. എന്റെ മന്ത്രിയും ചിരിക്കുന്നുണ്ട്, കാരണം അദ്ദേഹവും ഇക്കാര്യത്തിന് വിളിച്ചാൽ ഫോൺ എടുക്കും, പക്ഷെ ഒത്തിരി നേരം സംസാരിക്കില്ല എന്നേയുള്ളൂ, ഒരു മിനിറ്റാണ് പുള്ളിയുടെ മാക്സിമം സമയം. അത് കഴിഞ്ഞാൽ ഇങ്ങ് പോരാൻ പറയും, കുട്ടനാട്ടിലാണെന്ന് പറയുമ്പോൾ പറയും തിരുവനന്തപുരത്ത് വരാൻ. എന്തായാലും വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു മന്ത്രി.... (ബഹളം) അത് സാരമില്ല. ഞങ്ങൾ തീർത്തോളാം, അങ്ങ് അതിനകത്ത് വേവലാതിപ്പെടണ്ട. അതിനകത്ത് പാരവച്ചിട്ട് പ്രശ്നം സൃഷ്ടിക്കേണ്ട, അതിന്റെ സിസ്റ്റം അനുസരിച്ച് അത് പൊയ്ക്കൊട്ടേ. ഞാൻ ഒന്ന് പറഞ്ഞ് തീർത്തോട്ടെ, അതിനിടയ്ക്ക് കയറി, എന്റെ വിനോദേ, എറണാകുളത്ത് വലിയ കുഴപ്പമൊന്നുമില്ല, അങ്ങയുടെ മണ്ഡലം വളരെ ശക്തമാണ്. വളരെ നല്ല കാര്യം. അതുകൊണ്ട് കാർഷികമന്ത്രിയായാലും റവന്യൂ മന്ത്രിയായാലും പൊതുമരാമത്ത് മന്ത്രിയായാലും മറ്റുള്ള മന്ത്രിമാരായാലും..... അത് വ്യവസായ മന്ത്രി ആലപ്പുഴ വന്നപ്പോൾ പറഞ്ഞു, ആകെ പ്രശ്നമില്ലാത്ത ഒരു സ്ഥലം കുട്ടനാടാണ് എന്ന്. അപ്പോൾ ഞാൻ പറഞ്ഞു, ഒരു വ്യവസായവുമില്ലാത്ത സ്ഥലം കുട്ടനാടാണ്, അതുകൊണ്ട് അവിടെ ഒരു പ്രശ്നവുമില്ലായെന്ന്.

അതുകൊണ്ട് അദ്ദേഹം ഒരു ഉപകാരം ചെയ്തു, ആർ ബ്ലോക്ക് പ്രത്യേകമായി മാറ്റിയിട്ട് അവിടെ വ്യവസായം തുടങ്ങാനുള്ള സംവിധാനം ചെയ്തിട്ടുണ്ട്. അതുകൊണ്ട് വ്യവസായ മന്ത്രിയോട് തീർച്ചയായും വളരെയധികം സ്നേഹവും ബഹുമാനവുമുണ്ട്. വളരെ നല്ല രീതിയിൽ കുട്ടനാടിനെ അദ്ദേഹം സഹായിക്കും. തകഴി റൈസ് മിൽ അദ്ദേഹത്തിന്റെ ശ്രദ്ധയിലുണ്ട്. അതുപോലെതന്നെ നീലംപേരൂരുമുണ്ട് മറ്റൊരു റൈസ് മിൽ. വളരെ നല്ല രീതിയിൽ കാര്യങ്ങളൊക്കെ ചെയ്തുതരുന്നുണ്ട്.

അടിസ്ഥാന സൗകര്യം ഏറ്റവും കൂടുതൽ വികസിക്കേണ്ട സ്ഥലം എന്റെ പ്രദേശമാണ്. വളരെ നല്ല രീതിയിലുള്ള ഒരു പ്രവർത്തന ശൈലി ഉണ്ടാകണം. അതുകൊണ്ട് എല്ലാ രീതിയിലുമുള്ള ഒരു പിന്തുണ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. സമയം കുറവാണെന്ന് എനിക്കറിയാം, എന്നാലും ഒരു കാര്യം പറയാതിരിക്കാൻ സാധിക്കില്ല, കേരളത്തിൽ ഏറ്റവും കൂടുതൽ ക്യാൻസർ രോഗികളുള്ളത് കുട്ടനാട്ടിലാണ്. അതുപോലെതന്നെ ഏറ്റവും നല്ല ടൂറിസ്റ്റ് സംവിധാനമുള്ളതും കുട്ടനാട്ടിലാണ്. കാരണം, 110 പേർ ഒന്നിച്ച് ഒരു വള്ളത്തിൽ തുഴയുന്ന ഏക സ്പോർട്സ് ഉള്ള സ്ഥലമാണ് കുട്ടനാട് അല്ലെങ്കിൽ ആലപ്പുഴ. അതുപോലെയുള്ള വേറൊരു

സംഭവവുമില്ല. അവരെ സംബന്ധിച്ച് ഈ കാലഘട്ടത്തിൽ...

മി. ചെയർമാൻ: പ്ലീസ്.

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ സമയത്ത് ഒന്ന് പറഞ്ഞോട്ടെ, ഏതായാലും ഇവിടെ ഒരു മനുഷ്യനും കേൾക്കാനില്ല, എല്ലാവരും ചോറുണ്ണാൻ പോയിരിക്കുകയാണ്. ഞങ്ങളൊക്കെ പ്രസംഗിക്കുമ്പോൾ സാധാരണ ആരും കേൾക്കാൻപോലും വരാറില്ല. അതുകൊണ്ട് ഒന്നുരണ്ട് മിനിറ്റ് കൂടി അങ്ങ് തന്നാൽ മതി, കുഴപ്പമില്ല. കാരണം ഈ ചുണ്ടൻ വള്ളങ്ങളും വെപ്പ് വള്ളങ്ങളും ചുരുളൻ വള്ളങ്ങളും സംരക്ഷിക്കാനാവശ്യമായ ധനസഹായം അവർക്ക് നൽകണം. അതിലുപരിയായി കൃഷിമേഖല നല്ല രീതിയിൽ മെച്ചപ്പെടുത്തിയെടുക്കാനുള്ള ഒരു സംവിധാനമുണ്ടാകണം. കൂടാതെ ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ ആകർഷിക്കപ്പെടുന്ന സ്ഥലമാണ്. ഹൗസ് ബോട്ടുകളുടെ പരിചരണം... ഇപ്പോൾ ഒരുമാതിരി increase ചെയ്തുവരികയാണ്. തീർച്ചയായിട്ടും ഈ മാർച്ചോടുകൂടി കോവിഡിന്റെ പ്രശ്നമൊക്കെ തീരും, ഒരു സംശയവുമില്ല. ഇപ്പോൾതന്നെ കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. തോമസ് കെ. തോമസ്: സർ, തീർച്ചയായിട്ടും നല്ല രീതിയിലുള്ള

ഒരു പ്രവർത്തനശൈലി ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ട്. അതുകൊണ്ട് ഈ നയപ്രഖ്യാപനത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയും അതോടൊപ്പം എന്റെ ദേശത്തോട് മനസ്സലിവ് കാണിക്കണമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു. നന്ദി. നമസ്കാരം.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു. കാരണം പ്രതിസന്ധികളുടെ നടുവിൽ നിന്നാണ് കേരള സർക്കാർ പ്രവർത്തിക്കുന്നത്. സഹായിക്കാൻ ബാധ്യതപ്പെട്ട കേന്ദ്രസർക്കാർ കേരളത്തെ ക്രൂശിക്കുകയാണ്. അതുപോലെ എന്തുചെയ്താലും ആക്ഷേപിക്കുന്നൊരു പ്രതിപക്ഷമാണ് കേരളത്തിലുള്ളത്. ഇതൊക്കെ മറികടന്നാണ് നവകേരളം കെട്ടിപ്പടുക്കുന്ന പ്രയത്നവുമായി നാം മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി ഇന്നത്തെ ചോദ്യോത്തരവേളയിൽ 'നീതി ആയോഗ്'-ന്റെയും, വിവിധ ഏജൻസികളുടേയും കേരളത്തിന്റെ റേറ്റിംഗ് സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചു. അതിലേയ്ക്ക് കടക്കുന്നതിനുമുമ്പ്, നിയമസഭയിലെ പുതിയ വ്യക്തിയെന്ന നിലയിലെന്നെ വേദനിപ്പിച്ച വിഷയം ഞാനിവിടെ അവതരിപ്പിക്കുകയാണ്. ഇന്നലെയാണ് ഞങ്ങളുടെ ഒരു സഖാവിനെ

വെട്ടിക്കൊലപ്പെടുത്തിയത്. മുൻ ആഭ്യന്തര മന്ത്രി കൂടിയായ ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെ ഒരുപാട് പ്രതിപക്ഷ നേതാക്കളിവിടെ സംസാരിച്ചു. ബി.ജെ.പി.യ്ക്കും ആർ.എസ്.എസ്.നും എതിരായി കൊലപാതക രാഷ്ട്രീയത്തിനെതിരായി സംസാരിക്കാൻ ഒരാളും തയ്യാറായില്ല. ആ സാഹചര്യത്തെക്കൂടി വഴിതിരിച്ചുവിട്ടുകൊണ്ട് സി.പി.ഐ.(എം.)നെയും ഇടതുപക്ഷത്തെയും ആക്രമിക്കാനാണവർ തുനിഞ്ഞത്. നമ്മളൊക്കെ മജ്ജയും മാംസവുമുള്ള പച്ച മനുഷ്യന്മാരല്ലേ; തീർച്ചയായും ഇത് അപലപനീയമാണ്. വിലപ്പെട്ട ജീവനല്ലേ നഷ്ടപ്പെട്ടത്; ഈ കൊലപാതക രാഷ്ട്രീയത്തിനൊരറുതി വരുത്താൻ അവരെ അധിക്ഷേപിക്കുന്ന ഒരക്ഷരം ആരുമിവിടെ ഉന്നയിക്കുകയോ പറയുകയോ ചെയ്തിട്ടില്ല. ഈ പ്രതിസന്ധി കാലഘട്ടത്തിൽ കേരളത്തെ ശ്വാസം മുട്ടിക്കുന്ന ജനവിരുദ്ധ നയങ്ങളുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുന്നത് ശരിയല്ല. കേരളത്തിന്റെ അവകാശങ്ങൾ വേണമെന്നുപറയാൻ ഇവരാരും തയ്യാറല്ലല്ലോ; നമുക്കറിയാം, കേരളത്തിന്റേതല്ലാത്ത കേരളത്തെ പ്രതിനിധീകരിക്കാത്തൊരു മന്ത്രി കേന്ദ്രത്തിലുണ്ട്. അദ്ദേഹവും അതുപോലെ തന്നെ എല്ലാ എം.പി.-മാരും യു.ഡി.എഫ്.-ന്റെ നേതാക്കന്മാരും കെ.പി.സി.സി. പ്രസിഡന്റടക്കം

അവിടെ പോകുന്നത് കേരളത്തിന് പുതിയ പദ്ധതികൾ ആവശ്യപ്പെടാനല്ല. പകരം ഇവിടെ നടപ്പാക്കുന്ന കേരളത്തിന്റെ സ്വപ്ന പദ്ധതികൾ തകർക്കാനും അത് കൊടുക്കരുതെന്നുപറയാൻ കേന്ദ്ര മന്ത്രിമാരെ കൂട്ടായി പോയി കാണുന്ന ഒരു അവസ്ഥ ഉണ്ടായെന്നു പറഞ്ഞാൽ ഇതൊന്നും തിരിച്ചറിയാത്തവരാണ് കേരളത്തിലെ ജനങ്ങളെന്ന ഉദ്ദേശത്തിന്റെ ഭാഗമായിട്ടാണോ ഇവരിതൊക്കെ ചെയ്യുന്നതെന്ന് എനിക്കറിയില്ല. ജനശത്രുക്കളുടെ പട്ടികയിലേ ഇവരെ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഇക്കാര്യത്തെ സംബന്ധിച്ച് ഒരു പുനർചിന്തനം പ്രതിപക്ഷ നേതാക്കന്മാർ ചെയ്താൽ വളരെ നല്ലതാണെന്നാണ് എനിക്ക് ആമുഖമായി പറയാനുള്ളത്. ഞാൻ ഈ സർക്കാരിന്റെ നയപ്രഖ്യാപനത്തെ പിന്തുണയ്ക്കുന്നത് മറ്റൊന്നും കൊണ്ടല്ല. കേരളത്തിന്റെ അടിസ്ഥാനപരമായ വിഷയങ്ങളെ സംബന്ധിച്ച് സൂക്ഷമായി പരിശോധിച്ച് ഓരോ രംഗത്തും എങ്ങനെ മുന്നേറ്റമുണ്ടാക്കിയെടുക്കാമെന്നതിനെ സംബന്ധിച്ചാണ് നയപ്രഖ്യാപനത്തിൽ പറയുന്നത്. ദീർഘിപ്പിച്ച് പ്രസംഗിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒന്ന് രണ്ട് കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

കാർഷിക മേഖലയിൽ 'മൾട്ടി ക്രോപ്പിംഗ് സിസ്റ്റം' വികസനം,

'തരിശുരഹിത മണ്ഡലം', അഗ്രി കേഡറ്റ് കോർ പ്രോഗ്രാം 'സ്മാർട്ട് കൃഷിഭവനകൾ', ഇതൊക്കെ കാർഷിക മേഖലയിൽ മുന്നേറ്റത്തിനും കുതിച്ചുചാട്ടത്തിനും സഹായകമാകുന്നതല്ലേ;

ക്ഷീരോല്പാദനമേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്ന ഒരുപാട് പദ്ധതികളുണ്ട്. ഓണക്കാലത്ത് മറ്റു സംസ്ഥാനങ്ങളിൽ നിന്നൊക്കെ പാൽ കൊണ്ടുവരുന്ന ഒരു സംവിധാനമുണ്ട്. ഈ ഓണക്കാലത്ത് ഒരു ലബോറട്ടറി ഉദ്ഘാടനത്തിനുവേണ്ടി ക്ഷീര വികസന വകുപ്പുകാർ എന്നെ വിളിച്ചു. ഉദ്ഘാടനം കഴിഞ്ഞ് മൂന്ന് നാല് ദിവസം കഴിഞ്ഞപ്പോൾ ഒരു കൗതുകത്തിനുവേണ്ടി ലബോറട്ടറി തുറന്ന ശേഷമുള്ള കാര്യങ്ങൾ അവരോട് ചോദിച്ചപ്പോൾ വളരെ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് ലഭിച്ചത്. പാൽ കേട് വരാതിരിക്കാൻ അതിൽ യൂറിയ ചേർത്തിരിക്കുന്നെന്നാണ് അറിഞ്ഞത്. കേരളത്തിലെ പിഞ്ച് കുഞ്ഞുങ്ങളടക്കം ഈ പാല് കുടിക്കുമ്പോഴുണ്ടാകുന്ന അവസ്ഥയെക്കുറിച്ച് ചിന്തിച്ചുനോക്കൂ; അതുകൊണ്ട് സ്വയം പര്യാപ്തത കൈവരിക്കാൻ 'പാൽക്കുടം'-ക്ഷീരവികസന പദ്ധതി, 'മൃഗസംരക്ഷണത്തിൽ സ്ത്രീകളെ പ്രോത്സാഹിപ്പിക്കൽ' തുടങ്ങിയ പദ്ധതികളൊക്കെ നടപ്പാക്കാൻ തീരുമാനമെടുത്തത് അടിത്തട്ടിലെ ചെറിയ ചെറിയ കാര്യങ്ങൾ

കേരളത്തിന്റെ പുരോഗതിക്കെങ്ങനെ പ്രയോജനപ്പെടുത്താമെന്നതിന്റെ ദീർഘവീക്ഷണവും കരുതലും ഈ സർക്കാരിനുണ്ടായി എന്നതല്ലേ അതിന്റെ വസ്തുത.

റവന്യൂ മേഖലയുമായി ബന്ധപ്പെടുത്തി പറയുകയാണെങ്കിൽ, ഏറ്റവും കൂടുതൽ ആൾക്കാർ ബന്ധപ്പെടുന്ന ഓഫീസാണ് വില്ലേജ് ഓഫീസ്. വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കാൻ 'വിഷൻ ആൻഡ് മിഷൻ', 'സ്മാർട്ട് വില്ലേജ് ആഫീസുകൾ', 'ജില്ലാ റവന്യൂ അസംബ്ലി', എം.എൽ.എ.-മാർ എന്തെങ്കിലും പരാതി കൊടുത്താൽ അവർക്ക് ഡാഷ് ബോർഡ്, എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ. ഇതൊക്കെ ഒരു ചെറിയ കാര്യമാണോ; എല്ലാ സേവനങ്ങളും സ്മാർട്ട്. ഇപ്പോൾ തന്നെ പരമാവധി പേർക്ക് പട്ടയം കൊടുത്തുകഴിഞ്ഞല്ലോ. പ്രഖ്യാപിച്ചതിലും കൂടുതൽ പട്ടയം കൊടുത്തശേഷം അഭിമാനത്തോടെയല്ലേ ഈ സർക്കാർ നെഞ്ച് നിവർത്തി നില്ക്കുന്നത്. അതൊക്കെയൊന്ന് കാണാനും, ചെയ്ത നല്ല കാര്യങ്ങളെ അഭിനന്ദിക്കാനും ആരെങ്കിലും തയ്യാറാകണ്ടേ?

മത്സ്യബന്ധനവകുപ്പിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ മിതമായ വിലയ്ക്ക് ഗുണമേന്മയുള്ള മത്സ്യം, എല്ലാ ജലാശയങ്ങളിലും മത്സ്യകൃഷി,

ഉല്പാദനം ഇരട്ടിയാക്കൽ, മത്സ്യത്തൊഴിലാളികൾക്ക് 'പുനർഗേഹം പദ്ധതി'- ഇന്നലെ ബഹുമാന്യനായ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത കാര്യമാണ്. ഇതൊക്കെ ചെറിയ വിഷയങ്ങളാണോ? ഇതെല്ലാം അഭിനന്ദിക്കേണ്ട കാര്യങ്ങളല്ലേ; ഏതെടുത്താലും എല്ലാത്തിനും അധിക്ഷേപിക്കുക, അപമാനിക്കുക, ഇത് മാത്രം ഒരു കുലത്തൊഴിലായി കൊണ്ടുനടക്കുന്ന പ്രതിപക്ഷം എന്താണങ്ങനെ ചിന്തിക്കുന്നതെന്ന് എനിക്കറിയില്ല.

സഹകരണമേഖലയിൽ വട്ടിപ്പലിശക്കാരിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കാൻ പാലക്കാട് നടപ്പിലാക്കിയിരുന്ന പദ്ധതിയായിരുന്നു 'മുറ്റത്തെ മുല്ല്'. ഇപ്പോൾ തീരദേശത്തെ ആൾക്കാർക്ക് സ്നേഹതീരം മൈക്രോ ഫിനാൻസ് പദ്ധതി നടപ്പാക്കാൻ സർക്കാർ മുന്നോട്ട് വരുന്നു. അതുപോലെ യുവ സഹകരണ സംഘങ്ങൾ ഉണ്ടാകുന്നുവെന്നത് ചെറിയ കാര്യങ്ങളല്ല.

ഊർജ്ജമേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ എല്ലാ മാർഗങ്ങളും സ്വീകരിക്കുന്നുണ്ട്. കാറ്റിൽ നിന്ന് വൈദ്യുതി, സൂര്യപ്രകാശത്തിൽ നിന്ന് വൈദ്യുതി, നേരത്തെ നടക്കാതെയുള്ള ചില ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളുടെ പ്രവർത്തനം ആരംഭിക്കൽ ഇതൊക്കെ കേരളത്തിന്റെ മുന്നോട്ടുള്ള കുതിപ്പിന് സഹായകരമാകുന്നുണ്ട്.

ഇതിൽ എടുത്ത് പറയാവുന്ന ഒരു മേഖലയാണ് വ്യവസായ രംഗം. അത് ഊർജ്ജസ്വലമാക്കുന്നതിന് വ്യവസായ കേരളത്തിന്റെ കുതിപ്പിന് സഹായകരമാകുന്ന ഒട്ടനവധി നൂതന പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തിട്ടില്ലേ; കേന്ദ്രസർക്കാരിന്റെ പൊതുമേഖലയുമായുള്ള സമീപനത്തിൽ നിന്നും തികച്ചും വ്യത്യസ്തമായതാണ് കേരളത്തിന്റെ സമീപനം. സത്യത്തിലത് ഇന്ത്യക്ക് മാതൃകയാണ്. അവിടെയുള്ളവർ അത് വിറ്റുതുലയ്ക്കുന്നു. ഇവിടെയുള്ളവരാണെങ്കിൽ അതുവാങ്ങി ജനങ്ങളുടെ സമ്പത്തായി നിലനിർത്തുന്നു. അങ്ങനെയാണല്ലോ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡും, കാസർഗോഡ് BHEL-EML ഉം പൊതുമേഖലാ സ്ഥാപനത്തിൽ വന്നത്. പണ്ട് മാർക്ക് ആന്റണി ജൂലിയസ് സീസറിനെക്കുറിച്ച് പ്രസംഗത്തിൽ പറഞ്ഞ ഭാഗം ഓർക്കുകയാണ്. ജൂലിയസ് സീസർ ജീവിച്ചിരിക്കുമ്പോൾ റോമിലെ സമ്പത്ത് മുഴുവൻ ജനങ്ങളുടെ സമ്പത്തായിരുന്നെന്നായിരുന്നു അദ്ദേഹം എഴുതി വച്ചത്. പക്ഷെ അത് കട്ടെടുക്കാനും അത് പങ്കുവച്ചെടുക്കാനുമാണ് അവശേഷിക്കുന്നവരെന്ന് മാർക്ക് ആന്റണിയുടെ പ്രസംഗത്തെ ഉദ്ധരിക്കുന്ന രീതിയിൽ കേന്ദ്രസർക്കാരിൽ നിന്നും തികച്ചും വ്യത്യസ്തമായ നയസമീപനമാണ് ഇവിടെ സ്വീകരിക്കുന്നത്.

പൊതുമുതൽ സംരക്ഷിക്കുന്നു. ബഹുമാനപ്പെട്ട സഭാംഗം കുട്ടനാട്ടിലെ പ്രതിസന്ധിയെക്കുറിച്ച് സൂചിപ്പിച്ചതുപോലെ, എന്റെ മണ്ഡലത്തിലെ ഒരു കാര്യം സൂചിപ്പിക്കുകയാണ്. ഇൻസ്ട്രുമെന്റേഷൻ എന്ന സ്ഥാപനം- അതിന്റെ കഥയും ചരിത്രവും എല്ലാവർക്കുമറിയുമോ എന്നെനിക്കറിയില്ല. 1964 -ലാണ് അതിന് സ്ഥലമെടുത്ത്, 565 ഏക്കർ സ്ഥലം കേന്ദ്രസർക്കാരിന് സൗജന്യമായി കൊടുത്തത്. ഇൻസ്ട്രുമെന്റേഷനിൽ 50000 പേർക്ക് തൊഴിൽ കൊടുക്കുന്ന, സൂക്ഷമോപകരണശാല കൊണ്ടുവരുമെന്നാണെന്ന് കോൺഗ്രസ്സ് പ്രഖ്യാപിച്ചത്. തെരഞ്ഞെടുപ്പ് കാലത്താണത് പറഞ്ഞത്. തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ അതിനെ രാജസ്ഥാനിലെ കോട്ടയിലാക്കി. അവസാനം അതിന്റെയൊരു ചെറിയൊരു വർക്ക് മാത്രമാണിവിടെ തുടങ്ങിയത്. ഇപ്പോൾ അത് കേന്ദ്രസർക്കാർ വില്പനയ്ക്ക് വച്ചിരിക്കുകയാണ്. അതിന് പണം കൊടുക്കാൻ കേരള സർക്കാർ തയ്യാറാണെന്ന് അറിയിച്ചപ്പോൾ, അതിന്റെ കേന്ദ്ര സ്കൂൾ, Fluid Control Research Institute (FCRI), ഗ്രാമലക്ഷ്യം മുദ്രാലയം, കുറേയാൾക്കാർക്ക് സ്ഥലം കൊടുത്തത്, പഞ്ചായത്തിന്റെ കല്ല്യാണ മണ്ഡപം, അതെല്ലാം കൂടി കണക്കാക്കി സ്റ്റേറ്റ് ഗവൺമെന്റ് വില തരണമെന്നാണ്. അതൊരു ചെറിയ വിലയല്ല. വലിയ

വില തരണമെന്ന് പറഞ്ഞ് ഇപ്പോൾ ത്രിശങ്കു സ്വർഗത്തിൽ നിൽക്കുകയാണ്. 25 വർഷം മുമ്പ് തൊഴിലാളികളുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയതാണ് പിന്നീട് ഇന്നുവരെ നടപ്പിലാക്കിയിട്ടില്ല. രാജസ്ഥാനിലെ കോട്ടയിൽ ആ കടം മുഴുവൻ ഇവിടത്തെ ലാഭം കൊണ്ടുതീർത്തു. അത് ഇക്കൊല്ലം തന്നെ ഏറ്റെടുക്കുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചത് വളരെ അഭിനന്ദനാർഹമായ കാര്യമാണ്. അതുണ്ടാകുമെന്ന് തീർച്ചയായും ഞാൻ പ്രതീക്ഷിക്കുകയാണ്. പാലക്കാടിലെ ജനങ്ങൾ ഇതൊരു വലിയ സന്തോഷമായിട്ടാണ് ഏറ്റെടുത്തിരിക്കുന്നത്. കാരണം അവിടത്തെ ജനങ്ങൾ ഈ സ്ഥാപനത്തിനായി ഒരുപാട് സമരം നടത്തിയിട്ടുണ്ട്. 1970- ൽ മഹാനായ എ.കെ.ജി. പാലക്കാട് നിന്ന് മത്സരിച്ച് ജയിച്ചപ്പോൾ അദ്ദേഹം പാർലമെന്റിൽ കുത്തിയിരിപ്പ് സമരവും നടത്തി, പാലക്കാട്ടുകാർ ഒട്ടേറെ പ്രക്ഷോഭ സമരങ്ങൾ നടത്തിയതിന്റെ ഒരുല്പന്നമാണ് ഇസ്ട്രുമെന്റേഷൻ ലിമിറ്റഡ്. ഒരു കാരണവശാലും അത് സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുക്കാതിരിക്കാൻ ഈ സർക്കാർ നടപടി സ്വീകരിക്കുമെന്ന് പറയുന്നതിൽ ഞാൻ വളരെയധികം അഭിനന്ദിക്കുന്നു. അതുപോലെ ഞാൻ ഒരു കാര്യം പറയട്ടേ, ഇവിടെ ബി.ജെ.പി.-യും കോൺഗ്രസ്സും

കൂടിച്ചേർന്നാണല്ലോ കേരളത്തിന്റെ സിൽവർ ലൈൻ പദ്ധതി മുടക്കാനായി കേന്ദ്ര മന്ത്രിമാരെ പോയിക്കണ്ടത്. ഞാൻ ചോദിക്കട്ടെ, ഇന്ദിരാ ഗാന്ധിയുടെ കാലത്ത് പാലക്കാട് കോട്ടമൈതാനിയിൽ ഒരു തെരഞ്ഞെടുപ്പ് പൊതുയോഗത്തിൽ അൻപതിനായിരം പേർക്ക് തൊഴിൽ കൊടുക്കാനുള്ള കോച്ച് ഫാക്ടറി ഇവിടെ കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചു. കോൺഗ്രസ് എപ്പോഴും പറഞ്ഞ് പറ്റിക്കും. മോഹന സുന്ദര ആകാശത്ത് കുട കെട്ടിത്തരാം, അറബിക്കടയിൽ പാലം കെട്ടിത്തരാമെന്നൊക്കെ അവർ തെരഞ്ഞെടുപ്പ് കാലത്ത് പറയും. അത് കഴിഞ്ഞാൽ അവർ പൂർണ്ണമായും അത് ഉപേക്ഷിക്കും. കോച്ച് ഫാക്ടറി അങ്ങനെ പോയി. അവസാനം ഒരു ഘട്ടമെത്തിയപ്പോൾ അവരത് മറന്നു. കപൂർത്തലയിൽ സ്ഥാപിച്ചു, കഞ്ചിക്കോട് ഇല്ലാതായി. അവസാനം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പാലക്കാട് റെയിൽവേ ഡിവിഷൻ വെട്ടിമുറിച്ച് സേലം ഡിവിഷനാക്കി മാറ്റി നമുക്കൊരു കോച്ച് ഫാക്ടറി ലഭിച്ചു. അന്ന് ശ്രീ. ലാലു പ്രസാദ് യാദവ് റെയിൽവേ മന്ത്രിയായിരുന്നു. തീർച്ചയായും അതിന് അംഗീകാരം കിട്ടി. പക്ഷെ ഇന്ന് തുടങ്ങും നാളെ തുടങ്ങുമെന്ന് പറഞ്ഞ് കാത്തിരുന്നു. ശ്രീ. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത്

439 ഏക്കർ സൗജന്യമായെടുത്ത് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. ഇപ്പോൾ കോച്ച് ഫാക്ടറി അവിടെയില്ല. അന്ന് കേരളത്തിൽനിന്നും 8 കോൺഗ്രസ് മന്ത്രിമാരും 16 എം.പി.-മാരും കേന്ദ്രത്തിലുണ്ടായിരുന്നു. അവരാരും ആ സ്ഥാപനം വാങ്ങിയെടുക്കാൻ ഒരു ശ്രമവും നടത്തിയില്ല. ഇപ്പോൾ സിൽവർ ലൈൻ പദ്ധതി അട്ടിമറിക്കാൻ നിങ്ങൾ കാണിക്കുന്ന പരിശ്രമത്തിന്റെ ചെറിയൊരു അംശം കോച്ച് ഫാക്ടറി വാങ്ങിയെടുക്കാൻ ശ്രമിച്ചിരുന്നുവെങ്കിൽ ഈ കേരളം എങ്ങനെയാകുമായിരുന്നു. എന്തിനാണ് നിങ്ങൾക്ക് ഇങ്ങനെയൊരു നിഷേധാത്മകമായ സമീപനം. നശീകരണ ബുദ്ധി വച്ച് നടക്കുന്ന ഒരു പ്രതിപക്ഷത്തിനെക്കൊണ്ടാണ് നമ്മൾ പോകുന്നത്. വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടുപോലും കേരളത്തെ മുന്നോട്ട് നയിക്കുന്നതിൽ മികവ് കാണിക്കുന്ന പിണറായി സർക്കാരിനെയും ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തിനെ എല്ലാ അർത്ഥത്തിലും പിന്തുണച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഒന്നാമതായി അനുകൂലിക്കാൻ കഴിയാത്തതുകൊണ്ടും രണ്ടാമതായി നന്ദി പ്രമേയ അവതരണവേളയിൽ പരിണിതപ്രജ്ഞനായ

പ്രിയപ്പെട്ട ശ്രീ. ടി. പി. രാമകൃഷ്ണൻ രണ്ട് വാക്കാണ് ആദ്യം പറഞ്ഞത്. ഒന്ന്, ഗവർണ്ണറെന്നും രണ്ടാമത് നന്ദിയെന്നുമാണ്. പിന്നീട് ഗവർണ്ണറെപ്പറ്റിയോ നന്ദിയെപ്പറ്റിയോ ഒരു വാക്കുപോലും പറയാതെയാണ് അദ്ദേഹത്തിന്റെ പ്രസംഗമുണ്ടായത്. ആത്മാർത്ഥതയില്ലാതെയാണ് നന്ദിപ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ആത്മാർത്ഥതയില്ലാത്തത് എന്ന് പറഞ്ഞതിന്റെ പ്രധാനപ്പെട്ട കാരണമെന്താണ്? ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനം നടത്തുമ്പോൾ ഞങ്ങൾ പ്രതിപക്ഷം ഇവിടെയില്ലായിരുന്നു ഭരണപക്ഷം മാത്രമേയുണ്ടായിരുന്നുള്ളൂ. ഭരണപക്ഷത്തുള്ള ആളുകൾ ഇവിടെ വാതോരാതെ പ്രസംഗിച്ചല്ലോ. ഖണ്ഡിക വായിച്ചപ്പോൾ ഭരണപക്ഷത്തുള്ള ഒരാളും ഒരു തവണപോലും ഡെസ്കിൽ അടിച്ചോ കയ്യടിച്ചോ ബഹുമാനപ്പെട്ട ഗവർണ്ണറെ പ്രോത്സാഹിപ്പിച്ചിട്ടില്ല. പ്രോത്സാഹിപ്പിക്കാത്തതിന്റെ കാരണമെന്താണ്? അതിന്റെ ഒന്നാമത്തെ കാരണം, ഇത് ഒന്നുമില്ലാത്ത പൊള്ളയാണെന്നുള്ള ബോധ്യം അവർക്കുള്ളതുകൊണ്ടാണ്. രണ്ടാമത്തെ കാരണം, ഗവർണ്ണർക്ക് നന്ദി പറയുകയെന്നുള്ളത് വളരെയധികം ബുദ്ധിമുട്ടേറിയ സാഹചര്യം ഇപ്പോൾ രണ്ടുപേരുംകൂടി ഉണ്ടാക്കിയിട്ടുണ്ട്. ഞങ്ങൾ എല്ലാം പുറത്തുനിന്ന്

കേൾക്കുന്നുമുണ്ട്, പത്രം വായിക്കുന്നുമുണ്ട്, വിവരങ്ങൾ അറിയുന്നുമുണ്ട്. നേരത്തെ സംസാരിച്ച വേളയിൽ ബഹുമാന്യനായ അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ഉദ്ധരിച്ചുകൊണ്ട് പറയുകയുണ്ടായി. വളരെയധികം വിഷമത്തോടുകൂടി പറഞ്ഞുവെന്നാണ് പറഞ്ഞത്. നിങ്ങളും ബി.ജി.പി.-യും തമ്മിൽ പരസ്പരം എണ്ണം തികയ്ക്കാൻവേണ്ടി കൊല നടത്തുമ്പോൾ കൊല നടത്തുന്ന പാർട്ടികളുടെ സെന്റിമെന്റുകളും കമന്റുകളും ഏറ്റെടുക്കലല്ല പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വം. നിങ്ങൾക്കെതിരായ അതിശക്തമായ നിലപാടും നടപടികളുമായി മുന്നോട്ട് പോകുകതന്നെ ചെയ്യും എന്നുള്ളത് പ്രത്യേകം പറയാൻ ആഗ്രഹിക്കുന്നു. മറ്റൊന്ന്, നയപ്രഖ്യാപന പ്രസംഗത്തിന്റെ അവസാന പേജ് മുതൽ ഞാൻ തുടങ്ങാം. 80-ാം പേജിൽ വിജിലൻസ് വകുപ്പ് എന്നതിൽ പറയുന്നത് സർക്കാരിന്റെ നയം അഴിമതിയോട് സീറോ ടോളറൻസാണെന്നാണ്. ഈ സർക്കാരിന് അഴിമതിയോട് സീറോ ടോളറൻസല്ല പോസിറ്റീവ് ടോളറൻസാണ്. അതിന് ഏറ്റവും വലിയ ഉദാഹരണം ഇന്ന് രാവിലെ നമ്മൾ കണ്ടതാണ്. ലോകായുക്തയെ സംബന്ധിച്ചാണത്. ബഹുമാനപ്പെട്ട ഭരണപക്ഷ അംഗങ്ങളിൽ ഇനിയും സംസാരിക്കാൻ ആളുണ്ടല്ലോ. നിങ്ങൾ പറയണം.

ലോകായുക്ത നിയമം ഭരണഘടനാനുസൃതമാക്കാൻവേണ്ടിയാണ് ഓർഡിനൻസ് കൊണ്ടുവന്നതെന്നാണ് നിങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട വാദം. അതാണ് ഇന്ന് ബഹുമാനപ്പെട്ട മന്ത്രി ഉൾപ്പെടെ പറഞ്ഞത്. അങ്ങനെയെങ്കിൽ ഞങ്ങൾ ചോദിക്കുന്നു, ലോകായുക്ത ഭരണഘടനാനുസൃതമാക്കാൻ ഓർഡിനൻസ് കൊണ്ടുവരുന്നതിൽ നിയമപരമായ സമീപനം സ്വീകരിക്കുമെന്ന് ഈ നയപ്രഖ്യാപനത്തിൽ ഒരു വാക്ക് പറയാൻ നിങ്ങൾക്ക് സാധിച്ചോ? നിങ്ങൾക്ക് സാധിച്ചിട്ടില്ല. എന്താണതിന്റെ കാരണം? നയം ഒളിച്ചുകടത്തേണ്ട ഒരു ഗതികേടിലാണ് ഇന്ന് കേരളത്തിലെ ഭരണപക്ഷമെത്തിനിൽക്കുന്നത്. അതിന് ലോകായുക്ത മാത്രമല്ല നിരവധിയായ ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ലോകായുക്തയെക്കുറിച്ച് വാതോരാതെ ചിന്ത വാരികയിൽ ലേഖനമെഴുതി. ഇന്നിപ്പോൾ അതിന്റെ പല്ലും നഖവും തകർക്കാൻവേണ്ടിയുള്ള ആസൂത്രിതമായ ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. അതുപോലെ ഇതിൽ മറ്റൊരു പ്രധാന കാര്യമാണ് ഉന്നത വിദ്യാഭ്യാസ മേഖല. ഞാൻ ഇത് രണ്ടും ചേർത്തുകൊണ്ട് പറയാം. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം പരിവർത്തനപ്പെടുത്തുന്നതിനും

അതുവഴി അദ്ധ്യാപന ഗവേഷണത്തിനുമുള്ള നിക്ഷേപത്തിലും സമീപനത്തിലും ഒരു മാതൃകാപരമായ മാറ്റം നടത്തുകയാണ് ഇടതുപക്ഷ സർക്കാർ. ഞാൻ വിനയസമേതം ഒരു കാര്യം ചോദിക്കുന്നു, അതിന് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് മറുപടി പറയേണ്ടതാണ്. കണ്ണൂർ സർവ്വകലാശാലയിലെ ബോർഡ് ഓഫ് സ്റ്റഡീസിനെ തീരുമാനിച്ചു. അത് ആരാകണമെന്നത് ആക്ടുകളിൽ, സ്റ്റാറ്റ്യൂട്ടുകളിൽ കൃത്യമായി വിവക്ഷ വച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലുമുണ്ട്. അവിടെ 68 ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളെ നിശ്ചയിച്ചു. അതിൽ നിർദ്ദേശിച്ച യോഗ്യതപോലുമില്ലാത്ത പത്ത് ശതമാനം ആളുകൾക്ക് കമ്മ്യൂണിസ്റ്റ് പാർട്ടി നിയന്ത്രിക്കുന്ന കോ-ഓപ്പറേറ്റീവ് കോളേജുകളിലെയും മുന്നാട് കോളേജുകളിലെയും മൊറാഴ കോളേജുകളിലെയും അദ്ധ്യാപകന്മാരെ ബോർഡ് ഓഫ് സ്റ്റഡീസിൽ കുത്തിത്തിരുകി. ഇത് ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം സംരക്ഷിക്കാൻവേണ്ടിയാണോ? ബഹുമാനപ്പെട്ട കേരള ചീഫ് ജസ്റ്റിസിന്റെ പ്രധാനപ്പെട്ട ഉത്തരവുണ്ട്. ജനുവരി 4-ാം തീയതിയാണ് അത് വന്നത്. അതിലെ ഒറ്റ വാചകം വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. Exhibit P1, Notification issued by

the Registrar in charge dated 11th August 2021 appointing a new Board of Studies in various Universities is not in consensus with the statutory provisions of the Statute. ഇത് ഒരു ചീഫ് ജസ്റ്റിസിന് പറയേണ്ടി വന്ന സാഹചര്യമാണ്. കണ്ണൂർ സർവ്വകലാശാലയുടെ വി.സി. നിയമനം സജീവമായി ഇവിടെ ചർച്ച ചെയ്യപ്പെട്ടതാണല്ലോ. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി രണ്ട് തവണ ബഹുമാനപ്പെട്ട ഗവർണ്ണർക്ക് കത്തെഴുതി. ആ കത്ത് എന്തടിസ്ഥാനത്തിലാണ് എഴുതിയത്. ഒരു വി.സി.-യെ എത്ര തവണ തെരഞ്ഞെടുക്കുമ്പോഴും അതിന് സെർച്ച് കമ്മിറ്റിയുണ്ടാകണം. അത് അതിന്റെ സ്റ്റാറ്റ്യൂട്ടിൽ പറയുന്ന കാര്യമാണ്. കൃത്യമായി അതിന് മാനദണ്ഡമുണ്ട്. സെർച്ച് കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു. അതിനുശേഷം ഗവർണ്ണർക്ക് കത്തെഴുതി, അത് ക്യാൻസൽ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു. പിന്നീട് ബഹുമാനപ്പെട്ട മന്ത്രി പറയുകയാണ്, it is my privilege to propose and re-appoint. ഇതൊക്കെ ഏത് സ്റ്റാറ്റ്യൂട്ടിന്റെയും നയത്തിന്റെയും നിയമത്തിന്റെയും അടിസ്ഥാനത്തിലാണ്; അങ്ങനെ നിരവധിയായ സ്വജനപക്ഷപാതങ്ങളും കാര്യങ്ങളും ഇവിടെ നടക്കുകയാണ്. ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ തുടക്കത്തിൽതന്നെ

ഒരു കാര്യം പ്രത്യേകമായി എടുത്തുപറഞ്ഞു. അത് കേരളത്തിലെ കോവിഡ് രോഗികളുടെ മരണത്തെ നിയന്ത്രിക്കാനും മഹാമാരിയുടെ മൂന്നാം തരംഗത്തെ അഭിമുഖീകരിക്കുന്ന സമയത്ത് രോഗികളുടെ മരണ നിരക്ക് നിയന്ത്രിക്കാൻ സാധിച്ചുവെന്നുള്ളതാണ്. ഞാൻ ഒരൊറ്റ കാര്യം ചൂണ്ടിക്കാണിക്കുയാണ്. 2021 ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം നടത്തുമ്പോൾ 6612 ആയിരുന്നു കോവിഡ് മരണം. ഈ തവണ രണ്ടാമത്തെ നയപ്രഖ്യാപന പ്രസംഗം നടത്തുമ്പോൾ 63300 ആണ് കോവിഡ് മരണം. കേരളക്കരയിൽ കോവിഡ് മരണം ഒളിപ്പിച്ചുവച്ചില്ലേ. ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇവിടെയില്ല. അവരുടെ ഓഫീസിൽ മരണത്തെ ഒളിപ്പിച്ചുവയ്ക്കാനുള്ള ഒരു സംവിധാനമടക്കം കൊണ്ടുവന്ന സർക്കാരായിരുന്നു ഇടതുപക്ഷ സർക്കാർ. അന്ന് മുൻമന്ത്രി അവാർഡ് വാങ്ങുന്ന തിരക്കിലിരുന്നായിരുന്നു അതിന് നേതൃത്വം കൊടുത്തത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. ഇന്ന് മഹാരാഷ്ട്ര കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കോവിഡ് മരണം നടന്ന സംസ്ഥാനം ഏതെന്ന് ചോദിച്ചാൽ അത് കേരളമാണ്. കോവിഡ് മരണങ്ങളുടെ കാര്യത്തിൽ മാത്രമല്ല നയപ്രഖ്യാപനത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണർ ശ്രീ. ആരിഫ്

മുഹമ്മദ് ഖാൻ പറഞ്ഞതുമായി ബന്ധപ്പെട്ട് മറ്റൊരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കോവിഡ് രോഗികളുടെ മരണവുമായി ബന്ധപ്പെട്ടും അവർക്ക് ആശ്വാസമെത്തിക്കാൻ സാധിച്ചുവെന്നുള്ളതാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതി ഉൾപ്പെടെ വിമർശിച്ച കാര്യങ്ങൾ നമ്മുടെ മുമ്പിലുണ്ട്. കേരളത്തിൽ നടക്കുന്നത് സ്വജനപക്ഷപാതത്തിന്റെയും അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും കൃത്യവിലോപത്തിന്റെയും ദയനീയമായ സാഹചര്യമായി മാറ്റപ്പെട്ടിരിക്കുകയാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാവിലെ കുറെ അവാർഡിന്റെ കണക്കുകളും മറ്റുകാര്യങ്ങളും പറഞ്ഞു. യു.ഡി.എഫ്. ഭരണകാലത്ത് ലഭിച്ച അവാർഡും കണക്കുമൊന്നും ഞാൻ പറയുന്നില്ല. എന്നാൽ നിങ്ങൾ ഒരു കാര്യം ആലോചിക്കണം. യു.ഡി.എഫ്. ഭരണകാലത്തെ സൗജന്യ റേഷൻ, അന്നുണ്ടായിരുന്ന കാരുണ്യ ബെനവലന്റ് ഫണ്ട്, അവശ്യവസ്തുക്കളുടെ സൗജന്യ വിതരണം, നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ ഇടപെടൽ, തൊഴിലുറപ്പ് പദ്ധതിയിലെ പദ്ധതി ആസൂത്രണം, അതിന്റെ പദ്ധതി വ്യാപിപ്പിക്കൽ, .......

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്........

ശ്രീ. ടി. സിദ്ദിഖ്: സർ, സ്കൂൾ വിദ്യാർത്ഥികൾക്കുള്ള മിഡ് ഡേ മീൽസ് പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തിയിരിക്കുന്ന പോഷകാഹാര പദ്ധതിയടക്കം കൊണ്ടുവന്ന് എല്ലാ അർത്ഥത്തിലും അന്ന് ലോകത്തിന്റെ പ്രശംസ പിടിച്ചുപറ്റിയ ഗവൺമെന്റായിരുന്നു യു.ഡി.എഫ്.. നിരവധി അവാർഡുകൾ അന്ന് ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. അന്ന് ലഭിച്ച അവാർഡുകളൊക്കെ ഇപ്പോൾ തങ്ങളുടെതാക്കി മാറ്റാനുള്ള ശ്രമങ്ങൾ കൂടി നടക്കുന്ന ഒരു പ്രത്യേക സാഹചര്യമുണ്ട്. ..........

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്........

ശ്രീ. ടി. സിദ്ദിഖ്: സർ, ഒറ്റ വാക്കുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കെ-റെയിലുമായി ബന്ധപ്പെട്ടുകൊണ്ട് വാതോരാതെ പറഞ്ഞു. നാല് കാര്യങ്ങളാണ് കെ-റെയിലുമായി ബന്ധപ്പെട്ടുള്ളത്. ഒന്ന്, കേരളം വേണോ കെ-റെയിൽ വേണോയെന്നുള്ളതാണ് ചോദ്യം. കേരളം വേണം കെ-റെയിൽ വേണ്ട എന്നാണ് കേരളത്തിലെ ജനങ്ങൾ പറയുന്ന പ്രധാനപ്പെട്ട കാര്യം. ഇതുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തമായി എതിർക്കുന്നു.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, നമ്മുടെ നാട് കൈവരിച്ച നേട്ടങ്ങളും ഭാവിയിൽ നാടിനെ പുരോഗതിയിലേയ്ക്ക് നയിക്കേണ്ട നയങ്ങളും ജനപക്ഷ വികസനപക്ഷ നയങ്ങളും അക്കമിട്ട് നിരത്തി ബഹുമാനപ്പെട്ട ഗവർണർ നിയമസഭയിൽ അവതരിപ്പിച്ച നയപ്രഖ്യാപനത്തെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്.

1999-ലെ കേരള ലോകായുക്ത നിയമം, പതിനാലാം വകുപ്പിൽ വരുത്തിയിട്ടുള്ള ഭേദഗതിക്കെതിരെ വലിയ പ്രചാരണമാണ് നടക്കുന്നത്. സഭയിൽ നടന്ന അടിയന്തരപ്രമേയ ചർച്ചയിൽ ഇടപെട്ടുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് മുഖ്യമന്ത്രിക്കെതിരായും മന്ത്രിസഭാംഗങ്ങൾക്കെതിരായും നിലനിൽക്കുന്ന പരാതികൾ കണ്ട് ഭയന്നാണ് ഈ ഭേദഗതിയെന്നാണ്. ഈ പരാതികൾ അഴിമതി നടത്തിയതിനാണോ; അല്ലെങ്കിൽ പൊതുമുതൽ മോഷ്ടിച്ചതിനാണോ? കഴിഞ്ഞ സഭയിൽ നമുക്കൊപ്പം ഇരിക്കുകയും അകാലചരമം പ്രാപിക്കുകയും ചെയ്ത ഒരു നിയമസഭാംഗത്തിന്റെ കുടുംബത്തിന്റെ പരിതാപകരമായ സാമ്പത്തിക സ്ഥിതി പരിഗണിച്ചുകൊണ്ടാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും മന്ത്രിസഭയുടെ തീരുമാനപ്രകാരം സഹായം നൽകിയത്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പാർട്ടി കേരളം ഭരിച്ചിരുന്ന കാലഘട്ടത്തിൽ പരേതനായ ഒരു മന്ത്രിയുടെ മകന് കേരളത്തിന് പുറത്തുള്ള സ്വകാര്യ മെഡിക്കൽ കോളേജിൽ പഠിക്കാനുള്ള ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകിയില്ലേ? അന്നൊന്നും ഇല്ലാതിരുന്ന പരാതിയാണിത്. അതിലൊന്നും കുറ്റം കാണാത്ത നിങ്ങൾ, അഴിമതി നടത്താതെ സത്യസന്ധമായി പൊതുപ്രവർത്തനം നടത്തിയ ആളുകൾ മരണപ്പെട്ടപ്പോൾ അവരുടെ കുടുംബം വഴിയാധാരമാകരുതെന്ന ലക്ഷ്യത്തിൽ നൽകിയിട്ടുള്ള ചില സഹായങ്ങളെ വലിയ കൊള്ളയായി ചിത്രീകരിക്കുകയാണ്. കണ്ണടച്ച് ഇരുട്ടാക്കുന്നതിന് തുല്യമായാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെയിത് ഉയർത്തിയിട്ടുള്ളത്. ലോകായുക്ത പോലെയുള്ള സ്ഥാപനങ്ങൾ നിലവിലുള്ളപ്പോൾ ഭരണാധികാരികൾക്കും പൊതുപ്രവർത്തകർക്കും എതിരെ പലതരം പരാതികൾ ഉയർന്നുവരാം. അവയെല്ലാം കണ്ട് ഭയന്നുപോകുന്നവരല്ല ഇന്ന് കേരളം ഭരിക്കുന്നത്. മുൻവിദ്യാഭ്യാസ വകുപ്പുമന്ത്രിക്കെതിരെ പരാതിയുണ്ടെന്നും അതിൽ എന്തോ സംഭവിക്കുമെന്നും ഭയന്നാണ് ഭേദഗതി കൊണ്ടുവന്നത് എന്നായിരുന്നു പ്രചാരണം. ഒടുവിൽ അത് മല എലിയെ

പ്രസവിച്ചതുപോലെയായി. നിങ്ങളുടെ ആശകളും പ്രതീക്ഷകളും നിറവേറ്റണമെന്നത് ജനകീയ കോടതിയിലൂൾപ്പെടെ ദിവാസ്വപ്നമായി മാറിയിരിക്കുകയാണ്. ലോകായുക്ത നിയമത്തിലെ ഭേദഗതി വിശദമായ പരിശോധനകൾക്കുശേഷം പൂർണ്ണബോദ്ധ്യത്തോടെയാണ് ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. ഇവിടെ അക്കാര്യങ്ങളെ സംബന്ധിച്ച് ദീർഘമായി ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞതിനാൽ ഞാൻ ആ ഭാഗങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇനിയെങ്കിലും ഇത്തരം വ്യാജ ആരോപണങ്ങൾ നടത്തുന്നത് നിർത്തുന്നതാണ് ഭൂഷണമെന്നാണ് പ്രതിപക്ഷത്തിനോട് പറയാനുള്ളത്. രണ്ടാം പിണറായി സർക്കാരിന് വികസന കേരളത്തിൽ അനിവാര്യമായ തുടർച്ചയാണ് ഉണ്ടായിട്ടുള്ളത്. അഞ്ച് വർഷം കഴിഞ്ഞ് മാറിമാറി വരുന്ന ഗവൺമെന്റിന് പകരമായി ഏറ്റവും ഇച്ഛാശക്തിയും ദീർഘവീക്ഷണവുമുള്ള ഗവൺമെന്റിനെ അധികാരത്തിലേറ്റുകയെന്നതാണ് കേരളത്തിലെ ജനങ്ങൾ ഇന്ന് നടത്തിയിട്ടുള്ളത്. അതിൽ അസൂയമൂത്ത ധാരാളം പ്രശ്നങ്ങൾ നമ്മൾ കണ്ടുവരുന്നതാണ്. പ്രളയവും മഹാമാരിയും താണ്ഡവമാടിയപ്പോഴും കേരളത്തിനെ പിന്നിൽനിന്നും പലവട്ടം കുത്തിയപ്പോഴും ഭരണം ഏറ്റവും

നല്ലരീതിയിൽ മുന്നോട്ട് കൊണ്ടുപോകുകയും അതുപോലെ എൽ.ഡി.എഫ്.-നെ വീണ്ടും അധികാരത്തിലേറ്റുവാൻ വിശ്വാസത്തിലെടുത്തുകൊണ്ട് നാട്ടിലുള്ള ജനങ്ങൾ വോട്ട് ചെയ്തതുകൊണ്ടുമാണ് ഞങ്ങൾ വീണ്ടും അധികാരത്തിൽ വന്നിട്ടുള്ളത്. അതിൽ അസൂയപ്പെട്ടിട്ട് കാര്യമില്ല. തെറ്റായിട്ടാണെങ്കിൽപ്പോലും യു.പി.-യിലെ മുഖ്യമന്ത്രിയായ ശ്രീ. യോഗി ആദിത്യനാഥിന് കേരളത്തെപ്പറ്റി പരാമർശിക്കേണ്ടി വന്നല്ലോ. എന്താണ് പരാമർശിച്ചിട്ടുള്ളതെന്നല്ല, കേരളത്തിന്റെ വളർച്ച കണ്ട് അസൂയാലുക്കൾ പല ഭാഗങ്ങളിലുമുണ്ട്. പക്ഷേ ഇന്ന് കേരളത്തെപറ്റി പരാമർശിക്കാതെ രാജ്യത്തുള്ള ഒരു സംസ്ഥാനങ്ങളും പോകുന്നില്ല. എല്ലാത്തിനും മാതൃകയായി കേരളത്തെ കണ്ടുപഠിക്കുവാനാണ് പറയുന്നത്. ആ രീതിയിൽ തെറ്റായി പരാമർശിച്ചുവെന്നുള്ളതാണ്. ഹിന്ദുത്വ ഫാസിസത്തിനെതിരായ പോരാട്ടങ്ങൾക്ക് കേരളത്തിലെ പ്രതിരോധത്തിനുതുല്യം ചാർത്തുവാൻ ഏത് സംസ്ഥാനമാണുള്ളത്; കേരളം പ്രതിരോധിച്ചതുപോലെ മറ്റേതെങ്കിലും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ? ജീവിതത്തിലെ സമസ്തമേഖലകളിലും സ്പർശിക്കുന്ന എല്ലാ സൂചികകളിലും കണ്ണോടിച്ചാൽ ഒന്നാം റാങ്ക് നമുക്കാണ്. ഈ രീതിയിൽ ഭരണം

നടത്തുമ്പോൾ, നമ്മൾ നടത്തിക്കൊണ്ടിരിക്കുന്ന വികസനങ്ങൾക്കെല്ലാം തുരങ്കം വച്ചുകൊണ്ടാണ് പ്രതിപക്ഷം പോയിക്കൊണ്ടിരിക്കുന്നത്. ഈ നാട്ടിൽ ഏറ്റവും നല്ല വികസനം നടത്തുമ്പോൾ എന്തെല്ലാം കോലാഹലങ്ങളാണ് ഉണ്ടാകുന്നത്. ഈനാട് കോവിഡിനെ തുരത്തുവാൻ ഒരുമിച്ച് കൈകോർത്തപ്പോൾ അതിനെതിരായി വലിയ കുത്തിത്തിരിപ്പുകളാണ് ഇവർ നടത്തിയിട്ടുള്ളത്. സുപ്രീംകോടതി പറഞ്ഞിട്ടുള്ള ഓരോ കാര്യങ്ങളും പ്രഖ്യാപിച്ച അതേ രീതിയിൽ സൂക്ഷ്മമായി പരിശോധിച്ചുകൊണ്ട് എല്ലാ മേഖലയിലുമുള്ള ആളുകളെയും സഹായിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് പോയിട്ടുള്ളത്. ബി.പി.എൽ. കാർഡിൽ ഉൾപ്പെട്ട കോവിഡ് ബാധിച്ച് മരിച്ച ആളുകളുടെ കുടുംബങ്ങൾക്ക് 50,000/- രൂപ നൽകാൻ തുടങ്ങിയിട്ടുണ്ട്. ഈ രീതിയിൽ ഓരോ കാര്യങ്ങളും മുന്നോട്ടുകൊണ്ടുപോകുകയാണ്. കോവിഡ് വന്നതും പോയതും മരണപ്പെട്ടതും വാക്സിനെടുത്തതുമെല്ലാം ഉൾപ്പെടുന്ന ശരിയായ കണക്കുകൾ പരിശോധിച്ചുകൊണ്ടാണ് കേരളം മുന്നോട്ടുപോയി ഇതിനെ പ്രതിരോധിച്ചിട്ടുള്ളത്. രാഷ്ട്രീയ വിരോധം മൂത്ത് കേരളത്തിലെ വികസനത്തെ അട്ടിമറിക്കരുതെന്നാണ് ഞങ്ങൾക്കിവരോട് പറയാനുള്ളത്.

ഇവർ നടത്തിയിട്ടുള്ള ഓരോ കാര്യങ്ങൾ നോക്കൂ, രാഷ്ട്രീയ വിരോധം മൂത്ത് ഈ രീതിയിലേയ്ക്കുള്ള പ്രവർത്തനങ്ങൾ ഓരോന്നായി ഇവർ അട്ടിമറിച്ചുകൊണ്ടിരിക്കുകയാണ്. 'നാടോടിക്കാറ്റ്' എന്ന സിനിമയിൽ തിലകന്റെയും ശ്രീ. ശ്രീനിവാസന്റെയും ശബ്ദം ഒരേപോലെയാണെന്ന് പറയുന്ന ഡയലോഗുണ്ട്. അതുപോലെയാണ് കെ-റെയിലിന്റെ കാര്യത്തിൽ ബി.ജെ.പി.-യുടെയും യു.ഡി.എഫ്.-ന്റെയും ഒരേ ശബ്ദമാണ് ഇപ്പോൾ കേട്ടുകൊണ്ടിരിക്കുന്നത്. ഇത് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ. കേരളത്തിൽ, സ്വന്തം ജന്മനാട്ടിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് തുരങ്കം വയ്ക്കാൻ കേരളത്തിന്റെ പ്രതിപക്ഷനേതാവ് കേരളത്തിലെ ജനങ്ങൾ വോട്ട് ചെയ്ത് വിജയിപ്പിച്ച എം.പി.-മാരെയും കൂട്ടി കേന്ദ്രത്തിലെ മന്ത്രിമാരെ കാണാൻ പോകുകയാണ്. വികസനത്തിന് തുരങ്കം വയ്ക്കുന്ന ഇവർ കേരളത്തിന് അപമാനമാണ്. കെ-റെയിൽ പദ്ധതി വഴി ഇത്രയും വലിയ വികസനം വരുന്നതിന് തുരങ്കം വയ്ക്കാനാണ് ഇവർ കേന്ദ്രത്തിലേയ്ക്ക് പോയത്. എവിടെയെങ്കിലും കേട്ടുകേൾവിപോലുമില്ലാത്ത സ്ഥിതിയാണിത്. ഈ രീതിയിലുള്ള പ്രവർത്തനമാണ് ഇവർ ചെയ്യുന്നത്. തമാശയെന്ന് പറയുന്നത്, ഇവരുടെ പ്രകടന പത്രികയിൽ അന്ന് കെ-റെയിലിന്റെ കാര്യം

പറഞ്ഞിരുന്നുവെന്നതാണ്. അന്ന് പറഞ്ഞിരുന്നത് ഹൈ സ്പീഡ് റെയിൽ കോറിഡോർ എന്നായിരുന്നു. അത് ഉയർത്തിപ്പിടിച്ചുകൊണ്ട് പല പത്രസമ്മേളനങ്ങളും ഇവർ നടത്തിയിട്ടുള്ളത് നമുക്ക് കാണാം. എന്നാൽ ഇന്ന് എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ ഏറ്റവും നല്ല രീതിയിലുള്ള വികസനം നടത്തുമ്പോൾ അതിനെതിരാകുകയാണ്. കെ-റെയിലിന്റെ കുറ്റി പറിക്കുന്ന ആളുകളായിട്ടുണ്ട്. നമ്മുടെ നാട്ടിൽ ഒരു കുടുംബത്തിലെ ഒരാൾ തിരിഞ്ഞു പോയാൽ/അവർ ആ കുടുംബത്തിൽ എന്തെങ്കിലും പ്രശ്നം ഉണ്ടാക്കിയാൽ, അവിടെയുള്ള ഒരു മോൻ ആ കുടുംബത്തിന്റെ കുറ്റി പറിച്ചുപോയതുകൊണ്ടാണ് ആ കുടുംബം നശിച്ചുപോയതെന്ന് ഞങ്ങൾ പറയാറുണ്ട്. അതുപോലെ കെ-റെയിലിന്റെ കുറ്റി പറിക്കുമ്പോൾ ഇവർ ഓർക്കേണ്ടത് കേരളം എന്ന കുടുംബത്തിന്റെ കുറ്റിയാണ് ഇവർ പറിക്കുന്നതെന്നാണ്. അതാണ് വികസനത്തിന് തുരങ്കം വയ്ക്കുന്ന ആളുകൾ മനസ്സിലാക്കേണ്ടത്. ആർ.എസ്.എസ്.-ജമാഅത്തെ ഇസ്ലാമി - കോൺഗ്രസ് കൂട്ടുകെട്ട്, ഈ മുക്കൂട്ട് മുന്നണി കുറേ കാലമായി കേരളത്തിൽ വരുന്ന വികസനത്തെ അട്ടിമറിക്കാനുള്ള ശ്രമം നടത്തുന്നു. അതിലോരോന്നായി നമുക്കോർമ്മയുണ്ട്. നന്ദിഗ്രാം എന്ന് പറഞ്ഞിട്ടുള്ള

കാര്യം നമുക്കോർമ്മയുണ്ട്. വയൽക്കിളികളെ ക്ഷണിച്ചുവരുത്തിക്കൊണ്ട് വലിയ സമരങ്ങൾ നടത്തിയത് നമുക്കോർമ്മയുണ്ട്. കിഴാറ്റൂരിലെ ഭാഗത്ത് പോയി നോക്കിയാൽ ആറുവരി ദേശീയപാതയുടെ പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണെന്ന് അറിയാൻ സാധിക്കും. അവിടെ മാത്രമല്ല, കേരളത്തിന്റെ അങ്ങേയറ്റത്തുനിന്ന് ഇങ്ങേയറ്റം വരെ ആറുവരി പാത വരികയാണ്. അതുവന്നുകഴിഞ്ഞാൽ കേരളത്തിന്റെ മുഖഛായ തന്നെ മാറും. ആ വയൽക്കിളികൾ പറന്നുപോയി. ഇന്ന് വികസനത്തിന്റെ പാത അവിടെ വെട്ടിത്തെളിയിച്ചു. ഈ രീതിയിലുള്ള ഓരോ വികസനവും നടന്നുകൊണ്ടിരിക്കുകയാണ്. മണ്ണിനടിയിലെ ബോംബാണ് ഗെയിൽ വാതകമെന്ന് ഇവർ ആക്ഷേപമുയർത്തിയിരുന്നു. മണ്ണിനടിയിലെ ബോംബാണെന്ന് പറഞ്ഞ് ഈ മുക്കൂട്ട് മുന്നണിക്കാർ (ജമാഅത്തെ ഇസ്ലാമി-ആർ.എസ്.എസ്.- കോൺഗ്രസ്) ഒന്നിച്ചു നിന്നുകൊണ്ടാണ് ഗെയിൽ പൈപ്പിനെ എതിർത്തത്. ഗെയിൽ പൈപ്പ് വരുന്നതിനായി പള്ളി പൊളിക്കുന്നു എന്നുപറഞ്ഞ് അന്ന് വലിയ പ്രക്ഷോഭവും സമരങ്ങളുമുണ്ടാക്കി. റോഡിൽ നിന്ന് നിസ്കാരം നടത്തി വാങ്ക് വിളിച്ചു. കേരളത്തിലെ ജനങ്ങൾ ഇതൊന്നും മറന്നുപോയിട്ടില്ല. ഇപ്പോൾ അവരെല്ലാം സലാം പറഞ്ഞ്

തിരിച്ചുപോയി. എന്നാൽ കോഴിക്കോട്ടെ ഈസ്റ്റ് ഹിൽ വെസ്റ്റ് ഹിൽ ഭാഗങ്ങളിലെല്ലാം ഇന്ന് ഗെയിൽ പൈപ്പ് ഇടുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കുറച്ച് മാസങ്ങൾക്കുള്ളിൽ വാട്ടർ അതോറിറ്റിയിലെ പൈപ്പിൽനിന്നും വെള്ളം വരുന്നതുപോലെ ഓരോ അടുക്കളയിലേയ്ക്കും ഗെയിൽ പാചക വാതക ലൈനിൽ നിന്നും പാചക വാതകം കുറഞ്ഞ റേറ്റിൽ ലഭിക്കാൻ പോകുകയാണ്. ഈ വികസന വിരോധികൾ ഇത് കാണണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. അധികാരം നഷ്ടപ്പെട്ട നിങ്ങൾക്ക് ഒരുപാട് പ്രശ്നങ്ങളുണ്ടാകാം. അസൂയ, വെപ്രാളം ഈ രീതിയിലേയ്ക്കെല്ലാം വരും. കള്ളവും കാപട്യവും എന്ന് നിങ്ങൾ നിർത്തുന്നുവോ അന്നേ നിങ്ങൾ നന്നാകുകയുള്ളൂ. അല്ലെങ്കിൽ ഇതുപോലെ മൂലക്കിരിക്കേണ്ട ഗതികേടാണ് ജനങ്ങൾ നൽകുന്നത്. വഖഫ് ബോർഡ് നിയമനത്തിന്റെ പേരിൽ എന്തൊക്കെ പ്രശ്നങ്ങളും കോലാഹലങ്ങളുമാണുണ്ടാക്കിയിട്ടുള്ളത്. കോഴിക്കോട് കടപ്പുറത്ത് വലിയ രീതിയിലുള്ള പ്രകടനവും പൊതുയോഗവുമാണ് ഇവർ നടത്തിയിട്ടുള്ളത്. ഇതുവരെ ലീഗ് ഒരു രാഷ്ട്രീയ പാർട്ടിയാണെന്ന് വിശ്വസിച്ചിട്ടുള്ള ആളുകൾ, അവിടെ നിന്ന് പ്രസംഗം കേട്ടിട്ടുള്ള ആളുകൾ എല്ലാം തന്നെ, ഏറ്റവും വലിയ

വർഗ്ഗീയ പാർട്ടിയാണ് ലീഗെന്ന് മുദ്രകുത്തുന്ന രീതിയിലുള്ള പ്രസംഗമാണ് അവിടെയുള്ള ഓരോ നേതാക്കന്മാരും നടത്തിയിട്ടുള്ളതെന്നാണ് ഇപ്പോൾ പറയുന്നത്. ഇവർ വഖഫ് ബോർഡിന്റെ കാര്യത്തിൽ ജുമാ നമസ്കാരത്തിനിടയിൽ വർഗ്ഗീയ വിഷം കുത്തിവയ്ക്കാമെന്ന് കരുതിയിട്ടുണ്ടായിരുന്നു. നല്ല സമുദായ നിലപാടെടുക്കുന്ന സംഘടനകൾ ഇവിടെയുള്ളതുകൊണ്ട് വിവേകത്തോടെയുള്ള ഇടപെടലാണ് നടത്തിയിട്ടുള്ളത്. നല്ല ഉശിരും വിവേകവുമുള്ള പുതിയ തലമുറ ഈ നാട്ടിൽ വളർന്ന് വരുന്നുണ്ടെന്ന് ലീഗുകാർ മനസ്സിലാക്കിയാൽ നല്ലതുതന്നെയാണ്. ആരുടേയും പോക്കറ്റിലല്ല സമുദായമെന്ന് പറയുമ്പോൾ നാവടക്കേണ്ടിവരുന്നത്..... ഇവർ നടത്തിയിട്ടുള്ള വലിയ കോലാഹലങ്ങളെല്ലാം തന്നെ ഊതി വീർപ്പിച്ച ബലൂൺ കാറ്റൊഴിഞ്ഞതുപോലെ ആയിപ്പോയില്ലേ. സർവ്വതും കോർപ്പറേറ്റുകൾക്ക് വിറ്റുതുലയ്ക്കുന്ന നിലപാടിലേക്കും കടുത്ത വർഗ്ഗീയതയിലേക്കും ബി.ജെ.പി ഭരിക്കുന്ന കേന്ദ്രസർക്കാർ പൊയ്ക്കൊണ്ടിരിക്കുമ്പോൾ ദേശീയ പാർട്ടിയെന്ന നിലയിൽ ഇതിനെ പ്രതിരോധിക്കേണ്ടത് കോൺഗ്രസ്സല്ലേ. ഇന്ന് കോൺഗ്രസ്സിന്റെ നിലയെന്താണ്? എടുക്കാനില്ല, അസ്ഥികൂടം

പോലെയായി മാറിയിട്ടില്ലേ?

മി. ചെയർമാൻ: പ്ലീസ്... കൺക്ലൂഡ്.

ശ്രീമതി കാനത്തിൽ ജമീല: സർ, സത്യത്തിൽ കോൺഗ്രസ്സും ബി.ജെ.പി.-യും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്. സാമ്പത്തിക നയങ്ങളുടെ കാര്യത്തിലും പൊതുമേഖല വിറ്റുതുലയ്ക്കുന്ന കാര്യത്തിലും അഴിമതിയുടെ കാര്യത്തിലും മൃദുഹിന്ദുത്വ നയം നടപ്പിലാക്കുന്ന കാര്യത്തിലും ഒരു വ്യത്യാസവുമില്ല. ഇങ്ങനെ വലിയ വ്യത്യാസങ്ങൾ രണ്ട് പാർട്ടിയിലുമില്ലാത്തതുകൊണ്ട് ഇപ്പോൾ ഒരു പാർട്ടിയിൽനിന്നും മറ്റൊരു പാർട്ടിയിലേയ്ക്ക് പോയാൽ ഒന്നും നമുക്ക് തോന്നാറില്ല. ഏത് നേതാവായാലും ബി.ജെ.പി.-യിലേയ്ക്ക് പോയെന്ന് പറയുമ്പോഴും ഒന്നും തോന്നാത്ത സ്ഥിതിവിശേഷത്തിലെത്തിയിരിക്കുകയാണ്.

മി. ചെയർമാൻ: പ്ലീസ്... കൺക്ലൂഡ്.

ശ്രീമതി കാനത്തിൽ ജമീല: സർ, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നാല് സംസ്ഥാനത്തിലെ ജനങ്ങൾ ബി.ജെ.പി.-യെ അകറ്റി നിർത്താനായി ശ്രമിച്ചു. മതനിരപേക്ഷത പറഞ്ഞുകൊണ്ടാണ് അവർ കോൺഗ്രസിന് വോട്ട് ചെയ്ത് ഭൂരിപക്ഷവും നൽകിയത്. പക്ഷേ എന്താണ് ഉണ്ടായിട്ടുള്ളത്;

കോൺഗ്രസിന് ഭരണം ലഭിച്ചില്ല. നോട്ടിന്റെ കെട്ട് കാണിച്ചപ്പോൾ അവരുടെ കൂടെയങ്ങ് പോയതാണ്. ആ രീതിയിലുള്ള കോൺഗ്രസിന് ആരാണ് വോട്ട് ചെയ്യുക. വയനാട്ടിലുള്ള പ്രധാനമന്ത്രിയെ ഇപ്പോഴെങ്ങും കാണാറില്ല. ചില പ്രശ്നങ്ങൾ വരുമ്പോൾ ലോക് സഭയിൽ ഉണ്ടായിരുന്നു. അവിടെയും പാർലമെന്റിലും കാണുന്നില്ല. പിന്നെയെവിടെ പോയി എന്നുള്ളതാണ്. ഇതാണ് ഇവരെ വിജയിപ്പിച്ചാലുള്ള ഒരു സ്ഥിതിയെന്നുള്ളത് നമുക്കറിയാം.

<u>മി. ചെയർമാൻ</u>: പ്ലീസ്... രണ്ട് മിനിട്ടായി.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, ഒറ്റ കാര്യംകൂടി. ഇവിടെ ഇതെല്ലാം നന്നാക്കുവാൻ വേണ്ടിയിപ്പോൾ ഒരു നേതാവിനെ കൊണ്ടുവന്നിട്ടുണ്ട്. അദ്ദേഹത്തിന് ഇവിടത്തെ ഓരോ കമ്മ്യൂണിസ്റ്റുകാരന്റെയും രക്തം കണ്ടാൽ അദ്ദേഹത്തിന് വലിയ അനുഭൂതിയാണ്. ആ അനുഭൂതിയാണ് കഴിഞ്ഞ ദിവസം കണ്ടത്. ഒരു കൊച്ചു പൗരൻ വളർന്നു വരേണ്ട ഒരു കുടുംബത്തിന്റെ നാഥനായിട്ടുള്ള ധീരജ് എന്നുപറയുന്ന ഒരു കുട്ടിയെയാണ് കഴിഞ്ഞ ദിവസം കൊലപ്പെടുത്തിയിട്ടുള്ളത്.

<u>മി. ചെയർമാൻ</u>: പ്ലീസ്... കൺക്ലൂഡ് മൂന്ന് മിനിട്ടായി.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, ഒരിക്കൽപ്പോലും ആ കുടുംബത്തിനെ

ആശ്വസിപ്പിക്കാതെ ആ കുട്ടിയെ എപ്പോഴും അപമാനിച്ചുകൊണ്ടും ആക്ഷേപിച്ചുകൊണ്ടും ....

മി. ചെയർമാൻ: പ്ലീസ്... പ്ലീസ്... മതി.. മതി... താങ്ക്യൂ.

ശ്രീമതി കാനത്തിൽ ജമീല: സർ, അതിനിടയാക്കിയ കുറ്റക്കാരെ എങ്ങനെയും രക്ഷിക്കുമെന്ന് പറയുന്ന നേതാവാണ് കോൺഗ്രസിന്റെ നേതാവായി നിൽക്കുന്നത്. ഒരിക്കൽക്കൂടി നന്ദി പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. വി. അൻവർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുകയാണ്. വികസനക്ഷേമ രംഗങ്ങളിൽ സംസ്ഥാനത്തെ രാജ്യത്തിലെ ഒന്നാമതാക്കിത്തീർക്കുമെന്ന പ്രകടപത്രികയുടെ അടിസ്ഥാനത്തിൽ അധികാരത്തിലെത്തിയ ഈ സർക്കാരിന് ആ ദിശയിൽ അസൂയാവഹമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിക്കുന്ന പബ്ലിക് അഫയേഴ്സ് ഇന്റക്സിൽ ഇത്തവണയും സംസ്ഥാനത്തിന് ഒന്നാം സ്ഥാനമാണ്. രണ്ടാം സ്ഥാനത്തുള്ള സംസ്ഥാനത്തേക്കാൾ ഉദ്ദേശം ഇരട്ടി സ്കോർ നേടിയാണ് സംസ്ഥാനം ഒന്നാമതെത്തിയതെന്നും പ്രത്യേകം പ്രസ്താവ്യമാണ്. അതായത്

മറ്റുസംസ്ഥാനങ്ങളേക്കാൾ ബഹുദൂരം മുന്നിലാണ് നാം. ഏറ്റവും പിന്നിലുള്ള ഉത്തർപ്രദേശിന് ലഭിച്ചത് -1.418 സ്കോറാണ്. കേരളത്തിന് ലഭിച്ചത് +1.618 സ്കോറാണ്. എല്ലാ രംഗത്തും സംസ്ഥാനം ഈ നേട്ടങ്ങളെല്ലാം കൈവരിച്ചത് കഴിഞ്ഞ കാലങ്ങളിലുണ്ടായ മഹാമാരിയും പ്രളയവും മറ്റ് ദുരിതങ്ങളുമെല്ലാം അതിജീവിച്ചാണെന്നുള്ളത് നാമെല്ലാവരും ഓർക്കുന്നുണ്ടാകുമെന്ന് കരുതുന്നു. ഇരുപത് ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുമെന്ന വാഗ്ദാനം നടപ്പിലാക്കുന്നതിന്റെ പദ്ധതി സമീപന രേഖപ്രകാരം 10600 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ പതിനായിരം പേർക്ക് തൊഴിൽ നൽകാൻ ഉദ്ദേശിച്ചതിൽ 2460 പേർക്ക് ജോലി ലഭിച്ചുകഴിഞ്ഞു. Knowledge Mission വഴി 35 ലക്ഷം പേർക്ക് നൈപുണ്യ പരിശീലനം നൽകി തൊഴിൽ സാദ്ധ്യത മികവുറ്റതാക്കുന്നതിന് പരിപാടി ആരംഭിച്ചുകഴിഞ്ഞു. ഇതിനായി 5000 കോടിയാണ് സർക്കാർ നേരിട്ട് നൽകുന്നത്. കിഫ്ബി നൽകുന്നത് 2000 കോടി രൂപയാണ്. കോവിഡ്-19 സൃഷ്ടിച്ച ആരോഗ്യ സാമ്പത്തിക സാമൂഹിക വെല്ലുവിളികൾ നേരിടുന്നതിന് ആദ്യം പ്രഖ്യാപിച്ച 20000 കോടി രൂപയ്ക്ക് പുറമെയാണ് 20000 കോടി രൂപ കൂടി നൽകിയിട്ടുള്ളത്. ഈ കാലഘട്ടത്തിലൊന്നും

സംസ്ഥാന സർക്കാരിനെ സഹായിക്കാൻ ഒരു രൂപ പോലും കേന്ദ്ര സർക്കാർ നൽകിയില്ലെന്ന സത്യം നമുക്കെല്ലാവർക്കുമറിയാം. അപ്പുറത്തുനിന്ന് പ്രസംഗിക്കുന്ന പ്രതിപക്ഷത്തിന്റെ ഒരാളുപോലും ഇന്ന് രാവിലെ ആരംഭിച്ച ഈ ചർച്ചയിൽ ഒരു വാക്കുപോലും കേന്ദ്ര ഗവൺമെന്റിനെതിരെ പറഞ്ഞില്ലെന്നത് നമുക്കെല്ലാവർക്കും കൃത്യമായി അറിയുന്ന കാര്യമാണ്. കോവിഡ്-19 സൃഷ്ടിച്ച ആഘാതം ലഘൂകരിക്കുന്നതിന് 100 ദിന പരിപാടി പ്രഖ്യാപിച്ചിരുന്ന എല്ലാ രംഗത്തും പരിപാടി ലക്ഷ്യം മറികടന്ന് 77500 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പരിപാടിയിട്ടിരുന്നിടത്ത് 80000 മായി ഉയർത്താൻ സർക്കാരിന് സാധിച്ചു. പതിനായിരം വീടുകൾ പൂർത്തീകരിക്കുമെന്ന് ലക്ഷ്യമിട്ടിരുന്നത് 12067 വീടുകളായി. കെ.പി.സി.സി.-യുടെ ആയിരം വീടുകൾ എവിടെയാണെന്നുള്ളത് ഇതിനിടയ്ക്ക് പറഞ്ഞാൽ നന്നായിരുന്നു എന്നുള്ള ചെറിയൊരു അഭ്യർത്ഥനയുണ്ട്. 13500 കുടുംബങ്ങൾക്ക് പട്ടയം നൽകി. പട്ടികജാതി വകുപ്പിന് കീഴിൽ പൂർത്തിയാകാതെ കിടന്നിരുന്ന 1000 വീടുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിൽ 1750 വീടുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ്

പുനഃരുദ്ധാരണ പദ്ധതി പ്രകാരം ആയിരം റോഡുകൾ പൂർത്തീകരിച്ചു. മലപ്പുറത്ത് ഇഷ്ടംപോലെ റോഡ് കിട്ടിയിട്ടുണ്ട്. എല്ലാ ലീഗ് എം.എൽ.എ.-മാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പുനഃരുദ്ധാരണ പദ്ധതിയിൽ നിന്നും പ്രളയത്തിൽ തകർന്ന അഞ്ചും പത്തും റോഡുകൾക്ക് തുകവാങ്ങി അവിടെ ബോർഡും ബാനറും വച്ച് ഇരിക്കുന്നവരാണ് അപ്പുറത്തേതെന്ന് ഓർത്താൽ നന്നാകും. ആദ്യ 100 ദിന പരിപാടിയുടെ വിജയം നൽകിയ ആത്മവിശ്വസവുമായാണ് സർക്കാർ ഇപ്പോൾ രണ്ടാം 100 ദിന പരിപാടി പ്രഖ്യാപിച്ചിരിക്കുന്നത്. പരിപാടിയുടെ ഭാഗമായി 4.6 ലക്ഷം തൊഴിലവസരങ്ങളും 17 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കും. 17184 കോടി രൂപയുടെ പരിപാടിയിൽ പരിപാടി ആരംഭിച്ച് 53 ഉന്നത നിലവാരത്തിലുള്ള സ്കൂളുകൾ ഈ നാടിന് സമർപ്പിച്ച് കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ വായിക്കുകയാണെങ്കിൽ ഈ നയപ്രഖ്യാപനവും കഴിഞ്ഞ സർക്കാർ ചെയ്ത കാര്യങ്ങളും മണിക്കൂറുകളും ദിവസങ്ങളും വായിച്ചാൽ തീരില്ല. ഞാൻ ഈ നിയമസഭയിലേയ്ക്ക് കടന്നുവരുന്നത് 2016-ലാണ്. 5 വർഷങ്ങൾക്കുമുമ്പ് ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനവും അതിനുശേഷം നടന്ന ചർച്ചകളിലും പ്രസംഗങ്ങളിലും പ്രതിപക്ഷനേതാക്കന്മാർ എടുത്തിരുന്ന നിലവാരത്തിന്

ഒരുമാറ്റവും ഉണ്ടായിട്ടില്ല. അന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കിഫ്ബിയെക്കുറിച്ച് അവതരിപ്പിച്ചപ്പോൾ അതിനെ ഏതൊക്കെ ഭാഷയിൽ കളിയാക്കാൻ കഴിയുമോ, അദ്ദേഹത്തെ വ്യക്തപരമായി എങ്ങനെയൊക്കെ ഹത്യനടത്താൻ കഴിയുമോ എന്നുള്ളത് രണ്ട് വർഷം ആഘോഷമാക്കി മാറ്റിയിരുന്നു. നിയമസഭാ സമ്മേളനങ്ങളിൽ ബഹുമാന്യനായ മന്ത്രിയെ കോമാളിയും ബുദ്ധിശൂന്യനുമാണെന്ന് വരുത്തിത്തീർക്കുന്ന രീതിയിലാണ് കാര്യങ്ങൾ നടന്നുപോയിരുന്നത്. ഇപ്പോൾ സ്ഥിതി എന്തായി; അഞ്ച് വർഷക്കാലംകൊണ്ട് വിദ്യാഭ്യാസ മേഖലയിലും ആരോഗ്യരംഗത്തും കാർഷിക മേഖലയിലും നാടിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റുമായി ബന്ധപ്പെട്ടുണ്ടായ പുരോഗതി എത്രമാത്രം വലുതാണെന്ന് തിരിച്ചറിവുള്ളവരും അത് ആസ്വദിച്ച് വീണ്ടും തെരഞ്ഞെടുപ്പിന് വോട്ടുവാങ്ങി ജയിച്ചവരുമാണ് ചില ആളുകൾ. എല്ലാവരും അല്ല. പത്തിരുപത് ആളുകൾ ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും എസ്.ഡി.പി.ഐ.-യുടെയും വോട്ട് വാങ്ങി വന്നതാണെന്നുള്ളത് വളരെ കൃത്യമായി ഇതിനുമുമ്പ് പറഞ്ഞിട്ടുള്ളതാണ്. അതിലേയ്ക്ക് പോകുന്നില്ല. നമ്മുടെ നാട്ടിൽ വലിയൊരു പ്രളയമുണ്ടായി 40000 കോടി രൂപയുടെ നഷ്ടമുണ്ടായെന്ന് കണക്കാക്കിയത് കേന്ദ്ര

ഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റ് അഞ്ചുപൈസ തന്നില്ലെന്ന് മാത്രമല്ല, പ്രളയസമയത്ത് അടിയന്തര ചെലവുകൾക്കായി കേന്ദ്രസേന വന്ന് ചെലവഴിച്ചതിനും അടിയന്തര അരി കൊടുത്തതിനും 1557 കോടി രൂപ കണക്കെഴുതി വാങ്ങി. ഒരു രൂപപോലും തന്നിട്ടില്ല. ഈ പറയുന്ന മഹാന്മാരൊക്കെ അന്നും ഇവിടെയുണ്ട്. കേന്ദ്ര ഗവൺമെന്റിനെതിരെ സമരം നടത്താനും കേന്ദ്ര ഗവൺമെന്റെടുക്കുന്ന/പ്രധാനമന്ത്രി നരേന്ദ്ര മോദി എടുക്കുന്ന ഈ തീരുമാനം ശരിയല്ലെന്നും ഫെഡറൽ സംവിധാനത്തിൽ സംസ്ഥാന സർക്കാരിനവകാശപ്പെട്ട പണം നൽകണമെന്ന് പറയാനും കേന്ദ്രത്തിൽ പാർലമെന്റിൽ നിന്നുള്ള കോൺഗ്രസ്സിന്റെ നിയന്ത്രണത്തിലുള്ള എണ്ണത്തിൽക്കുടുതലുള്ള പാർലമെന്റ് മെമ്പർമാർ തയ്യാറായിട്ടില്ല. ഇവിടെയിരിക്കുന്ന യു.ഡി.എഫ്.-ന്റെ നേതാക്കന്മാർ ഒരു പ്രമേയം പാസ്സാക്കി ഇവിടത്തെ കേന്ദ്ര ഗവൺമെന്റിന്റെ ഓഫീസിനുമുമ്പിൽ ഒരു സമരം/പ്രകടനം നടത്താനുള്ള ശ്രമം ഉണ്ടായിട്ടില്ല. സംസ്ഥാനത്തിന് കിട്ടേണ്ട ഒട്ടനവധി പദ്ധതികൾ ഓരോന്നായി നിഷ്കരുണം വെട്ടി ഇല്ലാതാക്കിയപ്പോൾ പ്രതിപക്ഷത്തുള്ളവർക്ക് നല്ല സന്തോഷമാണ്. ഒരു വാക്ക് അവർ കേന്ദ്ര ഗവൺമെന്റിനെതിരെ പറഞ്ഞിട്ടില്ല. ഇനി പറയാനും തയ്യാറല്ല. ഇപ്പോൾ

അവസാനമായി കെ-റെയിൽ തടയുന്നതിനായി എല്ലാവരെയും കൂട്ടി ഡൽഹിയിലേയ്ക്ക് പോയി. കെ-റെയിൽ തടയുന്നതെന്തിനാണ്; ആർക്കാണിതിന്റെ ദോഷം; കെ-റെയിൽ തടയണമെന്ന് പറഞ്ഞ് ഇവിടെ പ്രസംഗിച്ചവർ ആകെ പറയുന്നത് മതിൽ കെട്ടുമെന്നാണ്. ഏത് മതിലാണെന്ന് നമുക്കാർക്കും മനസ്സിലാവുന്നില്ല. എന്ത് മതിലാണ് കെട്ടുന്നത്? ഈ നാട്ടിലുണ്ടാക്കിയ പുരോഗതിയ്ക്ക് മുഴുവൻ തടസ്സം നിന്നിട്ട് അവർക്കിപ്പോൾ എന്തുണ്ടായി; എന്നാണ് ഇവർക്ക് ബുദ്ധിവയ്ക്കുക? അഞ്ചുകൊല്ലം ഈ ഗവൺമെന്റ് നടത്തിയ ഭരണത്തിൽ ജനങ്ങൾക്ക് ആശ്വാസമായ പദ്ധതികളെ മുഴുവൻ പച്ചയായി എതിർത്തിട്ട് ജനങ്ങൾ ചവിട്ടിക്കൂട്ടി മൂലക്കിട്ടത് ഇപ്പോഴും അവർക്ക് മനസ്സിലായിട്ടില്ല. എന്താണ് തെരഞ്ഞെടുപ്പ് സമയത്ത് പറഞ്ഞത്; ഞങ്ങൾ വന്നാൽ കിഫ്ബി നിർത്തലാക്കുമെന്ന് ഒരു പ്രതിപക്ഷനേതാവ് പറഞ്ഞു. അദ്ദേഹം അങ്ങനെ പറഞ്ഞെങ്കിൽ അടുത്ത പ്രതിപക്ഷനേതാവ് ഇവിടത്തെ ലൈഫ് പദ്ധതി നിർത്തലാക്കുമെന്ന് പറഞ്ഞു. ആരോഗ്യ മേഖലയിലും സ്കൂളുകൾക്കും ഇങ്ങനെ പണം ചെലവഴിക്കാൻ കഴിയില്ലെന്നും അത് പുനഃപരിശോധിക്കുമെന്നും പറഞ്ഞു. കോവിഡ് വന്നപ്പോൾ വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന

കഞ്ഞിക്കുള്ള അരിയെല്ലാം സ്കൂളുകളിൽ ബാക്കിയിരുന്നു. രക്ഷിതാക്കളെ വിളിച്ച് അരികൊടുക്കാൻ സർക്കാർ തീരുമാനമെടുത്തു. അതുമായി ബന്ധപ്പെട്ട് കേരളം മുഴുവൻ സമരം നടന്നു. അരി മുടക്കി. അങ്ങനെ എന്തൊക്കെ ഇവർ മുടക്കി. ആ മുടക്കിയതിന്റെയെല്ലാം പരിണിതഫലം അവർ അനുഭവിച്ചു. ഇപ്പോഴും കേരളത്തിൽ നമ്മൾ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രയാസം യാത്ര ആണെന്നുള്ളത് ആർക്കാണ് അറിയാത്തത്; ജനസാന്ദ്രത കൂടിയ ഈ നാട്ടിൽ റോഡുണ്ടാക്കാൻ ഒരു മാർഗ്ഗവുമില്ല. പതിനായിരം റോഡുണ്ടാക്കിയാലും മലയാളികളുടെ വാഹനപ്രിയം അവസാനിക്കാത്തിടത്തോളംകാലം ഈ റോഡിലൂടെ നമുക്ക് യാത്രചെയ്യാൻ കഴിയില്ല. അതിനെ മറികടക്കാൻ, പത്തുറുന്നൂറ് കിലോമീറ്റർ മറികടക്കാൻ വേണ്ടി ഒരു റെയിൽവേ ലൈൻ വരുമ്പോൾ അതിനെ തടുക്കണം. ഇവർക്കിനിയും മനസ്സിലായിട്ടില്ല. ഇവർ തടുത്തുകൊണ്ടേയിരിക്കണം. ഇവർക്ക് ബുദ്ധി ഉപദേശിച്ച് കൊടുക്കുന്നവരെ കണ്ടുപിടിച്ച് അവർക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി ശമ്പളം കൊടുക്കണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. മറ്റൊന്ന്, രാജ്യത്തെ പത്രമാധ്യമ പ്രവർത്തകർ നൽകുന്ന ഫീഡ്ബാക്കനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന

പ്രതിപക്ഷനേതാക്കന്മാർക്ക്/കുറച്ച് ആളുകൾക്ക് കൂടി പിന്നിലൂടെ നമ്മൾ ശമ്പളം കൊടുക്കണം. ബി.എസ്.എൻ.എൽ. പൂട്ടാൻ വേണ്ടി പരിശ്രമിക്കുന്ന ഒട്ടനവധി ഉദ്യോഗസ്ഥന്മാർ ബി.എസ്.എൻ.എൽ.-ൽ പ്രവർത്തിക്കുന്നുണ്ടെന്ന് നമുക്കറിയാം. അവർക്ക് രണ്ട് ശമ്പളമാണ്. ഒരു ശമ്പളം ബി.എസ്.എൻ.എൽ. കൊടുക്കുന്നതും മറ്റൊന്ന് ഈ പറയുന്ന കമ്പനികൾ കൊടുക്കുന്നതുമാണ് എന്ന് പറഞ്ഞതുപോലെ ഇവർക്ക് ബുദ്ധി ഉപദേശിക്കുന്നവരെ വളരെ രഹസ്യമായി കണ്ടെത്തി അവർക്ക് നമ്മൾ ശമ്പളം കൂടി കൊടുത്താൽ ഈ അവസ്ഥയിൽനിന്ന് ഒന്നുകൂടെ മോശപ്പെട്ട അവസ്ഥയിലേയ്ക്ക് പോകും. കേന്ദ്രത്തിന്റെ അവസ്ഥ എന്താണ്; മൂന്ന് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് നടക്കുവാൻ പോകുകയാണ്. എന്താണ് സംഭവിക്കാൻ പോകുന്നത്; ബി.ജെ.പി.-യെ അടിച്ച് മൂലക്കിരുത്താൻ സാദ്ധ്യമാകുന്ന രാഷ്ട്രീയ സാഹചര്യങ്ങൾ മുഴുവൻ കളഞ്ഞുകുളിക്കുകയല്ലേ; പഞ്ചാബ് എന്താകുമെന്നുപോലും പറയാൻ കഴിയില്ല. ഒരുവർഷം നീണ്ട കർഷക സമരത്തിൽ എഴുന്നൂറ്റിചില്ല്വാനം രക്തസാക്ഷികളെ ജീവൻകൊടുത്ത പഞ്ചാബ് ജനതയുടെ ധീരോദാത്തമായ സമരം ഇന്ത്യയിൽ ബി.ജെ.പി.-ക്കെതിരെ വലിയൊരു തരംഗമായി നിൽക്കുന്ന സമയത്ത് അതുപോലും

മുതലെടുക്കാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട രാഹുൽഗാന്ധി ഇപ്പോൾ അവിടെ പോയി വന്നിട്ട് ഇവിടെ ഹിന്ദുഭരണം വരണം എന്താണ് പറഞ്ഞത്. ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും ഹിന്ദുത്വത്തിനുവേണ്ടി വാദിക്കുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഹിന്ദുത്വത്തിനുവേണ്ടി വാദിക്കുന്നു. മതേതരത്വനിലപാട് എന്ന് കോൺഗ്രസ്സ് കൈവിട്ടുവോ അന്ന് തുടങ്ങിയ കോൺഗ്രസ്സിന്റെ തകർച്ച തുടരുകയാണ്. മൂന്ന് വർഷങ്ങൾക്കുമുമ്പ് തൊട്ടടുത്ത സംസ്ഥാനമായ ഗോവയിലും കർണ്ണാടകയിലുമൊക്കെ ബി.ജെ.പി.-യ്ക്കെതിരെ ജനം പൂർണ്ണമായും വോട്ട് ചെയ്തു. ജനം തോൽപ്പിച്ച് മൂലക്കലിരുത്തിയ ബി.ജെ.പി.-യെ പത്തും ഇരുപതും ഇരുപത്തിരണ്ടും എം.എൽ.എ.-മാർ രാജിവച്ച് ഇപ്പുറത്തുവന്ന് ഭരണത്തിലേറ്റി. ആ വ്യക്തിതന്നെയാണ് ഇന്ന് പഞ്ചാബിലെയും യു.പി.-യിലേയും കോൺഗ്രസ്സിന്റെ നേതൃത്വത്തെ നിയന്ത്രിക്കുന്നത്. ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും പ്രതിനിധിയായി ശ്രീ. കെ. സി. വേണുഗോപാൽ ആൾ ഇന്ത്യാ കോൺഗ്രസ്സ് കമ്മിറ്റിയെ നയിക്കുമ്പോൾ ഇത് മാത്രമേ നടക്കുകയുള്ളൂ എന്ന് നമ്മളും പല കോൺഗ്രസ്സുകാരും ആവർത്തിച്ച് ഇവിടെ പറഞ്ഞിട്ടുള്ളതാണ്[+]. എങ്ങനെയൊക്കെ കോൺഗ്രസ്സിനെ വിറ്റ്

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ 08/03/2022 തീയതിയിലെ ഉത്തരവ് പ്രകാരം (ഫയൽ നമ്പർ 3371/ ഇ.ബി./2022/നി.സെ.) സഭാരേഖകളിൽ നിലനിർത്തി.

വില വാങ്ങാം എന്നുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ആ പരിശ്രമത്തിന്റെ ഫലപ്രാപ്തി ഇന്ന് കോൺഗ്രസ്സ് ഭരിച്ചുകൊണ്ടിരിക്കുന്ന മറ്റ് സംസ്ഥാനങ്ങളിൽ....

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ....

ശ്രീ. പി. വി. അൻവർ: സർ, പോയിന്റ് ഓഫ് ഓർഡറിന് വഴങ്ങുന്നില്ല. ഇത് കഴിഞ്ഞിട്ട് പറയാം.

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡർ...പ്ലീസ് സിറ്റ് ഡൗൺ...

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നിലമ്പൂർ എം.എൽ.എ.-യുടെ പ്രസംഗത്തിൽ തുടക്കം മുതൽ നിരവധി കാര്യങ്ങൾ പറയുന്നുണ്ട്. അത് അർഹിക്കുന്ന അവഗണനയോടുകൂടി ഞങ്ങൾ തള്ളിക്കളയുകയായിരുന്നു. എന്നാൽ ശ്രീ. കെ. സി. വേണുഗോപാൽ, എ.ഐ.സി.സി.-യുടെ സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറിയാണ്. അദ്ദേഹം ആർ.എസ്.എസ്.-ന്റെ പ്രതിനിധിയാണെന്ന ആക്ഷേപകരമായ പരാമർശം രേഖയിൽ ഉണ്ടാകാൻ പാടില്ല. അത് നീക്കം ചെയ്യണം.

മി. ചെയർമാൻ: അത് പരിശോധിക്കാം.

ശ്രീ. പി. വി. അൻവർ: സർ, രേഖയിൽ ഉണ്ടാകണമോ വേണ്ടയോ

എന്ന് സ്പീക്കർ തീരുമാനിക്കട്ടെ. ഈ സഭയ്ക്കകത്തില്ലാത്തവരെക്കുറിച്ച് ഒന്നും പറയാൻ പറ്റില്ലെങ്കിൽ ഈ പറയുന്ന ഗവർണ്ണറെക്കുറിച്ചും പ്രധാനമന്ത്രിയെക്കുറിച്ചും രാഷ്ട്രീനേതാക്കന്മാരെക്കുറിച്ചും ഇവിടെ ചിത്രം വരച്ച് കാണിക്കാൻ സാധിക്കുമോ? ശ്രീ. കെ. സി. വേണുഗോപാൽ എന്ന് പറയുന്നത് കോൺഗ്രസ്സിനെ തകർക്കാൻ ആർ.എസ്.എസ്.-ന്റെ ചട്ടുകമായി പ്രവർത്തിക്കുന്ന വ്യക്തിയാണെന്ന് ഒരു പഴയ കോൺഗ്രസ്സുകാരൻ എന്ന നിലയ്ക്ക് ഞാൻ ഉറച്ച് വിശ്വസിക്കുകയാണ്. കോൺഗ്രസ്സുമായി ബന്ധപ്പെട്ട് ഹിന്ദുത്വ പാർട്ടിയാണ്, ഹിന്ദു പാർട്ടിയാണ് കോൺഗ്രസ്സ് എന്നുള്ള ഒരു വാക്ക് പ്രചരിക്കാൻ കഴിയാത്ത മുസ്ലീങ്ങളുടെ നേതാക്കന്മാരാണ് നിൽക്കുന്നത്. ഒരു വാക്ക്, രാഹുൽ ഗാന്ധി അത് തിരുത്തണമെന്ന് പറയാൻ കഴിയാത്ത ത്രാണിയില്ലാത്ത ലീഗിന്റെ നേതാക്കന്മാർ മറുഭാഗത്തിരിക്കുകയാണ്. ഇപ്പോൾ യു.പി.-യിലെ തെരഞ്ഞെടുപ്പ് നടക്കുന്ന സമയത്ത് അതുമായി ബന്ധപ്പെട്ട് കുറച്ച് ലീഗിന്റെ നേതാക്കന്മാർ പോയ ചിത്രം നമ്മൾ കണ്ടു. ആ കാഷായ വസ്ത്രങ്ങൾ കണ്ടിട്ട് ഇവർതന്നെയാണോ എന്ന് മൂന്നുനാല് പ്രാവശ്യം ഞാൻ നോക്കി. ഏതോ സ്വാമിമാർ പൂജകഴിഞ്ഞ് യു.പി.-യിൽ വന്നിറങ്ങിയ അവസ്ഥ. എവിടുത്തേയ്ക്കാണ് ഈ

സമുദായത്തെ കൊണ്ടുപോകുന്നത്; കഴിഞ്ഞ നിയമസഭാ സമ്മേളനം കഴിഞ്ഞ് വഖഫ് ബോർഡും കഴിഞ്ഞ് ആനയ്ക്ക് മദമിളകുന്നതുപോലെ കോഴിക്കോട് കടപ്പുറത്തേയ്ക്ക് ഒരു പോക്കാണ്. ആ ബിൽ സഭയിൽ ചർച്ച ചെയ്തതല്ലേ; എന്തായിരുന്നു പ്രതികരണം. ബഹുമാനപ്പെട്ട ഉബൈദുള്ള എം.എൽ.എ. മാത്രമാണ് ഒരു ഭേദഗതി വേണമെന്ന് പറഞ്ഞത്. എന്താണ് ഭേദഗതി. നിലവിലുള്ളവരെ പറ്റുന്നവരെ അവിടെ നിർത്തണം. ആ ഒരു ഭേദഗതി മാത്രമാണ് ഇവിടെ പറഞ്ഞത്;

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. പി. വി. അൻവർ</u>: സർ, അതിനുശേഷം കോഴിക്കോട് കടപ്പുറത്ത് പോയി നടത്തിയ ആഭാസകരമായ പ്രകടനവും...

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. പി. വി. അൻവർ</u>: സർ, ഞാൻ വഴങ്ങിത്തരാം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഒരു മിനിറ്റ്. പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട അംഗം ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ മുസ്ലീം ലീഗിന്റെ എല്ലാ അംഗങ്ങളും അതിശക്തമായ

പ്രതിഷേധവും എതിർപ്പും ഈ സഭയ്ക്കകത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. ഞങ്ങളൊരിക്കലും അദ്ദേഹം പറഞ്ഞതുപോലെ നിലവിലുള്ള ആളുകളെ സ്ഥിരപ്പെടുത്തുന്നതിനെ സംബന്ധിച്ചല്ല ചോദിച്ചത് എന്ന കാര്യം ഈ സഭയിൽ എല്ലാവർക്കും അറിയാം. പുറംലോകം കേട്ടതാണ്. എന്നിട്ടുപോലും സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ഇദ്ദേഹം നടത്തിയിട്ടുള്ള ആ പദപ്രയോഗം രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. ചെയർമാൻ: അത് പരിശോധിച്ച് വേണ്ടത് ചെയ്യാം. പ്ലീസ് ക്യാരിഓൺ..... പ്ലീസ് കൺക്ലൂഡ്..

ശ്രീ. പി. വി. അൻവർ: സർ, ഒരു ശക്തമായ ഇടപെടലും നടത്തിയിട്ടില്ല. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടിയും മുനീർസാഹിബും ചർച്ചയിൽ തന്നെയില്ല. അവർ ഡൽഹിയിൽ ബിരിയാണി കഴിക്കാൻ പോയ അതേ അവസരത്തിലാണിത്. ഒരു പ്രതികരണവുമുണ്ടായിട്ടില്ല. ചർച്ചചെയ്തതൊക്കെ രേഖയിൽ നോക്കിയാൽ കാണുമല്ലോ; പിന്നീട് ഇവിടെനിന്ന് മദമിളകി പോയത് കോഴിക്കോട് കടപ്പുറത്തേയ്ക്കാണ്. ആ കടപ്പുറത്ത് നടത്തിയ ആഭാസ പ്രകടനത്തിൽ നടത്തിയ പ്രസംഗങ്ങൾ കേരളം ചർച്ച ചെയ്തില്ലേ; മുസ്ലീംലീഗിന്റെ മരിച്ചുപോയ മുഴവൻ

നേതാക്കൻമാരുടെയും പഴയകാല കുടുംബചരിത്രം, ഈ മനുഷ്യർക്ക് അറിയാത്ത ചരിത്രങ്ങൾ ആവർത്തിക്കപ്പെടുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടെത്തിച്ച നിങ്ങൾ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ......

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....

ശ്രീ. പി. വി. അൻവർ: സർ, അധിക്ഷേപിക്കാൻവേണ്ടി നിങ്ങൾ ......

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....

ശ്രീ. പി. വി. അൻവർ: സർ, മോശപ്പെട്ട പ്രവൃത്തി.......

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....രണ്ട് മിനിട്ട് കിഴിഞ്ഞു. എല്ലാവർക്കും രണ്ട് മിനിട്ടാണ് നൽകിയത്.

ശ്രീ. പി. വി. അൻവർ: സർ, അങ്ങ് നീതിപാലിക്കണം. മരിച്ച മൺമറഞ്ഞുപോയ മുസ്ലീംലീഗിന്റെ പഴയകാല നേതാക്കൻമാരുടെ കുടുംബചരിത്രം കേരളത്തിന്റെ പുതിയ സമൂഹത്തിന് വളരെ മോശപ്പെട്ട രീതിയിൽ അറിയേണ്ട സാഹചര്യമുണ്ടായി.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....എല്ലാവർക്കും നൽകിയ സമയം അങ്ങേയ്ക്കും നൽകിയിട്ടുണ്ട്. അനിയന്ത്രിതമായി സമയം നൽകാൻ കഴിയില്ല.

പ്ലീസ് കൺക്ലൂഡ്.... പ്ലീസ് കൺക്ലൂഡ്.... മൂന്നുമിനിട്ട് അധികം സമയമെടുത്തു. Nothing will going to record. Please stop. അങ്ങേയ്ക്ക് കൺക്ലൂഡ് ചെയ്യാമെങ്കിൽ കൺക്ലൂഡ് ചെയ്യൂ.

ശ്രീ. പി. വി. അൻവർ: സർ, Give me 30 seconds. എന്റെ ഒരു സുഹൃത്ത് ഗൾഫിൽ ജോലി ചെയ്യുകയാണ്. ഹജ്ജിന് അവന്റെ ഉമ്മയേയുംകൊണ്ടുപോയി. ഉമ്മ ഹജ്ജ് കഴിഞ്ഞ് ഇറങ്ങുമ്പോൾ പ്രാർത്ഥിക്കുകയാണ്, പടച്ചവനേ എന്റെ മകന് ആയുസ്സും ആരോഗ്യവും സമ്പത്തുമൊക്കെ കൊടുക്കണേ; എന്റെ മകന്റെ അറബിക്കും സമ്പത്തും ബുദ്ധിയും കൊടുക്കണേയെന്ന് പറഞ്ഞു.

Mr. Chairman: Please conclude... please conclude.. Nothing will going to record.

ശ്രീ. പി. വി. അൻവർ: സർ, മകൻ ഉമ്മയുടെ കയ്യിൽ പിടിച്ച് പറഞ്ഞു, ഉമ്മ ബുദ്ധിക്കുവേണ്ടി .....

Mr. Chairman:Nothing will going to record.

ശ്രീ. പി. വി. അൻവർ: സർ, എന്ന് പറഞ്ഞതുപോലെ നിങ്ങൾക്ക് ഈ ബുദ്ധി നിലനിർത്തട്ടെയെന്ന് കേരളത്തിലെ സകലമാന നല്ല മനുഷ്യന്മാരും

സർവ്വശക്തനോട് പ്രാർത്ഥിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് ഇതിനെ പിന്തുണയ്ക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ആവർത്തനവിരസവും കഴിഞ്ഞ കാലങ്ങളിൽ പറഞ്ഞിട്ട് നടക്കാതെ പോയതായ അനേകം പദ്ധതികളുടെ വീരസ്യം പറച്ചിൽ മാത്രമാണ് നയപ്രഖ്യാപനത്തിലുള്ളത്. മുല്ലപ്പെരിയാറിൽ ഡാം കെട്ടാൻ പോകുകയാണെന്നും കെ-റെയിൽ നാളെ ഓടുമെന്നും കെ-ഫോൺ അടുത്തയാഴ്ച ഉദ്ഘാടനം ചെയ്യുമെന്നുമൊക്കെ പറയുന്നു. അതുപോലെ, ദുരന്തങ്ങൾ നേരിടാനുള്ള കേരളത്തിന്റെ കർമ്മസേനയിതാ സജ്ജമാകാൻ പോകുന്നുവെന്ന് പറയുന്നു. മലമ്പുഴയിലെ കുമ്പാച്ചി മലയിൽ കയറിയ ബാബുവിനെപ്പോലെയുള്ള നല്ല സ്ഥിരോത്സാഹികളായ ചെറുപ്പക്കാരുണ്ട് ഇവിടെ, അവരെ ഏൽപ്പിച്ചാൽ മതിയെന്നാണ് എനിക്ക് അവരോട് പറയാനുള്ളത്. ഇത്തരം സാഹസികമായ ജോലികളൊക്കെ അവർ കൃത്യമായി ചെയ്തുതരും. നിങ്ങളുടെ ഈ പ്രഖ്യാപനങ്ങൾ അടുത്ത തവണയും ആവർത്തിച്ചുകൊണ്ടേയിരിക്കും. ഇവിടെ നയപ്രഖ്യാപന പ്രസംഗം നടത്തിയ സന്ദർഭത്തിൽ മരിച്ച വീട്ടിൽ പോയതുപോലെയായിരുന്നു. കാരണം,

നയപ്രഖ്യാപന പ്രസംഗത്തിൽ ഒരാവേശവുമുണ്ടായിരുന്നില്ല. വളരെ നിസ്സംഗരായാണ് ഇരുന്നത്. എന്റെ സ്നേഹിതൻ ശ്രീ. എ. എൻ. ഷംസീർ വരെ ഒരിക്കൽപ്പോലും കയ്യടിക്കുന്നത് കാണാനുള്ള ഭാഗ്യം ആ ദിവസം ഞങ്ങൾക്കുണ്ടായിട്ടില്ല. അതാണ് ഇവിടെ നടന്ന നയപ്രഖ്യാപനം. ഈ നയപ്രഖ്യാപനം വായിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പെടാപാട് പെട്ടു. ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപനത്തിന്റെ തലേനാൾ ഞാനിത് ഒപ്പിടില്ലെന്നും വായിക്കില്ലെന്നും പറയുകയാണ്. ഗവർണർ അങ്ങനെ വായിക്കില്ലെന്ന് പറഞ്ഞാൽ  എന്തിനാണിങ്ങനെ നാണംകെട്ട് മുഖ്യമന്ത്രി വഴിപ്പെടാൻ പോയത്? വായിക്കുക എന്നുള്ളത് ഭരണഘടനാപരമായ ഗവർണറുടെ ഉത്തരവാദിത്വമാണ്. ആ ഉത്തരവാദിത്വം നിർവ്വഹിച്ചില്ലെങ്കിൽ ഒന്നുകിൽ ഗവർണർ രാജിവച്ചുപോകും അല്ലെങ്കിൽ ഗവർണറെ ഇന്ത്യൻ പ്രസിഡന്റിന് പുറത്താക്കേണ്ടി വരും. അദ്ദേഹം എന്ത് പറഞ്ഞാലും ശരി. ശ്രീ. കെ. ആർ ജ്യോതിലാലിനെ പുറത്താക്കണമെങ്കിൽ അദ്ദേഹത്തെ പുറത്താക്കണം;  ഇനി വേറെയാരെയെങ്കിലും പുറത്താക്കണമെങ്കിൽ അവരെ പുറത്താക്കണം. [1]ഗവർണറെ പ്രസാദിപ്പിക്കാൻ എത്ര നാണംകെട്ട നിലപാടാണ് കേരളത്തിന്റെ മുഖ്യമന്ത്രി സ്വീകരിച്ചത്?  ഇതുപോലുള്ള

1 സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം(ഫ.നം. 3370/ഇ.ബി./2022/നി.സെ.തീയതി 22.02.2022 സഭാ രേഖയിൽ നിലനിർത്തി.

ഗവർണർമാർ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലുണ്ട്. ബംഗാളിൽ ശ്രീ. ജഗ്ദീപ് ധങ്കർ......

ശ്രീ. വി. ജോയി: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. വി. ജോയി: സർ, ഏത് രേഖയെ ആസ്പദമാക്കിയാണ് താങ്കൾ ഇത് പറയുന്നത്? ഇത് രേഖയിൽ കാണാൻ പാടില്ല.

മി. ചെയർമാൻ: അത് പരിശോധിക്കാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇത് പോയിന്റ് ഓഫ് ഓർഡർ അല്ല. പോയിന്റ് ഉണ്ടെങ്കിലേ ഓർഡറുള്ളൂ. ഞാൻ വഴങ്ങുന്നില്ല. ബംഗാളിലെ ശ്രീ. ജഗ്ദീപ് ധങ്കർ എന്ന ആർ.എസ്.എസ്-കാരനായ ഗവർണറെ വരുതിക്ക് നിർത്തിയ ഒരു മുഖ്യമന്ത്രി ബംഗാളിലുണ്ട്. ആ ശ്രീമതി മമതാ ബാനർജിയെയെങ്കിലും കണ്ടുപഠിക്കാൻ കേരളത്തിന്റെ മുഖ്യമന്ത്രിയോട് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. ഇവിടെ ശ്രീ. കെ. ആർ. ജ്യോതിലാലിനെ കുരുതി കൊടുത്തില്ലേ; അദ്ദേഹം സ്വന്തം നിലയ്ക്ക് എഴുതിയ കത്താണോ; സ്വന്തം നിലയ്ക്ക് കത്തെഴുതാൻ കഴിയുമോ? കഴിഞ്ഞ ആറു വർഷമായി കേന്ദ്ര-കേരള ഗവൺമെന്റുകൾ തമ്മിലുള്ള, ബി.ജെ.പി.-യും സി.പി.ഐ.(എം)-ഉം

തമ്മിലുള്ള അന്തർധാരകളുടെ ഭാഗമായിട്ടാണ് കേരളത്തിന്റെ മുഖ്യമന്ത്രിക്ക് അങ്ങനെ കീഴടങ്ങേണ്ടിവന്നതെന്ന് ഈ സന്ദർഭത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവരെകൊണ്ട് എന്തും ചെയ്യിപ്പിക്കാമെന്ന് ഗവർണർക്കുമറിയാം. കുട്ടിക്കുരങ്ങനെക്കൊണ്ട് ചുടുചോറ് വാരിക്കാമെന്ന് പറഞ്ഞതുപോലെ, ഇവരെകൊണ്ട് എന്ത് പണിയും എടുപ്പിക്കാമെന്ന് ഗവർണർ മനസ്സിലാക്കിയിട്ടുണ്ട്. ലോകായുക്ത വിഷയത്തിൽ എന്തുകൊണ്ടാണ് ഗവർണർ മലക്കംമറിഞ്ഞത്; ആദ്യം എന്താണ് ഗവർണർ പറഞ്ഞത്; ഭരണഘടനാ വിരുദ്ധമായതിനാൽ ഒപ്പിടില്ലെന്നാണ്. പക്ഷേ, മുഖ്യമന്ത്രി ദുബായിൽനിന്ന് വന്ന് ഒരുമണിക്കൂർ ഇവർ തമ്മിൽ സംസാരിച്ചപ്പോൾ ലോകായുക്ത ഭരണഘടനയ്ക്കനുസൃതമായല്ലോ; എന്താണ് ഗവർണർ പറഞ്ഞത്? തെരഞ്ഞെടുക്കപ്പെട്ട ക്യാബിനറ്റ് തീരുമാനിച്ചാൽ എനിക്ക് എന്ത് ചെയ്യാൻ കഴിയും, ഞാൻ ഒപ്പിട്ടുവെന്നാണ് പറഞ്ഞത്. അന്ന് അവിടെ ഒരൊപ്പിടലല്ല നടന്നത്. അവിടെ രണ്ട് ഒപ്പിടലാണ് നടന്നത്. സാധാരണ തമിഴിലൊരു ചൊല്ലുണ്ട്, "നീങ്കൾ എനക്ക് ഉതകിനാൽ നാൻ ഉങ്കളുക്ക് ഉതകുവേൻ" എന്നുപറയാറുണ്ട്. എന്നുപറഞ്ഞാൽ നിങ്ങൾ എനിക്ക് ചൊറിഞ്ഞുതന്നാൽ ഞാനും നിങ്ങൾക്ക് ചൊറിഞ്ഞുതരാമെന്നാണ്

പറഞ്ഞതിന്റെ അർത്ഥം. നിങ്ങളുടെ ഓർഡിനൻസിൽ ഞാൻ ഒപ്പുവയ്ക്കാം പകരം എന്റെ ആർ.എസ്.എസ്-കാരനായ കർത്തയെ നിയമിച്ചിട്ടുള്ള ഓർഡറിൽ നിങ്ങളും ഒപ്പുവയ്ക്കണം. ഈ രണ്ട് ഒപ്പുവയ്ക്കലും നടന്നു. ഒപ്പുവയ്ക്കലിനുശേഷം കീഴടങ്ങലിന്റെ ജാള്യത മറച്ചുവയ്ക്കാൻവേണ്ടി രണ്ട് വരി അതിലെഴുതണമെന്ന് നിങ്ങൾ ശ്രീ. കെ. ആർ. ജ്യോതിലാലിനോട് പറഞ്ഞു. ഗവർണർ നിർബന്ധിച്ചിട്ടാണ് ഞങ്ങൾ ഈ ആർ.എസ്.എസ്-കാരനെ വച്ചതെന്ന് വരുത്തിത്തീർക്കാൻ ശ്രമിച്ചു. നിങ്ങളുടെ പൊയ്മുഖമാണത്, പക്ഷേ  വെളുക്കാൻ തേച്ചത് പാണ്ടായി. ക്ഷിപ്രകോപിയായ ഗവർണർ ആ വരി മാറ്റണമെന്ന് പറഞ്ഞു. അല്ലെങ്കിൽ  അത് എഴുതിയവരെ മാറ്റണം. ഞാൻ ചോദിക്കട്ടെ, ശ്രീ. കെ. ആർ. ജ്യോതിലാൽ സ്വന്തം നിലയ്ക്ക് എഴുതുമോ; മുഖ്യമന്ത്രിയുടെ ഫയലിൽ  ശ്രീ. കെ. ആർ. ജ്യോതിലാലിന് സ്വന്തം നിലയ്ക്ക് കത്തെഴുതാൻ കഴിയുമോയെന്ന ന്യായമായ ചോദ്യമാണ് ഞങ്ങൾ ഇവിടെ ഉന്നയിക്കുന്നത്. നിങ്ങൾ ആ ഉദ്യോഗസ്ഥനെ കുരുതി കൊടുത്തു. ഇനി ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ നിങ്ങളോടൊപ്പം നിൽക്കുമോ? സംഘ് പരിവാറിനെതിരായ പോരാട്ടത്തിൽ, കേന്ദ്രത്തിനെതിരായ പോരാട്ടത്തിൽ നിങ്ങളുടെ കൂടെ കേരളത്തിൽ

വിശ്വസിച്ച് ഏത് ഉദ്യോഗസ്ഥൻ നിൽക്കുമെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം, ശ്രീ. കെ. ആർ. ജ്യോതിലാലിന്റെ അനുഭവം അവരുടെ മുന്നിലുണ്ട്. നിങ്ങൾ പറഞ്ഞ് എഴുതിയതിന്റെ പേരിൽ അദ്ദേഹത്തിന്റെ തലയാണ് ഇവിടെ ഉരുണ്ടത്. പിന്നീട് കാണേണ്ടത്, ഇപ്പോഴത്തെ ഗവർണറുടെ സ്ഥിതി എന്താണ്? നിങ്ങളാരും ഗവർണറെക്കുറിച്ച് ഒന്നും പറയുന്നില്ല. അദ്ദേഹം രാവിലെയും വൈകുന്നേരവും പത്രസമ്മേളനം നടത്തുകയാണ്. ലോകത്തുള്ള എല്ലാ കാര്യങ്ങളിലും ഗവർണർ അഭിപ്രായം പറയണമെന്ന് എവിടെയാണ് പറഞ്ഞിട്ടുള്ളത്? അദ്ദേഹം ഇപ്പോൾ ഹിജാബിനെക്കുറിച്ചാണ് പറയുന്നത്. പ്രവാചകന്റെ കാലത്തുതന്നെ അന്നത്തെ മുസ്ലീം സ്ത്രീകൾ ഹിജാബിനെതിരെ സംസാരിച്ചിരുന്നുവെന്ന് പറഞ്ഞ് **********[2]

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ

<u>മി. ചെയർമാൻ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, differently abled ആയ ആളുകളെ അപമാനിക്കുന്ന പദങ്ങളാണത്. അത്തരം പദങ്ങളൊന്നും

2 സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.3370/ഇ.ബി./2022/നി.സെ.തീയതി 22.02.2022) സഭാ രേഖയിൽനിന്നും നീക്കം ചെയ്തു.

രേഖയിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: അത് പരിശോധിക്കാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മലയാളത്തിൽ സ്ഥിരമായി പ്രയോഗിക്കുന്ന ഒന്നാണത്. കണ്ണ് കാണാത്ത ആൾ ആനയെ കണ്ടതുപോലെ എന്നാണ് പറയാറുള്ളത്. അത് ആരെയെങ്കിലും വേദനിപ്പിക്കുന്നുണ്ടെങ്കിൽ അത് പിൻവലിക്കാം. അതല്ല പ്രശ്നം. ഞാൻ പറഞ്ഞതിന്റെ താൽപ്പര്യമെന്താണെന്ന് മനസ്സിലായല്ലോ; ഗവർണറെ പറഞ്ഞാൽ നിങ്ങൾക്ക് പൊള്ളുമല്ലേ; ഇവിടെ ആർഎസ്.എസ്.-ന്റെ താൽപ്പര്യങ്ങൾക്കുവേണ്ടിയാണ് ഗവർണർ പ്രവർത്തിക്കുന്നത്. അദ്ദേഹം കേരളത്തിന്റെ ഗവർണറായി പ്രവർത്തിച്ചാൽ മതി. കേരളത്തിൽ നല്ല പണ്ഡിതന്മാരുണ്ട്. മതപരമായ കാര്യങ്ങളിലൊക്കെ ഫത്‌വ കൊടുക്കാൻ പണ്ഡിതന്മാർക്ക് കഴിയും. കേരളത്തിന്റെ ഗ്രാന്റ് മുഫ്തിയാകാൻ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ശ്രമിക്കേണ്ടതില്ലെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. നിങ്ങൾ കരുതിയതുപോലെ ചെറിയ ബാധയൊന്നുമല്ല അദ്ദേഹത്തിന്റെ മേലിൽ കയറിയിട്ടുള്ളത്. ശ്രീ. എ. കെ. ബാലൻ എന്താണ് പറഞ്ഞത്? അദ്ദേഹം ചൈൽഡിഷ് നേച്ചർ ഉള്ള ആളാണെന്നും ഒരു കേക്ക്

കൊണ്ടുപോയി കൊടുത്താൽ പ്രശ്നം തീരുമെന്നുമാണ് പറഞ്ഞത്. പ്രിയപ്പെട്ട ബാലേട്ടാ കേക്കിന്മേലൊന്നും തീരുന്ന ബാധയല്ലയിത്. ഇത് കിട്ടിയ അധികാരം നിലനിർത്താനും ഇനി വേറെ പുതിയ അധികാരങ്ങൾ കിട്ടാനും വേണ്ടിയുള്ള ആർ.എസ്.എസ്.-നെ പ്രീണിപ്പിക്കുന്നതിനുവേണ്ടിയുള്ള കാട്ടിക്കൂട്ടലാണ്. അത് നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയാതെപോയി. അല്ലെങ്കിൽ നിങ്ങൾ അതിന്റെ ഭാഗമായി നിന്നുകൊടുക്കുന്നുവെന്നാണ് അതുമായി ബന്ധപ്പെട്ട് ഞങ്ങൾക്ക് പറയാനുള്ളത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ നടത്തിയ ചില പ്രസ്താവനകളുണ്ട്. അദ്ദേഹം വീണ്ടും സംസ്ഥാന സെക്രട്ടറിയായി വന്നത് നമുക്കൊക്കെ സന്തോഷമാണ്. അദ്ദേഹം പാരമ്പര്യമുള്ള കമ്മ്യൂണിസ്റ്റ് നേതാവാണ്. കോൺഗ്രസ്സിന്റെ ലീഡർഷിപ്പിൽ ഇപ്പോൾ ന്യൂനപക്ഷങ്ങളില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. അത് വലിയ കണ്ടെത്തലായിപ്പോയി. നിങ്ങളുടെ കൂട്ടത്തിൽ എത്ര ന്യൂനപക്ഷങ്ങളുണ്ട്. കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ന്യൂനപക്ഷങ്ങളില്ല, മുമ്പ് എന്തായിരുന്നു പരാതി? യു.ഡി.എഫ്.-ലാകെ ന്യൂനപക്ഷ മേൽക്കോയ്മയാണ്. മൂന്ന് 'ക'-കളെക്കുറിച്ച് അദ്ദേഹം പറഞ്ഞത് ഞങ്ങൾ ഓർക്കുകയാണ്. കുഞ്ഞൂഞ്ഞ്, കുഞ്ഞുമാണി, കുഞ്ഞാലിക്കുട്ടി ഇതാണ്

യു.ഡി.എഫ്. (.....ബഹളം....), പിന്നീട് അമീറും ഹസ്സനും കുഞ്ഞാലിക്കുട്ടിയും കൂടിയാണ് യു.ഡി.എഫ്.-നെ നയിക്കുന്നതെന്ന് പറഞ്ഞു. അപ്പോൾ തരാതരംപോലെ വർഗ്ഗീയത കളിക്കുകയാണ്. കോൺഗ്രസ്സിന്റെ കെ.പി.സി.സി. പ്രസിഡന്റിനെയും പാർലമെന്ററിപാർട്ടി ലീഡറെയും പ്രതിപക്ഷനേതാവിനെയുമൊക്കെ തീരുമാനിക്കുന്നത് അതിനനുസൃതമായ വ്യക്തിത്വങ്ങളെ ആ രീതിയിൽ കൊണ്ടുവരാനാണ്, അല്ലാതെ ജാതിയും മതവും നോക്കിയിട്ടല്ല. പോളിറ്റ്ബ്യൂറോയിൽ എത്ര ന്യൂനപക്ഷക്കാരുണ്ടെന്ന് പറഞ്ഞാട്ടെ? പോളിറ്റ്ബ്യൂറോയിൽ ഒരു ന്യൂനപക്ഷക്കാരനോ ഒരു പിന്നോക്കക്കാരനോ ഇന്നുവരെ കടന്നുകൂടിയിട്ടുണ്ടോ? (......ബഹളം......) എന്നിട്ട് നിങ്ങളാണോ ന്യൂനപക്ഷത്തിന്റെ പ്രേമം പറയുന്നത്. പാഷാണം വർക്കിയുടെ ഈ പരിപാടി നിങ്ങൾ അവസാനിപ്പിക്കണമെന്നാണ് പറയാനുള്ളത്. കേരളത്തിലെ പോലീസിൽ ആർ.എസ്.എസ്.-ന്റെ സ്വാധീനം വർദ്ധിച്ചുവെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മറ്റൊരു പ്രസ്താവന. ആരാണ് മറുപടി പറയേണ്ടത്; പാണക്കാട് ശിഹാബ് തങ്ങളോ കുഞ്ഞാലിക്കുട്ടി സാഹിബോ ശ്രീ. കെ. സുധാകരനോ ശ്രീ. വി. ഡി. സതീശനോ ആണോ? അല്ല, അവിടെയിരിക്കുന്ന മുഖ്യമന്ത്രിയാണ് മറുപടി

പറയേണ്ടത്. എന്താണ് പറഞ്ഞത്? കേരളത്തിലെ പോലീസിൽ ആർ.എസ്.എസ്.-ന് സ്വാധീനം വർദ്ധിച്ചുവെന്ന്. ഇത് ഞങ്ങൾ മുമ്പും പറഞ്ഞതാണ്. കേരളത്തിലെ പോലീസ് വംശീയമായി പ്രവർത്തിക്കുന്നുവെന്നും ആർ.എസ്.എസ്.-ന്റെ സ്വാധീനമുണ്ടെന്നും പോലീസിന്റെ ഡിമാന്റ് ചർച്ചയിൽ ഞാൻതന്നെ പറഞ്ഞിട്ടുണ്ട്. ആർ.എസ്.എസ്.-ന്റെ സുവർണ്ണകാലഘട്ടമായി ശ്രീ. പിണറായി വിജയന്റെ കാലഘട്ടം മാറുകയാണ്. ആറ് വർഷമായി പോലീസിനെ നിയന്ത്രിക്കുന്നത് നിങ്ങളല്ലേ? ഇത് ഞങ്ങൾ പറയുന്നതല്ല. സി.പി.ഐ.(എം)-ന്റെ സമ്മേളനങ്ങളിൽ സമ്മേളന പ്രതിനിധികൾ പറയുകയാണ്. ഞങ്ങൾ പറയുന്നത് പോലീസ് സ്റ്റേഷനിൽ നടക്കുന്നില്ല, പക്ഷേ, ആർ.എസ്.എസ്. പ്രവർത്തകർ പറയുന്നത് നടക്കുന്നുണ്ടെന്നാണ് അവർ പറയുന്നത്. അപ്പോൾ ആർ.എസ്.എസ്. വെറുതെയുണ്ടായതല്ല. ശ്രീ. ലോക്നാഥ് ബെഹ്റയും ശ്രീ. രമൺ ശ്രീവാസ്തവയും മുതൽ പലജാതി കഥകൾ അതിന്റെ പിന്നിലുണ്ട്. അപ്പോൾ ഇതൊക്കെ നിങ്ങൾ തമ്മിലുള്ള അന്തർധാരയുടെ ഭാഗമാണ്. ഇന്നലെ ഒരു സി.പി.ഐ.(എം) പ്രവർത്തകൻ ആർ.എസ്.എസ്. പ്രവർത്തകരാൽ കൊല്ലപ്പെട്ടിട്ടുപോലും വേണ്ടവിധത്തിലുള്ള പ്രതിഷേധങ്ങൾ

അപ്പുറത്തുനിന്നുണ്ടായോ? നിങ്ങൾ തമ്മിൽ ഇപ്പോൾ ഭായി ഭായി ആണ്. അതുകൊണ്ടാണ് വേണ്ടവിധത്തിൽ പ്രതികരണങ്ങളില്ലാതെ പോകുന്നത്. എന്റെ സി.പി.ഐ. സുഹൃത്തുക്കളോട് പറയാനുള്ളത്, ലോകായുക്തയുടെ കാര്യത്തിൽ നിങ്ങൾ ശ്രീ. കാനം രാജേന്ദ്രന്റെ കൂടെ നിൽക്കുന്നോ ശ്രീ. പിണറായി വിജയന്റെ കൂടെ നിൽക്കുന്നോ? എന്താണിത്ര അർജൻസി എന്നാണ് ശ്രീ. കാനം രാജേന്ദ്രൻ ചോദിക്കുന്നത്. ഇങ്ങനെയൊരു നിയമം പാസ്സാക്കേണ്ടതിന്റെ അർജൻസി എന്താണെന്നാണ് ചോദിക്കുന്നത്. ഗവർണർ വളരെ അപകടകരമായ രീതിയിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്നു എന്നാണ് നമ്മൾ കാണേണ്ടത്. ഗവർണർ പദവിയെക്കുറിച്ച് ആന്ധ്ര സർവ്വകലാശാലയുടെ ഭരണഘടനാ നൈപുണ്യമുള്ള പ്രൊഫ. ആർ. വെങ്കിട്ടറാവു ഒരിക്കൽ പറഞ്ഞിട്ടുണ്ട്. "പ്രവർത്തിക്കാതിരുന്നാൽ ഉപയോഗശൂന്യവും പ്രവർത്തിച്ചാലോ അപകടകരമാകുന്നതുമായ ഒരു പദവിയാണ് ഗവർണർ. ദുരുദ്ദേശത്തോടുകൂടി പ്രവർത്തിച്ചാലോ അത് കൂടുതൽ അപകടകരമാകും." ഇവിടത്തെ ഗവർണർ ആർ.എസ്.എസ്.-നെ പ്രീണിപ്പിക്കാൻ ദുരുദ്ദേശത്തോടെ പ്രവർത്തിക്കുകയാണ്.

<u>മി. ചെയർമാൻ</u>: പ്ലീസ്......രണ്ട് മിനിട്ടായി.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, എന്റെ സ്നേഹിതൻ ശ്രീ. പി. വി. അൻവർ കുറേക്കാലത്തിനുശേഷം വന്നതാണ്. അദ്ദേഹം ആഫ്രിക്കയിലായിരുന്നു. ഇവിടത്തെ സംഭവവികാസങ്ങളൊക്കെ എങ്ങനെയാണ് അദ്ദേഹം മനസ്സിലാക്കിയതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. വഖഫ് പ്രശ്നവുമായി ബന്ധപ്പെട്ട് ഞങ്ങൾ കോഴിക്കോട് നടത്തിയ സമരമാണ് അദ്ദേഹത്തിനുള്ള പ്രയാസം. അഞ്ചാറ് ദിവസംകൊണ്ട് ലീഗ് എങ്ങനെയാണ് ലക്ഷക്കണക്കിന് ആളുകളെ കോഴിക്കോട് കടപ്പുറത്ത് എത്തിച്ചതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ചോദിച്ചു. നിങ്ങൾ സമുദായത്തിനെ അപമാനിച്ചാൽ, ലീഗ് പ്രഖ്യാപിച്ചാൽ, ലക്ഷങ്ങൾ കടപ്പുറത്തും അതുപോലുള്ള സമ്മേളന വേദികളിലുമെത്തും. (.....ബഹളം.....) അതിനുള്ള ശക്തി മുസ്ലീം ലീഗ് പാർട്ടിക്കുണ്ട്. വഖഫിന്റെ കാര്യത്തിൽ ഈ നിയമം ഫ്രീസ് ചെയ്യാം, ഇത് നടപ്പാക്കില്ലെന്ന് മതസംഘടനകളോട് മുഖ്യമന്ത്രി പറഞ്ഞല്ലോ? (.....ബഹളം.....) ഇന്നുവരെ ആ വാക്ക് പാലിക്കാൻ മുഖ്യമന്ത്രിക്കായിട്ടില്ല.

<u>മി. ചെയർമാൻ</u>: പ്ലീസ്....... കൺക്ലൂഡ്......

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ലീഗിനെക്കുറിച്ച് അങ്ങനെ വലിയ അട്ടഹാസങ്ങളൊന്നും വേണ്ട. ഞങ്ങൾ വലിയ ജനകീയ

പിന്തുണയുമായിട്ടുതന്നെയാണ് കടന്നുവന്നിട്ടുള്ളത്.

മി. ചെയർമാൻ: പ്ലീസ്....... കൺക്ലൂഡ്......

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നിങ്ങൾ ഈ തെരഞ്ഞെടുപ്പിൽ വിജയിച്ചതെങ്ങനെയെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് വലിയ വീമ്പുപറച്ചിൽ ലീഗിനോട് വേണ്ടെന്നുമാത്രം ഈ സന്ദർഭത്തിൽ പറഞ്ഞുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ അതിശക്തിയുക്തം എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു. 18-02-2022-ൽ ബഹുമാനപ്പെട്ട കേരള ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിൽ അടുത്ത ഒരു വർഷത്തേയ്ക്കുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ വികസന പദ്ധതികളെക്കുറിച്ചും മറ്റ് സാമൂഹിക സന്നദ്ധ പ്രവർത്തനങ്ങളെക്കുറിച്ചും സംക്ഷിപ്തമായി പ്രതിപാദിച്ചിട്ടുണ്ട്. വ്യാവസായികമായും വിദ്യാഭ്യാസപരമായും കാർഷികപരമായും ശാസ്ത്രസാങ്കേതിക മേഖലയിൽ കേരളത്തെ ഒരു നൈപുണ്യ കേരളമാക്കി അഥവാ നവകേരളമാക്കി മാറ്റുന്നതിനുള്ള പ്രവർത്തന കർമ്മ പദ്ധതികളുടെ കാഴ്ചപ്പാടാണ് അദ്ദേഹത്തിന്റെ

നയപ്രഖ്യാപനത്തിൽ മുന്നിട്ടുനിന്നത്. കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനുമേൽ സാമ്പത്തിക പ്രതിരോധം സൃഷ്ടിച്ച് സർക്കാരിനെ സമ്മർദ്ദത്തിലാക്കുകയാണ്. ആർ.എസ്.എസ്. ഫാസിസം കൊണ്ടുവരുന്നതിനുള്ള വലിയൊരു ശ്രമമാണ് മോദി സർക്കാർ കേരളത്തിനുമേൽ നടത്തുന്നത്.

നികുതിയിനത്തിന്റെ കുറവ് വരുത്തി ഗ്രാന്റില്ലാതെയാക്കി നഷ്ടപരിഹാരത്തുക നൽകാതെ സർക്കാരിനെ വികസനമുരടിപ്പിലേയ്ക്ക് നയിക്കാൻ ശ്രമിക്കുന്ന ആർ.എസ്.എസ്. രാഷ്ട്രീയത്തിനെതിരെയുള്ള പ്രതിരോധമാണ് ഈ നയപ്രഖ്യാപനം. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ കർഷകർ ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ സമരത്തെ അനുസ്മരിക്കുന്നതായിരുന്നു പിന്തുണയ്ക്കാൻ ആരുണ്ടെന്ന് നോക്കാതെയുള്ള കർഷകരുടെ സമരം. കോർപ്പറേറ്റുകൾ ഒന്നിച്ച് എതിർത്തിട്ടും ഡൽഹി തെരുവുകൾ ചോരയിൽ നിന്നിട്ടും പതറാതെനിന്ന കർഷക സമൂഹത്തെ സംരക്ഷിക്കേണ്ട ഉത്തരവാദിത്തമാണ് കേരള സർക്കാർ ഏറ്റെടുക്കുന്നത്. കൃഷി നമ്മുടെ നാട്ടിൽ പരിമിതപ്പെട്ടുവരുന്ന പരിതസ്ഥിതിയിൽ വിവിധ തരത്തിൽ ജനങ്ങളെ ശാസ്ത്രീയ കൃഷിരീതികളിലേയ്ക്ക് നയിക്കാനും

തരിശുഭൂമി ഇല്ലാത്തവിധം കാർഷിക മേഖലയെ സമ്പന്നമാക്കി മട്ടുപ്പാവ് കൃഷിയും അടുക്കളത്തോട്ടവും മറ്റ് കരകൃഷികളുംവഴി കേരളത്തെ കാർഷിക സ്വയംപര്യാപ്തതയിലെത്തിക്കുമെന്നാണ് നയപ്രഖ്യാപനത്തിൽ അദ്ദേഹം സൂചിപ്പിച്ചിട്ടുള്ളത്. ഭാവനാപൂർണ്ണമായ കർമ്മപദ്ധതികളും വികസനോന്മുഖമായ കാർഷിക കാഴ്ചപ്പാടുകളും കൈമുതലായുള്ള കേരളത്തിലെ കൃഷി വകുപ്പിന് ഇക്കാര്യത്തിൽ നേതൃത്വപരമായ പങ്കുവഹിക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നെൽവയൽ ഉടമകൾക്ക് റോയൽറ്റി നൽകിയും വിള ഇൻഷ്വറൻസ് പദ്ധതികൾ നൽകിയും കേരഗ്രാമം പദ്ധതികളിലൂടെയെല്ലാം വലിയ മാറ്റങ്ങളാണ് കാർഷികമേഖലയിൽ ഈ കാലഘട്ടങ്ങളിലുണ്ടാക്കിയെടുക്കാൻ സാധിച്ചിട്ടുള്ളത്.

ക്ഷീരകർഷക രംഗത്ത് 'പാൽക്കുടം' പദ്ധതിയിലൂടെ സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങുന്ന കാഴ്ചയാണ് കേരളം കാണുന്നത്. തീർച്ചയായും ഈ മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കിയെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പ്രജനനശേഷിയിലും നാടിനിണങ്ങിയ കാലി സമ്പത്തിനെ വളർത്തിയെടുക്കുന്നതിൽ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ള

കാര്യങ്ങൾ വളരെ ഫലപ്രദമാണ്. പകർച്ചവ്യാധി രോഗങ്ങളിൽനിന്നും കോഴികളെയും താറാവുകളെയും ആടുമാടുകളെയും രക്ഷിക്കാൻ കഴിഞ്ഞാൽ കർഷകർക്ക് വളരെ ആശ്വാസകരമായ രീതിയുണ്ടാകുമെന്നുള്ളതാണ്.

വർഷങ്ങളായി ഭക്ഷ്യലഭ്യതയുടെ കാര്യത്തിൽ കേരളം സ്വയംപര്യാപ്തമാണ്. പലപ്പോഴും കേന്ദ്രവിഹിതം അന്യായമായി വെട്ടിക്കുറയ്ക്കുമ്പോഴും സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിൽ കേരള എൽ.ഡി.എഫ്. സർക്കാർ മാതൃകാപരമായി പ്രവർത്തിച്ചിട്ടുണ്ട്. കോവിഡിന്റെ ഭീകരമായ പിടിയിൽ നാട് അമർന്നപ്പോഴും ഭക്ഷ്യധാന്യവും തയ്യാറാക്കിയ ഭക്ഷണവും വീടുകളിലെത്തിച്ച് സിവിൽ സപ്ലൈസ് വകുപ്പും ഗവൺമെന്റും ജനങ്ങളുടെ മനസ്സിൽ ഇടംതേടി. സ്വാഭാവികമായും അത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ രണ്ടാം വരവിന് വഴിതെളിച്ചു. ഭക്ഷ്യധാന്യ വിതരണത്തെയും വിശപ്പുരഹിത കേരളം സൃഷ്ടിക്കുന്ന കാര്യത്തിലും മറ്റ് സംസ്ഥാനങ്ങൾക്കാകെ മാതൃകാപരമായ കേരള മോഡൽ ഏറെ പ്രശംസിക്കപ്പെട്ടു. ഇന്ന് കേന്ദ്രം കേരളത്തോടുകാണിക്കുന്ന അവഗണനയ്ക്കെതിരായി ഫോൺ ഇൻ പ്രോഗ്രാമിലൂടെയും മുൻഗണനാ കാർഡ് വിതരണങ്ങളിലൂടെയും പുതിയ

മാവേലി സ്റ്റോറുകൾ നൽകിയും വിശപ്പുരഹിത കേരളം കെട്ടിപ്പടുത്തുകൊണ്ട് സിവിൽ സപ്ലൈസ് വകുപ്പിന്, വലിയൊരു പ്രതിരോധം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ലോകത്തിനും ഇന്ത്യയ്ക്കുംതന്നെ മാതൃകയായ വിദ്യാഭ്യാസ നയമാണ് ഇന്നിവിടെ ആവിഷ്കരിച്ചിട്ടുള്ളത്. വിദ്യാഭ്യാസ രംഗത്ത് നയപ്രഖ്യാപന രേഖയിൽ എടുത്തുപറഞ്ഞിട്ടുള്ള പൊതുവിദ്യാഭ്യാസത്തിൽ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുനഃസംഘാടനയും പ്ലാനിംഗുംവഴി ഉദ്ദേശം എട്ട് ലക്ഷത്തോളം വിദ്യാർത്ഥികളെ പൊതുവിദ്യാഭ്യാസ രംഗത്തേയ്ക്ക് ആനയിക്കാൻ സാധിച്ചു. വ്യക്തിത്വ വികസനത്തിലൂടെ പുതിയ സാഹചര്യങ്ങൾക്കനുസരിച്ചുള്ള ആധുനിക വിദ്യാഭ്യാസ പരിഷ്കാരങ്ങൾ കേരളത്തിലെ വിദ്യാർത്ഥികൾക്ക് വേറിട്ടൊരു പശ്ചാത്തലമൊരുക്കി. നയപ്രഖ്യാപന രേഖയിൽ പറയുന്നതുപോലെ, ഉന്നതവിദ്യാഭ്യാസ രംഗത്ത് കൂടുതൽ കോഴ്സുകളും പ്രൈമറി തലംമുതൽ വളരെ ലക്ഷ്യബോധമുള്ള ആസൂത്രണങ്ങളും കേരളത്തിൽ പുതിയ വിദ്യാഭ്യാസ സാഹചര്യമുണ്ടാക്കുന്നതിന് വഴിവച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിലും സർവ്വകലാശാല വിദ്യാഭ്യാസത്തിലും സമഗ്രമായ പുരോഗതി

കൈവരിക്കാൻവേണ്ടി രണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രിമാരും നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഭൂരഹിതരും ഭവനരഹിതരുമായ പാവപ്പെട്ട ജനങ്ങളെ അഭിസംബോധന ചെയ്യാനാണ് റവന്യൂ വകുപ്പ് ആദ്യം ശ്രദ്ധിച്ചത്. നയപ്രഖ്യാപനരേഖയിൽ പറയുന്നതുപോലെ പട്ടയവും ലൈഫ് മിഷൻവഴി വീടുകളും സമയപരിധിക്കുള്ളിൽ കൊടുക്കാൻ കഴിഞ്ഞാൽ അത് വലിയ മാറ്റമുണ്ടാക്കും. സ്മാർട്ട് വില്ലേജുകളും അഴിമതിരഹിത ഉദ്യോഗസ്ഥസംവിധാനവും നമ്മുടെ ഭരണത്തിന്റെ തെളിവാണ്. ഇടയ്ക്കെങ്കിലും ഉയർന്നുവരുന്ന ഉദ്യോഗസ്ഥ ദുഷ്പ്രമാണിത്തം അടിച്ചമർത്താൻ ജനാധിപത്യ സംവിധാനങ്ങൾക്ക് കഴിയണം. അത്തരത്തിലുള്ള പ്രതീക്ഷ നൽകുന്ന ഒന്നാണ് ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനം.

ഡിജിറ്റൽ റീ-സർവ്വേ പ്രോജക്ട് ചരിത്രപരമായ ഒന്നായി മാറുകയാണ്. എല്ലാ ഭൂവുടമകൾക്കും വ്യക്തവും ആധികാരികവുമായ അവകാശരേഖ ഇന്ന് കേരളത്തിലെ ഒരു ചരിത്ര മാർഗ്ഗരേഖയായി മാറുന്നു. വിഷൻ ആൻഡ് മിഷൻ

2021-2026-ലൂടെ അർഹരായ മുഴുവൻ പേർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ടാക്കുന്ന നടപടി, ലൈഫ് മിഷൻ പദ്ധതിയോടുകൂടി ചരിത്രപരമായ മാറ്റങ്ങൾക്കാണ് കേരളം സാക്ഷ്യം വഹിക്കാൻ പോകുന്നത്.

നമ്മുടേതെന്ന് നാം അഹങ്കരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പൊതുവിപണിയിൽ വിറ്റഴിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ഇതിനെതിരെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ചുകൊണ്ടാണ് കേരളസർക്കാർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡും കാസർഗോഡ് ബി.എച്ച്.ഇ.എൽ.-ഇ.എം.എൽ. (Bharath Heavy Electrical Limited - Electrical Machines Limited)-ഉം ഏറ്റെടുത്തിരിക്കുന്നതെന്ന് നാം തിരിച്ചറിയേണ്ടതാണ്. ഇന്ന് കേന്ദ്ര സർക്കാർ വിറ്റഴിക്കൽ നയവുമായി മുന്നോട്ടുപോകുകയാണ്. ഈ അടുത്തകാലത്ത് നടന്ന ജവഹർലാൽ നെഹ്റു സ്റ്റേഡിയം, ഇന്ദിരാഗാന്ധി സ്പോർട്സ് കോംപ്ലക്സ്, എയർ ഇന്ത്യ എന്നിവയുടെ വിറ്റഴിക്കലും നമ്മുടേതെന്ന് പറയുന്ന നമ്മുടെ രണ്ട് ഹൈവേ റോഡുകളുൾപ്പെടെ വിറ്റഴിക്കുന്ന രീതികളിലേയ്ക്കും നാളെ കൊച്ചി തുറമുഖവും വിറ്റഴിക്കാവുന്ന അവസ്ഥയിൽനിന്ന് കേരളത്തിലെ പൊതുമേഖലാ

സ്ഥാപനങ്ങളെ സംരക്ഷിക്കാനുള്ള നയപരിപാടികളുള്ള ഈ നയരേഖയെ പ്രതിരോധമായി തന്നെയാണ് കാണുന്നതെന്ന് പറയാനാഗ്രഹിക്കുന്നു. കേരളത്തിൽ വ്യാവസായിക രംഗത്തെ പുതിയ പാർക്കുകളും വായ്പാ സമ്പ്രദായങ്ങളും കേരളത്തിൽ വളർച്ച സൃഷ്ടിക്കും. സൈബർ വ്യവസായ ശൃംഖലകളുടെ ഒരു ഹബ്ബായി കേരളം ഇന്ന് മാറിയിട്ടുണ്ട്. ഈ പുതിയ സാധ്യത പരമാവധി ഉൾക്കൊള്ളുമെന്ന് നയരേഖയിൽ സൂചന നൽകിയിട്ടുള്ളതോടൊപ്പം പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണവും വളർച്ചയും കേരളത്തിന് പുതിയ സാധ്യതകളുണ്ടാക്കും.

കേരളത്തിന്റെ ആരോഗ്യമേഖല ലോകത്തിനുതന്നെ മാതൃകയായിട്ടുള്ള ഒന്നാണ്. തീർച്ചയായും അതിന്റേതായ വിഷയങ്ങൾ അനുഭവിച്ചറിഞ്ഞ ജനവിഭാഗങ്ങളാണ് ഇന്ന് കോവിഡ് കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുള്ളത് എന്നതുകൊണ്ടുതന്നെ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ നാം മനസ്സിലാക്കേണ്ടത് സാമൂഹ്യക്ഷേമ വകുപ്പിലൂടെ ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡറുള്ള കുട്ടികളുടെ പുനരധിവാസത്തിനായുള്ള സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ റിസർച്ച് സെന്റർ വലിയൊരു മാറ്റമാണ് ഇന്ന് നമ്മുടെ നാടുകളിലുണ്ടാക്കാൻ

പോകുന്നത്. വീടുകളിൽ കിടക്കപ്പായിൽ കിടക്കുന്ന ജനസമൂഹം; അച്ഛനും അമ്മയ്ക്കും ജോലിക്ക് പോകാൻ പറ്റാത്ത സാഹചര്യങ്ങൾ; തൊഴിലില്ലാത്ത ജനവിഭാഗം; ഓട്ടിസം എന്നുള്ള രോഗബാധയായതുകൊണ്ടുതന്നെ ജീവിക്കാൻപോലും പറ്റാത്ത സാഹചര്യമുള്ളവരെ അഡ്രസ്സ് ചെയ്യുകയാണ് സർക്കാർ ഇതിലൂടെ ചെയ്യുന്നത്.

ജയിൽ മോചിതരായിട്ടുള്ള ഭവനരഹിതർക്കായി 'തണലിടം പ്രവേശൻ ഹോം' എന്ന പദ്ധതിയും ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനുവേണ്ടി അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂന്ന് പുനരധിവാസ വില്ലേജുകളും ഈ സർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്നു.

സാംസ്കാരിക വകുപ്പിന്റെ ഇടപെടൽ നമ്മൾ തിരിച്ചറിയേണ്ടതായ കാര്യമാണ്. കേന്ദ്ര സർക്കാരിന്റേതായ സാംസ്കാരികമായ, നമുക്കിടയിലേയ്ക്ക് കടന്നുവരുന്ന എല്ലാത്തിനെയും ഇല്ലായ്മ ചെയ്യുന്നതിനുള്ള ശക്തമായ ഇടപെടലാണ് ഈ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 'നരൻ സൗഹൃദമല്ലെങ്കിൽ ആ നാട് നശിച്ചുപോകട്ടെ' എന്നാണ് ശ്രീനാരായണഗുരു പറഞ്ഞത്. ആ ശ്രീനാരായണഗുരുവിന്റെ പ്ലോട്ട് റിപ്പബ്ലിക് ദിന പരേഡിൽപ്പോലും വയ്ക്കാൻ പറ്റില്ലെന്ന് പറഞ്ഞ കേന്ദ്ര സർക്കാർ

വരുംകാലങ്ങളിൽ ഇവിടെ കൊണ്ടുവരാനാഗ്രഹിക്കുന്നത് മനുസ്മൃതിയാണ്. നമ്മുടെ ചരിത്രത്തെയും നവോത്ഥാന മൂല്യങ്ങളെയും ഇല്ലാതാക്കാനുള്ള വലിയ ശ്രമങ്ങളാണ് പാഠപുസ്തകങ്ങളിലൂടെയും റിപ്പബ്ലിക് പരേഡിലൂടെയും നമ്മെ പഠിപ്പിക്കുന്നത് എന്നുള്ള യാഥാർത്ഥ്യം നാം തിരിച്ചറിയേണ്ടതാണ്. വരുംകാലങ്ങളിൽ നമ്മുടെ നവോത്ഥാന മൂല്യങ്ങളെത്തന്നെ ഇല്ലാതാക്കുന്ന രീതിയിലേയ്ക്ക് നാട് പോകുന്നുവെന്നുള്ളതും ഗാന്ധിജിയെയും നെഹ്റുവിനെയും പെരിയോറിനെയും ഒഴിവാക്കിക്കൊണ്ട് അമ്പലഘോഷയാത്രയാക്കി മാറ്റിയ നമ്മുടെ റിപ്പബ്ലിക്ദിന പരേഡ് ഇനി എങ്ങോട്ടെന്നാണ് ഇവിടത്തെ കോൺഗ്രസുകാർ തിരിച്ചറിയേണ്ടത്. കോൺഗ്രസുകാർക്കും ലീഗുകാർക്കും നാളെ ഇന്ത്യാരാജ്യം എങ്ങോട്ടാണെന്ന തിരിച്ചറിവാണുണ്ടാകേണ്ടതെന്ന് ഞാൻ പറയാനാഗ്രഹിക്കുകയാണ്. സാംസ്കാരികപരമായിട്ടുള്ള ഏറ്റവും വലിയ ഇടപെടലുകൾ എവിടെയാണ് ഈ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ഇന്ത്യയുടെ വാനമ്പാടിയായ ലതാ മങ്കേഷ്കർ മരിച്ച ദിവസം നാം കണ്ട ഒരു ഫോട്ടോ ഉണ്ട്. അവിടെ ഷാരൂഖ് ഖാൻ വെള്ള ഷർട്ടും അദ്ദേഹത്തിന്റെ അസിസ്റ്റന്റായ പൂജ വെള്ള സാരിയും ധരിച്ചുകൊണ്ട് ഹിന്ദു ആചാരപ്രകാരം

ലതാ മങ്കേഷ്കറിനുവേണ്ടി പ്രാർത്ഥിക്കുകയും ഷാരൂഖ് ഖാൻ ഇസ്ലാംമത പ്രകാരം പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് നിൽക്കുന്ന ഒരു മുഖമുണ്ട്. മതേതരത്ത്വത്തിന്റെ ഇന്ത്യയിലെ ജനങ്ങളാഗ്രഹിക്കുന്ന ഒരു മുഖമാണ് നാം അവിടെ കാണുന്നത്. മാസ്ക് മാറ്റിക്കൊണ്ട് ഊർജ്ജശ്വാസം വലിച്ചുകൊണ്ട് ഇസ്ലാമത പ്രകാരം ഷാരൂഖ് ഖാൻ പ്രാർത്ഥിച്ചപ്പോൾ ലതാ മങ്കേഷ്കറിന്റെ ഭൗതിക ശരീരത്തിൽ തുപ്പുകയാണെന്ന് പറഞ്ഞ ആർ.എസ്.എസ്. പ്രവർത്തകന്റെ ഇടപെടലുകളെ തീർച്ചയായും നാം തിരിച്ചറിയേണ്ടതാണ്.

ക്രമസമാധാന പരിപാലനത്തിനും നിയമവാഴ്ചയിലും കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. വർഗ്ഗീയ വിഘടനശക്തികളെ നേരിട്ടുകൊണ്ടും അടിച്ചമർത്തിക്കൊണ്ടും നാം വികസനത്തിന്റെ ഒരു പുതിയ പാത വെട്ടിത്തുറക്കുകയാണ്. കെ-ഫോണും കെ-റെയിലും മറ്റ് വികസന പദ്ധതികളും നവകേരള സൃഷ്ടിയുടെ ആക്കം വർദ്ധിപ്പിക്കും. ഇത്തരം വിപുലമായ സാധ്യതയിലേയ്ക്ക് കേരളത്തെ നയിക്കുമെന്ന് പ്രതിജ്ഞയെടുത്തിട്ടുള്ള ഇടത് മതേതര-ജനാധിപത്യ പാർട്ടികളുടെ ലക്ഷ്യബോധമുള്ള സംയുക്തസഖ്യവും അതിന്റെ മന്ത്രിമാരും ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തിൽ പരാമർശിച്ച എല്ലാകാര്യങ്ങൾക്കും

നേതൃത്വം കൊടുക്കുമെന്ന ഉറപ്പ് ഈ നാടിനുണ്ട്. നാട്ടുകാരുടെ ആത്മാഭിമാനത്തിലും അന്തസ്സിലും ഊന്നിവളരുന്ന രാഷ്ട്രീയബോധമാണ് ഗവൺമെന്റിന്റെ ഇച്ഛാശക്തി എന്നതിനാൽ ഈ നയപ്രഖ്യാപനത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. ഗവർണർ സഭയിലെത്തിയതും നയപ്രഖ്യാപന പ്രസംഗം നടത്തിയതും ഒരുപാട് നാടകങ്ങൾക്കുശേഷമാണ്. ആ നാടകങ്ങളും അതിന്റെ അന്തർധാരകളും പലരും വിശദമായി വിശദീകരിച്ചതുകൊണ്ടും സമയക്കുറവുകൊണ്ടും അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഈ ഗവൺമെന്റിന്റെ പ്രഖ്യാപനവും പ്രവൃത്തിയും തമ്മിൽ യാതൊരു ബന്ധവുമില്ല എന്നത് മുൻപും മനസ്സിലായിട്ടുള്ള കാര്യമാണ്. അഴിമതിക്കെതിരായ പോരാട്ടം ശക്തിപ്പെടുത്തുമെന്ന് പ്രഖ്യാപിക്കും എന്നാൽ അഴിമതി തടയാനുള്ള സംവിധാനങ്ങളുടെ അധികാരങ്ങളെയാകെ ഇല്ലാതെയാക്കും. മഹാപ്രളയത്തിനുശേഷം ഇനി നവകേരളമായിരിക്കും ഉണ്ടാകുകയെന്നും അത് പരിസ്ഥിതി സൗഹൃദമായിരിക്കുമെന്നും മുഖ്യമന്ത്രി പ്രഖ്യാപിക്കും. എന്നാൽ അങ്ങേയറ്റം പാരിസ്ഥിതിക വിനാശകരമായ സിൽവർ ലൈൻ

പദ്ധതികൾ പോലെയുള്ള കേരളത്തെ നശിപ്പിക്കുന്ന പദ്ധതികളുമായി മുന്നോട്ടുവരും. ഇതാണ് പ്രഖ്യാപനവും പ്രവൃത്തിയും തമ്മിലുള്ള വ്യത്യാസം.

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ ആദ്യത്തെ പേജിൽത്തന്നെ ഈ ഗവൺമെന്റ് കോവിഡ് കൈകാര്യം ചെയ്യുന്നതിനെ സംബന്ധിച്ച് വളരെ അഭിനന്ദനാർഹമായ പരാമർശം നടത്തുന്നത് നമ്മൾ കണ്ടതാണ്. കോവിഡ് മഹാമാരിയെ പ്രചാരവേലയ്ക്കുപയോഗിക്കുകയും മരണക്കണക്കുകൾ പൂഴ്ത്തിവയ്ക്കുകയും ചെയ്തത് നമ്മൾ ഈ സഭയിൽ ഒരുപാട് ചർച്ച ചെയ്തിട്ടുള്ളതാണ്. കോവിഡ് കാലത്ത് ജനങ്ങളുടെ ആശങ്കയെയും ഭീതിയെയും മുതലെടുത്തുകൊണ്ട് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഏതാണ്ട് 1600 കോടി രൂപയുടെ പർച്ചേസ് നടത്തിയതിലെ കൊള്ളയും അഴിമതിയും ഞാൻ സഭയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാനാഗ്രഹിക്കുകയാണ്.

ജനുവരി 30-ന് കേരളത്തിൽ ആദ്യത്തെ കോവിഡ് കേസ് റിപ്പോർട്ട് ചെയ്യുന്നു. അന്നുതന്നെ അതിന്റെ പ്രതിരോധത്തിന്റെ ഭാഗമായി പി.പി.ഇ. കിറ്റ് വാങ്ങാനുള്ള നടപടി ആരോഗ്യവകുപ്പ് കെ.എം.എസ്.സി.എൽ. വഴി മുന്നോട്ടുകൊണ്ടുപോകുന്നു. നിപ-യുടെയും പക്ഷിപ്പനിയുടെയുംകാലത്ത്

സർക്കാരിന് പി.പി.ഇ. കിറ്റ് നൽകിയിട്ടുള്ള കെറോൺ എന്ന കമ്പനിക്ക് ജനുവരി 30-ാം തീയതിയും അതിനുശേഷം 1-ാം തീയതിയും 3-ാം തീയതിയും പി.പി.ഇ. കിറ്റിനുവേണ്ടി ലെറ്റർ ഓഫ് ഇന്റന്റ് (LOI) കൊടുത്തിട്ടുണ്ട്. പക്ഷേ ഈ LOI കൊടുത്തതിനുശേഷം രണ്ടുമാസം തീരുമാനമാകാതെ ഫയൽ ഇഴയുകയാണ്. ഇത് കോവിഡ് പ്രതിരോധത്തിന്റെ പ്രധാനപ്പെട്ട സമയത്താണ്. മാർച്ച് 29-ന് പർച്ചേസ് ഓർഡർ LOI കൊടുക്കുന്നു. 500/- രൂപയ്ക്ക് കെറോണിന് പി.പി.ഇ. കിറ്റ് സപ്ലൈയ്ക്കുള്ള ഓർഡർ കൊടുക്കുന്നു. അന്നേ ദിവസം തന്നെ സർക്കാരിന് (ആരോഗ്യവകുപ്പിന്റെ കെ.എം.എസ്.സി.എൽ.-ന്) ഒരു ഇ-മെയിൽ കിട്ടുകയാണ്. മഹാരാഷ്ട്രയിലെ സോളാപൂരിലുള്ള സാൻ ഫാർമ എന്ന കമ്പനിയുടെ ഒരു ഇ-മെയിൽ ഇവിടെ ലഭിക്കുകയാണെന്ന് സർക്കാരിന്റെ ഫയൽ നോട്ടിൽ കൃത്യമായി പറയുന്നുണ്ട് - "Opportunity for finding new vendors explored through different means subsequently E-mail offers received from San Pharma. സാൻ ഫാർമയുടെ കയ്യിൽനിന്നും ഇത് കിട്ടുകയാണ്. സാൻ ഫാർമ കമ്പനിയെക്കുറിച്ച് അറിയുന്നതിനുവേണ്ടി ഞങ്ങൾ കേന്ദ്ര കമ്പനികാര്യ വകുപ്പിന്റെ വെബ്സൈറ്റ് പരിശോധിച്ചപ്പോൾ

വെബ്സൈറ്റിൽ ഇങ്ങനെയൊരു കമ്പനിയേയില്ല; ഉണ്ടായിരുന്ന കമ്പനി 2014-ൽ പൂട്ടിപ്പോയി. അവസാനത്തെ ആനുവൽ ജനറൽ ബോഡി 2014-ലാണ് ചേർന്നിട്ടുള്ളത്. ഒരു പ്രൊപ്രൈറ്റർഷിപ്പ് മാത്രമായ ആ കമ്പനിയുടെ ഒരു ഇ-മെയിൽ ഇങ്ങോട്ട് ലഭിക്കുകയും അന്നുതന്നെ അത് പ്രൊസീഡ് ചെയ്യുകയുമാണ് ഇവിടെ ചെയ്തത്. തുടർന്ന് 29-ാം തീയതി ഇ-മെയിൽ വരികയും 1550/- രൂപയ്ക്ക് 30-ാം തീയതി ഈ കമ്പനിക്ക് ഓർഡർ കൊടുക്കുകയും ചെയ്തു. ഗവൺമെന്റ് 29-ാം തീയതി 500/- രൂപയ്ക്ക് കെറോണിന് ഓർഡർ കൊടുത്തതാണ്. അപ്പോൾ ലഭ്യതയുടെ പ്രശ്നമില്ല; വില നമുക്കറിയാം, 29-ാം തീയതി ഓർഡർ കൊടുത്തതാണ്; എന്നിട്ട് അന്നുതന്നെ മറ്റൊരു കമ്പനിക്ക് 1500/- രൂപയ്ക്ക് കൊടുക്കുകയാണ്. മുൻപരിചയമില്ല; സർക്കാരിന് മുമ്പ് അവർ സപ്ലൈ ചെയ്തിട്ടില്ല; ഈ കമ്പനിക്കുതന്നെ മെഡിക്കൽ ഉപകരണങ്ങൾ സപ്ലൈ ചെയ്യുതുമായി ബന്ധപ്പെട്ട എക്സ്പീരിയൻസ് പരിശോധിച്ചിട്ടില്ല. San Pharma, അതിനുശേഷം അടുത്ത അഴിമതി 'AGRATA AVON EXIM' എന്ന കമ്പനി മെഡിക്കൽ ഉപകരണങ്ങൾ കൊടുക്കുന്നുണ്ട്. അതിനോടൊപ്പം പഴം, പച്ചക്കറി എന്നിവയും സപ്ലൈ നടത്തുന്ന ഒരു കമ്പനിയാണ്.

അവരിൽനിന്ന് ഒരു കോടി ഗ്ലൗസ് വാങ്ങാൻ തീരുമാനിക്കുന്നു. അതിന്റെ ഫയലും രേഖകളുമെല്ലാം നമ്മുടെ കൈവശമുണ്ട്. ഒരു കോടി ഗ്ലൗസിന് 11 രൂപയാണെങ്കിൽ ജി.എസ്.ടി. കണക്കാക്കുമ്പോൾ അത് 12 രൂപയിലേയ്ക്ക് പോകുകയാണ്. അവർക്ക് നിശ്ചിതസമയത്ത് ഗവൺമെന്റിന് കൊടുക്കാൻ കഴിയുന്നത് 40 ലക്ഷം ഗ്ലൗസ് മാത്രമാണ്. അപ്പോൾ വീണ്ടും ഫയലിൽ നോട്ട് എഴുതിയിരിക്കുകയാണ്, Meanwhile the Corporation call for online immediate quotation for 50 lakh pieces and received two offers from M/s. Jacob Scientifics and Liberty med supplies for supply of 50 lakh gloves. അവിടെ 8.78 &7 രൂപയാണ്. ഇവർ സപ്ലൈ ചെയ്യാൻ താമസമുണ്ടായപ്പോൾ ഓൺലൈൻ ക്വട്ടേഷനിലൂടെ അത് 7 രൂപയ്ക്ക് കിട്ടി. ഇവർക്ക് ഒരു കോടി ഗ്ലൗസ് 11 രൂപയ്ക്കും 12 രൂപയ്ക്കും കൊടുത്തത് ഒരേസമയത്തുതന്നെയാണ്. ഇവർ രണ്ടാമത് 60 ലക്ഷം ഗ്ലൗസ് കൊണ്ടുവന്നപ്പോൾ അത് എടുക്കാൻ കഴിയാതെ എറണാകുളത്ത് ഒരു ഗോഡൗണിലിട്ടു. അതിനുശേഷം ഈ ഫയൽ പരിശോധിക്കുമ്പോൾ ഈ കാലത്ത് അവിടെ നടന്ന കൊള്ളയെപ്പറ്റി സെക്രട്ടറി എഴുതിയിരിക്കുകയാണ്. അതിൽ മൂന്ന് ഓഫറുകൾ വച്ചിട്ടുണ്ട്. ഒന്ന്, ഈ

40 ലക്ഷം ഗ്ലൗസ് 12 രൂപയ്ക്ക് കൊടുക്കാം. രണ്ട്, ഗോഡൗണിൽ കെട്ടിക്കിടക്കുന്ന 60 ലക്ഷം ഗ്ലൗസ് 10 രൂപയ്ക്കെടുക്കാം. അത് ഉപയോഗയോഗ്യമല്ല; ഡിസ്ട്രിബ്യൂട്ട് ചെയ്തിട്ടില്ല; അത് 10 രൂപയ്ക്ക് കൊടുക്കാം; എടുക്കാത്ത സാധനം 10 രൂപയ്ക്ക് കൊടുക്കാം. ഇപ്പോഴത്തെ ആരോഗ്യവകുപ്പുമന്ത്രി അത് കൊടുക്കാനുള്ള ഇടപെടലിനെ തടഞ്ഞുവെന്നാണ് മനസ്സിലാക്കുന്നത്. 12 രൂപയ്ക്ക് കൊടുക്കുമ്പോൾ 7 രൂപയ്ക്ക് കിട്ടുമായിരുന്നു. എന്നിട്ട് 12 രൂപതന്നെ അത്രയും വന്നതിന് കൊടുക്കുകയാണ്. ബാക്കിയുള്ളതിന് കൊടുക്കാതെ കെട്ടിക്കിടക്കുന്നതിന് കൊടുക്കാനുള്ള തീരുമാനം ഈ കാലത്ത് നടത്തുന്ന വലിയ കൊള്ളയാണ്. അതിന്റെ ഗുണനിലവാരത്തെക്കുറിച്ച്..., 'AGRATA AVON EXIM' എന്ന കമ്പനി, San Pharma-യെപ്പോലെ ഒരു തട്ടിക്കൂട്ട് കമ്പനിയാണ്. അതുപോലെ 'Trichur Surgicals' എന്ന വേറൊരു കമ്പനിയിൽ ഇൻഫ്രാറെഡ് തെർമോമീറ്ററിന് 1500/- രൂപ മുതൽ 2000/- രൂപ വരെ മാർക്കറ്റ് റേറ്റുള്ളതാണ്. 1500/- രൂപയ്ക്ക് മാർക്കറ്റിൽ കിട്ടുന്ന ഇൻഫ്രാറെഡ് തെർമോമീറ്റർ വാങ്ങിയത് 5390/- രൂപയ്ക്കാണ്. അതാണ് ഫയൽ പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നത്. ഇതിൽ പല

പ്രൊപ്രൈറ്റർഷിപ്പാണ്. ഈ ഓർഡറൊക്കെ പ്ലേസ് ചെയ്യുന്നത് നാലോ അഞ്ചോ മാസംമുമ്പ് മാത്രം രൂപീകരിച്ച് രജിസ്റ്റർ ചെയ്തിരിക്കുന്ന സ്ഥാപനങ്ങളാണ്; പ്രൊപ്രൈറ്റർഷിപ്പുകളാണ്, കമ്പനിയെന്നുപോലും പറയാൻ കഴിയില്ല. 1500/- രൂപയ്ക്ക് കിട്ടേണ്ട സാധനം 5390/- രൂപയ്ക്കാണ് കിട്ടുന്നത്.

അതുപോലെതന്നെ തൃശ്ശൂരിൽ ആരോഗ്യവകുപ്പിലെ ഒരു താൽക്കാലിക ഉദ്യോഗസ്ഥന്റെ അച്ഛന്റെ പേരിൽ ഒരു കമ്പനി മൂന്നുമാസത്തിനിടയിൽ തുടങ്ങിയതിനുശേഷം ആ കമ്പനിയിൽനിന്നും 5 കോടി രൂപയുടെ പർച്ചേസ് നടത്തിയിരിക്കുകയാണ്. വളരെ ഗുരുതരമായ അഴിമതിയാണ്, കൊള്ളയാണ് കോവിഡിന്റെ മറവിൽ കെ.എം.എസ്.സി.എൽ.-നെ മുൻനിർത്തിക്കൊണ്ട് നടത്തിയിരിക്കുന്നത്. ഇത് കേവലമായ ചില സ്ഥാനചലനങ്ങൾ മാത്രംമാണ്. ഈ അഴിമതിയുടെ, കൊള്ളയുടെ മുഴുവൻ വിശദാംശങ്ങളും പുറത്തുവരില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിലുണ്ട്. ഈ കോവിഡ് കാലത്ത് വലിയ ആശങ്കയിലും ആകുലതയിലും നിരവധിപേരുടെ ജീവൻ പണയപ്പെടുത്തി ആളുകളെ സംരക്ഷിക്കാനുള്ള പെടാപ്പാട് പെടുന്ന സമയത്ത് ആ അവസരത്തെ അഴിമതിക്കും കൊള്ളയ്ക്കും

വേണ്ടി ഉപയോഗിക്കാൻ തീരുമാനിച്ചത് സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു. കേരളത്തിലെ പ്രതിപക്ഷത്തിന് ഒരു പുതിയ രോഗം ബാധിച്ചിരിക്കുന്നു. ആ രോഗത്തിന്റെ പേര് വൈ.എം.എസ്. എന്നാണ്. വൈ.എം.എസ്. എന്നാൽ യോഗി മാനിയാക് സിൻഡ്രോം എന്നാണ്. അതിന്റെ ലക്ഷണം കുറ്റം പറയുന്നതാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടത്തിയ എല്ലാ വികസനത്തെയും കുറ്റം പറയുക; കുറ്റം പറയുന്നവരുടെ മണ്ഡലത്തിൽ പോയാലോ? തെങ്ങിന്റെ മുകളിലുള്ള ഫ്ലക്സിൽ ഇവരുണ്ടാകും. പാലം അനുവദിച്ച എം.എൽ.എ.-യ്ക്ക് അഭിവാദ്യം; റോഡ് അനുവദിച്ച എം.എൽ.എ.-യ്ക്ക് അഭിവാദ്യം; സ്കൂൾ നവീകരിച്ച എം.എൽ.എ.-യ്ക്ക് അഭിവാദ്യം; കാത്ത് ലാബ് അനുവദിച്ച എം.എൽ.എ.-യ്ക്ക് അഭിവാദ്യം; ഇതെല്ലാം 5 വർഷം ഇടതുപക്ഷം ചെയ്തതല്ലേ? ഇടതുപക്ഷ ജനാധിപത്യമുന്നണി നടത്തിയ വികസന പ്രവർത്തനങ്ങൾ നയപ്രഖ്യാപനത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ സൂചിപ്പിച്ചു.

ഇവിടെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് പറയുമ്പോൾ പൊതുമേഖലാസ്ഥാപനങ്ങൾ മെച്ചപ്പെട്ടു, സഹകരണ മേഖലയിൽ യുവസംരംഭകരെ പ്രോത്സാഹിപ്പിക്കാൻ 30 സഹകരണ സംഘങ്ങൾ രൂപീകരിച്ചു. ഉന്നത വിദ്യാഭ്യാസമേഖലയിൽ 'ഷീ' സംവിധാനം ഏർപ്പെടുത്തി. പൊതുമരാമത്ത് മേഖലയിൽ പുതിയ സാമാജികന്മാരും പഴയ സാമാജികന്മാരുമുണ്ട്. നിങ്ങളുടെ അറിവിലേയ്ക്ക് പറയാം, എന്റെ എക്സ്പീരിയൻസാണ്. CMT- Constituency Monitoring Team എന്ന പുതിയ സംവിധാനം ഏർപ്പെടുത്തി. നമ്മുടെ കോൺസ്റ്റിറ്റ്യുവൻസിയിൽ നടക്കുന്ന PWD-യുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ വളരെ ഇഫക്ടീവാണ്. ടൂറിസം മേഖലയിലെ 'Destinations in change' എന്നിങ്ങനെ വ്യത്യസ്തങ്ങളായ പദ്ധതികൾ കേരളത്തിൽ നടക്കുന്നു. ഒരു കാര്യം ഞാൻ ഉറപ്പിച്ച് പറയുകയാണ്, 2025 ആകുമ്പോഴേയ്ക്കും തലപ്പാടിയിൽനിന്നും കളിയിക്കാവിളയിലേയ്ക്ക് യാതൊരു തടസ്സവുമില്ലാതെ നിങ്ങൾക്ക് സഞ്ചരിക്കാൻ സാധിക്കുന്ന നാലുവരി-ആറുവരി പാതകൾ കേരളത്തിൽ യാഥാർത്ഥ്യമാകും. ഇത് കാണണ്ടേ; കുറ്റം പറയുകയെന്നുള്ളത് ഒരു വിനോദമാക്കി മാറ്റിയാൽ എന്ത് ചെയ്യാൻ സാധിക്കും? എന്തിനും

ഏതിനും കുറ്റം പറയുന്ന രീതിയിലേയ്ക്ക് കേരളത്തിലെ പ്രതിപക്ഷം മാറുന്നു. ഇത് ശരിയാണോ; നിങ്ങൾ പറഞ്ഞത്, ഞങ്ങൾ constructive opposition ആയിരിക്കുമെന്നാണ്. നിങ്ങൾ കൺസ്ട്രക്ടീവാണോ? നിങ്ങൾ ഡിസ്ട്രക്ടീവാണ്. നിങ്ങൾ ഡിസ്ട്രക്ടീവാകണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. നിങ്ങൾ ഡിസ്ട്രക്ടീവായതുകൊണ്ടാണ് ഈ pendulum politics മാറി ഞങ്ങൾക്ക് തുടർഭരണമുണ്ടായത്. ഞങ്ങൾ ആഗ്രഹിക്കുന്നത് തുടർഭരണമല്ല; തുടർച്ചയായ ഭരണമാണ്. ആ തുടർച്ചയായ ഭരണം ഞങ്ങൾ യാഥാർത്ഥ്യമാക്കുമെന്ന് ദീർഘവീക്ഷണത്തോടെ കണ്ടത് നിങ്ങളാണ്. ഇടതുപക്ഷത്തിന്റെ തുടർഭരണമല്ല, തുടർച്ചയായ ഭരണമുണ്ടാകുമെന്ന് ഫോർകാസ്റ്റ് ചെയ്തത് നിങ്ങളാണ്. അതുകൊണ്ടല്ലേ നിങ്ങൾ കെ-റെയിലിനെ എതിർക്കുന്നത്? കെ-റെയിൽ എന്ന പദ്ധതിക്ക് എന്ത് തകരാറാണുള്ളത്? പരിസ്ഥിതിയെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും കാഴ്ചപ്പാടുള്ളവരാണ് കമ്മ്യൂണിസ്റ്റുകാർ. നിങ്ങൾ പറയുന്ന പ്രകൃതിയാകെ നശിച്ചുപോകും; അതിന്റെ ക്ലാസ്സിൽ നിങ്ങൾ പങ്കെടുത്തില്ല, നിങ്ങൾ ബോയ്കോട്ട് ചെയ്തുപോയി, നിങ്ങൾ അലംഭാവമുണ്ടാക്കി. 3 മണിക്കൂർ 54 മിനിറ്റുകൊണ്ട് എം.എൽ.എ., ശ്രീ. എൻ. എ. നെല്ലിക്കുന്നിന് കാസർഗോഡ്

നിന്ന് കയറിയാൽ തിരുവനന്തപുരത്ത് എത്താം. തിരുവനന്തപുരത്തുനിന്ന് ശ്രീ. എം. വിൻസെന്റ്, എം.എൽ.എ. ട്രെയിനിൽ കയറിയാൽ കാസർഗോഡ് എത്താം. അത് മോശമാണോ? കെ-റെയിൽ പദ്ധതി അട്ടിമറിക്കാൻ ശ്രമിക്കുന്നു. അതിന്റെ മറവിൽ ജാതി-മത സാമുദായിക ശക്തികളെ കൂട്ടുപിടിച്ച് വീണ്ടും വിമോചനസമരമാണ് നിങ്ങൾ ലക്ഷ്യം വയ്ക്കുന്നതെങ്കിൽ ഇത് 1957 അല്ല, 2022 ആണെന്ന് നിങ്ങളെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നുവെന്ന് മാത്രം. കെ-റെയിൽ പദ്ധതി, ഉൾനാടൻ ജലപാത, ഇവയെല്ലാം യാഥാർത്ഥ്യമാകാൻ പോകുന്നു. അതുപോലെതന്നെ കെ-ഫോൺ പദ്ധതി, നിങ്ങൾ എന്തെല്ലാം പറഞ്ഞു; ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെതിരെ നിങ്ങൾ എന്തെല്ലാം അപവാദം പറഞ്ഞു. കെ-ഫോൺ വരുമ്പോൾ നിങ്ങൾക്ക് ഗുണം കിട്ടുകയില്ലേ; മണ്ണാർകാട് എം.എൽ.എ. പറഞ്ഞു, കെ-ഫോൺ.... എന്താ വേണ്ടേ; എന്നാൽ ഈ ഫ്ലോറിൽ ഞങ്ങൾക്ക് കെ-ഫോൺ വേണ്ടായെന്ന് പറയുക. എല്ലാം വേണമല്ലോ; എല്ലാത്തിനെയും എതിർക്കുകയും ചെയ്യും. അതാണ് ഞാൻ പറഞ്ഞത് നിങ്ങൾക്ക് വൈ.എം.എസ്. എന്ന രോഗമാണെന്ന്. യോഗിയുടെ മനസ്സ് എങ്ങനെയാണ്

നിങ്ങൾക്കുണ്ടാകുന്നത്? ഒരു യോഗിയുടെ മാനസികാവസ്ഥയിലേയ്ക്ക് നിങ്ങൾ മാറിയിരിക്കുന്നു. അതുകൊണ്ടാണ് നിങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളെയും എതിർക്കാൻ ശ്രമിക്കുന്നത്. ഞങ്ങൾക്ക് ഗവർണ്ണറെ പേടിയാണെന്ന് നിങ്ങൾ പറഞ്ഞു. ഇത് ഞങ്ങളുടെ പാർട്ടി പ്രോഗ്രാമാണ്. (പാർട്ടി പ്രോഗ്രാമിന്റെ ബുക്ക് ഉയർത്തിക്കാട്ടുന്നു) പ്രതിപക്ഷനേതാവ് ഉൾപ്പെടെ നിങ്ങൾക്കെല്ലാവർക്കും ഞങ്ങൾ തരാം. നിങ്ങളെല്ലാവരും വായിക്കണം; എല്ലാം വായിച്ച് നിങ്ങൾ ഇങ്ങോട്ടുവരാൻ ശ്രമിക്കും. പക്ഷെ, ഞങ്ങൾക്കതിന്റെ ആവശ്യമില്ല. ഇതിലെ 43-ാമത്തെ പേജിൽ 'ജനകീയ ജനാധിപത്യ ഗവൺമെന്റ് നിർവ്വഹിക്കുന്ന കടമകൾ'- അതിൽ വളരെ ക്ലിയർ കട്ടായി പറയുന്നു - ഗവർണ്ണർ ഉണ്ടായിരിക്കുന്നതല്ല. പക്ഷെ, ഞങ്ങൾക്ക് law of the land അംഗീകരിക്കേണ്ടിവരും. ഞങ്ങൾ ഇപ്പോഴത്തെ constitution bound-ന് അനുസരിച്ച് മാത്രമെ പ്രവർത്തിക്കുകയുള്ളൂ. ഇവിടെ ഗവർണ്ണറെക്കുറിച്ച് മൈതാന പ്രസംഗം നടത്തിയ നിങ്ങളുടെ സ്ഥിതി ഇപ്പോൾ എന്താണ്? ഞാൻ ചരിത്രത്തിലേയ്ക്കൊന്ന് പോകാം. ഗവർണ്ണറെ ഉപയോഗിച്ചുകൊണ്ട് ഇന്ത്യയിൽ 132 തവണയാണ് ഗവൺമെന്റുകളെ പിരിച്ചുവിട്ടത്. അതിൽ 93

തവണ ഗവർണർ പദവി ദുരുപയോഗം ചെയ്ത പാർട്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. 1959-ൽ സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള സർക്കാരിനെയും 1967-ൽ സഖാവ് ജ്യോതിബസുവിന്റെ നേതൃത്വത്തിലുള്ള സർക്കാരിനെ ധരം വീരാ എന്ന ഗവർണറെ ഉപയോഗിച്ചും 2005-ൽ ബൂട്ടാ സിംഗ് എന്ന ഗവർണറെ ഉപയോഗിച്ച് ബീഹാർ സർക്കാരിനെയും നിങ്ങൾ പിരിച്ചുവിട്ടു. 1966-നും 77-നും ഇടയിലുള്ള ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് കോൺഗ്രസ്സ് അല്ലാത്ത പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളിലെ സർക്കാരുകളെ നിങ്ങൾ 39 തവണ പിരിച്ചുവിട്ടു. സർക്കാരിയ കമ്മീഷൻ പറയുന്നത് എന്താണ്? 'ഗവർണർ നിയമനത്തിനുശേഷം ഒരു നിശ്ചിതകാലത്തേയ്ക്ക് ആക്ടീവ് പൊളിറ്റിക്സിൽ ഉണ്ടാകാൻ പാടില്ല' എന്നാണ്. അതും നിങ്ങൾ ലംഘിച്ചില്ലേ; 2004-ൽ മഹാരാഷ്ട്ര മുഖ്യമന്ത്രിയായിരുന്ന ശ്രീ. സുശീൽകുമാർ ഷിൻഡെ-യെ നിങ്ങൾ ഗവർണറാക്കി. 2013-ൽ ഡൽഹി മുഖ്യമന്ത്രിയായിരുന്ന ശ്രീമതി ഷീലാ ദീക്ഷിത്-നെ നിങ്ങൾ കേരള ഗവർണറാക്കി. കേരളാ ഗവർണറായിരുന്ന ശ്രീ. നിഖിൽ കുമാറിനെ നിങ്ങൾ ബീഹാറിൽ കൊണ്ടുപോയി മത്സരിപ്പിച്ചു. ഈ സംവിധാനങ്ങളെല്ലാം അട്ടിമറിച്ചവർ ആരാണ്; ഞങ്ങളുടെ പ്രോഗ്രാം

എന്താണെന്ന് അസന്നിദ്ധമായി പറഞ്ഞിട്ടും രാവിലെയും ഉച്ചയ്ക്കും വൈകിട്ടും ഇങ്ങനെ കൂടെക്കൂടെ പറയേണ്ട കാര്യമുണ്ടോ; ഞങ്ങളുടെ സ്റ്റാൻഡ് വളരെ ക്ലിയറാണ്. ഗവർണറെ ഉപയോഗിച്ചുകൊണ്ട് അധികാര ദുർവിനിയോഗം നടത്തിയ രാഷ്ട്രീയ പ്രസ്ഥാനം കോൺഗ്രസ്സാണെന്ന് മാത്രമേ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നുള്ളൂ.

അഞ്ച് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് നടക്കാൻ പോകുകയല്ലേ; നിങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് ഞങ്ങൾ ചോദിക്കുകയാണ്. മാർച്ച് 11-ന് ബഡ്ജറ്റ് സമ്മേളനത്തിനായി നമ്മൾ വീണ്ടും ഒത്തുകൂടുമല്ലോ; നമ്മളും നിങ്ങളും ഇപ്പോൾ ഇന്ത്യയിൽ ഏതാണ്ട് ഒരുപോലെയാണ്. ഞങ്ങളുടെ കയ്യിലുള്ള സംസ്ഥാനങ്ങൾ ഞങ്ങളുടെ കയ്യിലുണ്ടാകും. നിങ്ങളുടെ കയ്യിലുള്ള സംസ്ഥാനമായ പഞ്ചാബ് പോകും. എത്ര സംസ്ഥാനങ്ങളിൽ ബി.ജെ.പി. ഭരിക്കുമെന്ന് ഞങ്ങൾക്കറിയാം. കോൺഗ്രസ്സിന് നേതൃത്വമുണ്ടായിരുന്ന സംസ്ഥാനങ്ങളിൽ ഇപ്പോൾ കോൺഗ്രസ്സിന് നേതൃത്വമുണ്ടോ; ആരാണ് ഭരിക്കുന്നത്; ഇപ്പോൾ ഭരിക്കുന്നത് ബോബനും മോളിയുമാണ്. ബോബനെയും മോളിയെയും മാറ്റാതെ നിങ്ങൾ രക്ഷപ്പെടുകയില്ല. കോൺഗ്രസ്സ് തകരണമെന്ന്

ആഗ്രഹിക്കുന്ന ആളല്ല ഞാൻ. പക്ഷെ ബോധനും മോളിയും മാറണം. പക്വതയുള്ള രാഷ്ട്രീയ നേതൃത്വം കോൺഗ്രസ്സിനെ നയിക്കണം. ഉപദേശകന്മാർ നമ്മുടെ നാട്ടുകാരാണ്. അവരെപ്പറ്റി പറഞ്ഞാൽ നിങ്ങൾ ബഹളം വയ്ക്കും. ഏതായാലും ഉപദേശിച്ച് കോൺഗ്രസ്സിനെ ഒരു വഴിക്ക് ആക്കിയിട്ടുണ്ട്. എല്ലാവരും പോകുകയല്ലേ; ശ്രീ. അശ്വനികുമാറും ശ്രീ. ആർ.പി.എൻ.സിംഗും കോൺഗ്രസ്സിൽനിന്നും ബി.ജെ.പി.-യിലേക്ക് പോയി. കേരളത്തിൽനിന്നും എന്താണ് പോകാത്തത്; ലീഗ് മനസ്സിലാക്കണം. നിങ്ങളോട് സ്നേഹം ഉണ്ടായിട്ടൊന്നുമല്ല, കേരളത്തിൽ ബി.ജെ.പി.യ്ക്ക് ഭൂരിപക്ഷം കിട്ടുമെന്ന അവസ്ഥ വന്നാൽ നിങ്ങളുടെ കൂട്ടത്തിൽ ബഹളം വയ്ക്കുന്ന പലരും ബി.ജെ.പി.യിലേക്ക് പോകും. ലീഗിന്റെ നേതാവ് പ്രസംഗിച്ചത്, എന്താണ് പറഞ്ഞതെന്ന് അറിയാമോ; നിങ്ങൾ ഭായി ഭായി ആണോ; കോഴിക്കോട് സൗത്തിൽ ശ്രീ. അഹമ്മദ് ദേവർകോവിലിനെ പരാജയപ്പെടുത്താൻ വോട്ട് വാങ്ങിക്കണമെന്ന ശ്രീ. പി.എം.എ. സലാമിന്റെ ഓഡിയോ ക്ലിപ്പിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം എന്തെങ്കിലും മിണ്ടിയോ? തൽക്കാലം അഡ്ജസ്റ്റ് ആയിക്കോളാൻ ശ്രീ. പി.എം.എ. സലാം പറഞ്ഞല്ലോ. 1991-ൽ കെ. ജി. മാരാർ അദ്ദേഹത്തിന്റെ പുസ്തകത്തിൽ

പറഞ്ഞതുപോലെ 'പാഴായ പരീക്ഷണം'. പെരിങ്ങളം, മഞ്ചേശ്വരം, ബേപ്പൂർ എന്നീ നിയോജകമണ്ഡലങ്ങളിലെ ധാരണ എന്താണ്; ആ ധാരണ വളരെ ക്ലിയറായി പറഞ്ഞിട്ടുണ്ട്. മഞ്ചേശ്വരത്ത് മാരാർ, ബേപ്പൂരിൽ മാധവൻകുട്ടി എന്നിവരെ ഞങ്ങൾ ജയിപ്പിക്കും എന്നതാണ് ധാരണ. ഇവിടെ വന്നിട്ട് നിങ്ങൾ ഭായിമാർ അല്ലേയെന്ന് ഞങ്ങളോട് പറയുകയാണ്. ഇപ്പോൾ കോൺഗ്രസ്സിന്റെ സ്ഥിതി എന്താണ്? യു.പി. ഇലക്ഷൻ ക്യാമ്പയിനിൽ കോൺഗ്രസ്സ് എന്താണ് പറയുന്നത്? പേടിയുള്ളവർ എന്റെ ചുറ്റും നിൽക്കണമെന്നാണ് പറയുന്നത്. ബി.ജെ.പി.-യെ തോൽപ്പിക്കാൻ എല്ലാ മതേതര പാർട്ടികളും ഞങ്ങളുടെ കൂടെ നിൽക്കണമെന്ന് ഇവർ പറയുകയാണ്. പേടിയുള്ളയാളുകൾ എന്റെ ചുറ്റും നിൽക്കണമെന്ന് വിളിച്ചുകൂവുന്ന കോൺഗ്രസ്സിന്റെ യു.പി.-യിലെ നിലപാട് എന്താണ്? യു.പി.-യിലെ 403 നിയമസഭാ മണ്ഡലങ്ങളിലേയും മതേതര വോട്ടുകളെ ഭിന്നിപ്പിക്കാൻ നിങ്ങൾ മത്സരിക്കുന്നു. കോൺഗ്രസ്സിന് ഒരു സീറ്റ് കിട്ടുമോ; യു.പി.-യിൽ അഘിലേഷ് യാദവിന് പിന്തുണ കൊടുക്കുന്നതിനുപകരം നമ്മുടെ നാട്ടുകാരന്റെ ഉപദേശപ്രകാരം 403 സീറ്റിലും കോൺഗ്രസ്സ് മത്സരിക്കുകയാണ്. ജയിക്കുമെന്ന് ഉറപ്പില്ല. എന്തുമാകട്ടെ, മതനിരപേക്ഷ

പാർട്ടികളെ യോജിപ്പിക്കേണ്ട കോൺഗ്രസ്സ് ഇന്ത്യയിലെ ഉത്തർപ്രദേശ് എന്ന സംസ്ഥാനത്ത് 403 സീറ്റിലും മത്സരിക്കുന്നു. ഇത് ഭൂഷണമാണോ; ഇതാണ് കോൺഗ്രസ്സിന്റെ സ്ഥിതി. കോൺഗ്രസ്സിന്റെ ചരിത്രം എന്താണെന്ന് അറിയാമോ; Deep rooted ആയ റീജിയണൽ ലീഡേഴ്സിനെ കട്ട് ചെയ്തു കളയുന്നത് കോൺഗ്രസ്സിന്റെ സംസ്കാരവും പാരമ്പര്യവുമാണ്. ഇന്ദിരാഗാന്ധിയുടെ കാലത്ത് ജനസ്വാധീനമുള്ള നേതാക്കന്മാരെ ചവിട്ടിക്കൂട്ടി മൂലയ്ക്ക് ഇട്ടിട്ടുണ്ട്. ക്യാപ്റ്റൻ അമരീന്ദറിനെ ചവിട്ടി മൂലയ്ക്കിട്ടു. അതിനുശേഷം ശ്രീ. ചരൺജിത് സിംഗ് ചന്നി വന്നു. ചന്നിയെ ബ്ലോക്ക് ചെയ്യാൻ സിദ്ധു (നവജ്യോത് സിംഗ് സിദ്ധു) വന്നു. സിദ്ധുവിന് ക്രിക്കറ്റിൽ സിക്സർ അടിക്കാമെന്നല്ലാതെ രാഷ്ട്രീയത്തിൽ ആകുമോ; ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എന്ന രാഷ്ട്രീയ പ്രസ്ഥാനം സ്വീകരിക്കുന്ന സമീപനമാണിത്. ഇവിടെ നിങ്ങൾ ഞങ്ങളെ കളിയാക്കിയല്ലോ; ഒരു കാര്യം മനസ്സിലാക്കണം. യു.പി.-യിലെ ഇലക്ഷൻ ക്യാമ്പയിനിൽ ശ്രീ. നരേന്ദ്ര മോദി ആക്ഷേപിക്കുന്നത് കമ്മ്യൂണിസ്റ്റുകാരെയും ശ്രീ. യോഗി ആദിത്യനാഥ് ആക്ഷേപിക്കുന്നത് കേരളത്തെയുമാണ്. അത് കാണിക്കുന്നത് ideological opposition, ഇപ്പോഴും കമ്മ്യൂണിസ്റ്റുകാരും ഇടതുപക്ഷവുമാണെന്നാണ്.

ഞങ്ങളാണ് പ്രതി. നിങ്ങളെക്കുറിച്ച് മിണ്ടുന്നില്ലല്ലോ; ശ്രീ. യോഗി ആദിത്യനാഥ് കോൺഗ്രസ്സിനെ വിമർശിച്ചോ; നരേന്ദ്രമോതദി യു.പി.-യിൽ കോൺഗ്രസ്സിനെ വിമർശിച്ചോ; ഇല്ല. യോഗി ആദിത്യനാഥും നരേന്ദ്രമോദിയും വിമർശിക്കുന്ന രാഷ്ട്രീയം കമ്മ്യൂണിസത്തിന്റെ രാഷ്ട്രീയമാണ്. ആ നിലപാടാണ് അവർ സ്വീകരിച്ച് പോരുന്നത്. ഇത് നമുക്ക് എതിർക്കാൻ സാധിക്കണം. ഇന്ത്യയിലെ അഞ്ച് സംസ്ഥാനങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുകയാണ്. കോൺഗ്രസ്സ് തകരണമെന്നോ തോൽക്കണമെന്നോ ആഗ്രഹിക്കുന്നവരല്ല ഞങ്ങൾ. പക്ഷെ കോൺഗ്രസ്സ് സ്വീകരിച്ച സമീപനത്തിന്റെ ഫലമായി അവർ സ്വയം തകർന്നടിയുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് കോൺഗ്രസ്സ് രക്ഷപ്പെടും. ഞാൻ പതിനാലാമത് നിയമസഭയിൽ പ്രസംഗിച്ചപ്പോൾ 50 കൊല്ലത്തേയ്ക്ക് കോൺഗ്രസ്സ് ഉണ്ടാകുകയില്ലെന്ന് പറഞ്ഞു. അപ്പോൾ മറുഭാഗത്ത് ഇപ്പോൾ എം.പി.-യായ മുൻ എം.എൽ.എ. ഇങ്ങനെയൊക്കെ പറയണോ എന്ന് ചോദിച്ചു; ഇപ്പോൾ 10 ആയില്ലേ; 50 എണ്ണവും ആകും. എന്റെ നാക്ക് കരിനാക്കൊന്നുമല്ല. പക്ഷെ ഏതായാലും നിങ്ങളുടെ കാര്യം പോക്കാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എന്ന രാഷ്ട്രീയ പ്രസ്ഥാനം

കേരളത്തിൽ മാത്രമല്ല ഇന്ത്യയിലാകെ തകർന്നതിന്റെ കാരണം എന്താണ്; നിങ്ങൾക്ക് എന്തെങ്കിലും നിലപാടുകളുണ്ടോ; ആ നിലപാടില്ലായ്മയാണ് നിങ്ങളെ തകർച്ചയിലേക്ക് നയിച്ചതെന്നാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

സഹകരിക്കുമെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞിട്ടും നിങ്ങൾ വികസനത്തെയെല്ലാം എതിർക്കുകയല്ലേ ചെയ്യുന്നത്. നിങ്ങൾ പച്ചയ്ക്ക് വർഗ്ഗീയത പറയുകയല്ലേ? കഴിഞ്ഞ നിയമസഭയിൽ അഴീക്കോട്ടെ മുൻ എം.എൽ.എ. എന്താണ് പ്രസംഗിച്ചത്? മതമാണ്, മതമാണ്, മതമാണ് പ്രശ്നം. ഇക്കാര്യത്തിൽ പ്രതിപക്ഷനേതാവ്, ശ്രീ. വി. ഡി. സതീശന്റെ നിലപാട് എന്താണെന്ന് പറയണം. ഇത് കോൺഗ്രസ്സിന്റെ നിലപാടാണോ? മതമാണ്, മതമാണ്, മതമാണ് പ്രശ്നം എന്ന് കോഴിക്കോട് യോഗത്തിൽ പരസ്യമായി ഒരു ലീഗ് നേതാവ് പ്രസംഗിക്കുമ്പോൾ ആ വാക്കുകൾ ആരുടെ വാക്കുകളാണ്? അത് അബൂബക്കർ അൽ ബാഗ്ദാദിയുടെ വാക്കാണ്. അല്ലാതെ അതൊരു ലീഗ് നേതാവിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ട വാക്കല്ല. പക്ഷെ കോൺഗ്രസ്സ് മിണ്ടിയില്ല, മൗനം പാലിച്ചു.

ആഭ്യന്തര വകുപ്പ് പരാജയം, കൊലപാതകം എന്നൊക്കെ

ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചു. ആരാണ് കൊലപാതകം നടത്തുന്നത്? 41 ദിവസത്തിനിടയിൽ രണ്ട് തവണ ചെങ്കൊടി താഴ്ത്തിക്കെട്ടി ഇടത്തെ നെഞ്ചിൽ കറുത്ത ബാഡ്ജ് ധരിച്ചവരാണ് ഞങ്ങൾ. ഇടുക്കി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ ഉശ്ശിരനായ, മിടുക്കനായ സഖാവ് ധീരജിനെ ആര് കൊന്നു? ഗാന്ധിയൻ പാർട്ടിയെന്ന് പറഞ്ഞിട്ട് കൊലപാതക സംഘത്തെ പരസ്യമായി ന്യായീകരിക്കാൻ നിങ്ങളുടെ നേതാവായ ശ്രീ. കെ. സുധാകരന് മടിയുമില്ലല്ലോ; അക്രമ രാഷ്ട്രീയത്തെക്കുറിച്ച് നിങ്ങൾ പ്രസംഗിക്കുന്നു. ആരാണ് ഇന്ദിരാഗാന്ധിയുടെ വധത്തെത്തുടർന്ന് സിക്ക് കൂട്ടക്കൊല നടത്തിയത്; രാജ്യത്ത് അരങ്ങേറിയ രണ്ട് വംശഹത്യകളിൽ ഒന്നിന് നേതൃത്വം കൊടുത്തത് കോൺഗ്രസ്സ് പാർട്ടിയാണ്. ഇന്നലെ എന്റെ മണ്ഡലത്തിൽ, എന്റെ വീടിന്റെ പരിസരത്ത് ആർ.എസ്.എസ്. സഖാവ് ഹരിദാസിനെ വെട്ടിക്കൊന്നു. ഞങ്ങൾ ഒരു കാര്യം പറയാം, എത്ര സഖാക്കൾ കൊലചെയ്യപ്പെടേണ്ടി വന്നാലും എത്ര തവണ ഇടതുനെഞ്ചിൽ കറുത്ത ബാഡ്ജ് ധരിക്കേണ്ടി വന്നാലും എത്ര തവണ ചെങ്കൊടി താഴ്ത്തിക്കെട്ടേണ്ടി വന്നാലും ആത്മസംയമനത്തിന്റെ താരാട്ട് പാടി ഞങ്ങൾ മുന്നോട്ടുപോകും, അക്കാര്യത്തിൽ ഒരു സംശയവും

നിങ്ങൾക്കുവേണ്ട. ഒരു ഭാഗത്ത് ആർ.എസ്.എസ്. കൊല്ലാൻ ശ്രമിക്കുന്നു. ഇനി നിങ്ങളോ; ധീരജിനെയും മിഥിൽ രാജിനെയും ഹക്ക് മുഹമ്മദിനെയും നിങ്ങൾ കൊന്നു. ഹക്ക് മുഹമ്മദിനെയും ധീരജിനെയും മിഥിൽ രാജിനെയും കൊന്നുതള്ളിയ പ്രസ്ഥാനമല്ലേ കോൺഗ്രസ്സ്? അക്രമ രാഷ്ട്രീയത്തെ പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനമല്ലേ നിങ്ങളുടേത്? semi-cadre എന്താണ്; semi-cadre എന്നുപറഞ്ഞാൽ കൊല്ലുക എന്നതാണ്. ഇതല്ലേ ഇവിടെ നടക്കുന്നത്? കൊലപാതക സംഘത്തെ പരസ്യമായി ന്യായീകരിക്കുന്ന കെ.പി.സി.സി. പ്രസിഡന്റ്. കോൺഗ്രസ്സ് നേതൃത്വം അതിനെ തള്ളിപ്പറഞ്ഞോ? അപ്പുറത്തുനിന്നും ചില അപശബ്ദങ്ങളൊക്കെ കേൾക്കുന്നുണ്ട്. പറയാൻ തുടങ്ങിയാൽ പലതും പറയാനുണ്ട്. പത്ത് വർഷമായി ഞങ്ങളൊന്നും മിണ്ടാതിരിക്കുകയാണ്. പറയാൻ ഒരുപാട് കാര്യങ്ങളുണ്ട്. അതുകൊണ്ട് പറയിപ്പിക്കേണ്ട. വെട്ടുകളുടെ എണ്ണം ആരും എടുക്കുന്നില്ലല്ലോ? സഖാവ് ഹരിദാസിന്റെ ശരീരത്തിലേറ്റ വെട്ടുകളുടെ എണ്ണം ആരെങ്കിലും എടുത്തോ? സഖാവ് ധീരജിന്റെ ശരീരത്തിൽ നിങ്ങൾ കുത്തിക്കയറ്റിയ കഠാരയുടെയും മുറിപ്പാടുകളുടെയും എണ്ണം ആരെങ്കിലും എടുത്തോ? ധീരജിനെയും ഹരിദാസിനെയും ഹക്ക് മുഹമ്മദിനെയും മിഥിൽ

രാജിനെയും കൊന്നിട്ട് ഞങ്ങളാണത്രേ കൊലപാതക രാഷ്ട്രീയ പാർട്ടിയെന്ന് നിങ്ങൾ വിളിച്ച് പറയുന്നു. കാപ്പ നിയമത്തെക്കുറിച്ച് പറഞ്ഞു. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുപോകുമ്പോൾ ബി.ജെ.പി.-യെയും എസ്.ഡി.പി.ഐ.-യെയും കൂട്ടുപിടിച്ച് ആസൂത്രിതമായി കേരളത്തിന്റെ ക്രമസമാധാനം തകർക്കാൻ ശ്രമിക്കുന്നത് ഈ നാട് തിരിച്ചറിയും. നിങ്ങൾ എസ്.ഡി.പി.ഐ.-യെ പിന്തുണയ്ക്കുന്നു. നിങ്ങൾ വോട്ട് വാങ്ങിച്ചില്ലേ? 2009-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ലീഗിന്റെയും കോൺഗ്രസ്സിന്റെയും പതാകയുടെ കൂടെ പാറിപ്പറന്ന ചുവപ്പും പച്ചയും കലർന്ന ഒരു പതാകയുണ്ട്. ആ പതാക സുഡാപ്പിയുടെ പതാകയാണ്. ആ പതാക നിങ്ങൾ പിടിച്ചില്ലേ? രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി തരാതരംപോലെ രാഷ്ട്രീയസഖ്യം ഉണ്ടാക്കിയ രാഷ്ട്രീയ പ്രസ്ഥാനമായ യു.ഡി.എഫ്. തകർന്നടിയുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഇവിടെ ഞങ്ങൾ മുന്നോട്ടുപോകും. സാർത്ഥവാഹക സംഘം മുന്നോട്ടുതന്നെ പോകും. ഇടതുപക്ഷ ജനാധിപത്യമുന്നണി അഞ്ച് വർഷക്കാലത്തെ പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങളായ കെ-റെയിൽ പദ്ധതി, ഉൾനാടൻ ജലപാതാ വികസനം, ദേശീയപാതാ വികസനം,

ആശുപത്രികളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വികസനം ഇവയൊക്കെ ആര് തടയാൻ ശ്രമിച്ചാലും ജനങ്ങളെ വിശ്വാസത്തിലെടുത്ത്, ജനങ്ങളുടെ പിന്തുണയോടുകൂടി ഇടതുപക്ഷം മുന്നോട്ടുപോകുമെന്ന് മാത്രം പറഞ്ഞ് നന്ദി പ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.